VC's library.

# കാർഷികരംഗത്തെ സ്ത്രീ തൊഴിലാളി

## പ്രശ്നങ്ങളും സാദ്ധ്യതകളും

### അഭിപ്രായ രൂപീകരണ ശില്പശാല റിപ്പോർട്ട്



KAU LIBRARY
808523
IR KAU/WRS 2000

കേരള കാർഷിക സർവകലാശാല

808523

# കാർഷികരംഗത്തെ സ്ത്രീ തൊഴിലാളി പ്രശ്നങ്ങളും സാദ്ധ്യതകളും

## അഭിപ്രായ രൂപീകരണ ശില്പശാല റിപ്പോർട്ട്

2000, മേയ് 20-21

കേരള കാർഷിക സർവ്വകലാശാലാ സ്ത്രീ പഠന കേന്ദ്രം

കേരള വനിതാക്കമ്മീഷൻ

കോസ്റ്റ്ഫോർഡ്

KAU LIBRARY
808523
IR KAU/WRS 2000

കേരള കാർഷിക സർവകലാശാല

വെള്ളാനിക്കര, തൃശൂർ

# അവതാരിക

കാർഷികരംഗത്തെ സ്ത്രീപങ്കാളിത്തത്തിന് കൃഷിയുടെ ചരിത്രത്തോളം തന്നെ പഴക്കമുണ്ട്. കൃഷിയിൽ വന്ന മാറ്റങ്ങൾക്കനുസൃതമായി സ്ത്രീകൾ പുരുഷന്മാരോടൊപ്പം വിവിധ കാർഷിക രംഗങ്ങളിൽ സാർത്ഥകമായ പങ്കു വഹിക്കുന്നുണ്ട്– പാടത്തും പറമ്പിലും പണിയെടുക്കുന്ന തൊഴിലാളികൾ, കർഷകർ, വ്യവസായസംരംഭകർ, ശാസ്ത്രജ്ഞർ, അദ്ധ്യാപകർ, വികസനപ്രവർത്തകർ, ഭരണകർത്താക്കൾ, രാഷ്ട്രീയ നേതാക്കൾ, വിദ്യാർത്ഥികൾ എന്നീ നിലകളിലെല്ലാം സ്ത്രീ സാന്നിദ്ധ്യം കാർഷിക രംഗത്ത് പ്രത്യക്ഷമാണ്. പക്ഷെ കാർഷിക രംഗത്തെ കരുത്തായി സ്ത്രീകളും ഈ രംഗങ്ങളിലെല്ലാമുണ്ടെന്ന യാഥാർത്ഥ്യം ഓർക്കാതെയോ സൗകര്യപൂർവ്വം മറന്നുകൊണ്ടോ ആണ് പലപ്പോഴും സമൂഹം വികസനം വിഭാവനം ചെയ്യുന്നതും നടപ്പിലാക്കുന്നതും. വിദ്യാഭ്യാസത്തിലും വികസനത്തിലും രാജ്യത്തിനും ലോകത്തിനും മാതൃകയാകുന്ന കേരളം സ്ത്രീകൾക്കും പുരുഷന്മാരോടൊപ്പം അർഹതപ്പെട്ട സ്ഥാനം നൽകുന്ന സമൂഹമായിട്ടുവേണം വളരേണ്ടതും അറിയപ്പെടേണ്ടതും. തുല്യവും ന്യായവുമായ സ്ത്രീപുരുഷപങ്കാളിത്തം കൊണ്ട് സമ്പുഷ്ടമായ അടിത്തറയാകണം നമ്മുടെ കാർഷിക വികസന രംഗം. ഇത്തരമൊരു കാഴ്ചപ്പാട് കാർഷിക രംഗത്തെ വിദ്യാഭ്യാസ, ഗവേഷണ, വിജ്ഞാനവ്യാപന പരിപാടികളിലൂടെ ലക്ഷ്യമിട്ടുകൊണ്ടാണ് കാർഷിക സർവ്വകലാശാലയിൽ 'കാർഷിക സ്ത്രീ പഠനകേന്ദ്രം' (Centre for Studies on Gender Concerns in Agriculture) തുടങ്ങിയിട്ടുള്ളത്. കാർഷിക രംഗത്ത് ഇത്തരത്തിലുള്ള കാഴ്ചപ്പാട് രൂപീകരിക്കാൻ പ്രസ്തുത കേന്ദ്രത്തിന് വഹിക്കാൻ കഴിയുന്ന മാർഗ്ഗദർശനം വെളിപ്പെടുത്തിയ ഒരു കാൽവയ്പാണ് 'കാർഷിക രംഗത്തെ സ്ത്രീതൊഴിലാളി പ്രശ്നങ്ങളും സാധ്യതകളും' എന്ന ശില്പശാലയും പ്രസ്തുത പരിപാടിയുടെ വസ്തുനിഷ്ഠമായ ഈ റിപ്പോർട്ടും. അസംഘടിതരായ കാർഷിക സ്ത്രീതൊഴിലാളികൾ നേരിടുന്ന വിവേചനങ്ങളും, ദുരിതങ്ങളും, ജീവിതത്തിന്റെ ക്രൂരതകളും അവരുടെ ഭാഷയിൽ തന്നെ വെളിപ്പെടുത്തുന്ന വേദിയും രേഖയുമാണ്. രണ്ടു ദിവസത്തെ ഹൃദയം തുറന്ന സംഭാഷണങ്ങളും, അഭിപ്രായങ്ങളും, തീരുമാനങ്ങളും ഉൾക്കൊള്ളുന്ന ഈ രേഖ ഈ രംഗത്തെ മാറ്റങ്ങൾക്കും വികസനത്തിനും വേണ്ടി യത്നിക്കുന്നവരെ ഉദ്ദേശിച്ചാണ് പ്രസിദ്ധീകരിക്കുന്നത്. നിങ്ങളോരോരുത്തർക്കും ലക്ഷ്യവും സമീപനവും കൂടുതൽ വ്യക്തമാകാനും, ശക്തമാകാനും ഇതിലെ ആശയങ്ങൾ നിങ്ങളോട് സംവദിക്കും.

ഈ സംരംഭത്തിൽ കാർഷിക സർവ്വകലാശാലയോടൊപ്പം കൂട്ടുചേർന്ന സംസ്ഥാന വനിതാകമ്മീഷനേയും, കോസ്റ്റ്ഫോർഡിനേയും അനുമോദിക്കുന്നതിനോടൊപ്പം, ഭാവിയിലും ഇത്തരം സംഘടനകളുടെ സഹകരണം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ആശംസകളോടെ,

ഡോ. കെ. എൻ. ശ്യാമസുന്ദരൻ നായർ,
വൈസ്ചാൻസലർ
കേരളകാർഷിക സർവ്വകലാശാല
വെള്ളാനിക്കര, തൃശ്ശൂർ

വെള്ളാനിക്കര,
23-8-2000

# ഉള്ളടക്കം


കാർഷികരംഗത്തെ സ്ത്രീ തൊഴിലാളി പ്രശ്നങ്ങളും സാദ്ധ്യതകളും – ശില്പശാലാസംഗ്രഹം .... 1

ശില്പശാലയുടെ തുടക്കം .... 5

ശില്പശാലയിൽ അവതരിപ്പിച്ച ലേഖനങ്ങൾ

*ലേഖനം ഒന്ന് :*
കാർഷിക രംഗത്തെ സ്ത്രീ തൊഴിലാളി പ്രശ്നങ്ങളും വെല്ലുവിളികളും .... 6

*ലേഖനം രണ്ട് :*
സ്ത്രീകൾ ചെയ്യുന്ന കാർഷിക പ്രവൃത്തികളുടെ തൊഴിൽ വിരസതയും പ്രയാസവും – ഒരു അഖിലേന്ത്യാ വീക്ഷണം .... 9

ശില്പശാലയിലെ സംഭാഷണങ്ങളും അനുഭവങ്ങളും .... 11

ശില്പശാലയിൽ പങ്കെടുത്തവർ .... 45

പ്രാഥമിക പഠന റിപ്പോർട്ട് – കാർഷിക രംഗത്തെ സ്ത്രീ തൊഴിലാളികൾ – ഒരവലോകനം .... 47

# കാർഷിക രംഗത്തെ സ്ത്രീ തൊഴിലാളി പ്രശ്നങ്ങളും സാദ്ധ്യതകളും

## ശില്പശാലാസംഗ്രഹം

കേരള കാർഷിക സർവ്വകലാശാലയുടെ കാർഷിക സ്ത്രീപഠനകേന്ദ്രവും, സംസ്ഥാന വനിതാക്കമ്മീഷനും, കോസ്റ്റ്ഫോർഡും, സംയുക്തമായി മേയ് 20, 21 തീയതികളിൽ പീച്ചിയിലെ ദർശനയിൽ 'കാർഷിക രംഗത്തെ സ്ത്രീതൊഴിലാളി പ്രശ്നങ്ങളും സാദ്ധ്യതകളും' എന്ന വിഷയത്തിൽ അഭിപ്രായരൂപീകരണശില്പശാല നടത്തി. കാർഷിക രംഗത്തെ വിവിധ പണികളിൽ ഏർപ്പെടുന്ന മുപ്പത്തിയാറോളം സ്ത്രീതൊഴിലാളികളോടൊപ്പം ഈ രംഗത്തെ പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കുന്നവരും പ്രവർത്തിക്കുന്നവരുമായ അൻപതോളം വിദഗ്ധ സാമൂഹിക രാഷ്ട്രീയ പ്രവർത്തകരും ഈ ഒത്തു ചേരലിൽ പങ്കാളികളായിരുന്നു. കേരള കാർഷിക സർവ്വകലാശാല വൈസ്ചാൻസലർ, ഡോ. കെ. എൻ. ശ്യാമസുന്ദരൻ നായർ രണ്ടുദിവസത്തെ സംഭാഷണങ്ങൾക്കും ചർച്ചകൾക്കും നേതൃത്വം നല്കി.

കേരളത്തിന്റെ നാല് പ്രധാന കാർഷിക മേഖലകളായ കുട്ടനാട്, പാലക്കാട്, തൃശൂർ, വയനാട് എന്നീ ഭാഗങ്ങളിൽ നിന്നും ഒത്തുകൂടിയ മുപ്പത്തിയാറോളം അസംഘടിതരായ കാർഷികത്തൊഴിലാളികൾ അവരുടെ ജീവിത്തിലെയും, പ്രദേശങ്ങളിലേയും, നീറുന്ന പ്രശ്നങ്ങൾ നേരിട്ട് അവതരിപ്പിച്ചത് അവയുടെ യഥാർത്ഥ വികാര വായ്പ് ചർച്ചയിൽ പ്രതിഫലിപ്പിച്ചു. ചർച്ചയിലെ പങ്കാളികൾക്കെല്ലാം ആ പ്രശ്നങ്ങൾക്ക് അവരവരുടെ പ്രവർത്തനമേഖലകളിലൂടെ, പരിഹാരം കണ്ടെത്തേണ്ടതാണെന്ന ചുമതല ഓർമ്മയിൽ കരുതത്തക്കവണ്ണം പ്രേരണയായ, ഹൃദയസ്പർശിയായ രംഗങ്ങളും ചർച്ചയ്ക്കിടയിൽ ഉണ്ടായി. ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളും, നിർദ്ദേശങ്ങളും, പരിഹാരസാദ്ധ്യതകളും, അവ ഏറ്റെടുത്ത് നടത്താൻ മുന്നോട്ടുവരാൻ ചുമതലപ്പെട്ട പങ്കാളികളേയും കുറിച്ചുള്ള സംക്ഷിപ്ത വിവരണമാണിത്.

1. ശില്പശാലയിലെ സംഭാഷണങ്ങളിലൂടെ കാർഷിക സ്ത്രീതൊഴിലാളികൾ നേരിടുന്ന ഏറ്റവും നീറുന്ന പ്രശ്നമായി ചൂണ്ടികാണിക്കപ്പെട്ടത്, വേതന വ്യവസ്ഥയിൽ നിലനിൽക്കുന്ന വിവേചനം തന്നെയാണ്. രാവിലെ മുതൽ വൈകുന്നരം വരെ ഒരേ ഭൂമിയിൽ പ്രവൃത്തിചെയ്യുന്ന പുരുഷനും സ്ത്രീക്കും രണ്ടുതരത്തിലെ വേതനവ്യവസ്ഥ! സ്ത്രീതൊഴിലാളികൾക്ക് ഇന്നും പുരുഷ തൊഴിലാളിക്ക് ലഭിക്കുന്നതിന്റെ പകുതി കൂലിമാത്രം! പുരുഷന് ഒരു ദിവസം 100 മുതൽ 120 രൂപ വരെ ലഭിക്കുമ്പോൾ സ്ത്രീ തൊഴിലാളിക്ക് 60 മുതൽ 80 രൂപ വരെ മാത്രമേ കൂലിയായിട്ട് കിട്ടുന്നുള്ളു. സ്ത്രീയുടെ ജോലി അവിദഗ്ധമെന്നോ, പുരുഷനേക്കാൾ കുറവായി മാത്രമേ സ്ത്രീകൾക്ക് ജോലി ചെയ്യാൻ കഴിവുള്ളു എന്നോ ഉള്ള അന്ധമായ വിശ്വാസപ്രമാണം സമൂഹത്തിൽ ഇന്നും നിലനിൽക്കുകയാണെന്ന് ഈ വിവേചനം ചൂണ്ടിക്കാണിക്കുന്നു. സ്ത്രീകളുടെ പ്രവൃത്തികൾക്കും സംഭാവനകൾക്കും വില കുറച്ചുകാണുന്ന സംസ്ക്കാരത്തിന്റെ ഭാഗവുമാണിത്.

ഈ വിവേചനത്തിന് പരിഹാരമായി കാർഷിക അസംഘടിത തൊഴിലാളി മേഖലയിൽ തുല്യവേതനം നടപ്പാക്കണം. മിനിമം കൂലി നിശ്ചയിക്കുമ്പോൾ പുരുഷ തൊഴിലാളിക്ക് നിശ്ചയിക്കുന്നതിന് തുല്യമായ കൂലി സ്ത്രീകൾക്കും നടപ്പിലാക്കണം. ഇതിനുവേണ്ടതായ നിയമനിർമ്മാണം ഉണ്ടാകണം. **വനിതാക്കമ്മീഷൻ, തൊഴിലാളിക്ഷേമവകുപ്പ്, തൊഴിലാളി സംഘടനകൾ** തുടങ്ങിയ ഈ രംഗത്തെ പങ്കാളികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ട അടിയന്തിരാവശ്യമാണിത്.

2. മറ്റൊരു പ്രധാന പ്രശ്നമായി ചൂണ്ടിക്കാണിക്കപ്പെട്ടത് കാർഷികരംഗത്ത് സ്ത്രീതൊഴിലാളികൾ നേരിടുന്ന തൊഴിലവസര നഷ്ടങ്ങളാണ്. സ്ത്രീ തൊഴിലാളികളുടെ പ്രധാന തൊഴിൽ രംഗമായ നെൽക്കൃഷി മേഖലയിൽ വന്ന മാറ്റങ്ങൾ ഇതിന്റെ പ്രധാന കാരണമാണ്. നെൽക്കൃഷി നന്നേ ചുരുങ്ങിയതും, പുത്തൻ സാങ്കേതിക വിദ്യകളുടെ വരവും പ്രചാരവും ഇതിന്റെ പിന്നിലുണ്ട്. നെൽക്കൃഷിയിൽ പൊതുവെ സീസണടിസ്ഥാനത്തിലുള്ള പണികളായതിനാൽ ഒരു പ്രദേശത്തെ തൊഴിലവസരങ്ങൾ മൊത്തമായി പ്രയോജനപ്പെടുത്താനും തൊഴിലാളികൾക്ക് ആകുന്നില്ല-കൊയ്ത്ത്, നടീൽ എന്നിവയ്ക്ക് വേണ്ട പണിക്കാർ കൂടുതൽ വേണ്ട അവസരങ്ങളിൽ മറ്റു പ്രദേശങ്ങളിൽ നിന്നും തൊഴിലാളികളെ കൊണ്ടുവന്നാണ് നിലം ഉടമകൾ കൃഷിയിറക്കുന്നതെന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

3. ഇതിനോടനുബന്ധിച്ചുള്ള മറ്റൊരു പ്രധാന പ്രശ്നമാണ് പരമ്പരാഗതമായി സ്ത്രീയുടേതുമാത്രമായ തൊഴിലവസരങ്ങളിൽ നിന്നും അവരെ പിന്തള്ളി പുരുഷന്മാർ രംഗത്തെത്തുന്നുവെന്നത്. ഇത് കൂടുതലായും, ആയാസമേറിയതും നടുവൊടിക്കുന്നതും സ്ത്രീകൾ ചെയ്തിരുന്നതുമായ പ്രവൃത്തികൾക്ക് ആശ്വാസമേകുന്ന യന്ത്രങ്ങൾ രംഗത്തെത്തുന്നതോടെയാണ് സംഭവിച്ചു കാണുന്നത്. അങ്ങനെ യന്ത്രങ്ങൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ പുരുഷന്മാർ ഏറ്റെടുക്കുന്നതുമൂലം സ്ത്രീകളുടെ തൊഴിലവസരങ്ങൾ കുറയുന്നു. സ്ത്രീകൾക്ക് യന്ത്രങ്ങൾ കൈകാര്യം ചെയ്യാൻ വൈദഗ്ധ്യം ഇല്ല, നേടാനാവില്ല, നേടേണ്ടതില്ല, അദ്ധ്വാനഭാരം ലഘൂകരിക്കപ്പെടുമ്പോൾ പുരുഷന്മാരായിക്കൊള്ളാം ആ പണി

കൾ എന്ന രീതിയിലുള്ള സാമൂഹ്യ മനോഭാവം മാറ്റേണ്ടതാവശ്യമാണ്. (ഉദാ: കൊയ്ത്തുയന്ത്രം, മെതിയന്ത്രം, ഞാറുനടീൽ യന്ത്രം മുതലായവ). സ്ത്രീകൾക്കും യന്ത്രങ്ങൾ ഉപയോഗിക്കാൻ കഴിയും, അതിനുള്ള പരിശീലനം ലഭിച്ചാൽ എന്ന വസ്തുത അംഗീകരിച്ച് അത് നടപ്പിലാക്കാനുള്ള പദ്ധതികളും സമീപനങ്ങളും എല്ലാ ഭാഗത്തു നിന്നും ഉണ്ടാകണം.

കാർഷിക രംഗത്തെ ഞാറുനടീൽ യന്ത്രം, കൊയ്ത്ത് യന്ത്രം, മെതിയന്ത്രം തുടങ്ങിയവയുടെ പ്രചാരത്തോടെ സ്ത്രീ തൊഴിലാളികൾ എത്രമാത്രം തൊഴിൽ രഹിതരാകും എന്നതിനെപ്പറ്റി സ്ത്രീ തൊഴിലാളികൾ ഒട്ടും തന്നെ ബോധവതികളല്ല. ബന്ധപ്പെട്ട ഏജൻസികളായ **കാർഷികവകുപ്പ്, തൊഴിൽ വകുപ്പ്, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, സാമ്പത്തിക സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ** മുതലായവ ഉണർന്ന് ഇത്തരം തൊഴിൽ നഷ്ടത്തിന് ബദലായ സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതാണ്. നിലവിലുള്ള യന്ത്രങ്ങൾ സ്ത്രീകൾക്കനുയോജ്യമായ വിധത്തിൽ രൂപകൽപന ചെയ്ത് പരിഷ്ക്കരിക്കാനും, സ്ത്രീകൾക്ക് അനുയോജ്യമായ വിധത്തിലുള്ള ചെറിയ യന്ത്രങ്ങൾ പുതുതായി ഇറക്കാനും, യന്ത്രങ്ങളുടെ ഉപയോഗത്തിനുള്ള പരിശീലനം സ്ത്രീകൾക്ക് ലഭ്യമാക്കാനും, യന്ത്രങ്ങൾ സ്വന്തമാക്കാനുള്ള സാമ്പത്തിക സഹായങ്ങൾ സ്ത്രീതൊഴിലാളികൾക്കനുകൂലമാക്കിത്തീർക്കാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഈ ഏജൻസികൾക്ക് കഴിയണം. സ്ത്രീകൾക്കനുയോജ്യമായ യന്ത്രസംവിധാനങ്ങൾ രൂപകൽപന ചെയ്യാൻ വേണ്ട പഠനങ്ങൾക്കും പ്രവർത്തനങ്ങൾക്കും **കാർഷിക സർവകലാശാല**യും ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങളും മുൻകൈ എടുക്കണം.

യന്ത്രങ്ങൾ ഉപയോഗിക്കാൻ വേണ്ട പരിശീലനം സ്ത്രീകൾക്ക് നൽകാനുള്ള പദ്ധതികളും, കാർഷിക യന്ത്രങ്ങൾ സ്ത്രീകളുടെ സംഘങ്ങൾക്ക് ലഭ്യമാക്കാനുള്ള പദ്ധതികളും നടപ്പിലാക്കാൻ **കൃഷിവകുപ്പിന്റെ കാർഷിക എൻജിനീയറിംഗ് വിഭാഗവും, ബാങ്കുകളും, സന്നദ്ധ സംഘടനകളും മുന്നോട്ടുവരണം**. ഇതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനുമുള്ള ചുമതല **കാർഷിക സർവ്വകലാശാല** തിരിച്ചറിയണം.

4. തൊഴിൽ യന്ത്രങ്ങളും, തൊഴിൽ സംബന്ധമായ മറ്റു സഹായ സംവിധാനങ്ങളും ഉപയോഗപ്പെടുത്തുവാൻ അവശ്യം വേണ്ട ആസ്തികളെപ്പറ്റിയും പരാതികളുണ്ടായി. സാധാരണ ഗതിയിൽ സ്ഥിരം ജോലിയില്ലാത്തവർ ഈടായി നൽകേണ്ടത് ഭൂമിയാണല്ലോ? തൊഴിലാളി സ്ത്രീകളിൽ വളരെ കുറച്ചുപേർക്കെ സ്വന്തം പേരിൽ സ്വത്തവകാശമുള്ളു എന്ന വസ്തുത പ്രത്യേകിച്ച് ശ്രദ്ധയർഹിക്കുന്നു. സമൂഹത്തിന്റെ ഒരു ദുരാചാരമായി തന്നെ കണക്കാക്കാവുന്ന ഒന്നാണ് പുരുഷന് മാത്രം ലഭ്യമാകുന്ന ഭൂസ്വത്തവകാശം. ജാതിമതഭേദമന്യേ, സ്ത്രീകൾക്കും കുടുംബസ്വത്തിൽ തുല്യ അവകാശം ഉണ്ടാകേണ്ട അവബോധം **സമൂഹത്തിലുണ്ടാകണം.** അതിനുവേണ്ട നിയമങ്ങൾ പ്രാബല്യത്തിൽ വരുകയും വേണം. **വനിതാക്കമ്മീഷൻ** നേരിട്ട് നിയമഭേദഗതിയുണ്ടാക്കേണ്ട ഒരു രംഗമാണിത്. ഭൂരഹിതർക്ക് പട്ടയവിതരണം നൽകുമ്പോഴും സ്ത്രീയുടേയും പുരുഷന്റേയും പേരിൽ കൂട്ടുപട്ടയമായി അവകാശം നൽകേണ്ടതുമുണ്ടെന്ന് വനിതാക്കമ്മീഷൻ ഭേദഗതിയാക്കി ചൂണ്ടിക്കാണിച്ച് പ്രാവർത്തികമാക്കണം.

5. യന്ത്രോപകരണങ്ങൾ തൊഴിലാളി സ്ത്രീകൾക്കും സ്വന്തമാക്കാൻ സഹായിക്കുന്ന മറ്റൊരു സംവിധാനമാണ് സ്വയം സഹായ സംഘങ്ങൾ. ഒരു പ്രദേശത്തെ ഓരോ തൊഴിൽ താല്പര്യ അടിസ്ഥാനത്തിൽ സ്ത്രീ തൊഴിലാളികൾ സംഘം ചേർന്ന് രജിസ്റ്റർ ചെയ്താൽ, **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, സന്നദ്ധ സംഘടനകളുടേയോ, ബാങ്കുകളുടേയോ സാമ്പത്തിക സഹായത്തോടെ** ചെറിയ തൊഴിൽ സംരംഭങ്ങളും യന്ത്ര സംവിധാനങ്ങളും സ്വന്തമാക്കാം. ഈ സംവിധാനങ്ങളെക്കുറിച്ചുള്ള അവബോധം സ്ത്രീകൾക്കിടയിൽ വളർത്തിയെടുക്കണം. ഈ രംഗത്ത് **കോസ്റ്റ്ഫോർഡ്, ശ്രേയസ്സ്** തുടങ്ങിയ **സന്നദ്ധ സംഘടനകൾ** ശക്തിയായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്. ഇത് മറ്റുള്ള സംഘടനകളും, സ്ഥാപനങ്ങളും മാതൃകയാക്കണം.

6. പ്രതികൂല കാലാവസ്ഥകളിൽ തുടർച്ചയായി പണി ചെയ്യുന്ന ഈ സ്ത്രീകളുടെ അദ്ധ്വാനം വേണ്ട രീതിയിൽ പരിഗണിക്കപ്പെടുന്നില്ല. പൊരിവെയിലിലും, വെള്ളക്കെട്ടിലും, മഴയത്തും, ഇടിമിന്നലുള്ള സമയങ്ങളിലും, പൊടി നിറഞ്ഞ ചുറ്റുപാടിലും പാടത്തും പറമ്പിലും ജോലി ചെയ്യുന്ന ഈ സ്ത്രീകളിൽ ഭൂരിഭാഗവും മാറാരോഗങ്ങളാൽ കഷ്ടപ്പെടുന്നവരുമാണ്-തണ്ടെല്ലുവേദന, വാതം, ചൊറിഞ്ഞുപൊട്ടൽ, ശ്വാസംമുട്ടൽ, ചുമ, മൂത്രാശയരോഗങ്ങൾ തുടങ്ങിയവയാൽ. ഇവരിൽ കൂടുതൽ പേരും അസുഖങ്ങൾ വന്നാൽ ചികിൽസ ലഭിക്കാത്തവരും തേടാത്തവരുമാണ്. (സാമ്പത്തിക പ്രശ്നത്താലും, തൊഴിൽ നഷ്ടപ്പെടുന്നതിനാലും മറ്റും). ഈ അസംഘടിത മേഖലയിലും അപകടങ്ങൾ, രോഗങ്ങൾ മുതലായവയാൽ കഷ്ടപ്പെടുന്നവർക്ക് സഹായം ഉണ്ടാക്കുന്ന സുരക്ഷാസംവിധാനങ്ങളും **ഇൻഷ്വറൻസ് പദ്ധതികളും** കൊണ്ടുവരുന്നതിനെക്കുറിച്ച്, **തദ്ദേശ സ്വയംഭരണ സംവിധാനങ്ങളും, തൊഴിൽ വകുപ്പും ആലോചിക്കേണ്ടതാണ്.**

7. വിവിധ പഞ്ചായത്തുതലങ്ങളിൽ അശരണർക്കും, ദരിദ്രർക്കുമുള്ള പല സഹായ പദ്ധതികളും വേണ്ട സമയത്ത് ഗുണഭോക്താക്കളെ കണ്ടെത്താതെയും പ്രാവർത്തികമാക്കാൻ കഴിയാത്ത അർത്ഥ രഹിതമായ മാനദണ്ഡങ്ങളാലും ഗുണഭോക്താക്കൾക്കറിവില്ലാതേയും നഷ്ടപ്പെട്ടുപോകുന്നുണ്ട്. (ഉദാ: **കർഷകത്തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, അഗതി പെൻഷൻ, വികലാംഗ പെൻഷൻ, പെൺകുട്ടികളുടെ** വിവാഹച്ചിലവ്, തൊഴിലില്ലായ്മ വേതനം മുതലായവ).

ഇത്തരം സഹായങ്ങളെക്കുറിച്ചുള്ള വിവരം ആവശ്യമുള്ളവരിൽ എത്തിക്കാൻ പഞ്ചായത്തുകൾ ശ്രദ്ധിക്കണം-വേണ്ട പ്രചരണത്തിലൂടെ. ഈ സഹായങ്ങൾ നടപ്പിലാക്കാൻ വേണ്ട നിയമങ്ങളിലും മാനദണ്ഡങ്ങളിലും നിലനിൽക്കുന്ന സ്ത്രീ വിവേചനങ്ങളും, അർത്ഥരാഹിത്യ സമീപനങ്ങളും ഇല്ലാതാക്കാൻ **വനിതാക്കമ്മീഷൻ** ശ്രദ്ധിക്കണം. ഇത്തരം സഹായ സ്കീമുകൾ എത്രമാത്രം അർഹതപ്പെട്ടവരിൽ എത്തുന്നുവെന്നും, അർഹതപ്പെട്ടവർക്ക് എന്ത് പ്രതികൂല നിയമങ്ങളാലും, സാഹചര്യത്താലുമാണ് അവ ഉപയോഗിക്കാൻ കഴിയാതെ പോകുന്നതെന്നും വിശകലനം ചെയ്യാനുള്ള നീക്കങ്ങൾ **വനിതാക്കമ്മീഷന്റെ** ഭാഗത്തുനിന്നുണ്ടാകണം. (ഉദാ:ആൺമക്കളുള്ള വിധവകൾക്ക് വിധവാപെൻഷന് അർഹതയില്ല.)

8. സ്ത്രീ തൊഴിലാളികളുടെ ഇത്തരം നീറുന്ന പ്രശ്നങ്ങൾ രംഗത്ത് കൊണ്ടുവരാൻ **മാദ്ധ്യമങ്ങളും** തയ്യാറാകണം. ജീവിതഗന്ധിയല്ലാത്ത, കൃത്രിമത്വങ്ങൾ കുത്തിനിറച്ച് പ്രേക്ഷകരുടെ മനസ്സിന് സുഖലോലുപതയിലേക്ക് ആഴ്ത്തി, മന്ദബുദ്ധികളാക്കിമാറ്റുന്ന ജനപ്രിയ സീരിയലുകൾക്കുപകരം, സമൂഹത്തിന്റെ പ്രശ്നങ്ങളിൽ ചിന്തിക്കാനും,പ്രവർത്തിക്കാനും കഴിയുന്ന ഒരു സാമൂഹ്യ ബോധം സൃഷ്ടിക്കാൻ തക്ക പരിപാടികൾ, പ്രേക്ഷകർക്ക് മുന്നിലെത്തിക്കാൻ **പത്രം, ടെലിവിഷൻ, റേഡിയോ, സിനിമ** മുതലായ മാദ്ധ്യമങ്ങൾ തയ്യാറാകണം.

സ്ത്രീ വിവേചനങ്ങളും, അനീതിയേയും, ദുരാചാരങ്ങളേയും കുറിച്ച് സമൂഹത്തെയാകെ-പുരുഷനെയും, സ്ത്രീയേയും-ചിന്തിപ്പിച്ച് മാറ്റത്തിന് പ്രേരിപ്പിക്കുന്ന വിധത്തിലുള്ള പരിപാടികൾ ഈ മാദ്ധ്യമങ്ങളിലൂടെ തയ്യാറാക്കി പ്രചരിപ്പിക്കാൻ സർക്കാർ **പബ്ളിക് റിലേഷൻ വകുപ്പിന് ബാദ്ധ്യതയുണ്ട്.**

9. കാർഷിക മേഖലയിലെ തൊഴിലുകൾ കൊണ്ടു മാത്രം സ്ത്രീ തൊഴിലാളികൾക്ക് ഉപജീവനമാർഗ്ഗം ഉണ്ടാകില്ല. ഇനി വരുന്ന കാലത്തും, ഈ അവസ്ഥ ഭീകരമാകുകയേ ഉള്ളു. ഈ പ്രശ്നങ്ങൾ മുന്നിൽ കണ്ടുകൊണ്ട് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, അതാതുപ്രദേശത്തെ സ്ത്രീ പ്രശ്നങ്ങളും, പരിഹാര സാദ്ധ്യതകളും മനസ്സിലാക്കാനുള്ള പഠനങ്ങൾ നടത്തണം. വസ്തുതകളും, ചുറ്റുപാടുകളും ബന്ധപ്പെടുത്തി കാർഷികേതര മേഖലകളിൽ വനിതകൾക്ക് ഏർപ്പെടാവുന്ന വ്യവസായങ്ങൾക്ക് തുടക്കമിടണം. അവ നിലനിന്നുപോകാനുള്ള വൈദഗ്ധ്യവും ഭൗതിക സാഹചര്യങ്ങളും സംവിധാനങ്ങളും ഉണ്ടാക്കണം.

**സ്ത്രീകൾക്ക് അനുയോജ്യമെന്ന്** തിരിച്ചറിഞ്ഞിട്ടുള്ള ഏതാനും ചില തൊഴിലവസരങ്ങളാണ്-ഹോളോബ്രിക്സ് നിർമ്മാണം, ബുക്ക്ബൈന്റിംഗ്, കെട്ടിടനിർമ്മാണം, വനിതാഹോട്ടൽ, പലഹാരയൂണിറ്റ്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ഭക്ഷ്യസംസ്ക്കരണ യൂണിറ്റ്, മുട്ടക്കോഴിവളർത്തൽ, ഇറച്ചിക്കോഴിവളർത്തൽ, കല്പണി, കളിമൺവ്യവസായം, കയറുപിരിക്കൽ തുടങ്ങിയവ.

ഇവ നഷ്ടമില്ലാത്ത രീതിയിൽ നടത്തിക്കൊണ്ടുപോകാൻ തല്പരരായിട്ടുള്ള സ്ത്രീകൾക്കിടയിൽ ഇതിനു വേണ്ട കെൽപ്-സാങ്കേതിക വിദ്യയിലും, നടത്തിപ്പിലും, വില്പനയിലുമെല്ലാം-ഉണ്ടാക്കിയെങ്കിലേ ഇത്തരം വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുകയുള്ളൂ. എങ്കിൽ മാത്രമേ സ്ത്രീകൾ നേരിടാൻ പോകുന്ന ദാരിദ്ര്യത്തെ ചെറുത്തു നിൽക്കാൻ കഴിയുകയുള്ളൂ.

10. കാർഷിക മേഖലയിലെ തൊഴിലവസരങ്ങളുമായി ബന്ധപ്പെട്ട മാറാരോഗങ്ങളുടേയും, കഷ്ടപ്പാടുകളേയും കുറിച്ചുള്ള പഠനങ്ങൾ നടക്കുകയും അവയ്ക്കു പോംവഴിയാകുന്ന സംവിധാനങ്ങൾ-ജോലിചെയ്യുന്ന ചുറ്റുപാടുകളിലും, ഉപകരണങ്ങളിലും-ഉണ്ടാക്കാനും നടപടികൾ ഉണ്ടാകണം. സ്ത്രീകളുടെ ശരീര ഘടനയ്ക്കും, ആവശ്യങ്ങൾക്കും മുൻതൂക്കം കൊടുത്ത് അവർക്ക് യോജിച്ച സംവിധാനങ്ങളും സാങ്കേതിക വിദ്യകളും കൊണ്ടുവരാൻ **കാർഷിക സർവകലാശാലയും, വ്യവസായ വകുപ്പ്, കൃഷിവകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ഫിഷറീസ് വകുപ്പ്** തുടങ്ങിയ മേഖലകളും ശ്രദ്ധിക്കണം.

11. ജോലിചെയ്യുന്ന ചുറ്റുപാടുകളിൽ സ്ത്രീകൾക്കും കൊച്ചുകുട്ടികൾക്കും വേണ്ട ക്രഷും മറ്റു പ്രാഥമിക സൗകര്യങ്ങളും ഉണ്ടാക്കേണ്ടതുണ്ട്. പ്രാഥമികാവശ്യങ്ങൾക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏതു തൊഴിൽ രംഗത്തിന്റേയും ഒഴിച്ചുകൂടാനാവാത്ത ഭാഗമാകുന്ന നിയമങ്ങൾ കൊണ്ടുവരാൻ **വനിതാ കമ്മീഷൻ** ശ്രദ്ധിക്കണം.

12. കാർഷിക ശാസ്ത്ര - സാങ്കേതിക മാറ്റങ്ങൾ പലപ്പോഴും പരിസ്ഥിതിയിലും സമൂഹത്തിലും വിവിധതരത്തിലുമുള്ള വിവേചനങ്ങൾക്കും ചൂഷണത്തിനും വഴിയൊരുക്കുന്നവയും കൂടിയാണ്. സമൂഹത്തിലെ ഒരു വിഭാഗത്തിനുമാത്രം പ്രയോജനമുണ്ടാകുന്ന തരം സങ്കേതങ്ങൾ പ്രചരിപ്പിക്കുന്നതിനു മുന്നോടിയായി, വിശകലനം അവശ്യമാണെന്നറിയുകയും, അവ മൂലം ദുരിതഫലങ്ങൾ ഏറ്റുവാങ്ങേണ്ടിവരുന്ന വിഭാഗങ്ങളെക്കുറിച്ചും അവർക്കുവേണ്ട ഭേദഗതികളെക്കുറിച്ചും കൂടി ചിന്തിക്കാൻ കാർഷിക ശാസ്ത്രജ്ഞർക്ക് ബാദ്ധ്യതയുണ്ട്. അതിനാൽ കാർഷിക സർവ്വകലാശാലയുടെ പരിഗണനയിൽ വരേണ്ട ഒരു സമീപനം - സംസ്ഥാന കാർഷിക വികസനത്തെ ലാക്കാക്കിയുള്ള പ്രവർത്തനങ്ങൾ - (ഗവേഷണ, വിദ്യാഭ്യാസ, വ്യാപന) - എത്ര കണ്ട് സമൂഹത്തിന്റെ വിവിധ തലങ്ങളെ ബാധിക്കുന്നവ - പ്രത്യേകിച്ച്, വിവേചനങ്ങളിലേക്ക് നയിക്കുന്നവയാണെന്ന് വിലയിരുത്തുക എന്നതാണ്. ഇത്തരത്തിലുള്ള മുൻകാഴ്ച വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരിലുണ്ടാക്കുകയെന്നതും **സർവകലാശാല** കർത്തവ്യമായി തിരിച്ചറിയണം.

13. അനാവശ്യ ചിലവുകൾ കുറച്ച് മിച്ചം വെയ്ക്കുന്ന സ്വഭാവരീതിയുടെ മെച്ചം തൊഴിലാളിക്കുടുംബങ്ങളിൽ പ്രചരിപ്പിക്കത്തക്ക പരിപാടികൾക്ക് **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, സന്നദ്ധസംഘടനകളും** മുൻകയ്യെടുക്കണം.



14. തൊഴിൽ, സേവന വേതന നിയമങ്ങൾ നിശ്ചയിക്കുന്ന കമ്മറ്റികളിൽ ആവശ്യമായ പ്രാതിനിധ്യം സ്ത്രീകൾക്ക് കിട്ടണമെന്ന ആവശ്യംചൂണ്ടിക്കാണിക്കപ്പെട്ടു.

15. മുകളിൽ അക്കമിട്ടു നിരത്തിയ പ്രശ്നങ്ങൾ പരിഹരിക്കാൻ ചുമതലക്കാരായി ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ട് പങ്കാളികളെ ഒരേ വേദിയിൽ എത്തിച്ച്, ഈ ദിശകളിലെ പ്രവർത്തനം ഏകോപിപ്പിക്കേണ്ടതാണെന്നും ശില്പശാലയ്ക്കുശേഷം കൂടിയ സംഘാടക കമ്മിറ്റി അഭിപ്രായപ്പെട്ടു.

16. തദ്ദേശ വികസനത്തിനുള്ള അധികാരവും, അവകാശവും ജനങ്ങളിലേക്കെത്തി നിൽക്കുന്ന ഈ വികസന ചുറ്റുപാടിൽ സ്ത്രീകൾ കൂടുതലായി ഗ്രാമസഭകളിൽ എത്തി അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും ഉന്നയിച്ച് പരിഹാരങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കണം. സ്ത്രീകളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുകയും പരിഗണിക്കുകയും ചെയ്യുന്ന വേദിയാകണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ.

17. കാർഷിക രംഗത്തെ വികസന പദ്ധതികൾ രൂപീകരിക്കുന്നതിലും സ്ത്രീപ്രാതിനിധ്യം ഉറപ്പാക്കണം. ഈ മേഖലയിലെ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ തീരുമാനങ്ങൾ കൈകൊള്ളുന്ന വേദികളിലും സ്ത്രീപ്രതിനിധികൾ ഉണ്ടാകണം. ഉദാ: പാൽവിപണന സൊസൈറ്റികളുടെ ഡയറക്ടർ ബോർഡിലും മറ്റും പുരുഷന്മാർ മാത്രം പ്രതിനിധികളാകുന്ന അവസ്ഥ മാറണം.

കാർഷിക സ്ത്രീതൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളും അവയെ പരിഹരിക്കാനുള്ള സാദ്ധ്യതകളേയും കുറിച്ച് അനൗപചാരികമായ രീതിയിൽ ആരാഞ്ഞ ശില്പശാല, 2000, മേയ് 21-ാംന് ഉച്ചയോടെ സമാപിച്ചു. പ്രത്യേകമാറ്റങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായിട്ട് പ്രധാന ചുമതലക്കാരായി ചില പങ്കാളികളെ ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും, കൂട്ടായ പ്രയത്നത്തിലൂടെയേ ഈ രംഗത്ത് എന്തെങ്കിലും ചെയ്യാൻ കഴിയൂ എന്ന് എല്ലാ ഏജൻസികളും ജനങ്ങളും തിരിച്ചറിയേണ്ടതുണ്ട്. ഈ രംഗത്തെ സ്ത്രീതൊഴിലാളികൾ അവർക്കായി വികസനവും നിയമപരിഷ്ക്കാരങ്ങളും മറ്റെല്ലാപേരും കൊണ്ടുവരുമെന്ന പ്രതീക്ഷയിൽ കാത്തിരിക്കുകയല്ല വേണ്ടത്. അവരും ഉണർന്ന് കാലഘട്ടത്തിനനുസരിച്ച്, പുതിയ അവസരങ്ങളും അവകാശങ്ങളും സ്വന്തമാക്കാനും യത്നിക്കേണ്ടതുണ്ട്.

# ശില്പശാലയുടെ തുടക്കം

രണ്ടായിരാമാണ്ട്, മേയ് 20 ശനിയാഴ്ച രാവിലെ 9 മണിക്ക് 'കാർഷിക രംഗത്തെ സ്ത്രീതൊഴിലാളി പ്രശ്നങ്ങളെ'ക്കുറിച്ചുള്ള ശില്പശാല, തൃശൂരിൽ പീച്ചിയിലെ ദർശനയിൽ ആരംഭിച്ചു.

വയനാട്, പാലക്കാട്, തൃശൂർ, കുട്ടനാട് എന്നീ പ്രദേശങ്ങളിൽ നിന്നും എത്തിയ 36 കർഷക സ്ത്രീത്തൊഴിലാളികൾ, കാർഷിക സർവ്വകലാശാലയിലെ നാല് സ്ത്രീതൊഴിലാളികൾ, വൈസ്ചാൻസലർ ഡോ. ശ്യാമസുന്ദരൻ നായർ, കാർഷിക സ്ത്രീ പഠന കേന്ദ്രത്തിന്റെ പ്രോഗ്രാം കമ്മറ്റിയംഗങ്ങളായ 35 ശാസ്ത്രജ്ഞർ, ഡോ. ശാരദാമണി, ശ്രീമതി ടി. ദേവി, ശ്രീ. വി.പി. സുധാകരൻ, ഡോ. മൃദുൽ ഈപ്പൻ, ശ്രീ. യു. കലാനാഥൻ, ശ്രീമതി. സുധാദേവി, ശ്രീമതി ലീലാമേനോൻ തുടങ്ങിയ പ്രമുഖരുമടങ്ങിയതായിരുന്നു ഒന്നാം ദിവസം ശില്പശാല. വേദിയും സദസ്യരും എന്ന വേർതിരിവില്ലാതെ അന്യോന്യം സംസാരിക്കുന്ന അകലത്തിൽ വട്ടമിട്ടിരുന്നുള്ള സംഭാഷണമായിരുന്നു ശില്പശാലയുടെ മുഖ്യ നടത്തിപ്പുരീതി. 9.30 മണി മുതൽ 10.15 വരെ അംഗങ്ങളെല്ലാവരും തന്നെ രജിസ്ട്രേഷൻ സമയത്ത് ലഭിച്ച ലേഖനങ്ങൾ വായിച്ചു മനസ്സിലാക്കി.

10.15 മണിക്ക് ശില്പശാലയിലെ ആശയവിനിമയം ആരംഭിച്ചു. വൈസ് ചാൻസലർ ഡോ. ശ്യാമസുന്ദരൻ നായർ എല്ലാവരേയും ഒറ്റവാക്കിൽ ശില്പശാലയിലേയ്ക്ക് സ്വാഗതം ചെയ്തു. കാർഷിക സർവ്വകലാശാലയിലെ കാർഷിക സ്ത്രീപഠന കേന്ദ്രം കേരള വനിതാ ക്കമ്മീഷന്റേയും, കോസ്റ്റ് ഫോർഡിന്റേയും സഹകരണത്തോടെ നടത്തുന്ന ഈ പരിപാടിയുടെ ലക്ഷ്യം കാർഷിക രംഗത്തെ സ്ത്രീ തൊഴിലാളി പ്രശ്നങ്ങളേയും അവയെ നേരിടാനുള്ള സാദ്ധ്യതകളേയും കുറിച്ച് പരസ്പരം ആശയങ്ങളും, അഭിപ്രായങ്ങളും, അനുഭവങ്ങളും, കൈമാറുകയെന്നതാണ് എന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി.

അദ്ദേഹം ഇങ്ങിനെ തുടർന്നു."ഈ രണ്ടു ദിവസവും ഈ ചർച്ചയിലെ വിദഗ്ധർ ഇവിടെ വന്നുചേർന്നിട്ടുള്ള കാർഷിക സ്ത്രീ തൊഴിലാളികളാണ്. മറ്റുള്ളവരെല്ലാം നിങ്ങളുടെ അനുഭവങ്ങൾ കേൾക്കാനും നിങ്ങളോട് സംശയങ്ങൾ ചോദിച്ച് മനസ്സിലാക്കാനുമുള്ള നിരീക്ഷകരാണ്. ഇവിടെ യാതൊരു ഔപചാരികതയുമില്ല. ആർക്കും അന്യോന്യം സംസാരിക്കുകയും സംശയങ്ങൾ ദൂരീകരിക്കുകയും , അഭിപ്രായം പ്രകടിപ്പിക്കുകയുമാവാം. ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളിലേയ്ക്ക് നിങ്ങളുടെ ഓർമ്മയും, ശ്രദ്ധയും, ചിന്തയും കൊണ്ടുവരാനായിട്ട് രണ്ട് ലേഖനങ്ങൾ-(1) കാർഷിക രംഗത്തെ സ്ത്രീ തൊഴിലാളി പ്രശ്നങ്ങളും വെല്ലുവിളികളും (2) സ്ത്രീകൾ ചെയ്യുന്ന കാർഷിക പ്രവൃത്തികളുടെ തൊഴിൽ വിരസതയും പ്രയാസവും-ഒരഖിലേന്ത്യാ വീക്ഷണം-സ്ത്രീപഠനകേന്ദ്രം തയ്യാറാക്കി നിങ്ങൾക്ക് തന്നിട്ടുണ്ട്. ആ ലേഖനങ്ങൾ ഞാൻ നിങ്ങൾക്കായി ഇവിടെ അവതരിപ്പിക്കാം. അവതരിപ്പിക്കുന്നതിനു മുന്നേ ഓരോരുത്തരും സ്വയം പേരും സ്ഥലവും പറഞ്ഞ് പരിചയപ്പെടുത്തണം". എല്ലാപേരും സ്വയം പരിചയപ്പെടുത്തിയതിനെ തുടർന്ന് വൈസ് ചാൻസലർ രണ്ടു ലേഖനങ്ങളും വായിച്ച് ലഘുവിശദീകരണങ്ങളോടെ അവതരിപ്പിച്ചു.



# കാർഷികരംഗത്തെ സ്ത്രീ തൊഴിലാളി പ്രശ്നങ്ങളും വെല്ലുവിളികളും

കാർഷിക രംഗത്തുണ്ടായിട്ടുള്ള സാമൂഹിക, സാമ്പത്തിക, സാങ്കേതിക മാറ്റങ്ങൾ കേരളത്തിലെ കർഷകരുടേയും, കർഷകത്തൊഴിലാളികളുടേയും ജീവിതമാകെ മാറ്റിമറിച്ചിട്ടുണ്ട്. ഈ രംഗത്തെ മാറ്റങ്ങൾ സാരമായി ബാധിച്ച, ബാധിയ്ക്കുന്ന ഒരു വിഭാഗമാണ് സ്ത്രീത്തൊഴിലാളികൾ. കാർഷികരംഗത്തെ സ്ത്രീ പങ്കാളിത്തം അടുത്തകാലം വരേയും അദൃശ്യവും, അവഗണിക്കപ്പെട്ടതുമായിരുന്നു. കാർഷികരംഗമാണ് ഭൂരിപക്ഷം സ്ത്രീകൾക്കും തൊഴിൽ നൽകുന്നതെന്നതും, സ്ത്രീത്തൊഴിലാളികളിലൂടെയാണ് മിക്ക കാർഷിക വ്യവസ്ഥകളും നിലനിൽക്കുന്നുവെന്നതും രണ്ടു പ്രധാന വസ്തുതകളാണ്. ഈ യാഥാർത്ഥ്യം വികസനത്തെ ലക്ഷ്യമാക്കുന്ന ഒരു സമൂഹം വിട്ടുകളയാൻ പാടുള്ളതല്ല. സ്ത്രീത്തൊഴിലാളികൾ ഇവിടെ നേരിടുന്ന വിവിധ പ്രശ്നങ്ങൾ മനഃപ്പൂർവ്വമോ അല്ലാതെയോ മറന്നുകളയാനും പാടില്ല.

കാർഷികരംഗത്തെ സ്ത്രീത്തൊഴിലാളികൾ അസംഘടിതരാണ്. ദുരിതങ്ങളനുഭവിക്കുന്ന, അവഗണിക്കപ്പെടുന്ന ഇവരുടെ പ്രശ്നങ്ങളും ഇവർ നേരിടുന്ന വെല്ലുവിളികളും, ഭീഷണികളും ചർച്ച ചെയ്യപ്പെടണം. പരിഹാര മാർഗ്ഗങ്ങളുണ്ടാക്കണം. വേണ്ട നിയമങ്ങളും, നിയമഭേദഗതികളും, വികസന പരിപാടികളും നടപ്പിലാക്കണം. സമൂഹനീതിയിലും മനുഷ്യാവകാശ നേട്ടങ്ങളിലും തൽപ്പരരായിട്ടുള്ളവർ ഉണർന്ന് ചിന്തിക്കാനും, ഉപദേശിക്കാനും, വേണ്ട മാറ്റങ്ങൾ കൊണ്ടുവരാനും തയ്യാറാകണം. ഈ ലക്ഷ്യത്തോടെയാണ് കാർഷിക സർവ്വകലാശാലയിലെ കാർഷിക സ്ത്രീപഠനകേന്ദ്രവും, കോസ്റ്റ്ഫോർഡും, സംസ്ഥാന വനിതാ കമ്മീഷനും ഇന്ന് ഇവിടെ ഇങ്ങിനെ ഒരു ശ്രമം ആരംഭിക്കുന്നതും, കർഷകത്തൊഴിലാളികളും സാമൂഹ്യപ്രവർത്തകരും ഭരണകർത്താക്കളും ശാസ്ത്രജ്ഞരുമൊന്നിച്ച് അഭിപ്രായം രൂപീകരിക്കുന്നതും.

### കേരളത്തിന്റെ ജനസംഖ്യയും സ്ത്രീത്തൊഴിൽ പങ്കാളിത്തവും

വികസിതസമൂഹങ്ങളിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനേക്കാൾ കൂടിയിരിക്കണം എന്നതാണ് അംഗീകരിക്കപ്പെട്ട മാനദണ്ഡം. ഇന്ത്യൻ സംസ്ഥാനങ്ങളുടെ ഈ കണക്കുകൾ പരിശോധിച്ചാൽ കേരളത്തിൽ മാത്രം 1000 പുരുഷന്മാർക്ക് 1034 സ്ത്രീകൾ എന്ന നിലയിൽ അനുകൂല സ്ഥിതിയാണ് നിലനിൽക്കുന്നത്. ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളിൽ കഴിഞ്ഞ 50 വർഷങ്ങളിലായി ഈ സ്ഥിതി ആയിരത്തിൽ താഴെയാണെന്ന് മാത്രമല്ല, കൂടുതൽ കൂടുതൽ, സ്ത്രീകൾക്ക് പ്രതികൂലവുമായിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ സ്ത്രീകളുടെ മെച്ചപ്പെട്ട ആരോഗ്യവും, ഉയർന്ന വിദ്യാഭ്യാസനിലവാരവും ഇതോടൊപ്പം എടുത്തു പറയേണ്ടതാണ്.

ഇതേ സമയം തന്നെ ചൂണ്ടിക്കാണിക്കേണ്ടതും, ഉത്കണ്ഠപ്പെടേണ്ടതുമായ ഒരു വസ്തുതയാണ് തൊഴിൽ മേഖലയിലും, സാമ്പത്തിക മേഖലയിലും സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും, ഭീഷണികളും. ഈ മേഖലയിൽ കേരളത്തിലെ സ്ത്രീകൾ തുടർച്ചയായി പിന്തള്ളപ്പെട്ടുകൊണ്ടിരിക്കുന്നു. സ്ത്രീകളുടെ തൊഴിലവസരങ്ങൾ കുറയുന്നു. വേതന വ്യവസ്ഥകളിൽ വിവേചനം, സാമൂഹിക പദവിയിൽ അവഗണനയും പീഢനങ്ങളും ഇവയെല്ലാം ഇവിടെ വരുന്ന സാമൂഹികമാറ്റങ്ങൾക്കൊപ്പം കുറയുന്നതിനുപകരം കൂടുകയല്ലേ എന്ന വസ്തുത ചോദിക്കേണ്ടി വരുന്നു. വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും സ്ത്രീകൾ നേടിയ നിലവാരം സാമ്പത്തിക പ്രവർത്തനമേഖലകളിൽ സ്ത്രീകളെ മുന്നോട്ടു കൊണ്ടുവന്നിട്ടില്ലായെന്നത് മാത്രമല്ല, മൊത്തത്തിൽ പിന്നോക്കം പോവുകയാണെന്നതുമാണ് വാസ്തവം. തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണവും അവർ ഏർപ്പെട്ടിരിക്കുന്ന തൊഴിലുകളും പരിശോധിച്ചാൽ വികസനത്തിന്റെ മുഖ്യധാരയിൽ നിന്നും കേരളത്തിലെ സ്ത്രീകൾ എങ്ങിനെ പിന്തള്ളപ്പെട്ടിരിക്കുന്നുവെന്ന് കാണാം. 1991ലെ സെൻസസ് അനുസരിച്ച് 93 ലക്ഷം പേരാണ് കേരളത്തിൽ തൊഴിൽ രംഗത്തുള്ളത്. 68 ലക്ഷം പുരുഷന്മാരും 25 ലക്ഷം സ്ത്രീകളുമാണ്. കേരളത്തിന്റെ മൊത്തം തൊഴിൽ പങ്കാളിത്തനിരക്ക് 32 ശതമാനമായിരിക്കെ സ്ത്രീകളുടേത് 17 മാത്രമാണ് (പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 48 ശതമാനവും). തൊഴിൽ രംഗത്തെ പ്രാഥമിക മേഖലയായ കൃഷിയിൽ മൊത്തത്തിൽ പങ്കാളിത്ത നിരക്ക് 26 ൽ അൽപ്പം താഴെ മാത്രമാണ്. അതിൽ തന്നെ പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 23 ഉം സ്ത്രീകളുടേത് 38 ഉം ആണ്. 1981ലെ സെൻസസും 1991 ലെ സെൻസസും തട്ടിച്ചുനോക്കിയാൽ രണ്ടുകാര്യങ്ങൾ മനസ്സിലാക്കാം. കാർഷിക രംഗത്തെ മൊത്തം തൊഴിൽ പങ്കാളിത്തത്തിൽ കേരളം പുറകോട്ടാണ് (28.2 ൽ നിന്നും 25.7 ലേക്ക് കുറഞ്ഞു). അതിൽ തന്നെ സ്ത്രീകളുടെ പങ്കാളിത്തത്തിൽ സാരമായ കുറവ് വന്നിട്ടുണ്ട്. (1981-ൽ സ്ത്രീകളുടെ കാർഷിക തൊഴിൽ പങ്കാളിത്തനിരക്ക് 46 ആയിരുന്നതാണ്, 1991 ആയപ്പോഴേയ്ക്കും 36 ആയിട്ട് കുറഞ്ഞിട്ടുള്ളത്) ഇന്ത്യയിൽ പൊതുവെ സ്ത്രീതൊഴിൽ പങ്കാളിത്തത്തിൽ ചെറിയ വർദ്ധനവ് ചൂണ്ടിക്കാണിക്കപ്പെടുന്ന കാലയളവിൽ തന്നെയാണ് കേരളത്തിന്റെ കാര്യത്തിൽ - വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും, സ്ത്രീപുരുഷാനുപാതത്തിലും മുന്നിൽ നിൽക്കുന്ന കേരളത്തിന്റെ ഈ പിന്നോക്കനില - ഈ സ്ഥിതി നേരെ മറിച്ചാണ് സംഭവിക്കേണ്ടത്.



ഇവിടെ നാം കാണുന്ന ഈ കുറഞ്ഞ കാർഷിക തൊഴിൽ പങ്കാളിത്ത നിരക്ക്-കാർഷിക മേഖലയിലെ സ്ത്രീത്തൊഴിലാളിപ്രശ്നങ്ങളുടെ പ്രത്യക്ഷസൂചികയായിത്തന്നെ കാണാം. സ്ത്രീത്തൊഴിലാളികൾ ഏർപ്പെട്ടിരുന്ന തൊഴിലുകൾ നഷ്ടപ്പെട്ട അവസ്ഥ ഇവിടെ ഉയർന്നു വന്നിട്ടുണ്ട് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതിന് പിന്നിൽ നെൽക്കൃഷിയുടെ മാന്ദ്യവും, ആധുനിക കൃഷി സമ്പ്രദായങ്ങളും യന്ത്രവൽക്കരണവും, കൃഷിവിളകളിൽ വന്ന മാറ്റങ്ങളും, മാറിയ സാമൂഹിക സാമ്പത്തിക നിലവാരവും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ഭീഷണിയായി ഉയർന്നുവരുന്ന ആഗോളവൽക്കരണം ഈ സ്ഥിതി ഭീകരമാക്കിത്തീർക്കുമെന്നും ഏറ്റവും കൂടുതൽ ദുരിതങ്ങളിലേക്കെടുത്തെറിയപ്പെടുന്നവർ സ്ത്രീകളായിരിക്കുമെന്നുമാണ് ഇന്നത്തെ സ്ഥിതിയിൽ നിന്നു തന്നെ നമുക്ക് കണ്ടറിയാൻ കഴിയുന്നത്. (പ്രത്യേകിച്ചും ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്താൽ) കൃഷിയെ പ്രാഥമികമേഖലയിൽ നിന്നും കുടിൽ വ്യവസായം പോലുള്ള ദ്വിതീയ മേഖലകളിലേക്ക് മാറിയ സ്ത്രീ തൊഴിലാളികളുടെ ഭീഷണി നേരിടുകയും പിൻതള്ളപ്പെടുകയുമാണ് (കയർ മേഖല, കശുവണ്ടി വ്യവസായം, മത്സ്യഉല്പന്ന സംസ്ക്കരണം തുടങ്ങിയവ). അവിടെനിന്നും സ്ത്രീത്തൊഴിലാളികൾ കടന്നുകൂടിയ തൃതീയ മേഖലകളിലാകട്ടെ അവർ വിവിധ തരത്തിലുള്ള ചൂഷണങ്ങൾ നേരിടുകയും ചെയ്യുന്നു.

വളരെ നിർഭാഗ്യകരമെന്ന് ചൂണ്ടിക്കാണിക്കാവുന്ന ഒരു ബന്ധമാണ് വിദ്യാഭ്യാസം കൊണ്ട് കാർഷിക തൊഴിൽ പങ്കാളിത്തത്തിൽ വന്നിട്ടുള്ളത്. വിദ്യാഭ്യാസം നേടിയവർക്കിടയിൽ മറ്റുരംഗങ്ങളിൽ ഉളവായിട്ടുള്ളതു പോലെ കാർഷിക രംഗത്തോടുണ്ടായിട്ടുള്ള അവജ്ഞയാണിതിന്റെ പിന്നിൽ. വിദ്യാഭ്യാസം നേടിയവരെല്ലാം വെള്ളക്കോളർ തൊഴിലന്വേഷകരായി മാറിയ ദുരവസ്ഥയാണിവിടെ. ഇത്തരത്തിൽ സ്ത്രീകളുടെ ഇടയിലുണ്ടായ ഉയർന്ന വിദ്യാഭ്യാസവും കാർഷികതൊഴിലാളിരംഗത്തെ കുറഞ്ഞ നിരക്കിന് കാരണമായിട്ടുണ്ട്. സ്ത്രീകൾക്കിടയിലുള്ള വർദ്ധിച്ച തൊഴിൽ രഹിതരുടെ എണ്ണം തന്നെ ഇതിന് തെളിവ് നൽകുന്നു. 1981ലെ 6 ലക്ഷം സ്ത്രീ തൊഴിലന്വേഷകരിൽ നിന്നും 1991-ൽ 16 ലക്ഷം തൊഴിലന്വേഷകരിലേക്ക് ഈ സംഖ്യ വളർന്നിട്ടുണ്ട്. (ഈ അവസരത്തിൽ ഓർക്കേണ്ട മറ്റൊരു വസ്തുത ഇന്ത്യയുടെ ജനസംഖ്യയുടെ തന്നെ 3.4 ശതമാനം മാത്രം വരുന്ന കേരളത്തിലെ ആൾക്കാരിലെ തൊഴിൽ രഹിതർ ഇന്ത്യയുടെ തന്നെ തൊഴിൽ രഹിതരുടെ 10 ശതമാനമാണത്രെ!).

കാർഷികരംഗത്തെ കുറഞ്ഞ സ്ത്രീ തൊഴിലാളി പങ്കാളിത്തത്തിന് മറ്റൊരു കാരണം ഗൾഫ് മേഖലമൂലം വന്ന സാമൂഹിക സാമ്പത്തിക മാറ്റങ്ങളാണ്. നേരത്തെ തൊഴിൽ രംഗത്തു ലഭ്യമായിരുന്ന സ്ത്രീ തൊഴിലാളികളെ തൊഴിലെടുക്കാത്തവരായി മാറ്റുകയാണീ സാമ്പത്തിക മാറ്റം ചെയ്തത്. കേരളത്തിൽ നടപ്പാക്കിയിട്ടുള്ള തൊഴിൽ രഹിതവേതനവും കാർഷികത്തൊഴിലാളി പെൻഷൻ പദ്ധതിയും സ്ത്രീ കാർഷിക തൊഴിൽ പങ്കാളിത്തത്തെ പ്രതികൂലമായി ബാധിച്ചിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഇതൊക്കെയാണെങ്കിലും തൊഴിലെടുക്കുന്ന സ്ത്രീകളിൽ 36 ശതമാനവും ഇന്നും കാർഷിക രംഗത്താണേർപ്പെടുന്നത്. അസംഘടിതരായ, അവഗണിക്കപ്പെടുന്ന, പിൻതള്ളപ്പെടുന്ന, ഈ വിഭാഗം നേരിടുന്ന പ്രശ്നങ്ങളും, വിവേചനങ്ങളും വിശകലനം ചെയ്യുന്നത് നമ്മുടെ തുടർന്നുള്ള ചർച്ചയിലേക്ക് നിങ്ങളോരോരുത്തരുടെ ശ്രദ്ധ കൊണ്ടുവരാൻ സഹായിക്കും. ചില പ്രധാന പ്രശ്നങ്ങൾ മാത്രം ചൂണ്ടിക്കാണിക്കുന്നു.

1. കാർഷിക രംഗത്തെ അത്യദ്ധ്വാനം വേണ്ടിവരുന്ന നടുവൊടിക്കുന്ന പണികൾ സ്ത്രീകൾക്കായി മാത്രം മാറ്റി വെച്ചിരിക്കുന്നു (ഞാറു നടീൽ, കള പറിക്കൽ മുതലായവ). അതേ സമയം സ്ത്രീകൾ ഏർപ്പെടുന്ന വിദഗ്ധമായ തൊഴിലുകളെ വൈദഗ്ധ്യമില്ല എന്ന് മുദ്രകുത്തി (ഉദാഹരണമായി ഞാറുനടീൽ, കളപറിക്കൽ) കുറഞ്ഞ കൂലി നൽകുകയെന്ന വിവേചനവും നിലനിൽക്കുന്നു.

2. വരുമാനം കുറഞ്ഞതും അതേസമയം കഠിനവുമായ തൊഴിലുകൾ സ്ത്രീകൾക്കായി മാറ്റിവെയ്ക്കുന്നു-വൈദഗ്ധ്യമില്ലാത്തവർ എന്ന വിവേചനത്തിൽ (കല്ലുചുമക്കൽ, മണ്ണു ചുമക്കൽ).

3. തുല്യ ജോലിക്ക് തുല്യ വേതനം നൽകുന്നില്ല (കല്ലു ചുമക്കൽ, മണ്ണുചുമക്കൽ). അതേ സമയം ആയാസം കുറഞ്ഞ ബന്ധപ്പെട്ട പ്രവർത്തികൾ (ഞാറ് എറിഞ്ഞു കൊടുക്കുക, മണ്ണുകൂനകൂട്ടി കുട്ടകളിൽ നിറക്കുക തുടങ്ങിയ) പുരുഷന്മാർക്കു നൽകുകയും ഉയർന്ന കൂലി കൊടുക്കുകയും ചെയ്യുന്നു.

4. പുരുഷന്മാർക്കിണങ്ങിയ ആധുനിക കൃഷിസമ്പ്രദായങ്ങളും, യന്ത്രവൽക്കരണവും കാർഷിക രംഗത്തുണ്ടായിട്ടുള്ള സാങ്കേതിക മെച്ചങ്ങളെല്ലാം തന്നെ പുരുഷ തൊഴിലാളികളെ അനുകൂലിക്കുന്നവയാണ്.

5. സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്ന കഠിനപണികളിൽ യന്ത്രവൽക്കരണം വന്നപ്പോഴും പുരുഷന്മാർ സ്ത്രീകളെ പിൻതള്ളി തൊഴിലവസരം തട്ടിയെടുക്കുന്നു (ഞാറുനടീൽ യന്ത്രങ്ങൾ, കൊയ്ത്ത് പാറ്റ്, നെല്ലുകുത്ത് യന്ത്രങ്ങൾ തുടങ്ങിയവ).

6. യന്ത്രങ്ങൾ ഉപയോഗിക്കാനുള്ള അറിവും വൈദഗ്ധ്യവും സ്ത്രീകൾക്കിടയിൽ മെച്ചപ്പെടുത്താൻ കഴിയില്ല, പാടില്ല എന്ന പ്രതികൂല മനോഭാവം.

7. തൊഴിലിടങ്ങളിലെ ചൂഷണം - പ്രസവാനുകൂല്യങ്ങളും മറ്റും നിഷേധിക്കപ്പെടുക, കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനുള്ള സൗകര്യങ്ങളില്ലായ്മ, പ്രാഥമിക സൗകര്യങ്ങളില്ലാത്ത പണിസ്ഥലങ്ങൾ, അനാരോഗ്യകരമായ പണിസ്ഥലങ്ങൾ, ലൈംഗികപീഢനങ്ങൾ തുടങ്ങിയവ.

8. ആരോഗ്യപ്രശ്നങ്ങൾ

പ്രാഥമിക സൗകര്യങ്ങൾ ലഭ്യമല്ലാത്ത ചുറ്റുപാടുകളിൽ 8 മണിക്കൂറുകളിലധികം ചെലവഴിക്കുന്ന തൊഴിലാളി സ്ത്രീകളിൽ മിക്കവരിലും മാറാരോഗങ്ങളും മറ്റും ഉണ്ടാകുന്നു. മൂത്രാശയരോഗങ്ങൾ, വ്രണങ്ങൾ, വാതം തുടങ്ങിയവ ഇവയ്ക്കുള്ള ചികിൽസാസൗകര്യങ്ങളും അവസരവും പലപ്പോഴും തൊഴിലാളികൾക്കില്ലാതെ പോകുന്നു.

9. ദാരിദ്ര്യവും പോഷകാഹാരക്കുറവും, കുടുംബത്തിന്റെ ദാരിദ്ര്യത്തിന്റെ ക്രൂരത മൊത്തം ഏറ്റുവാങ്ങേണ്ടിവരുന്നതും വയറു ചുരുക്കേണ്ടി വരുന്നതും സ്ത്രീകൾക്കാണ്.

10. തൊഴിലില്ലായ്മ - സ്ഥിരമല്ലാത്ത - വർഷത്തിൽ വല്ലപ്പോഴും മാത്രം (വിളയുടെ കാലയളവിൽ മാത്രം) ലഭിക്കുന്ന തൊഴിലവസരമാണ് മറ്റൊരു പ്രധാന പ്രശ്നം.

11. സാമ്പത്തിക പരാധീനത - സ്വാതന്ത്ര്യമില്ലായ്മ - കടബാധ്യതകളും - ബന്ധപ്പെട്ട കടപ്പാടുകളും സ്ത്രീധനപ്രശ്നങ്ങൾ - തൊഴിലില്ലായ്മ പ്രശ്നങ്ങൾ.

12. കുടുംബകലഹങ്ങൾ-മദ്യം മൂലമുള്ള ദ്രോഹങ്ങളും- സാമ്പത്തികനഷ്ടങ്ങളും, സംഘർഷങ്ങളും.

13. തൊഴിലാളി ക്ഷേമപരിപാടികളെ കുറിച്ചുള്ള അജ്ഞത.

14. സാമ്പത്തിക സഹായങ്ങളോ, പണം കടമായി കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ (സ്വത്തവകാശമില്ലാത്തതും മറ്റും).

15. അനാരോഗ്യകരമായ ജീവിതചുറ്റുപാടുകൾ (വൃത്തിഹീനമായ ഭവനപരിസരങ്ങൾ, പ്രാഥമിക സൗകര്യങ്ങളുടെ അഭാവം, കുടിവെള്ളം കിട്ടാത്ത അവസ്ഥ തുടങ്ങിയവ).

ഇവയൊക്കെ പൊതുവായി കാർഷികരംഗത്തെ സ്ത്രീത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളാണ്, ഭീഷണികളാണ്, പീഡനങ്ങളാണ്. ഇവയ്ക്കൊക്കെ എതിരേ പ്രതികരിക്കാൻ, പരിഹാരം ആലോചിക്കാൻ, വേണ്ട മാറ്റങ്ങൾ വരുത്തുവാൻ നമുക്കാരോരുത്തർക്കും കടമയില്ലേ? ഈ രംഗങ്ങളിൽ കാർഷികസർവ്വകലാശാലയ്ക്ക് നേരിട്ട് ചെയ്യാൻ കഴിയുന്നത് വളരെ കുറച്ചാണെങ്കിലും (ചെയ്യുന്നതിനു തന്നെ പരിമിതികളുണ്ടെങ്കിലും) വലിയ മാറ്റങ്ങൾക്കായി ബന്ധപ്പെട്ട മറ്റു രംഗങ്ങളിൽ ഉണർവ്വുണ്ടാക്കുകയെന്നതാണീ സന്ദർഭംകൊണ്ട് ലക്ഷ്യമാക്കുന്നത്. സമൂഹത്തിന്റെ മൊത്തം മനസ്സാക്ഷിയും ഈ അനീതികൾക്കെതിരെ ഉണരണം. വിവിധ രാജ്യങ്ങളിലെ ഭരണകർത്താക്കൾ, നിയമനിർമ്മാണം നടത്തുന്നവർ, വികസനപ്രവർത്തകർ, ഗവേഷകർ, കർഷകർ, സാമൂഹ്യപ്രവർത്തകർ ഇവരെല്ലാം ചിന്തിക്കണം. പുതിയ നിയമം വേണ്ടിടത്ത് പുതിയവ സൃഷ്ടിക്കാനും ഭേദഗതികൾ വേണ്ടിടത്ത് അവ കൊണ്ടു വരാനും, വനിതാകമ്മീഷൻ മുന്നോട്ടു വരണം. കോസ്റ്റ്ഫോർഡ് മുതലായ സന്നദ്ധ സംഘടനകൾക്കും വളരെ വലുതായ പങ്ക് സമൂഹത്തിൽ ഈ അനീതിക്കെതിരെ സൃഷ്ടിക്കാനാകും.

കാർഷിക സർവ്വകലാശാല ഈ ദിശയിൽ ഊന്നൽ നൽകാൻ ഉദ്ദേശിയ്ക്കുന്നത്, ഇവിടെ മാറ്റങ്ങൾ സംഭവിച്ചിട്ടുള്ള, സ്ത്രീകൾക്ക് പ്രതികൂലമായി തീർന്നിട്ടുള്ള സാങ്കേതിക വിദ്യകളുടെ പരിഷ്ക്കരണത്തിലും സ്ത്രീകൾക്കനുകൂലമായ സാങ്കേതിക വിദ്യാവികസനത്തിലുമാണ്. സ്ത്രീകൾക്കുപയോഗിക്കാവുന്ന തരം യന്ത്രങ്ങൾ ലഭ്യമാക്കുക, സ്ത്രീകൾക്ക് യന്ത്രങ്ങളുപയോഗിക്കാനുള്ള കെൽപ്പും വൈദഗ്ധ്യവും പരിശീലനത്തിലൂടെ നൽകുക, നവീകരിച്ച തൊഴിലുപകരണങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കാനുള്ള അവസരവും പരിപാടികളും ആവിഷ്ക്കരിക്കുക, കാർഷിക തൊഴിൽ രംഗത്ത് നിന്നും പിൻ വാങ്ങിയ സ്ത്രീകളെ കാർഷികാധിഷ്ഠിത വ്യവസായങ്ങളിൽ സംരംഭകരാക്കി മാറ്റാനുള്ള പരിപാടികൾ എന്നിവയ്ക്ക് സർവ്വകലാശാലയുടെ കാർഷികസ്ത്രീപഠനകേന്ദ്രം ഭാവിയിൽ ലക്ഷ്യമിടും.

**കാർഷിക സ്ത്രീ പഠനകേന്ദ്രം,**

**കാർഷിക സർവ്വകലാശാല, വെള്ളാനിക്കര**

*അവലംബം : ഡോ. ലീലാഗുലാത്തിയുടെ "കേരളത്തിലെ തൊഴിൽ രംഗത്തെ സ്ത്രീ പങ്കാളിത്തം 1981, 1991 സെൻസസുകളുടെ താരതമ്യപഠനം" എന്ന ലേഖനം.*



# സ്ത്രീകൾ ചെയ്യുന്ന കാർഷിക പ്രവൃത്തികളുടെ തൊഴിൽ വിരസതയും പ്രയാസവും

# ഒരു അഖിലേന്ത്യാ വീക്ഷണം

(സംക്ഷിപ്തം)

**സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രിക്കൾച്ചറൽ എൻജിനീയറിംഗ്, ഭോപ്പാൽ**

ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയിൽ ഗ്രാമീണ സ്ത്രീകൾ ഒരു പ്രധാന പങ്കു വഹിക്കുന്നു. കൃഷിയിലും അനുബന്ധ മേഖലകളിലുമായി 61 ദശലക്ഷം സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട് (30 ശതമാനം ഗ്രാമീണതൊഴിലാളികൾ). കാർഷിക വിളകളുടെ ഉൽപാദനം, സംസ്ക്കരണം, സംഭരണം, വിപണനം എന്നിവക്കു പുറമെ കന്നുകാലികളുടേയും മറ്റും വളർത്തുമൃഗങ്ങളുടേയും പരിപാലനവും ഇതിൽപ്പെടുന്നു. ഗൃഹജോലികൾക്ക് പുറമേയാണല്ലോ ഇവർ ഇവയെല്ലാം തന്നെ നിർവ്വഹിക്കുന്നത്. പഠനങ്ങൾ കാണിക്കുന്നത് ഒരു ശരാശരി ഇന്ത്യൻ ഗ്രാമീണ സ്ത്രീ ദിവസത്തിന്റെ 15 മണിക്കൂറുകളോളം അദ്ധ്വാനിക്കുന്നു എന്നാണ്.

പട്ടിക

അദ്ധ്വാനിക്കുന്ന ഇന്ത്യൻ ഗ്രാമീണ സ്ത്രീകൾ (ദശലക്ഷം)

| വിഭാഗം | 1981 വർഷം | 1991 വർഷം | 1998 വർഷം |
|---|---|---|---|
| കൃഷിക്കാർ | 14.5 | 21.5 | 26.2 |
| കർഷകത്തൊഴിലാളികൾ | 20.8 | 28.3 | 33.5 |
| മൃഗസംരക്ഷണം, വനം, മൽസ്യബന്ധനം തുടങ്ങിയ അനുബന്ധമേഖലയിൽ | 0.5 | 1.0 | 1.2 |
| ആകെ | 36.4 | 50.8 | 60.9 |

കാർഷിക രംഗത്ത് ഇന്ത്യൻ സ്ത്രീകളുടെ വർദ്ധിച്ചുവരുന്ന പങ്കാളിത്തം മുകളിൽ കാണുന്ന പട്ടികയിൽ നിന്നും വ്യക്തമല്ലേ? പക്ഷേ വളരെ അടുത്തകാലത്തായിട്ടാണ് സ്ത്രീയുടെ ഈ സ്ഥാനത്തിന് അംഗീകാരവും പരിഗണനയും കിട്ടിത്തുടങ്ങിയത്. അതുവരെയും പുരുഷന്മാർ മാത്രമാണ് കർഷകരും കൃഷിത്തൊഴിലാളികളും എന്ന വിശ്വാസത്തിലാണ് കാർഷിക വികസന രംഗത്തെ ഏതൊരു പരിപാടിയും രൂപകല്പന ചെയ്തിരുന്നത്. സാങ്കേതിക വിദ്യാവികസനവും യന്ത്രങ്ങളും എല്ലാം സ്ത്രീകളും ഈ മേഖലയിലുണ്ട് എന്നുപോലും ഓർക്കാതെ പുരുഷന് ഉപയോഗിക്കാൻ തരത്തിലും പാകത്തിലുമായിരുന്നു നിർമ്മിക്കപ്പെട്ടിരുന്നത്. അതായത് സ്ത്രീപുരുഷ ശരീരവാസ്തുഘടനാ വ്യത്യാസങ്ങൾ, അവർ ഏർപ്പെടുന്ന പ്രവൃത്തികളെ സാരമായി ബാധിക്കുന്നുണ്ടെന്ന യാഥാർത്ഥ്യം കണക്കിലെടുത്തിരുന്നില്ല എന്നു സാരം. സ്ത്രീകളും കൃഷിയിൽ ഈ യന്ത്രോപകരണങ്ങളും ഉപയോഗിക്കുമ്പോൾ അവരുടെ ശരീരത്തിനും, വൈദഗ്ധ്യത്തിനും അനുഭവങ്ങൾക്കും അനുയോജ്യമായ ഘടനയുള്ള സംവിധാനങ്ങൾ ഉണ്ടാകണമെന്ന കാഴ്ചപ്പാട് അടുത്തകാലത്തെങ്കിലും ഈ മേഖലയിൽ ഉണർന്നിട്ടുണ്ട്. ആളിന്റെ ശരീരവാസ്തുഘടനയ്ക്ക് പ്രാധാന്യം നല്കി ജോലിയും, ജോലി ചെയ്യുന്ന ചുറ്റുപാടിനേയും ശാസ്ത്രീയമായി സമീപിക്കുന്ന ഈ രീതിയാണ് Ergonomics (Human Engineering). ഇതിനുപുറമെ ഇത്തരം മാറ്റങ്ങൾക്കനുസൃതമായി സ്ത്രീകളേയും ഇവ ഉപയോഗിച്ച് കൃഷിയിലേർപ്പെടാൻ തക്ക വിധം പ്രേരിപ്പിക്കാനുള്ള വിജ്ഞാനവ്യാപന മാർഗ്ഗങ്ങളും, സാമ്പത്തിക സഹായപദ്ധതികളും ഉണ്ടാകണം.

കാർഷിക രംഗത്ത് സ്ത്രീകളേർപ്പെടുന്ന പ്രധാന പണികളാണ് വിത്തിടീൽ, ഞാറുനടീൽ, കളപറിക്കൽ, കൊയ്ത്ത്, മെതിക്കൽ, തരംതിരിക്കൽ, ഉണക്കൽ, പുഴുങ്ങൽ, കുത്തൽ, പൊടിക്കൽ, തോട് പൊളിക്കൽ, സംഭരണം തുടങ്ങിയവ. തോട്ടം മേഖലകളായ തേയില, കാപ്പി, ഏലം, പുകയില, കുരുമുളക് കൃഷിയിലും വളരെ കൂടുതൽ സ്ത്രീകൾ പണിയെടുക്കുന്നു. ബീഡിതെറുപ്പ്, ചണം പിരിക്കൽ, കോലരക്ക് നിർമ്മാണം, ധാന്യഫലസംസ്ക്കരണം, പരുത്തി, കരിമ്പ് തുടങ്ങിയവയുടെ കൃഷിപ്പണികൾ, ചുമക്കൽ തുടങ്ങിയവയും സ്ത്രീകൾ ചെയ്യുന്നുണ്ട്. ഇവയിൽ കൂടുതലും സ്ത്രീകൾ സ്വന്തം കയ്യും കാലും ഉപയോഗിച്ച് യന്ത്രസഹായങ്ങളില്ലാതെ ചെയ്യുന്നവയാണ്. ചില യന്ത്രങ്ങൾ (പ്രവൃത്തികൾക്കായിട്ടുള്ളതുതന്നെ) പുരുഷന്മാരെ ഉദ്ദേശിച്ച് മാത്രമുണ്ടാക്കിയിട്ടുള്ളവയാകയാൽ സ്ത്രീകൾ ആരെങ്കിലുമുപയോഗിക്കുന്നുണ്ടെങ്കിൽ തന്നെ ആയാസത്തോടെയാണുതാനും. അതിനാൽ തന്നെ അവ കാര്യക്ഷമമായി ഉപയോഗിക്കാൻ കഴിയുന്നില്ലായെന്നതിനുപുറമെ അവരിൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. ഇതിനേക്കാൾ ഗൗരവമേറിയ ഒരു പ്രശ്നം പരമ്പരാഗതമായി സ്ത്രീകൾ

ചെയ്തുപോന്ന കാഠിന്യമുള്ള പണികൾക്ക് യന്ത്രോപ കരണങ്ങൾ വന്നപ്പോൾ സ്ത്രീകളെ പിൻതള്ളി പുരുഷ ന്മാർ ആ തൊഴിലുകളും കൈയടക്കിയെന്നതാണ്. ഈ ഭീഷണി തിരിച്ചറിയാൻ ഇനി ഒട്ടും അമാന്തം പാടില്ല. കാർഷിക രംഗത്തെ ആധുനിക ഗവേഷണ ഫലങ്ങളും, യന്ത്രവല്ക്കരണവും സ്ത്രീപുരുഷഭേദമെന്യേ ഉദ്ദേശി ച്ചാൽ അവ ഗുണത്തിനുപകരം സ്ത്രീകർഷകർക്കും തൊഴിലാളികൾക്കും ദോഷമായേ ഫലത്തിൽ വരൂ.

ശരീര വാസ്തുഘടനാ ഘടകങ്ങൾ (Ergonomics) ക്കനുസൃതമായി യന്ത്രങ്ങൾ രൂപകല്പന ചെയ്യുമ്പോൾ അത്യാവശ്യം ശ്രദ്ധിക്കുന്ന ചില പ്രത്യേകതകൾ ഇവയാ ണ്. ശരീരവാസ്തുഘടന സമീപനത്തിൽ മനുഷ്യരും അവർ ചെയ്യുന്ന പണികളും, പണിചെയ്യുന്ന ചുറ്റുപാടു കളും തമ്മിലുള്ള ബന്ധം ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു. അതായത് കൈകാര്യം ചെയ്യുന്ന ഉപകരണ ങ്ങൾ, വസ്തുക്കൾ, പരിസരം, പ്രവൃത്തിയിലാവശ്യമായ അംഗചലനങ്ങൾ തുടങ്ങിയവ ഇതിനാവശ്യമായി ശ്രദ്ധി ക്കുന്ന ചില കാര്യങ്ങളാണ്.

1. **ശരീരഘടനാവസ്തുതകൾ (Anthropometric data)**

ഉയരം, തൂക്കം, നെഞ്ചളവ് തുടങ്ങിയ 56 ശരീരയളവു കൾ ഇതിനായി പരിശോധിക്കണം.

2. **പേശീശക്തി (Muscular strength)**

മുഷ്ടിബലം, തള്ളാനും വലിക്കാനും വേണ്ട ബലം, തോളെല്ലിന്റെ ശക്തി, എറിയാനുള്ള കെല്പ് തുടങ്ങി യവ യന്ത്രങ്ങൾ കൈകാര്യം ചെയ്യാൻ വേണ്ടിവരുന്ന പേശീബലങ്ങളാണ്.

3. **ഉയർന്ന ശ്വാസോദ്വഹന കഴിവ് (Maximum aerobic capacity)**

ഒരാൾക്ക് എത്രകണ്ട് ഓക്സിജൻ അകത്തേക്ക് വലി ച്ചെടുക്കാൻ കഴിയും എന്ന കണക്ക് അയാൾക്ക് ശാരീ രികമായി ചെലുത്താനാകുന്ന ആയാസത്തിന്റെ അതിര് കാണിക്കുന്നു.

4. **തൊഴിൽ ചെയ്യുമ്പോൾ വേണ്ട ശരീരാവസ്ഥയും അസൗകര്യവും (Body posture and discomfort)**

പണിയിലേർപ്പെടുമ്പോൾ ഹിതകരമായ ശരീരാവസ്ഥ യാണുള്ളതെങ്കിൽ ഏറ്റവും കുറച്ച് യത്നമേ പേശി കൾ പ്രയോഗിക്കേണ്ടിവരികയുള്ളൂ. അതിനുപുറമേ അസൗകര്യങ്ങൾ കുറയുകയും കാര്യക്ഷമത കൂടു കയും ചെയ്യും.

5. **പ്രവൃത്തിക്കാവശ്യമായി വരുന്ന ശാരീരിക ച്ചിലവ് (Physiological cost)**

ഏതൊരു ജോലി ചെയ്യുമ്പോഴും ശരീരം പ്രയത്നി ക്കുന്നു. ഈ ശാരീരികച്ചെലവ് ഹൃദയമിടിപ്പിന്റെയും, ഓക്സിജൻ ശ്വസിക്കുന്നതിന്റെയും അളവിലാണ് കണക്കാക്കുന്നത്.

6. **പ്രവൃത്തി ചെയ്യുമ്പോഴുണ്ടാകുന്ന വിരസതയും പ്രയാസവും**

സ്ത്രീകൾ ഏർപ്പെടുന്ന കൃഷിപ്പണികളേറെയും വിരസവും, പ്രയാസമേറിയതുമാണ്. തന്മൂലം ഇവ സ്ത്രീകളിൽ ഏറെ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്നു.

പുരുഷന്റെ പ്രത്യേകതകളനുസരിച്ചുണ്ടാക്കിയ യന്ത്രങ്ങൾ സ്ത്രീയും ഉപയോഗിക്കണമെന്ന മനോഭാവം മാറണം. മനുഷ്യശരീരഘടനയുടെ ഈ പ്രത്യേകതകൾ സ്ത്രീയുടെ കാര്യത്തിൽ പ്രത്യേകമായി പഠിക്കപ്പെടണം. ഓരോ തൊഴിലിലും ഏർപ്പെടുന്നത് പുരുഷനോ സ്ത്രീയോ എന്ന് തിരിച്ചറിഞ്ഞ് അവർക്കനുകൂലമായ സാങ്കേതിക വിദ്യകളും യന്ത്രങ്ങളുമുണ്ടാക്കാൻ ശാസ്ത്ര ജ്ഞർ തയ്യാറാകണം.

ഇത്തരം സമീപനം കൊണ്ട് കാർഷികോല്പാദന രംഗത്തെ തൊഴിലുകളിലെ വിരസതയും പ്രയാസവും കുറയ്ക്കാം. വിഭവങ്ങളുടെ ഉപയോഗക്ഷമത കൂട്ടാം, സമയം ലാഭിക്കാം, ഊർജം സംരക്ഷിക്കാം, പ്രവൃത്തി യുടേയും ഉത്പന്നങ്ങളുടേയും ഗുണമേന്മ കൂട്ടാം, കർഷ കത്തൊഴിലാളികളുടെ പ്രവൃത്തി ജീവിതത്തിന് ഗുണ മേന്മ നൽകാം എന്നീ പ്രയോജനങ്ങളുണ്ട്.

പക്ഷേ ഇത്തരം യന്ത്രസംവിധാനങ്ങൾ സ്ത്രീകൾക്കുകൂടി ഉണ്ടാക്കിയാൽ മാത്രം പോരാ, അവരെ അത് ഉപയോഗിക്കാനായി കെല്പുള്ളവരാക്കു കയും, അതിനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കുകയും വേണം. ഗ്രാമീണ സ്ത്രീകൾ സാമൂഹ്യ സാംസ്കാരിക കെട്ടുപാടുകളിൽ പെട്ട് യന്ത്രസംവിധാനങ്ങൾ ഉപയോ ഗിക്കാൻ വിമുഖത കാട്ടുന്നുണ്ട്. അവരെ ഈ രംഗത്ത് പ്രോത്സാഹിപ്പിക്കാൻ നൽകുന്ന പരിശീലനങ്ങൾ അവരുടെ ജീവിത ചുറ്റുപാടിൽ തന്നെ നൽകണം. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രിക്കൾച്ചറൽ എൻജി നീയറിംഗ് ഈ അടുത്ത കാലത്തായിട്ട് 168 ഗ്രാമീണ സ്ത്രീകൾക്ക് ഇത്തരത്തിൽ പരിശീലനം നൽകി. പരി ശീലനത്തോടൊപ്പം ഉപകരണങ്ങൾ സ്വന്തമാക്കാനുള്ള സാമ്പത്തിക സംവിധാനങ്ങളും നൽകാൻ സമീപനമുണ്ടാ കണം. ഇതിനുതകുന്ന കാർഷിക വിജ്ഞാനവ്യാപനപ ദ്ധതികളും നടപ്പിലാക്കണം.

# ശില്പശാലയിലെ സംഭാഷണങ്ങളും അനുഭവങ്ങളും

കാർഷിക മേഖലയിലെ സ്ത്രീ തൊഴിലാളികളെ കുറിച്ചുള്ള രണ്ടു ലേഖനങ്ങളും വൈസ്ചാൻസലർ വായിച്ചവതരിപ്പിച്ചതിനെ തുടർന്ന് 11.15 മണിയോടുകൂടി അംഗങ്ങളുടെ സംഭാഷണം തുടങ്ങി. സംഭാഷണത്തിന് തുടക്കമിട്ടത് വയനാട്ടിൽ നിന്നും വന്ന ശ്രീമതി ഇന്ദിര യായിരുന്നു.

**ഇന്ദിര, അമ്പലവയൽ :** പ്രധാനമായിട്ട് ചെയ്യുന്നത് നെൽപ്പണിയാണ്. വർഷത്തിൽ രണ്ടു മൂന്നുമാസം കാപ്പിപ്പണിയും കിട്ടും. അതേസമയം തന്നെ കുരുമുളക് പറിക്കാനും പോകും. മഴ പിടിക്കുമ്പോൾ പിന്നെ ചേന നടലാകും പണി. പുരുഷന്മാർക്കാണ് കൂടുതൽ കൂലി. ഞങ്ങൾക്ക് എപ്പോഴും കുറവാണ് കൂലി കിട്ടുക.

വൈസ്ചാൻസലർ : ചേനക്കൃഷിയിൽ നിങ്ങൾ ചെയ്യുന്ന പണി ഏതാണ്? ഈ കൃഷിയിൽ പുരുഷൻ ചെയ്യുന്ന പണി നിങ്ങൾ ചെയ്യുന്നതിൽ നിന്നും പ്രയാസമേറിയതാണോ? എന്തുകൊണ്ട് അവർക്ക് കൂടുതൽ കൂലി കൊടുക്കുന്നു?

ഇന്ദിര : ആണുങ്ങൾ കുഴി എടുക്കും. സ്ത്രീകൾ വളം ചെയ്ത് ചേന വയ്ക്കും. പുരുഷൻമാർ മണ്ണിട്ട് മൂടും. ആണുങ്ങൾക്ക് 100 രൂപ, പെണ്ണുങ്ങൾക്ക് 60 രൂപ മാത്രം. ആ പ്രദേശത്തെ രീതി അനുസരിച്ചാണ് കൂലി. കൂലി കൂടുതൽ വാങ്ങിത്തരാൻ സംഘടനകൾ ഒന്നും ഇല്ല. ചേനയ്ക്ക് കുഴി എടുക്കുവാൻ ഞങ്ങൾക്കും കഴിയും. മുതലാളി പണിക്കു വിളിക്കുമ്പോൾ അവർ തരുന്നവിത്ത് നമ്മൾ നടുന്നു.

വൈസ്ചാൻസലർ : പൂർണ്ണമായും പണി കിട്ടാത്ത മാസങ്ങൾ ഏതെല്ലാം? കൂലി രൂപയായിട്ടാണോ നിങ്ങൾക്ക് കിട്ടുന്നത്?

ഇന്ദിര : ചിങ്ങം, കന്നി മാസങ്ങളിൽ തീരെ പണിയില്ല. കൂലി രൂപയായിട്ടുതന്നെയാണ് കിട്ടുന്നത്. അതാണ് ഞങ്ങൾക്ക് ഇഷ്ടവും.

ദേവി : എത്ര സമയമാണ് ഒരു ദിവസം പണിയെടുക്കേണ്ടത്?

ഇന്ദിര : രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണി വരെ പണിയെടുക്കും. നെല്ല് കൊയ്യാൻ പോയാൽ ഒക്കലിട്ട് പാറ്റി എല്ലാം കഴിഞ്ഞാൽ, 6 എടുത്ത് 7–ാമത്തെ നമുക്ക് തരും.

ദേവി : ഇതിനൊപ്പം ഭക്ഷണമുണ്ടോ?

ഇന്ദിര : ഉണ്ട്. രാവിലെ കഞ്ഞി, 12 മണിക്ക് ചായ, ഉച്ചയ്ക്ക് ചോറ്, വൈകുന്നേരം 3½ – 4 മണിക്ക് ചായ തുടങ്ങിയവ കിട്ടും.

വൈസ്ചാൻസലർ : നെല്ല് പണിക്ക്, കൊയ്ത് മെതിച്ച് കൊടുക്കണോ? കൊയ്ത് കറ്റ വെച്ചാൽ മതിയോ?

ഇന്ദിര : കറ്റ കൊടുക്കണം. ഇപ്പോൾ ട്രാക്ടറുള്ളതുകൊണ്ട് കായികാദ്ധ്വാനം കുറവാണ്.

ദേവി : രാവിലെ മുതൽ വൈകുന്നേരം വരെ എത്ര മണിക്കൂറ് നിങ്ങള് പണിയെടുക്കും?

ഇന്ദിര : 8 മണി മുതൽ 5 മണി വരെ പണി ചെയ്താൽ 60 രൂപ, ഉച്ചവരെ ചെയ്താൽ 30 രൂപയാണ് കിട്ടുന്നത്.

വൈസ്ചാൻസലർ : നമ്മളിവിടെ സംസാരിക്കുമ്പോൾ ഓരോ പ്രദേശം കൂടി കണക്കാക്കണം. ഓരോ പ്രദേശത്തേയും രീതികൾക്ക് വ്യത്യാസമുണ്ടല്ലോ?

ദേവി : കൂലിക്കൊപ്പം വേറെ വല്ല ആനുകൂല്യങ്ങളും കൂടി കിട്ടുമോ?

ഇന്ദിര : കാർഷിക തൊഴിലാളി ക്ഷേമ നിധി മാത്രമുണ്ട്. വേറെ ഒന്നും ഇല്ല. കുട്ടികളെ നോക്കാനുള്ള ക്രഷ് ഒന്നുമില്ല ഞങ്ങളുടെ ഭാഗത്ത്. കുഞ്ഞുങ്ങളെ വീട്ടിൽ ഏൽപ്പിക്കും. അല്ലെങ്കിൽ പണിക്കു പോകില്ല.

മൃദുൽ ഈപ്പൻ : ചിങ്ങം കഴിഞ്ഞ് എന്തു ചെയ്യും? അപ്പോൾ കൃഷിപ്പണിയില്ലല്ലോ?

ഇന്ദിര : വീട്ടുപണി ചെയ്യും. പശു, കോഴിവളർത്തൽ എന്നിവ പറ്റില്ല. കാരണം രണ്ടുമാസത്തേയ്ക്ക് മാത്രമായിട്ട് കോഴിവളർത്താൻ പറ്റില്ലല്ലോ.

ദേവി : നിങ്ങളുടെ വീട്ടിലെ സ്വന്തം ഭൂമിയിൽ, ആ പ്രദേശത്തെ പുരുഷന്മാർ ചെയ്യുന്ന പണികൾ നിങ്ങൾ ചെയ്യുമോ?

ഇന്ദിര : ഉവ്വ്. ഇഞ്ചി നടും 15 സെന്റിൽ. എല്ലാ പണിയും സ്വയം ചെയ്യും. ഭർത്താവും സഹായിക്കും. ചിങ്ങം കഴിഞ്ഞാൽ വയനാട്ടിൽ പ്രത്യേക കാലാവസ്ഥയാണ്. അതനുസരിച്ച് ആണ് കൃഷി. ഞാൻ ആദിവാസിയല്ല. ആദിവാസികളിലും മാറ്റം വന്നിട്ടുണ്ട്. സ്വന്തം വീട് കോതമംഗലം. വിവാഹശേഷം വയനാട്ടിൽ പോയി. ഇപ്പോൾ നെൽകൃഷിചെയ്യാൻ മടിയാണ്. ചിലവു കൂടുതൽ, കൂലി പണിക്ക് ആളെ കിട്ടാനുമില്ല. ലാഭം ഉണ്ടെങ്കിൽ മാത്രമേ കൃഷിചെയ്യൂ.

ദേവി : സ്വന്തം വീട്ടാവശ്യത്തിനുള്ള പച്ചക്കറി എവിടെ നിന്ന് കിട്ടും?

ഇന്ദിര : ആവശ്യത്തിനുള്ള പച്ചക്കറി സ്വയം കൃഷി ചെയ്യുന്നു. ചേന, വെണ്ട, വഴുതന, പയർ, വാഴ, പപ്പായ എന്നിവയാണ് സാധാരണ ചെയ്യുന്നത്.

ഭക്ഷണമാണ് പ്രധാനം. ജീവൻ നിലനിന്നാലല്ലേ മുന്നോട്ട് പോകാൻ പറ്റൂ. മറ്റുള്ളവരുടെ വയലിൽ പാട്ടത്തിനും കൃഷിചെയ്യാറുണ്ട്.

**അമ്മിണി :** ഞാൻ വയനാട് ജില്ലയിൽ നിന്നാണ്. എനിക്ക് അര ഏക്കർ ഭൂമി, കാപ്പി, കുരുമുളക്, ചേന, ഇഞ്ചി, പശുവളർത്തൽ തുടങ്ങിയവ ചെയ്യുന്നു. അര ഏക്കർ പാട്ടത്തിനുമുണ്ട്, ഇഞ്ചികൃഷി രണ്ടുപേരും കൂടി ചെയ്യും. ഞങ്ങൾ അമ്പലവയൽ ഫാമിൽ പുല്ലരിയും. ഒരു മാസം അവരും കൂലി തരും. പശുക്കളുണ്ട്. സൊസൈറ്റിയിലും മിൽമയ്ക്കും പാൽ കൊടുക്കും. സ്വയം കറക്കും. സങ്കരയിനം പശുവാണ്. കൂടുതൽ പാൽ ഉണ്ടെങ്കിൽ രണ്ടുകൈകൊണ്ടും വലിച്ച് കറക്കണം. കൈകഴപ്പ്, നടുവേദന എന്നിവ ഉണ്ട്. രണ്ടുപേരും ഒരു പോലെ പണിയെടുക്കും-ഞാനും ഭർത്താവും.

വൈസ്ചാൻസലർ : പരമ്പരാഗതമായി സ്ത്രീകളാണ് പശുക്കളെ കറക്കുന്നത്. പക്ഷെ എരുമകളെ കറക്കുന്നില്ല. അതുപോലെ സങ്കര പശുക്കളെ കറക്കുന്നതുകൊണ്ട് ബുദ്ധിമുട്ടുണ്ടോ?

അമ്മിണി : 17 ലിറ്റർ പാൽ വരെ കിട്ടുന്ന അത്യുൽപ്പാദന പശുക്കളെ അതിവേഗം കറക്കണം. സ്വൽപം ബുദ്ധിമുട്ടാണ്. മിൽമയിൽ പാൽ കൊടുക്കുന്നു. മെമ്പർഷിപ്പ് ഭർത്താവിന്റെ പേരിലാണ്. ഡയറക്ടർ ബോർഡിൽ ഭർത്താവുണ്ട്. വേറെ ജോലിയ്ക്കൊന്നും പോകുന്നില്ല. കാരണം വിദ്യാഭ്യാസമില്ല. ഇതിൽ നിന്നുതന്നെ വരുമാനമുണ്ട്. മോൾ കോളേജിൽ, മോൻ സ്ക്കൂളിൽ (9-ാം ക്ലാസ്സിൽ). കുട്ടികൾ വലുതായാൽ അവരുടെ ഇഷ്ടമനുസരിച്ച് പണിക്ക് വിടും. കോളേജിൽ പോകുമ്പോൾ ഭക്ഷണം കൊടുത്തുവിടും. കുട്ടികളെ കൊണ്ട് സമയം കിട്ടുമ്പോൾ പണി ചെയ്യിക്കും. രണ്ടുപേരും തുല്യമായി ചെയ്യുന്നു. കോളേജിൽ നിന്നും വന്നുകഴിഞ്ഞാൽ അവർക്ക് പറ്റുന്ന പണി ചെയ്യും. പുല്ലരിയാൻ പോകുമ്പോൾ കുഞ്ഞായിരുന്നപ്പോൾ പറമ്പിൽ ചാക്കിട്ട് ഇരുത്തി പണിചെയ്യും. സ്വന്തമായി അര ഏക്കർ പിന്നെ അര ഏക്കർ പാട്ടത്തിനും. ഒരു മാതിരി ജീവിച്ചുപോകാം. ചിലവിനുള്ള നെല്ല് കൃഷിയിൽ നിന്ന് കിട്ടും. പച്ചക്കറി കൃഷി ചെയ്യും. പശുനെ കറന്നാൽ 12 ലിറ്റർ പാൽ കിട്ടും. രണ്ടുനേരം കൂടുമ്പോൾ ഏറിയാൽ 22 ലിറ്റർ. സ്ഥിരം വരുമാനമല്ല. കൃത്യമായി ഉണ്ടാവുകയുമില്ല. കൂടിയും കുറഞ്ഞും ഇരിക്കും. കാലിത്തീറ്റക്ക് നല്ല ചിലവാണ്. ഒരു ലിറ്റർ പാലിന് 9-10 രൂപ കിട്ടും. ചാണകം സ്വന്തം കൃഷിക്ക് ഉപയോഗിച്ചശേഷം വിൽക്കും. ചാണകത്തിന് 13 രൂപ (1 ടിന്നിന്). ഗോബർ ഗ്യാസ് ചെയ്യുന്നില്ല. വിറക് വില കൊടുത്ത് വാങ്ങും. വയനാടിന് പുരോഗമനം കുറവാണ്.

വൈസ്ചാൻസലർ : ഗോബർ ഗ്യാസ് അല്ലെങ്കിൽ മറ്റ് സൗകര്യമുണ്ടെങ്കിൽ പണി കുറയുമോ? എന്താണ് നിങ്ങളുടെ അഭിപ്രായം? എത്രരൂപയുടെ വിറക് വാങ്ങും? നിങ്ങളുടെ വീട്ടിൽ പാൽ ഉപയോഗിക്കില്ലേ?

അമ്മിണി : 500-1000 രൂപയുടെ വിറക് ഒന്നിച്ച് വാങ്ങും. അതിന്റ കൂടെ പറമ്പിൽ നിന്നും കിട്ടും. പാൽ കുടിക്കാറുണ്ട്. രാത്രി ഒരു ഗ്ലാസ് പാലും പിന്നെ രണ്ടു നേരം പാൽ ചായയും കുടിക്കും. കുട്ടികളും ഭർത്താവും പാൽ കുടിക്കും.

ഭവാനി ശ്രീധരൻ : 10-ാം ക്ലാസ് - വിവാഹശേഷം ബത്തേരിയിലാണ് താമസിക്കുന്നത്. കൂടുതൽ വിദ്യാഭ്യാസത്തിന് പോകാൻ പറ്റിയില്ല. സ്വാതന്ത്ര്യമില്ല. പെൺകുട്ടികളെ പഠിപ്പിക്കില്ല. ഞാറ് പറിക്കലും നടീലും ചെയ്യും. അന്ന് ചെറുപ്പമായിരുന്നു. ബത്തേരിയിൽ കാപ്പിപറിക്കൽ, കിള ഇവ ചെയ്തു. (3 രൂപ കൂലി ആയിരുന്നു ആദ്യം) അന്നൊന്നും ബുദ്ധിമുട്ടില്ല. ഇപ്പോൾ കഷ്ടപ്പാടാണ്. ശ്രേയസ് എന്ന സംഘടന സ്ത്രീകളെ സംഘടിപ്പിക്കാനും സ്വയം തൊഴിലിനുംവേണ്ടി നല്ല പ്രവർത്തനം കാഴ്ചവെയ്ക്കുന്നു. ശ്രേയസിന് പുറകിൽ അച്ചൻമാരാണ്. പക്ഷെ ക്രിസ്ത്യാനി, ഹിന്ദു, ആദിവാസി അങ്ങനെ വേർതിരിവില്ല. അടുക്കളത്തോട്ടം, പശുവളർത്തൽ, ആടുവളർത്തൽ, കൂൺകൃഷി ഇവ ചെയ്യും. സ്ത്രീകളെ ബോധവൽക്കരണത്തിലൂടെ പരിചയം ആക്കിവിടും. പൈസയൊന്നും ആവശ്യമില്ല. പരിശീലനത്തിനു ശേഷം വരുമാനം ആ കുടുംബത്തിന് കിട്ടും. പശുവളർത്തലിന് ലോൺ കൊടുക്കുന്നു. അയൽ കൂട്ടങ്ങൾ 20 അംഗങ്ങൾ ചേർന്ന് രൂപീകരിച്ചു. മാസത്തിൽ മീറ്റിംഗ് കൂടി ആവശ്യക്കാരെ സഹായിക്കും. കടം കൊടുക്കാനുള്ള ചില പദ്ധതികളൊക്കെ ഉണ്ടാക്കിയിട്ടിട്ടുണ്ട് സ്ത്രീകൾക്ക്. 100 ന് 1 രൂപ പലിശ. 10 മാസം കൊണ്ട് തിരിച്ചടയ്ക്കണം. അങ്ങിനെ കൂലി ചോദിച്ചുവാങ്ങാനും മറ്റും പഠിച്ചു. സ്ത്രീകൾ പുരുഷൻമാരെപോലെ തന്നെ പണിചെയ്യുന്നു. കല്ല് പണി സ്ത്രീകൾ ചെയ്യും. അധികം പേരും സ്വയം തൊഴിൽ ചെയ്യുന്നതോടൊപ്പമാണ് ഈ അയൽകൂട്ടത്തിന്റെ ജോലി ചെയ്യുന്നത്. പ്രധാന കൃഷി കാപ്പി. 4 മാസത്തോളം പണിയുണ്ട്. കാപ്പിക്ക്, മഴപെയ്ത് പൂത്തു കഴിഞ്ഞാൽ മാത്രമെ പണിയുള്ളൂ. ഞായറാഴ്ചയും പണിചെയ്യും. കാപ്പിയിൽ രണ്ട് തവണ കള പറിക്കണം. 110 ലിറ്റർ കാപ്പി പറിച്ചാൽ 55 രൂപ കിട്ടും. പിന്നെ ഓരോ പറിക്കലിനും 7-ാം ദിവസം കൂലി കിട്ടും.

അര ഏക്കർ ഭൂമി കിട്ടും. കാപ്പിയും, കുരുമുളകും ഉണ്ട്. മക്കൾ വിദ്യാഭ്യാസമുള്ളവരാണ് പശുവളർത്തൽ എപ്പോഴും വരുമാനമില്ലാത്തതുകൊണ്ട് ചെയ്യുന്നില്ല. കുട്ടികളുടെ വിദ്യാഭ്യാസത്തിന് ചിലവുണ്ട്, അര ഏക്കറിൽ കൃഷിയും പശുവളർത്തലും കൂടി നടക്കില്ല. താമസിക്കുന്ന സ്ഥലത്ത് സ്വന്തമായി കാപ്പി കൃഷിയുണ്ട്.

ദേവി : നിങ്ങൾ കല്ലുപണിക്ക് പോകുന്നുണ്ട് എന്നു പറഞ്ഞല്ലോ. കെട്ടിടം പണി നിങ്ങൾ സ്ത്രീകൾക്ക് മൊത്തമായി എടുക്കാനെന്താണ് പ്രയാസം? പുരുഷന്മാരെ സഹായിക്കുക മാത്രമാണോ നിങ്ങളിപ്പോൾ ചെയ്യുന്നത്?

ഭവാനി : സിമന്റ് കൂട്ടികൊടുക്കുന്ന പണി പ്രയാസം കുറവാണ്. കട്ടകെട്ടുന്ന പണിയ്ക്ക് വൈദഗ്ധ്യം ആവശ്യമാണ്, കൂടുതലായിട്ട്. വലിയ കെട്ടിടം കെട്ടുമ്പോൾ നല്ലോണം ശ്രദ്ധിക്കേണ്ട കാര്യമാണ്.

ദേവി: കെട്ടിടം വലിയതല്ലെങ്കിൽ സ്ത്രീകൾക്ക് തനിയെ ചെയ്യാൻ പറ്റുമോ?

ഭവാനി : ചെറുതൊക്കെയാണെങ്കിൽ സ്ത്രീകൾ ചെയ്യുന്നുണ്ട്. സ്വന്തം സിമന്റിഷ്ടിക കെട്ടി ഉണ്ടാക്കി വിൽക്കുന്നുണ്ട്.

ദേവി : ഇതിനൊക്കെ വേണ്ട പരിശീലനം കിട്ടിയാൽ ചെയ്യാൻ പറ്റുമോ?

വൈസ്ചാൻസലർ : സ്ത്രീയാണെന്നതുകൊണ്ട് മാത്രം ഈ രംഗത്ത് പ്രശ്നങ്ങളേതൊക്കെയാണ്, പരിശീലനം കിട്ടിയാൽ ചെയ്യാവുന്നതാണോ?

ഭവാനി : സ്ത്രീയായതുകൊണ്ട് പ്രത്യേകിച്ച് അങ്ങനെ ഒരു പ്രശ്നമില്ല. പരിശീലനം നല്ല രീതിയിൽ കിട്ടിയാൽ ചെയ്യാവുന്നതേയുള്ളൂ. 175 രൂപ കൂലി കിട്ടും ഒരാൾക്ക്. അതുകൊണ്ട് ചെയ്യാൻ സന്തോഷമേയുള്ളൂ.

സുധാദേവി: ഇപ്പോൾ നമ്മുടെ നാട്ടിൽ ജനകീയാസൂത്രണം നടക്കുന്നുണ്ടല്ലോ. നമ്മുടെ സംസ്ഥാനത്ത് പല സ്ഥലത്തും ഇത്തരത്തിലുള്ള മേസൻ പണി പരിശീലനം നടക്കുന്നുണ്ട്. നിങ്ങളുടെ സ്ഥലത്ത് അങ്ങനെ എന്തെങ്കിലും പരിപാടി നടന്നതായി അറിയുമോ?

ഭവാനി : ജനകീയാസൂത്രണം പരിപാടിയിൽ കർമ്മപരിപാടി അംഗങ്ങളാണ് ഞങ്ങൾ. ഞങ്ങൾ ഇത്തരം പരിശീലനങ്ങൾ ആവശ്യപ്പെടാറുണ്ട്. പക്ഷെ ശരിക്കും രാഷ്ട്രീയമായിട്ടാണ് ഞങ്ങളുടെ നാട്ടിൽ പദ്ധതികൾ നടക്കുന്നത്. അതുകൊണ്ട് ഞങ്ങൾ കാര്യങ്ങൾ ധാരാളം പറയാറുണ്ടെങ്കിലും വളരെ നേരിയ തോതിൽ മാത്രമെ അംഗീകരിച്ച് കിട്ടുന്നുള്ളൂ.

സുധാദേവി : നിങ്ങൾ പുറത്തുപോയി പണി ചെയ്തിട്ട് തിരികെ വന്ന് വീട്ടിലെ പണികളും ചെയ്യണ്ടെ? നിങ്ങളുടെ ആരോഗ്യത്തിനെ അത് ബാധിക്കുന്നുണ്ടോ?

ഭവാനി : നന്നായി ബാധിക്കുന്നുണ്ട്. ചേട്ടൻമാർ പണി കഴിഞ്ഞ് വന്ന് കുളിച്ച് കഴിഞ്ഞാൽ, അവർ പുറത്ത് പോകും. മോൾ കോളേജിൽ ആണ്. മകൻ മെക്കാനിക് ആണ്. ഞാൻ രാത്രിയും പകലും പണി എടുക്കണം. വെള്ളം വളരെ കുറവാണ്. രാത്രി 2 മണിക്കൊക്കെ എഴുന്നേറ്റ് വെള്ളം പിടിക്കണം. അങ്ങിനെ ശരിക്കും കഷ്ടപ്പെടണം.

സുധാദേവി : നിങ്ങൾ കിടക്കുന്നതെപ്പോഴാണ്?

ഭവാനി : കൃത്യസമയം ഇല്ല. 10-11 മണി എന്തായാലും കഴിയും. നടുവേദന, കാലുവേദന തുടങ്ങി നിറയെ പ്രശ്നങ്ങളാണ്.

ദേവി : ഭർത്താവ് കുടിക്കുമോ?

ഭവാനി : ഇല്ല. കുടിക്കുന്നവരുണ്ട്. പക്ഷെ, പ്രശ്നമാകുന്ന തോതിലില്ല. കള്ള വാറ്റ് അവിടെ ഇല്ല. സ്ത്രീകൾ സമ്മതിക്കാറില്ല. കുടിക്കുന്ന പുരുഷന്മാരുടെ ഭാര്യമാർ സംഘടനകളിലൂടെ പരിഹരിക്കും. ഞായറാഴ്ചകളിൽ അയൽക്കൂട്ടങ്ങൾ ഉണ്ട്.

സുധാദേവി : വിനോദങ്ങൾ?

ഭവാനി : സിനിമക്ക് പോക്ക് വളരെ കുറവാണ്. അയൽക്കൂട്ടം തന്നെ ഒരു വിനോദമല്ലേ. അയൽക്കൂട്ടങ്ങളിൽ പ്രശ്നങ്ങൾ എഴുതിയിട്ട് ഞങ്ങൾ ഞങ്ങളുടെ ശ്രേയസിൽ എത്തിക്കും. ഓരോ മാസവും ഓരോ മീറ്റിംഗ് വിളിച്ച് പ്രശ്നങ്ങൾ ചർച്ച ചെയ്യും.

വൈസ്ചാൻസലർ : നിങ്ങൾക്ക് ടെലിവിഷനുണ്ടോ? അതിലെ പരിപാടികൾ കാണാൻ സമയം കിട്ടാറുണ്ടോ?

ഭവാനി : ഞങ്ങളുടെ വീടുകളിൽ ഇല്ല. സാമ്പത്തികം ആണ് കാരണം. അടുത്ത വീടുകളിലുണ്ട്. ഞങ്ങളുടെ ഗ്രൂപ്പുണ്ടായിട്ട് ആഗസ്റ്റിൽ 3 വർഷം തികയും. സ്ത്രീകളിൽ നല്ല മാറ്റം ഉണ്ടായിട്ടുണ്ട്. സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്.

സുധാദേവി : ശ്രേയസുമായി ബന്ധപ്പെട്ട അയൽക്കൂട്ടമാണോ, അതോ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ടതാണോ ഈ ഗ്രൂപ്പ്?

ഭവാനി : ശ്രേയസ് സന്നദ്ധ സംഘടനയുമായി ബന്ധപ്പെട്ടതാണ്. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട അയൽക്കൂട്ടങ്ങൾ ഉണ്ടെങ്കിലും അവ ശരിക്കും പ്രവർത്തിക്കുന്നില്ല. ഞങ്ങളുടെ പഞ്ചായത്തുകളിൽ ഒട്ടും ഇല്ല. ജനകീയാസൂത്രണ അയൽക്കൂട്ടങ്ങളുടെ കൺവീനർമാരുണ്ട്. പക്ഷെ ഇന്നുവരെ ഞങ്ങളെ വിളിക്കുകയോ ഞങ്ങൾ പോകുകയോ ചെയ്തിട്ടില്ല. ഈ പ്രവർത്തനങ്ങളിലൂടെ സ്ത്രീകൾക്ക് പണിചെയ്താൽ കൂലി ചോദിച്ചു വാങ്ങാൻ ഒരു കഴിവ് വന്നിട്ടുണ്ട്. സാമൂഹിക അനീതിക്കെതിരെ പ്രതികരിക്കാനുള്ള കഴിവ് അവർക്കുണ്ടായിട്ടുണ്ട്. ഞങ്ങളുടെ ചേട്ടന്മാർ ഞങ്ങളെ സഹായിക്കും. ഒരു സ്വയം തൊഴിൽ മേഖല ആക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇവിടെ വന്നവരൊക്കെ അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടവരാണ്. പിന്നെ ആദിവാസിമേഖലയിൽ ധാരാളം പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട് അവരെ നന്നാക്കി കൊണ്ടുവരാൻ-ആരോഗ്യപരമായ കാര്യങ്ങളിൽ പ്രത്യേകിച്ചും.

സുധാദേവി : അവരെ വിദ്യാഭ്യാസപരമായി ഉയർത്താൻ എന്തു ചെയ്യുന്നു. ബോധവൽക്കരണ ക്ലാസ്സുകൾ വല്ലതും? ആദിവാസികൾക്കുവേണ്ടി പ്രത്യേക സ്ക്കൂൾ ഒക്കെ ഉണ്ടല്ലോ? അവർ അവിടെ പോകുന്നുണ്ടോ?

ഭവാനി : പോകുന്നുണ്ട് . സാക്ഷരതാ പ്രവർത്തനമാണ് ശ്രേയസ്സിൽ ഏറ്റവും നന്നായി നടക്കുന്നത്.

ദേവി : ഒരു കാര്യം ചോദിക്കട്ടെ, നിങ്ങൾ ഇത്തരം പ്രവർത്തനത്തിൽ വരുന്നതിന് മുന്നേ (മൂന്നു വർഷം മുമ്പ്) ഇതേപോലെ സംസാരിക്കുമായിരുന്നോ?

ഭവാനി : സംസാരിക്കുമായിരുന്നു. അത്യാവശ്യ വിദ്യാഭ്യാസമൊക്കെ ഉണ്ടല്ലോ? ഇപ്പോൾ ശ്രേയസിന്റെ കീഴിൽ കോട്ടയം, എറണാകുളം, മാനന്തവാടി ഇവിടങ്ങളിൽ സെമിനാറുകൾ നടക്കുന്നതിൽ പങ്കെടുക്കാറുണ്ട്.

വൈസ്ചാൻസലർ : വയനാട്ടിൽ നിന്നും വന്ന ഒരാൾ കൂടി അഭിപ്രായം പറയണം. ഇത്രയും പറഞ്ഞതിൽ നിന്ന് വ്യത്യാസമായി എന്തെങ്കിലും ഉണ്ടെങ്കിൽ അതു വേണം പറയാൻ.

**മേരിതോമാസ്** : കൂലിപ്പണിക്ക് പോകുന്നില്ല. നഞ്ചയും പുഞ്ചയും, നെൽകൃഷി, ഇഞ്ചികൃഷി, 2 ഏക്കർ സ്ഥലമുണ്ട്, അതിനോടൊപ്പം 2 ഏക്കർ വയൽ പാട്ടത്തിനെടുത്തു. സ്വന്തമായി മുക്കാൽ ഏക്കർ വയലുമുണ്ട്. അതിൽ നഞ്ചയും പുഞ്ചയും ചെയ്യുന്നു. വെള്ളത്തിന്റെ സൗകര്യമുള്ളതുകൊണ്ട് നഞ്ചയും പുഞ്ചയും നല്ല വിളവെടുക്കാൻ സാധിക്കുന്നുണ്ട്. അതുപോലെ തന്നെ പശുക്കളെ വളർത്താൻ ഞങ്ങളുടെ വയലിൽ നിന്ന് കിട്ടുന്ന പുല്ലിനു പുറമേ ഉണക്കപുല്ല് വാങ്ങി സ്റ്റോക്ക് ചെയ്യും. ഞങ്ങളുടെ കൃഷിയുടെ കാപ്പിയുടെയും, കുരുമുളകിന്റെയുമൊക്കെ ഇടകളിലൂടെ ചെറിയ ചെറിയ വരമ്പുകളുണ്ടാക്കി പുല്ല് ഇട്ട് വളർത്തിയാണ് പശുക്കളെ വളർത്തുന്നത്.

വൈസ്ചാൻസലർ : സങ്കരയിനം പശുവിനെയാണോ നിങ്ങൾ വളർത്തുന്നത്?

മേരി : അതേ ജേഴ്സി പശുവാണ്. രണ്ട് പശുക്കളെ ഫാമിൽ നിന്നും വാങ്ങിയതാണ്. കൃഷിയൊക്കെ മുടങ്ങാതെ ഉള്ളതുകൊണ്ട് ചാണകം ആവശ്യമാണ്. അതുകൊണ്ടാണ് പശുക്കളെ വളർത്തുന്നത്. പുല്ലിന് ബുദ്ധിമുട്ടാണെങ്കിൽ തന്നെ പശുക്കളെ ഉപേക്ഷിക്കില്ല. ചേന, ഇഞ്ചി, വാഴ, മഞ്ഞൾ, കച്ചോലം ഇവ തുടർച്ചയായി കൃഷി ചെയ്യുന്നു.

സുധാദേവി : കൃഷിയിൽ നിന്ന് കിട്ടുന്നത് വിൽക്കുകയല്ലേ ചെയ്യുന്നത്?

മേരി : വിൽക്കുകയാണ് ചെയ്യുന്നത്. എന്റെ ചേട്ടനും രണ്ട് ആൺകുട്ടികളും പണിക്ക് സഹായിക്കുന്നു. ഇഞ്ചിക്ക് വിലക്കുറവുണ്ട്. വേനൽക്കാലത്ത് ഇഞ്ചി പറിക്കാതെ ഇട്ട് ഇപ്പോൾ പറിച്ചാൽ നഷ്ടമില്ല. അല്ലെങ്കിൽ നഷ്ടമാണ്. അങ്ങനെത്തന്നെ എല്ലാ കൃഷിയും. ഏത്തവാഴയാണ് കൂടുതൽ കൃഷിചെയ്തു കൊണ്ടിരിക്കുന്നത്. ഇഞ്ചിയുടെ കേടാണ് ഇഞ്ചിക്കർഷകരെ കൂടുതൽ തളർത്തുന്നത്. അത് വന്നില്ലെങ്കിൽ ഇഞ്ചിക്കൃഷി ഏതു കർഷകനും ലാഭം തന്നെയാണ്. ഇഞ്ചിനട്ട് മുളച്ച് കയറിയാൽ കളപറിച്ച് കഴിഞ്ഞാൽ ബോർഡോ മിശ്രിതം അടിക്കും. അതാണ് ഇപ്പോൾ ഞങ്ങൾക്കുള്ള മെച്ചം. ഫാമിലെ ഒരു ശാപമായി മാറിയിരിക്കുകയാണ് ഈ രോഗം. എങ്കിലും ഇഞ്ചികൃഷി ആരും ഉപേക്ഷിക്കുവാൻ തയ്യാറാകാത്തത് ഇഞ്ചിക്ക് വിലയുള്ളത് കൊണ്ടാണ്. ഞാൻ ഒരു വീട്ടമ്മയാണ്.

ദേവി : സെൻസസ് എടുക്കാൻ വരുന്നവരോട് ഗൃഹനാഥ എന്തു ചെയ്യുന്നു എന്ന ചോദ്യത്തിന് എന്തു പറയും?

മേരി: ഒരു 'കർഷക' എന്നു തന്നെ പറയും. 'അടുക്കള പണി' എന്ന് പറയുന്നവർ, അടുക്കള ജോലി മാത്രം ചെയ്ത് പുരുഷന്റെ കൂലികൊണ്ട് ജീവിക്കുന്നവരാണ്. ഒരു കൃഷിക്കാരിയാണ് –കൃഷിയാണ് അതുതന്നെയെ പറയുള്ളൂ. ചോറും കറിയും ഉണ്ടാക്കൽ മാത്രമല്ല എന്റെ ജോലി. എല്ലാ പണിയും എടുക്കാറുണ്ട്. പണി സ്ഥലത്ത് എത്താറുണ്ട്. കഴിയുന്ന അവസരങ്ങളിലെല്ലാം കിട്ടുന്ന പണിയൊക്കെ ചെയ്യാറുണ്ട്. ഭക്ഷണം പാകം ചെയ്യുന്നത് ഞാൻ തന്നെയാണ്. ചേട്ടനും പിള്ളേരും സഹായിക്കാറുണ്ട്. പണിക്കാർ കൂടുതലുള്ളപ്പോൾ മറ്റുള്ളവർ സഹായിക്കും. കുട്ടികൾ മൂന്നുപേർ. 2 ആൺകുട്ടികൾ. രണ്ടുപേരും കൃഷിക്കാരാണ്. മകൾ നഴ്സാണ്. കുടുംബമൊന്നായി ഉള്ള കൃഷിയേ ഉള്ളൂ. വിവാഹിതരായ മക്കളൊന്നും ഇല്ല.

ദേവി : കൃഷിയിൽ പരമ്പരാഗതമായ മാർഗ്ഗങ്ങൾ എന്തെങ്കിലും രോഗനിവാരണത്തിന് ഉപയോഗിച്ചിട്ടുണ്ടോ? ബോർഡോ മിശ്രിതമല്ലാതെ.

മേരി : വേപ്പിൻ പിണ്ണാക്കും എല്ലുപൊടിയും നല്ലതാണ്. ഇപ്രാവശ്യത്തെ കൃഷിക്ക് വേപ്പിൻ പിണ്ണാക്കാണ് ഉപയോഗിക്കുന്നത്. വേപ്പിൻ പിണ്ണാക്കും വേപ്പെണ്ണയും ചെല്ലുമ്പോൾ രോഗം കുറവുള്ളതായി തോന്നിയിട്ടുണ്ട്. അതുകൊണ്ട് ഇപ്രാവശ്യം കൃഷിക്ക് അതാണ് ഉപയോഗിച്ചിട്ടുള്ളത്.

സുധാദേവി : മറ്റ് പരമ്പരാഗതമായ എന്തെങ്കിലും രീതി ഉപയോഗിക്കാറുണ്ടോ?

മേരി : ഉണ്ട്. പുകയില കഷായം തളിക്കാറുണ്ട്. ഉപ്പും ഇടും.

വൈസ്ചാൻസലർ : വയനാട്ടിൽ നിന്നും വന്ന ആരെങ്കിലും അഭിപ്രായം പറയുന്നുണ്ടോ ഇനി?

**ഗ്രേസിജോൺ** : സുൽത്താൻബത്തേരി. സ്വന്തം വീട് ഇടുക്കി. രണ്ട് ആൺകുട്ടികൾ. സ്വന്തമായി മൂന്ന് പശുക്കളുണ്ട്. അങ്ങനെയാണ് ഞങ്ങൾ ജീവിക്കുന്നത്. ഭർത്താവ് കൂലിപ്പണിക്ക് പോകും. ഞങ്ങൾ ആദിവാസികളുടെ ഇടയിൽ സ്വാശ്രയസംഘങ്ങൾ ഉണ്ടാക്കുന്നു. മഹിളാസമാജം, ബാലവേദി ഇവ രൂപീകരിക്കുന്നു. ബാലവേദി 15 വയസിൽ താഴെയുള്ള കുട്ടികൾക്കായാണ് രൂപീകരിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾ അവർക്കിടയിൽ നടത്തുന്നു. സ്വാശ്രയനിധി രൂപീകരിച്ചു. ഇതോടൊപ്പമാണ് മൂന്ന് പശുക്കളെ വളർത്തുന്നത്.

സുധാദേവി : നിങ്ങൾ ഈ പ്രവർത്തനം തുടങ്ങിയ ആദ്യ കാലങ്ങളെ അപേക്ഷിച്ച് ആദിവാസികളിൽ ഇപ്പോൾ എന്തെങ്കിലും മാറ്റം കാണുന്നുണ്ടോ?

ഗ്രേസി : ഉണ്ട്. ആദ്യകാലങ്ങളിൽ പുറത്തു നിന്ന് ഒരു വ്യക്തി വന്നാൽ ആദിവാസി സ്ത്രീകൾ, വാതിൽ തുറന്നു നോക്കി കഴിഞ്ഞ് കതകടച്ച് അകത്തിരിക്കും. ഇപ്പോൾ അവർ പുറത്തു വന്ന് ആരാണ് വന്നത് എന്ന് നോക്കും. നമുക്കിരിക്കാൻ ഒരു പായ തരും എന്ന സ്ഥിതിയിലെത്തിയിട്ടുണ്ട്.

ശാരദാമണി : ഞാനൊന്ന് ചോദിക്കട്ടെ? നമ്മൾ ചെയ്യുന്നത് ആദിവാസികളെ നമ്മളെപ്പോലെ ആക്കി എടുക്കാനുള്ള ഒരു ശ്രമമാണോ?

ഗ്രേസി : അല്ല. അത് ഒരിക്കലും ചെയ്യുന്നില്ല. അവരുടെ ജീവിതം വൃത്തിഹീനമായ അന്തരീക്ഷത്തിലായിരുന്നു. ഇപ്പോൾ മാറ്റമുണ്ട്. അങ്ങനെയുള്ള മാറ്റങ്ങളൊക്കെയാണ് വരുത്തുന്നത്.

സുകുമാരൻ നായർ : ഏത് ആദിവാസി സമുദായത്തിന്റെ കാര്യമാണ് പറയുന്നത്. ഏത് സ്ഥലത്തെ?

ഗ്രേസി : പണിയസമുദായത്തിലും കുറുമ്പസമുദായത്തിലും പോകുന്നുണ്ട്. കുറുമ്പർ ഒരിക്കലും വൃത്തിഹീനരല്ല. അമ്മായിപ്പാറ എന്ന സ്ഥലത്താണ്.

സുകുമാരൻ നായർ: മദ്യപാനമുണ്ടോ ആദിവാസികളുടെ ഇടയിൽ?

ഗ്രേസി : പണിയസമുദായത്തിലെ യുവജനങ്ങളുടെ ഇടയിൽ മദ്യപാനമുണ്ട്. പ്രായമായവരിൽ മാറ്റങ്ങളൊന്നും ഉണ്ടാകില്ല. മദ്യപാനവും പുകവലിയുമാണ് അവിടെയുള്ള ദുശ്ശീലങ്ങൾ. പ്രായമായവരുടെ ഇടയിൽ കാര്യമായ പ്രവർത്തനമൊന്നും നടക്കുന്നില്ല.

ദേവി : നിങ്ങൾക്ക് കൃഷിസ്ഥലമുണ്ടോ?

ഗ്രേസി : 10 സെന്റ് സ്ഥലമുണ്ട്. അതുകൂടാതെ മറ്റുള്ളവരുടെ സ്ഥലം എടുത്ത് പാട്ടത്തിന് കൃഷിചെയ്യുന്നു. നെൽക്കൃഷി ചെയ്യുന്നുണ്ട്, 2 ഏക്കർ സ്ഥലത്ത് നമുക്ക് കൃഷി ചെയ്യാനുള്ള വിത്ത് അവർ തരും. രാസവളം വാങ്ങിതരും. നമ്മൾ ഉഴുത്, പണി ചെയ്ത്, കൊയ്ത്, പാറ്റി, പകുതി അളവ് അവർക്ക് കൊടുക്കണം. പകുതി നമുക്ക്. അങ്ങിനെ ചെയ്യുമ്പോൾ നമുക്ക് നഷ്ടമായാണ് കാണുന്നത്. പിന്നെ ചെയ്യുന്നത് നമുക്ക് സ്വന്തമായി കുറച്ചു നെല്ലുണ്ടെങ്കിൽ അതു കൊണ്ട് കഞ്ഞിയുണ്ടാക്കി കുടിക്കുമ്പോഴുള്ള സംതൃപ്തി കൊണ്ടാണ്. പശുക്കൾക്ക് പുല്ല് കിട്ടാൻ ബുദ്ധിമുട്ടുണ്ട്. അതിനും കൂടിയാണ് കൃഷിചെയ്യുന്നത്. വയ്ക്കോൽ കിട്ടുമല്ലോ കൃഷിയിൽ നിന്നും.

ദേവി : പാൽ നിങ്ങൾ മിൽമയ്ക്ക് തന്നെയാണോ കൊടുക്കുന്നത്?

ഗ്രേസി : അതെ. അതുകൂടാതെ ഇഞ്ചിക്കൃഷി, ചേനക്കൃഷി ഇവ ഉണ്ട്. മുതലാളിമാർ സ്ഥലം തരും. അവരുടെ സ്ഥലം വൃത്തിയായി കിടക്കുകയും ചെയ്യും. വളം ചെയ്യേണ്ട ആവശ്യമില്ല. ജൈവവളം അതിനിടുമ്പോൾ അവരുടെ കൃഷിക്കാവശ്യമായ ജൈവവളം കിട്ടുകയും ചെയ്യും.

ദേവി : ഈ സാധനങ്ങളൊക്കെ വിൽക്കുകയും വാങ്ങുകയും ചെയ്യുന്നത് എങ്ങനെയാണ്?

ഗ്രേസി : അടുത്തുള്ള കടകളിൽ കൊണ്ട് കൊടുക്കും. ഇഞ്ചി പച്ചയ്ക്കാണ് കൊടുക്കുന്നത്. മൊത്തമായി ലോഡ് കേറ്റിക്കൊടുക്കും. അത് ചേട്ടനാണ് ചെയ്യുന്നത്.

വൈസ്ചാൻസലർ : ഇനി കുട്ടനാട്ടുകാർ പറയട്ടെ–അവിടെ നിങ്ങളുടെ പ്രശ്നങ്ങളും മറ്റും എന്തൊക്കെയാണ്?

ശാന്തമ്മ : കർഷകത്തൊഴിലാളിയാണ്–മങ്കൊമ്പ് ആണ് സ്ഥലം.

വൈസ്ചാൻസലർ : എത്ര സ്ഥലമുണ്ട് സ്വന്തമായിട്ട്?

ശാന്തമ്മ : 10 സെന്റ്. കുടികിടപ്പാണ്.

വൈസ്ചാൻസലർ : എന്തെല്ലാം പണികൾ ചെയ്യുന്നുണ്ട് നിങ്ങൾ? കുട്ടനാട്ടിൽ നല്ല പണിയുള്ള സമയത്ത് എത്ര പണി കിട്ടും?

ശാന്തമ്മ : വയലിൽ കട്ട വെപ്പ്, വരമ്പ് വെട്ട്, നടീൽ, കളപറി, കൊയ്ത്ത് എല്ലാം ചെയ്യും. ഒരു സീസണിൽ നാല്പത്–അമ്പത് ദിവസത്തെ പണി കിട്ടും. കളനാശിനി അടിച്ചു കഴിഞ്ഞാൽ പണി കുറവാണ്. കള ഇല്ലല്ലോ.

വൈസ്ചാൻസലർ : പ്രധാനമായും എന്ത് പണിയാണ് കിട്ടുന്നത്?

ശാന്തമ്മ : നടീൽ ഉണ്ട്. പഴുതടക്കുക എന്ന പണി കിട്ടും.

വൈസ്ചാൻസലർ : പിന്നെ കുട്ടനാട്ടിലെ സ്ത്രീകൾക്ക് കിട്ടുന്ന പണികൾ ഏതൊക്കെയാണ്?

ശാന്തമ്മ : കൊയ്ത്ത് കിട്ടും. കള ഇല്ലെങ്കിൽ അത്രയും പണിയില്ല. കിളുത്ത് വരുമ്പോഴാണ് ഗ്രാമക്സോൺ അടിച്ച് കള കളയുന്നത്. അപ്പോൾ പണി കുറയും.

സുധാദേവി : കളനാശിനി അടിക്കാൻ നിങ്ങൾ സമ്മതിക്കുമോ? നിങ്ങളുടെ പണിയല്ലേ നഷ്ടപ്പെടുന്നത്?

ശാന്തമ്മ : ഞങ്ങൾ എന്ത് ചെയ്യാനാണ്? ഇതൊക്കെ തടയാൻ പറ്റുന്ന കാര്യങ്ങളാണോ?

വൈസ്ചാൻസലർ : പുരുഷന്മാരായിരിക്കും മരുന്നടിക്കുന്നത്. കള കിളുപ്പിച്ചിട്ടാണ് കളനാശിനി അടിക്കുന്നത്. അത് കഴിഞ്ഞ് വെള്ളം കേറ്റി 15 ദിവസം ഇടും. അതിന് ശേഷമാണ് വിതയ്ക്കുന്നത്. അത് കഴിഞ്ഞിട്ട് മറ്റൊരു കള എടുപ്പില്ലേ?

ശാന്തമ്മ : ഉണ്ട്. അത് കുറവായിരിക്കും. 10 പേർ ഇറങ്ങേണ്ട സ്ഥാനത്ത് രണ്ടു പേർ മതിയാകും. 60 രൂപ കൂലി കിട്ടും. പുരുഷന്മാർക്ക് കൂലി 110 രൂപ.

വൈസ്ചാൻസലർ : 60 രൂപയുടെ കൂടെ നിങ്ങൾക്ക് ആഹാര ചിലവ് കിട്ടുമോ?

ശാന്തമ്മ : വായലച്ചാൽ ഒരു 'കാലി ചായ' കിട്ടും.

സുധാദേവി : പുരുഷന്മാർക്ക് ഭക്ഷണം കൊടുത്തിട്ടാണോ 110 രൂപ? എത്ര മണിക്കൂർ ജോലിക്ക് ആണീ കൂലി?

ശാന്തമ്മ : 8 മണി മുതൽ 12 മണിവരെയും ഒരു മണി മുതൽ 3 മണിവരെയും മൊത്തം 6 മണിക്കൂർ.

ശാരദാമണി: 6 മണിക്കൂർ പണി ഉണ്ടാകുമോ?

ശാന്തമ്മ : ചിലപ്പോഴേ ഉള്ളൂ. ചിലപ്പോൾ 8 മണിക്കിറങ്ങി 9 മണിക്ക് കേറാം. പത്തു രൂപയും വാങ്ങി പോരാം. ആള് കൂടുതലാണ്. അതിനാലാണീ കുഴപ്പം.

വൈസ്ചാൻസലർ : അങ്ങനെയെങ്കിൽ തൊഴിലാളികളെ കിട്ടാനില്ല, നെല്ല് വിളഞ്ഞാൽ കൊയ്യാൻ ആളില്ല എന്നു പറയുന്നതോ?

ശാന്തമ്മ : എല്ലാവരും ഒന്നിച്ച് കൃഷിയിറക്കും. കൊയ്ത്ത് ഒരേ സമയത്ത് വരുമ്പോൾ എല്ലാപേർക്കും ആൾക്കാരെ വേണം. അതുകൊണ്ടാണ് ആളില്ല എന്നു പറയുന്നത്. ആളുണ്ട്. പണികൾ ഒരുമിച്ച് വരുന്നതുകൊണ്ടാണ് ആളില്ലാത്ത പ്രശ്നം വരുന്നത് എന്നുമാത്രം.

വൈസ്ചാൻസലർ : കൃഷിക്ക് സമയക്ളിപ്തത ഉണ്ടല്ലോ? കുട്ടനാട് പോലുള്ള സ്ഥലത്ത് സമയക്ളിപ്തത ഇല്ലാതെ കൃഷി ഇറക്കാൻ പറ്റില്ലല്ലോ? വെള്ളം വറ്റിച്ചാൽ ഒരേ സമയത്ത് വിത്തിറക്കിയാൽ സ്വാഭാവികമായും ഒരേ സമയത്ത് കൊയ്യേണ്ടി വരില്ലേ?

ശാന്തമ്മ : ഒരാഴ്ചത്തെ വിടവുവെച്ചാലും അത് നിയന്ത്രിച്ച് പോകാവുന്നതേ ഉള്ളൂ. എനിക്ക് കുട്ടനാടുമായി 18 വർഷത്തെ അടുപ്പമേ ഉള്ളൂ.

വൈസ്ചാൻസലർ : 18 വർഷം അത്ര മോശമൊന്നുമല്ല.

**സരസമ്മ (മങ്കൊമ്പ്):** 15 വയസിൽ തുടങ്ങി പണി ചെയ്യാൻ. ചിലപ്പോൾ 30-35 പണി വരെ കിട്ടും ഒരു സീസണിൽ കൊയ്ത്ത് കൂടാതെ. മുൻപായിരുന്നു കൂടുതൽ പണിയൊക്കെ കിട്ടിയിരുന്നത്. ഇന്ന് അത്രയും പണിയില്ല. ചിലപ്പോൾ രണ്ട് മണിക്കൂർ. ചിലപ്പോൾ ഉച്ചവരെ. അല്ലെങ്കിൽ മൊത്തം ദിവസം കിട്ടും. അത് എല്ലായിടത്തും പണിയുണ്ടെങ്കിൽ 2 ആഴ്ച വരെ പണികിട്ടും. അത് കഴിഞ്ഞ് അടുത്ത പാടങ്ങളിൽ പോകും. പണിയുണ്ടെങ്കിൽ കിട്ടും. അല്ലെങ്കിൽ ഇല്ല.

ശാരദാമണി : എത്രദൂരം വരെ പോകും ?

സരസമ്മ : 2-3 രൂപ ടിക്കറ്റ് ദൂരം വരെ പോകും.

വൈസ്ചാൻസലർ : വള്ളത്തിലാണോ ബസിലാണോ പോകുന്നത് ?

സരസമ്മ : ബസ്സിലാണ് തൊഴിലന്വേഷിച്ച് പോകുന്നത്.

വൈസ്ചാൻസലർ : കുട്ടനാട്ടിൽ സ്ഥിതിഗതികൾ മാറി. റോഡായി തുടങ്ങിയല്ലോ? എല്ലായിടത്തും.

ഡോ. പുരുഷൻ : മീൻവളർത്തൽ നെൽപാടത്തു വരുന്നതുകൊണ്ട് നിങ്ങളുടെ പണി നഷ്ടമായോ?

സരസമ്മ : ഞങ്ങളുടെ സ്ഥലത്ത് മീൻ വളർത്തൽ ആയിട്ടില്ല. ചില പാടത്തുണ്ട്. രണ്ടാം കൃഷി ഇല്ലാതെ ആ സമയത്ത് മീൻ കൃഷി നടത്തുന്നു. അതുകൊണ്ട് ആ സമയത്തെ പണിനഷ്ടമാകുന്നുണ്ട് അവിടെയുള്ളവർക്ക്.

വൈസ്ചാൻസലർ : നിങ്ങളുടെ സ്ഥലത്ത് സ്ഥിരമായി രണ്ടാം കൃഷി ഉണ്ടോ ?

സരസമ്മ : ഞങ്ങളുടെ ചെറിയ പാടമാണ്. അവിടെ സ്ഥിരമായി രണ്ടാം കൃഷി ഉണ്ട്. കുറച്ചുമാറി വലിയ പാടമുണ്ട്. അവിടെ വെള്ളം വരും എന്നുപറഞ്ഞ് ഒരു കൃഷി മാത്രമേ ഉള്ളൂ. 2-3 രൂപ ടിക്കറ്റ് ദൂരം വരെ പോകും.

വൈസ്ചാൻസലർ : കഴിഞ്ഞ വർഷം കൊയ്ത്തിന് എത്ര നാൾ പണി കിട്ടി ?

സരസമ്മ : കഷ്ടിച്ച് ഒരു മാസം. കൂലി പതമായിട്ടായിരുന്നു. ഏഴിന് ഒന്ന്. അതായത് ഏഴ് അളന്നുകഴിഞ്ഞ് എട്ടാമത്തെ തരും.

ദേവി : പണിയില്ലാത്തപ്പോൾ എന്തു ചെയ്യും ?

സരസമ്മ : വെറുതെ ഇരിക്കും. അല്ലാതെന്തുചെയ്യാൻ? കഷ്ടപ്പാടാണ്.

സുധാദേവി : കന്നുകാലി വളർത്തലോ? കോഴിവളർത്തലോ, അതൊക്കെ ചെയ്തുകൂടെ?

സരസമ്മ : ഞങ്ങളുടെ സ്ഥലത്ത് വെള്ളമാണ് പ്രധാന പ്രശ്നം. വെള്ളക്കെട്ടല്ലെ? കർക്കിടക മാസത്തിൽ, അതുകാരണം ഒന്നും ചെയ്യുന്നില്ല. എങ്ങോട്ടും പോകാൻ പറ്റാത്ത സ്ഥിതിയിലായിരിക്കും അപ്പോൾ. തൊഴിൽതേടി പോകാനോ പശുവിനെ വളർത്താനോ പറ്റില്ല.

ശാരദാമണി : അപ്പോൾ എങ്ങിനെ കഴിയും. വരുമാനമില്ലാതെ ?

സരസമ്മ : കൊയത്തുകാലത്ത് ഞങ്ങൾ കൊയ്യുന്ന നെല്ല് ആർക്കും കൊടുക്കാതെ വച്ചേക്കും. മുളകാണെങ്കിലും കൂട്ടി കഴിക്കും.

ശാരദാമണി : കുട്ടനാട് നമ്മുടെ നാട്ടിലെ ഏറ്റവും വലിയ നെൽക്കൃഷി സ്ഥലമാണല്ലോ. കുട്ടനാട്ടിൽ ഇന്ന് കൃഷി വളരെ കുറഞ്ഞു. അതിനെക്കുറിച്ച് എഴുതുന്നവരെല്ലാം പറയുന്നത് നിങ്ങൾ കർഷകത്തൊഴിലാളികളാണ് അതിനു കാരണമെന്ന്. നിങ്ങളുടെ സംഘടനകളും ഒക്കെ കാരണമാണ് ഇങ്ങനെ വന്നതെന്ന്. അതിനെക്കുറിച്ച് എന്തു പറയുന്നു ?

സരസമ്മ : ഞങ്ങൾക്ക് 60 രൂപ കിട്ടുന്നുണ്ട്. അതുകൊണ്ട് തന്നെ തികയുന്നില്ല. അത് ഞങ്ങൾ പറയുന്നു. കൃഷിക്ക് കളകേറി പോകുന്നു അതുകൊണ്ട് അവർക്കും മുതലാകുന്നില്ല എന്നു അവർ പറയുന്നു.

ശാരദാമണി: അതുകൊണ്ട് എന്താണ് പറ്റിയത് എന്നുവെച്ചാൽ നമ്മുടെ നെൽക്കൃഷി കുറയുന്നു.



മുല്ലപ്പെരിയാർ എന്ന സ്ഥലത്ത് അണക്കെട്ട് വന്നതുകൊണ്ട് നമ്മളും തമിഴ്നാടും തമ്മിൽ വഴക്കായി. അവർ പറയുന്നത് നിങ്ങൾക്ക് ഞങ്ങൾ അരി തരാൻ പോകുന്നില്ല എന്ന്. അങ്ങിനെ വരുമ്പോൾ കേരളത്തിൽ നെൽക്കൃഷി ചെയ്യാതിരുന്നാൽ ആഹാരം കഴിക്കേണ്ടേ? എന്താണ് നിങ്ങളുടെ അഭിപ്രായം?

സരസമ്മ : ഞങ്ങൾക്ക് 2 കൃഷി ഉള്ളതുകൊണ്ട് പ്രശ്നമില്ല. പക്ഷെ എല്ലാപേരും എന്തുചെയ്യും എന്നറിയില്ല.

സുധാദേവി: വയനാട്ടുകാർ ഇഞ്ചിക്കൃഷി, ചേനക്കൃഷി തുടങ്ങിയവയ്ക്ക് പോകുന്നതുപോലെ നിങ്ങൾ കുട്ടനാട്ടുകാർ എന്തെങ്കിലും ചെയ്യുന്നുണ്ടോ?

സരസമ്മ : രണ്ടാംകൃഷി വന്നതിൽപിന്നെ ഒന്നും ആരും ചെയ്യുന്നില്ല. സമയക്കുറവാണ് എന്ന് പറഞ്ഞ് മറ്റ് തൊഴിൽ ആരും നോക്കുന്നില്ല.

വൈസ്ചാൻസലർ: നിങ്ങളുടെ ഭർത്താവ് എന്ത് ചെയ്യുന്നു?

സരസമ്മ : ചുമട്ടുതൊഴിലാളി – മങ്കൊമ്പിൽ. ആഴ്ചയിൽ രണ്ട് പണി കിട്ടും. ചിലപ്പോൾ 100 രൂപ ഒരു ദിവസം. ചിലപ്പോൾ ഒന്നും കിട്ടില്ല.

സുധാദേവി : പഞ്ചായത്തിൽ ഗ്രാമസഭകളിൽ നിങ്ങളുടെ പ്രശ്നങ്ങൾ ഒന്നും പറയാറില്ലേ? നിങ്ങൾ ഗ്രാമസഭകളിൽ ഒന്നും പോയില്ലേ?

സരസമ്മ : ഞങ്ങളതിന് ഒരുങ്ങിയില്ല. ആരും വിളിച്ചില്ല. അതിനാൽ പോയിട്ടില്ല.

വൈസ്ചാൻസലർ: ഗ്രാമസഭകളിൽ പോകാൻ നിങ്ങൾക്ക് പ്രത്യേക ക്ഷണക്കത്തൊന്നും വേണ്ട. ഗ്രാമസഭ കൂടുമ്പോൾ നിങ്ങൾ പോയി പ്രശ്നങ്ങൾ പറയണം.

**മങ്കമ്മ, മങ്കൊമ്പ്:** പണിയില്ല എന്നതാണ് പ്രധാന പ്രശ്നം. ഇടയ്ക്ക് മങ്കൊമ്പ് നെല്ലുഗവേഷണ കേന്ദ്രത്തിൽ കാഷ്വൽ ലേബർ ആയിട്ട് പോകും. ഒരു സീസണിൽ 13 പണിയാണ് കിട്ടിയത്. ഈ പണിയുള്ളതിന്റെ പേരിൽ എല്ലാവരും പറയും നിങ്ങൾക്ക് സർക്കാർ പണി ഇല്ലേ. അതുകൊണ്ട് വേറെ ഒന്നും വേണ്ടല്ലോ എന്ന്. അല്ലാത്ത സമയം അയൽക്കൂട്ടങ്ങളിൽ പോകും. പുതിയ പ്രോജക്ട് ഉണ്ടാക്കുകയാണ് ചെയ്യുന്നത്. പണിക്ക് പോകുന്നതുകൊണ്ട് അധികം പങ്കെടുക്കാൻ സാധിക്കില്ല. സ്വയം തൊഴിൽ കണ്ടെത്താൻ ലോണും മറ്റും ഗ്രാമസഭ കൊടുക്കുന്നുണ്ട്.

വൈസ്ചാൻസലർ : നിങ്ങൾക്ക് ഒരു ദിവസം എത്ര രൂപ കിട്ടും കൂലിയായിട്ട്?

മങ്കമ്മ : നെല്ലുഗവേഷണ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം 143 രൂപ. അല്ലാത്ത ദിവസം വെറുതെ വീട്ടിൽ നിൽക്കുകയാണ്. പുറത്തുപോയാൽ അറുപതു രൂപയിൽ കൂടുതൽ കിട്ടില്ല. 10 സെന്റ് സ്ഥലമുണ്ട്. പ്രീഡിഗ്രി വരെ പഠിച്ചിട്ടുണ്ട്.

വൈസ്ചാൻസലർ : അച്ഛന്റെ തൊഴിലെന്താണ്?

മങ്കമ്മ : തെങ്ങുകയറ്റമായിരുന്നു അച്ഛന്റെ തൊഴിൽ. അച്ഛൻ മരിച്ചു. സഹോദരങ്ങൾ പഠിക്കുകയാണ്. നല്ല ഇടിയും മഴയും ഒക്കെ ഉള്ള രണ്ടാം കൃഷിയുടെ സമയത്ത് വെള്ളത്തിൽ നിന്ന് പണിയേണ്ടി വരാറുണ്ട്. ആ സമയത്ത് കരയ്ക്ക് കയറാൻ ഒരു സംവിധാനമുണ്ടാക്കണം. അപകടങ്ങൾ ഉണ്ടാകാൻ സാധ്യത കൂടുതലാണ്. ആ സമയത്ത് എന്തെങ്കിലും ചെയ്യണം.

വൈസ്ചാൻസലർ : ഇടിയും മഴയും ഫാമിൽ മാത്രമല്ലല്ലോ പാടത്തില്ലേ? അപ്പോൾ അവർക്കു കുഴപ്പമില്ലേ അവരെന്താ ചെയ്യുക.

മങ്കമ്മ : അവർ അപ്പോൾ കരയ്ക്കുകയറും. മുതലാളിമാർ കരയ്ക്കു കയറാൻ സമ്മതിക്കും.

വൈസ്ചാൻസലർ : അപ്പോൾ യൂണിവേഴ്സിറ്റി ഒരു നല്ല മുതലാളി അല്ല, അല്ലേ? ബാങ്കുകളിൽ നിന്നാണല്ലോ ലോൺ സ്വയം തൊഴിലിന് കിട്ടുന്നത്. അപ്പോൾ 13 ദിവസത്തെ പണി മാത്രമല്ലേ ഉള്ളൂ. അതുകഴിഞ്ഞ് ഈ സ്വയം തൊഴിലോ അല്ലെങ്കിൽ മറ്റു തൊഴിലുകളിൽ ഏർപ്പെടാമല്ലോ നിങ്ങൾക്ക്.

മങ്കമ്മ : മറ്റ് തൊഴിലിനുവേണ്ടി ശ്രമിക്കുന്നുണ്ട്. കയറിന്റെ പണിക്ക് പോകുന്നുണ്ട്.

**എ.എൽ. ജഗദ, മങ്കൊമ്പ്:** ഞാനും മങ്കൊമ്പ് നെല്ലുഗവേഷണ കേന്ദ്രത്തിൽ കാഷ്വൽ തൊഴിലാളിയായി പോകാറുണ്ട്. ഇപ്പോഴും തുടരുന്നു. ഒരു മാസം 13 പണി കിട്ടും. രണ്ടു മാസം വെറുതെ ഇരുന്നിട്ടാണ് 13 പണി കിട്ടിയത്. അടുത്ത സീസണിലെ പണി ആകുന്നതുവരെ വെറുതെ ഇരിക്കണം. കുട്ടികളുണ്ട്. അവരെ പഠിപ്പിക്കണം. ബുദ്ധിമുട്ടുകളുണ്ട്. നാട്ടുകാര് ചോദിക്കുന്നത് നിങ്ങൾ ഉദ്യോഗസ്ഥകളല്ലേ, നിങ്ങൾക്ക് എന്താണ് പ്രയാസം എന്നാണ്. വെളിയിലോട്ട് ചെന്നാലും തൊഴിലാളികൾ തന്നെ അങ്ങനെ ചോദിക്കുന്നവരുണ്ട്. വാതരോഗങ്ങളും മറ്റും ഉണ്ട്. പാടത്തുവെച്ച് എന്തെങ്കിലും രോഗമുണ്ടായാൽ അവർ ആശുപത്രിയിൽ എത്തിക്കും. പക്ഷെ അതിനും പൈസ നമ്മൾ തന്നെ മുടക്കണം. അതിന് എന്തെങ്കിലും ആനുകൂല്യങ്ങൾ സർക്കാരിൽ നിന്നില്ല. സാറുമ്മാരിൽ നിന്ന് കടം വാങ്ങിയായിരിക്കും അസുഖം വരുമ്പോൾ ചികിത്സിക്കുന്നത്. പിറ്റേദിവസം തന്നെ തിരിച്ചുകൊണ്ടുപോയി കൊടുക്കും. അല്ലെങ്കിൽ ശമ്പളം കിട്ടുമ്പോൾ കൊടുക്കും. 26 വർഷമായിട്ട് ജോലിചെയ്യുകയാണ്. ഭർത്താവ് കൂലിപ്പണിക്കാരനാണ്. പക്ഷെ എന്നും ഇല്ലല്ലോ. സീസൺ അനുസരിച്ചാണ്.

സുധാദേവി : ഫാമിൽ പണിയില്ലാത്തപ്പോൾ നിങ്ങൾ എന്ത് ചെയ്യും?

ജഗദ : വെറുതെ ഇരിക്കുകയാണ്. 13 ദിവസം കൊയ്ത്താണ് . ഇപ്പോൾ വെള്ളം വറ്റി തുടങ്ങി. പണി കുറഞ്ഞു.

ശാരദാമണി : ഇതിന് മുൻപ് എത്ര പണി കിട്ടുമായിരുന്നു?

ജഗദ : ഇപ്പോൾ 3 വർഷമായി കുറച്ച് കാർഷിക തൊഴിലാളികളെ എടുത്തിട്ട്. ഇപ്പോൾ ഞങ്ങൾക്കുള്ള പണി കൂടി പകുത്ത് പോകുകയാണ്. അതിനുമുൻപ് കുറച്ചുകൂടി പണികിട്ടുമായിരുന്നു. ഇപ്പോൾ 2–3 പണി



അവരേക്കാൾ കൂടുതൽ തരുന്നുണ്ട്. കഴിഞ്ഞ രണ്ട് മാസം നിന്നിട്ട് 6 പണിയാണ് കിട്ടിയത്.

ശാരദാമണി : സ്റ്റേഷനിൽ ആവശ്യം വന്നാൽ നിങ്ങളെ വിളിക്കും. അത്രയല്ലെ ഉള്ളു. പിന്നെ എന്തിനാണ് നിങ്ങൾ ഉദ്യോഗസ്ഥരാണെന്ന് പറയുന്നത്.

ജഗദ : വെളിയിലുള്ളവർക്ക് അത്രയേ അറിവുള്ളൂ. മാസത്തിൽ വല്ലപ്പോഴും ഗവൺമെന്റിന്റെ ശമ്പളം നമ്മൾ വാങ്ങുന്നതുകൊണ്ട് അവർ അങ്ങനെ പറയുന്നു.

ശാരദാമണി : അവിടെ പണി ചെയ്യുമ്പോൾ അവർ കൂലി തരുന്നു അത്രയല്ലേ ഉള്ളൂ.

ജഗദ : ജോലി ഇല്ലാത്തപ്പോൾ വെറുതെ ഇരുന്നിട്ട് മാസാവസാനം കൂലി വാങ്ങാൻ ചെല്ലുമ്പോൾ മറ്റുള്ളവർ പറയും പണി എടുത്തില്ലെങ്കിലും ശമ്പളം കിട്ടും എന്ന്. അവിടന്ന് എന്തെങ്കിലും തേങ്ങയോ മാങ്ങയോ പച്ചക്കറിയോ വാങ്ങിച്ചുകൊണ്ട് ചെന്നാൽ നാട്ടുകാർ പറയുന്നത് ഇതൊക്കെ നിങ്ങൾക്ക് വെറുതേ കിട്ടുന്നതാണ് എന്നാണ്. ആരും ഞങ്ങളുടെ ജീവിതപ്രശ്നങ്ങൾ മനസ്സിലാക്കുന്നില്ല.

സുകുമാരൻ നായർ : നിങ്ങൾക്ക് ഉദ്യോഗസ്ഥരാണ് എന്ന ഭാവം ഉണ്ടോ?

ജഗദ : ഭാവം ഉണ്ടായാൽ പോരല്ലോ- അഭിമാനം ഉണ്ട്. അഭിമാനം മാത്രം പോരല്ലോ.

സുധാദേവി : നിങ്ങളെ പോലെയുള്ള മറ്റു കാഷ്വൽ ലേബറേഴ്സ് ഉണ്ടല്ലോ - അവർ മറ്റു സമയത്ത് ഒരു പണിയും ചെയ്യില്ലേ?

ജഗദ : ബാക്കി സമയത്ത് ദൂരേയ്ക്ക് പണിക്ക് പോകുന്നവരുണ്ട്.

സുധാദേവി : എന്തുപണിക്കൊക്കെയാണ് അവർ പോകുന്നത്?

ജഗദ : കണ്ടത്തിലെ പണിക്ക് ദൂരേയ്ക്ക് പണിക്ക് പോകുന്നവരും ഉണ്ട്. ചിലർ പോകും. ചിലർ പോകില്ല. ഈ സമയങ്ങളിൽ തന്നെയാണ് അവിടെ പണി. ഇവിടത്തെ കൊയ്ത്തിന്റെ സമയത്തുതന്നെയാണ് അവിടെയും പണി. അങ്ങിനെയല്ലെങ്കിൽ 10 പറ നെല്ലുണ്ടാക്കാം, പറ്റും നമുക്ക്. ഒരേ സമയത്തെ പണിയായ കാരണം അത് പറ്റാതെ പോകുന്നു.

സുധാദേവി : നിങ്ങൾക്ക് സാഹചര്യങ്ങൾ ഇല്ലാത്തതുകൊണ്ടാണോ അതോ സാധ്യതകൾ ഇല്ലാത്തതുകൊണ്ടാണോ - മറ്റു തൊഴിൽ മേഖലയിലേക്ക് തിരിയാത്തത്?

ജഗദ : സാഹചര്യങ്ങൾ ഒത്തു വരുന്നില്ല. പിന്നെ മറ്റുള്ളവർ അടുപ്പിക്കുന്നുമില്ല. ഇങ്ങനത്തെ ജോലി ഉള്ളതുകൊണ്ട്.

ശാരദാമണി : എങ്കിൽ നിങ്ങൾക്ക് ഈ പണി വേണ്ടെന്നുവെച്ച് അവിടെ തന്നെ സ്ഥിരം പണിക്ക് പോകരുതോ?

ജഗദ : നെല്ലുഗവേഷണ കേന്ദ്രത്തിൽ കൂലിയായിട്ട് ഞങ്ങൾക്ക് പൈസ കൂടുതലുണ്ട്. 8 മണിക്കൂർ ഞങ്ങൾ ജോലി ചെയ്യുന്നുണ്ട്. ഞങ്ങൾ ചെയ്യുന്ന ജോലിക്ക് നിയമങ്ങൾ ഉണ്ട്. ഇത്ര സ്ഥലം കൊയ്തു മറിക്കണം, ഇത്ര സ്ഥലം കള പറിക്കണം, ഇത്ര സ്ഥലം നട്ടുതീർക്കണം. അല്ലെങ്കിൽ വഴക്കു കിട്ടും. നടുവേദന ഉണ്ട്. എങ്കിലും കമിഴ്ന്നു കിടന്നു പണിയണം. നടുനിവർത്താൻ പോലും സമ്മതിക്കത്തില്ല. ഞങ്ങൾ ജോലി ചെയ്യാത്തവരാണെന്ന് സാറമ്മാർ വിചാരിക്കുമെന്ന് തോന്നുന്നില്ല.

ദേവി : ജനകീയാസൂത്രണ പരിപാടികളിൽ പങ്കെടുക്കാറുണ്ടോ? നിങ്ങൾ ഏത് പഞ്ചായത്തിലാണ് താമസിക്കുന്നത് ?

ജഗദ : ഇല്ല, പുളിങ്കുന്ന് പഞ്ചായത്തിലാണ് താമസിക്കുന്നത്.

സുധാദേവി : നിങ്ങളുടെ പഞ്ചായത്തിലെ ഗ്രാമസഭ കൂടുമ്പോൾ നിങ്ങൾ പങ്കെടുക്കണം. പഞ്ചായത്തിന് ഒരു ലക്ഷം രൂപ കിട്ടുകയാണെങ്കിൽ അതിന്റെ 10,000 രൂപ സ്ത്രീകളുടെ വികസനത്തിന് വേണ്ടി മാറ്റി വെച്ചിട്ടുണ്ട്. അതായത് പത്തിലൊന്നുഭാഗം സ്ത്രീകളുടെ ഉന്നമനത്തിനായി മാറ്റിവച്ചിരിക്കണം എന്ന നിയമമുണ്ട്.

ജഗദ : അത് ഇങ്ങനെ ജോലിയുള്ളതുകൊണ്ട് ഞങ്ങൾക്ക് തരില്ല എന്ന് പറയുന്നുണ്ട്. യാതൊരാനുകൂല്യങ്ങളും ഞങ്ങൾക്ക് കിട്ടുന്നില്ല. ഇവിടെ ജോലിയുള്ളതുകൊണ്ട്. ആവശ്യം ഉന്നയിക്കുമ്പോൾ നിങ്ങൾക്ക് സർക്കാരാഫീസിൽ ജോലിയില്ലേ എന്നൊക്കെയാണ് ചോദിക്കുന്നത്?

സുധാദേവി : പഞ്ചായത്തിലെ പലവിധ വികസന പരിപാടികൾ ഉണ്ട്. നിങ്ങൾക്ക് ചെയ്യാവുന്നവ. അതിനൊക്കെ അപേക്ഷ കൊടുക്കണം.

ജഗദ : കൊടുക്കുമ്പോൾ ഇങ്ങനെയാണ് പറയുന്നത്-അവർക്ക് സർക്കാരുദ്യോഗം ഉണ്ടല്ലോ എന്ന്. നമ്മുക്ക് സ്ഥിരമാണോ അല്ലയോ രൂപ കിട്ടുന്നുണ്ടോ ഒന്നും അവർക്കറിയില്ല. ഇതല്ല അവർ പറയുന്നത്. അവർക്ക് പണികൊടുക്കാൻ പറ്റത്തില്ല എന്ന് പറയും. പേപ്പറൊക്കെ കൊടുത്തിട്ടുണ്ട്. യാതൊരാനുകൂല്യങ്ങളും കിട്ടാറില്ല.

ശാരദാമണി : നിങ്ങൾ സർക്കാരുദ്യോഗസ്ഥരല്ല എന്നുള്ളത് നിങ്ങൾക്ക് അറിഞ്ഞുകൂടെ?

ജഗദ : സർക്കാരുദ്യോഗസ്ഥ തന്നെ. പക്ഷെ വെറുതെ ഇരിക്കുകയല്ലേ?

ശാരദാമണി : വാസ്തവത്തിൽ നിങ്ങൾ സർക്കാരുദ്യോഗസ്ഥരല്ല. അതാണ് സത്യം. നിങ്ങൾ അത് മനസ്സിലാക്കണം. നാട്ടുകാരേയും മനസ്സിലാക്കണം.

ജഗദ : വ്യത്യാസമുണ്ട്. അത്യാവശ്യപണികൾക്കേ ഞങ്ങളെ എടുക്കുന്നുള്ളൂ. പക്ഷെ തൊഴിലാളികൾക്ക്



ഈ കാഷ്വൽ തൊഴിലാളി ഒരു ശാപം തന്നെയാ. എന്താന്നു പറഞ്ഞാൽ 26 വർഷമായല്ലോ ഞങ്ങളിതു തുടരുന്നു.

സുധാദേവി : നിങ്ങൾക്ക് അങ്ങിനെ തോന്നുന്നുണ്ട് എങ്കിൽ– ശാപമാണെന്ന് തോന്നുന്നെങ്കിൽ എന്തു കൊണ്ട് ഇത് ഉപേക്ഷിച്ചുകൂടാ?

ജഗദ : സർക്കാരിന്റെ ഉദ്യോഗമല്ലേ. അത് ഉപേക്ഷിക്കു വാൻ പറ്റത്തില്ല. ഞങ്ങളുടെ വേദന മനസ്സിലാക്കാതെ യാണ് സാറുമ്മാർ പറയുന്നത്. എന്തുകൊണ്ടാ ഉപേ ക്ഷിക്കാത്തത് എന്ന് ഇപ്പോൾ ചോദിച്ചില്ലേ? ഉപേക്ഷി ച്ചാൽ ഞങ്ങൾക്ക് അതുമില്ല, ഇതുമില്ല എന്നാകും. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഒരു നഴ്സറി ഇടാനുള്ള സംവിധാനമോ ഒരു മാസം ഒരു 15 പണി കിട്ടാനുള്ള സംവിധാനമോ എന്തെങ്കിലും ഞങ്ങൾക്ക് ചെയ്താൽ കൊള്ളാം യൂണിവേഴ്സിറ്റിയിൽ നിന്ന്.

കലാനാഥൻ : ഒരു പഞ്ചായത്തിന് പലതും ചെയ്യാൻ പറ്റും. അതറിയില്ലേ?

ജഗദ : പഞ്ചായത്തിൽ ചെല്ലുമ്പോൾ ഇതാ പറയുന്നത് സർക്കാരുദ്യോഗസ്ഥർക്ക് യാതൊരാനുകൂല്യവും ഇല്ലെന്ന്. ഞങ്ങൾക്ക് ജോലിയുള്ളതുകൊണ്ട് ഞങ്ങൾക്ക് ആനുകൂല്യങ്ങൾ നിഷേധിച്ചിരിക്കുകയാ ണ്. പഞ്ചായത്തിനോട് ഞങ്ങൾ കാർഷികതൊഴിലാ ളിയാണ്, ഒരു വർഷം ഇത്ര പണിയേ കിട്ടുന്നുള്ളൂ. ഇതെല്ലാം പറഞ്ഞാൽ അവർ അംഗീകരിക്കണ്ടേ. ബോധ്യപ്പെടുത്തിയിട്ടും അവർ സമ്മതിക്കുന്നില്ല.

മൃദുൽ ഈപ്പൻ : നിങ്ങൾ ജോലിയില്ലാത്തവരെല്ലാം കൂടിയിട്ട് ഒരു പദ്ധതി ഉണ്ടാക്കി അതിൽ നിങ്ങൾക്ക് എത്ര സംഭാവന ചെയ്യാൻ പറ്റും എന്നറിഞ്ഞ് ബാക്കി യൂണിവേഴ്സിറ്റിക്ക് ചെയ്യാൻ പറ്റുമോ എന്ന് നോക്കു ന്നത് നന്നായിരിക്കുമല്ലോ. നിങ്ങൾ സ്വയം ശ്രമിക്കണം.

ജഗദ : ഞങ്ങൾ പല പ്രാവശ്യം കൊടുത്തിട്ടുണ്ട്. ഞങ്ങൾക്ക് ഒരു ഗുണവും ഉണ്ടായിട്ടില്ല. ഞങ്ങൾ ഇനി നാലഞ്ചു വർഷം കഴിയുമ്പോൾ പിരിഞ്ഞുപോ കേണ്ടിവരുകയാണ്.

മൃദുൽ ഈപ്പൻ : അത്രയും നാൾ നമ്മുക്കു നന്നായി ജീവിക്കണ്ടേ?

ജഗദ : നന്നായി ജീവിക്കണം. പക്ഷെ, ഒരു സാഹചര്യം ഒത്തുവരുന്നില്ല.

മൃദുൽ ഈപ്പൻ : കുറച്ച് നമ്മുടെ ഭാഗത്തു നിന്ന് ശ്രമം വേണം. എങ്കിലല്ലേ മാറ്റങ്ങൾ വരൂ! ശ്രമം നമ്മൾ ഒരാൾ വിചാരിച്ചാൽ പറ്റില്ലല്ലോ. എല്ലാവരും ഒന്നിച്ചു ശ്രമിക്കണം.

സുകുമാരൻ നായർ : സംഘാടകശക്തി അവർക്കില്ല. ആരെങ്കിലും ഒന്നു തുടങ്ങി കൊടുത്തുകഴിഞ്ഞാൽ ചിലപ്പോൾ അവർ തുടർന്നേക്കും.

സുധാദേവി : നിങ്ങൾ ഒരു സംഘമാവൂ. എന്നിട്ട് ഇന്ന തൊഴിൽ ചെയ്യാൻ ഞങ്ങൾ സന്നദ്ധരാണ് എന്ന് ഒരു ധാരണ ഉണ്ടാക്കണം. അതിന് 10,000 രൂപ വേണമെ ന്നിരിക്കട്ടെ. അതിൽ ഇത്രയും ഞങ്ങൾ എടുക്കാം. ബാക്കി തുക തന്ന് സഹായിക്കണം എന്ന് ഒരു കേന്ദ്ര ത്തോട് നിർദ്ദേശം വെച്ചാൽ അത് തള്ളിക്കളയുമോ എന്ന് നോക്കണം.

ജഗദ : അങ്ങിനെ ഒരു ശ്രമം നടത്തിയിട്ടില്ല.

ദേവി : അങ്ങിനെ ഒരു ശ്രമം നടത്തിയാൽ എന്തെങ്കിലും ഫലം ഉണ്ടാക്കാമെന്നിരിക്കട്ടെ. ശ്രമം അവർ എവിടെ നടത്തണം?

സുധാദേവി : ഗ്രാമപഞ്ചായത്തിൽ. സംഘങ്ങൾ പഞ്ചാ യത്ത് വാർഡു തലത്തിൽ രൂപീകരിക്കാം.

ജഗദ : ഞങ്ങൾ പല പഞ്ചായത്തിന്റെയും പല സ്ഥലത്തു നിന്നും വരുന്നവരാണ്.

സുധാദേവി : അങ്ങിനെയായാലും, ഇത്തരം ശ്രമങ്ങൾ ചെയ്യാവുന്നതാണ്.

വൈസ്ചാൻസലർ : ഇത് ഒരു പ്രത്യേക കേസ് ആണ്. ഇത് ഞങ്ങളുടെ യൂണിവേഴ്സിറ്റിയുടെ ഫാമിൽ കാഷ്വൽ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന തൊഴിലാ ളികളുടെ പ്രശ്നമാണ്.

ദേവി : പഞ്ചായത്ത് തലത്തിൽ എന്തെങ്കിലും ചെയ്യാൻ പറ്റുമോ?, കലാനാഥൻ മാഷ് എന്ത് പറയുന്നു?

കലാനാഥൻ : ഗ്രാമപഞ്ചായത്ത് തലത്തിൽ വനിതാശ ക്തീകരണത്തിന്റെ ഭാഗമായി ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴിയും. പക്ഷെ ഈ തലങ്ങളിൽ കാണുന്ന ഒരു അനുഭവം. തൊഴിൽ വേണ്ട സ്ത്രീകൾ ഗ്രാമ സഭകളിൽ വരുന്നില്ല എന്നതാണ്. അവരുടെ ആവ ശ്യങ്ങൾ കൃത്യമായി പരിഹരിക്കുന്നില്ല. എന്റെ പഞ്ചാ യത്തിന്റെ നിലവെച്ച് മാത്രമല്ല ഞാൻ ഇത് പറയുന്ന ത്. എന്റെ പഞ്ചായത്തിൽ സ്ത്രീകളുടെ ശക്തമായ ഒരു നീക്കം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്റെ പഞ്ചായത്ത് വള്ളിക്കുന്ന് പഞ്ചായത്താണ്. അതിനുവേണ്ടി ആസൂത്രിത നീക്കം തുടക്കത്തിലേ വരുന്നതുകൊണ്ട് ഞങ്ങൾക്ക് ആ പ്രശ്നം കാര്യമാ യിട്ടില്ല. ഈ വർഷാരംഭത്തിൽ ഒരു ഗ്രാമസഭയുണ്ട്. ആ ഗ്രാമസഭയിലാണ് വരുന്ന വർഷത്തെ പദ്ധതികൾ എന്താണെന്ന് തീരുമാനിക്കുന്നത്. അവിടെവന്ന് സ്ത്രീകൾക്ക് ഏറ്റവും മെച്ചപ്പെട്ട പദ്ധതികൾ ഏതാ ണെന്ന് സ്ത്രീകൾ തന്നെ ആലോചിച്ച് അത് തയ്യാ റാക്കി വരുകയാണെങ്കിൽ ഏറ്റവും നല്ലത്. അപേക്ഷ കൊടുക്കുന്നതിന് മുമ്പ് കിട്ടേണ്ടതെന്താണെന്ന് തീരു മാനിക്കണ്ടേ? അത് തീരുമാനിച്ച് നിർദ്ദേശങ്ങൾ മുന്നോട്ട് വെയ്ക്കാൻ വനിതാ സംഘങ്ങൾപോലും ഊർജ്ജസ്വലരല്ല. അതാത് ഗ്രാമത്തിന്റെ പ്രദേശിക ആവശ്യങ്ങൾ മനസ്സിലാക്കി അവിടത്തെ വനിതക ളുടെ കഴിവുകൾ മനസ്സിലാക്കി അവരുടെ കഴിവിന നുസൃതമായി തൊഴിൽ മേഖലകൾ വികസിപ്പിക്കാൻ സാധിക്കും. കാർഷിക മേഖല മാത്രമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. എന്റെ അഭിപ്രായം കാർഷിക

മേഖല കൊണ്ടു മാത്രം വനിതകളുടെ പ്രശ്നം പരിഹരിക്കാൻ കഴിയില്ല എന്നതാണ്. അതിന്റേതായ ചില പരിമിതികളുണ്ട്. വ്യാവസായികമേഖലയെ പരമാവധി പ്രയോജനപ്പെടുത്താൻ സാധിക്കും. കുട്ടനാട് പോലുള്ള സ്ഥലങ്ങളിൽ ഒരു പക്ഷെ കാർഷിക മേഖല മാത്രമേ പ്രയോജനപ്പെടുത്താൻ പറ്റൂ. മലപ്പുറം പോലുള്ള ജില്ലകളിൽ കാർഷികമേഖല അത്ര അധികം സജീവമല്ല. എന്റെ പഞ്ചായത്തിൽ 95 ശതമാനം കാര്യങ്ങളും വ്യാവസായിക മേഖലകളിലാണ് ഉപയോഗിച്ചിട്ടുള്ളത്. സ്ത്രീക്ക് ജോലി കിട്ടണം. വരുമാനം കിട്ടണം. ഇന്ന തൊഴിലേ ചെയ്യൂ എന്ന വ്യവസ്ഥയൊന്നും ആർക്കും ഉണ്ടാകില്ല. നിലവിലുള്ള ഏതു തൊഴിലും ആരും ഉപേക്ഷിക്കാൻ തയ്യാറാണ്- കൂടുതൽ കൂലി കിട്ടുമെന്ന് ഉറപ്പുണ്ടാക്കിയാൽ ആ അവസ്ഥയിലേക്ക് ആളുകൾ മാറുകയാണ്. ആ നിലയ്ക്ക് ഞങ്ങളുടെ ഗ്രാമത്തിൽ ഒരു പേപ്പർ വ്യവസായ പദ്ധതി ആരംഭിച്ചിട്ടുണ്ട്. 20 വനിതകൾ സ്ഥിരമായി പണി എടുത്തു കൊണ്ടിരിക്കുകയാണ്. നോട്ടുബുക്കുകൾ തയ്യാറാക്കുക, ബൈൻഡ് ചെയ്യുക. പഴയ ലൈബ്രറി പുസ്തകങ്ങൾ ബൈൻഡ് ചെയ്യുന്നു. ഇതിനൊക്കെയായി 3 ലക്ഷം രൂപ വെച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ മേഖലകളിൽ സ്ത്രീകളുടെ പ്രശ്നമെന്താണെന്ന് പഠിച്ചിട്ട്, എത്ര വിദ്യാഭ്യാസമുള്ള സ്ത്രീകളുണ്ട്, വിദ്യാഭ്യാസമില്ലാത്തവർക്ക്, വിദ്യാഭ്യാസമുള്ളവർക്ക് ചെയ്യാൻ പറ്റുന്ന ജോലി ചെയ്യാവുന്ന സാഹചര്യമുണ്ട്. ആ തൊഴിൽ എന്താണെന്ന് നമുക്ക് പരിഗണിക്കാം. ആ രീതിയിലുള്ള ഒരു പഠനം അതാത് ഗ്രാമപഞ്ചായത്തിലെ വനിതാ സംഘടനകൾ നടത്തിയിട്ടുണ്ടോ? അങ്ങനെ ചെയ്താൽ ഇന്ന ഇന്ന വ്യവസായ ആവശ്യങ്ങൾ ഉന്നയിച്ചാൽ ഇത്ര വനിതകളിൽ എത്ര പേർക്ക് വരുമാനമുണ്ടാക്കാൻ സാധിക്കും എന്ന് വനിതാ സംഘടനകളുടെ കയ്യിൽ കൃത്യമായ കണക്കുണ്ടായിരിക്കണം. അങ്ങനെ ഉണ്ടോ? ഉണ്ടാക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടില്ല എന്നാണ് എനിക്ക് തോന്നുന്നത്. ഈ മേഖലയെക്കുറിച്ച് എനിക്കറിയാം. സ്ത്രീ ശക്തീകരണത്തെക്കുറിച്ച് ക്ളാസെടുക്കാൻ പോയ അനുഭവം ഉണ്ടെനിക്ക്. അതുകൊണ്ട് ആവശ്യങ്ങളിൽ കണ്ണുവെച്ച് വനിതകളെ സംഘടിപ്പിക്കാനും കാര്യങ്ങൾ നീക്കാനും ഒരു ശ്രമം എന്റെ പഞ്ചായത്തിൽ നടക്കുന്നുണ്ട്. മറ്റ് പഞ്ചായത്തുകളിൽ സ്ത്രീകളെ കിട്ടാനില്ല എന്നാണ് പരാതി. എന്റെ പഞ്ചായത്തിൽ സ്ത്രീകളുടെ പങ്ക് വികസനരംഗത്ത് കൂടുകയാണ്. ഏറ്റവും ഊർജ്ജസ്വലമായ മേഖല വനിതാ മേഖലയാണ്. എനിക്ക് അവരോടുള്ള താൽപര്യമെന്താണെന്ന് വെച്ചാൽ അവർ മര്യാദക്കാരാണ്. തട്ടിപ്പും വെട്ടിപ്പും ഒന്നും ഇല്ല. വാക്ക് പറഞ്ഞാൽ അതുപോലെ ചെയ്യും. ആത്മാർത്ഥതയുണ്ട്. ആത്മാർത്ഥത, സത്യസന്ധത, മര്യാദ ഇവ പുരുഷന്മാരേക്കാൾ സ്ത്രീകൾക്കാണെന്ന് എന്റെ സ്വന്തം അനുഭവത്തിൽ നിന്ന് ഞാൻ പഠിച്ചിട്ടുണ്ട്. വനിതാസമ്മേളനങ്ങൾക്ക് പോകുമ്പോൾ പറയും വനിതാ ശാക്തീകരണത്തിനായി അത് ചെയ്യണം, ഇതുചെയ്യണം എന്ന്. അത് പുസ്തകങ്ങളിൽ മാത്രം ഉണ്ടായാൽ പോര. സംഘടനകളിലൂടെ സ്ത്രീകൾക്ക് മാറ്റം വന്നിട്ടുണ്ട്. ഇവിടെ സംസാരിക്കാനുള്ള തന്റേടം വന്നു. കൃത്യമായ ഉത്തരം പറഞ്ഞു ഇവിടെ വന്ന എല്ലാവരും. അവരോട് എനിക്ക് തോന്നിയ മതിപ്പതാണ്. ഒരു സങ്കോചമില്ല വേദിയിൽ നിന്ന് സംസാരിക്കാൻ. കോളേജുകളിൽ പഠിപ്പിക്കുന്ന ചില അദ്ധ്യാപകർ പോലും ഇത്ര നന്നായി സംസാരിക്കാറില്ല. പ്രശ്നങ്ങൾ പരിഹരിക്കാൻ ഗ്രാമപഞ്ചായത്തിൽ ധാരാളം സാധ്യതകളുണ്ട്. അതിന് സ്ത്രീകൾ ശക്തമായ മുൻകൈയെടുക്കണം. ഞങ്ങളുടെ Paper industry കൃത്യമായി നടന്നു കൊണ്ടിരിക്കുന്നു. വനിതകളുടെ യൂണിറ്റ്, വനിതകളുടെ സെക്രട്ടറി, വനിതകളുടെ പ്രസിഡന്റ് പക്ഷെ എല്ലാ കാര്യത്തിനും നമ്മളെ ആശ്രയിക്കുന്നു. നേതൃത്വഗുണത്തിന്റെ അഭാവമുണ്ട്. സ്വാശ്രയത്വം എന്ന സ്ഥിതിയിലേക്ക് സ്ത്രീകളെ വളർത്തിയെടുക്കണം. അതാണ് ഇനി വേണ്ടത്.

മറ്റൊന്ന് റഡിമേഡ് വസ്ത്രനിർമ്മാണ യൂണിറ്റ് ആണ്. ആവശ്യമുള്ള 16 തയ്യൽമെഷീൻ ഉണ്ട്. അവിടെ സ്ത്രീകൾ പണി എടുത്തുകൊണ്ടിരിക്കുന്നു. തുണിയെടുക്കാനും മറ്റും ആദ്യമാദ്യം ആണുങ്ങളെ കോയമ്പത്തൂർ പറഞ്ഞയച്ചിരുന്നു. ഇന്ന് പെണ്ണുങ്ങൾ തന്നെ പോയി തുടങ്ങി. വസ്ത്ര യൂണിറ്റ് എല്ലാ പഞ്ചായത്തുകൾക്കും ചെയ്യാവുന്നതാണ്. അധ്വാനത്തിന് സുഖവും ഉണ്ട്. പിന്നെ ഉള്ളത് വനിതാ ഭോജനശാലയാണ്. ഏഴ് വനിതകൾക്ക് ഹോട്ടൽ ഉണ്ടാക്കാൻ സൗകര്യമുണ്ടാക്കുന്നു. സ്ത്രീകളിൽ ഒരാൾ മാനേജരായി ഇരിക്കും. വിതരണക്കാരായും അടുക്കളക്കാരായും, എല്ലാ പണിയും എല്ലാവരും എടുക്കുന്ന ഏഴ് ദിവസവും പണികിട്ടുന്ന ഒന്നാന്തരം ഹോട്ടൽ. വൃത്തിയിലൂടേയും രുചിയിലൂടേയും ആളുകളെ ആകർഷിക്കുന്നു. കൃത്യമായി നടന്നുകൊണ്ടിരിക്കുന്നു.

ഭക്ഷ്യസംസ്കരണ യൂണിറ്റ് ഉണ്ട്. കാരയ്ക്ക അച്ചാറാക്കി മാറ്റുന്നു. അങ്ങിനെ സ്ത്രീകൾക്ക് പറ്റുന്ന പല പണികൾ. അതിനൊക്കെ പരിശീലന പരിപാടികൾ ഏർപ്പാട് ചെയ്യുന്നു. ഭക്ഷ്യസംസ്ക്കരണ സ്ഥാപനങ്ങളിൽ നിൽക്കാൻ സ്ത്രീകൾക്ക് നേരിട്ട് പരിശീലനം നൽകിയതിനുശേഷം മാത്രമേ യൂണിറ്റ് തുറക്കുന്നുള്ളൂ. തുടങ്ങിക്കഴിഞ്ഞാൽ സ്ത്രീകളുടെ ഭാഗത്തുനിന്നുതന്നെ നിർദ്ദേശം വരുകയാണ്. അവിടെ ഒരു പരിശീലനത്തിന് പോകണം എന്ന്. അതിന് ജനകീയാസൂത്രണം ഒന്നും വേണ്ട. പഞ്ചായത്ത് പ്രസിഡന്റ് വിചാരിച്ചാൽ മതി. 500-1000 രൂപ അതിനുവെയ്ക്കാനൊക്കെ ഇന്ന് പഞ്ചായത്തിന് സ്വാതന്ത്ര്യമുണ്ട്. ഇത്രയിത്ര തൊഴിൽ പരിശീലനം വേണമെന്ന് നിങ്ങൾ പറയുകയാണെങ്കിൽ തൊഴിൽ പരിശീലനത്തിന് മാത്രം ഒരു പദ്ധതി വയ്ക്കാൻ പ്രയാസമില്ല. ഇപ്പോൾ ലോകത്തിൽ ഏത് വിഷയമാണെങ്കിലും പഞ്ചായത്തിന് ജനകീയാസൂത്രണത്തിൽ പദ്ധതി ആക്കാം, പ്രായോഗികമായി ചിന്തിച്ചാൽ.

നിങ്ങൾ നിങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുകയും ഇങ്ങനെയുള്ള വേദികളിൽ പറയുകയും വേണം. ഇത് കഴിഞ്ഞാൽ നിങ്ങൾ എന്ത് ചെയ്യാൻ പോകുന്നു? നിങ്ങൾ പോയിട്ട് ഈ ആശയങ്ങളുമായി കർമ്മ സമിതി അംഗങ്ങളേയും കാർഷിക സമിതി അംഗങ്ങളെയും ബന്ധപ്പെടുക. എഴുതി കൊടുക്കുക.ഇന്ന പദ്ധതിയെക്കുറിച്ച് അറിവ് കിട്ടിയിട്ടുണ്ട്. അത് ഒരു പദ്ധതി ആക്കണം. കർമ്മസമിതിയിൽ റിപ്പോർട്ടുചെയ്യണം. പഞ്ചായത്ത് പ്രസിഡന്റിന് റിപ്പോർട്ടുചെയ്യണം. പിന്നെ എപ്പോഴാ കർമ്മസമിതി വിളിക്കുക എന്ന് പഠിക്കുകയും വേണം. ഇങ്ങനെ വന്നാൽ മാത്രമേ നിങ്ങളുടെ താല്പര്യമനുസരിച്ച് കാര്യങ്ങൾ വരൂ.

പിന്നെ ഒരു കാര്യം, കോഴി വളർത്തി പഠിച്ചവരല്ലേ നിങ്ങൾ. മുട്ടക്കോഴിയെ വളർത്താൻ പാടില്ല. ഞങ്ങൾ പഠിച്ച പാഠമനുസരിച്ച് മുട്ടയ്ക്ക് കിട്ടുന്ന വിലകൊണ്ട് മുട്ടക്കോഴി വാങ്ങാൻ മുതലാകില്ല. അതുകൊണ്ടു ഇറച്ചിക്കോഴി വളർത്തുക. ഒരു 45 ദിവസം ലാഭകരമാണ്. ലാഭനഷ്ടങ്ങളും ഗുണദോഷങ്ങളും പരിശീലിക്കണം. പ്രായോഗിക പരിജ്ഞാനമാണ് ഏറ്റവും പ്രധാനം. Academic ആളുകൾ പറയുന്നതുകേട്ടാൽ വെള്ളത്തിൽ പോകും. കോഴിവളർത്തി പരിചയമുള്ള ഒരു ഫാം അടുത്ത പഞ്ചായത്തിലുണ്ടെങ്കിൽ അവിടെ പോയി പഠിക്കണം. എന്നിട്ട് മാത്രമേ കാര്യങ്ങൾ നീക്കാവൂ, തുടങ്ങാവൂ.

ഞാൻ എന്റെ പഞ്ചായത്തിലെ 43 സ്ത്രീകൾക്ക് കൽപ്പണി പരിശീലനം കൊടുത്തു. 40 ദിവസത്തേയ്ക്ക്. നാലുമാസം മുമ്പ്, എന്റെ പഞ്ചായത്തിൽ ഒരു സാനിട്ടേഷൻ പ്രോജക്ട് വന്നു. കേന്ദ്ര ഗവൺമെന്റിന്റെ. ഒന്നര കോടി രൂപ അതിനായി ഉണ്ട്. 750 കക്കൂസ് ഉണ്ടാക്കണം. 10 കൽപണിക്കാർ പോര. 6 കൊല്ലമോ, 12 കൊല്ലമോ വേണ്ടിവരും അതിന്. ഞാൻ പോകുന്നതിന് മുൻപ് ആ പണി തീർക്കണം. വേറെ പഞ്ചായത്ത് പ്രസിഡന്റ് വന്നാൽ പണക്കാര്യത്തിൽ നീതി പുലർത്താൻ പറ്റിയില്ലെങ്കിലോ എന്ന ആശങ്കയുണ്ട്. പരാതിയില്ലാത്തവിധം പൈസ ചിലവാക്കാൻ, 43 സ്ത്രീകൾക്ക് പരിശീലനം കിട്ടിക്കഴിഞ്ഞു. 3 ആളുകൾ ചേർന്ന് ഒരു കക്കൂസ് നിർമ്മിക്കണം. എന്റെ അനുഭവത്തിൽ കെട്ടിടം പണിക്ക് സ്ത്രീകൾ പോകുന്നുണ്ട്. 8–10 നിലകളുള്ള കെട്ടിടത്തിൽ സ്ത്രീകൾ സിമന്റും ചുമന്നുപോകുന്നു. താഴെ കെട്ടിടം പണിയുന്ന സ്ത്രീയ്ക്ക് മുകളിലും പണിയാൻ കഴിയും. മേലോട്ട് പോകുംതോറും ഭാരം കുറയുകയാണ്. സ്ത്രീയും പുരുഷനും തുല്യരാണ്. വ്യത്യാസമില്ല. പക്ഷെ സമൂഹം അങ്ങനെ അംഗീകരിക്കുന്നില്ല. സാമൂഹ്യ മേഖലകളിൽ സ്ത്രീയും പുരുഷനും തുല്യരാണ്. 100% അവകാശം ചോദിച്ച് വാങ്ങാൻ നിങ്ങൾക്ക് കഴിയണം. കെട്ടിട പണി പറ്റില്ല എന്ന് പറയുന്നതിൽ അർത്ഥമില്ല. കൽപ്പണി മേഖല ഏറ്റവും മാർക്കറ്റുള്ള മേഖലയാണ്. കൽപണിക്കാരന്റെ കൂലി എന്താണെന്നറിയാമോ? 150 രൂപയും 25 രൂപ ഭക്ഷണത്തിനും കൊടുക്കും. വലിയ സ്ഥാപനങ്ങളാണെങ്കിൽ അത് 175 രൂപ, 200 രൂപയൊക്കെയാകും. തുടർച്ചയായി പണി കിട്ടും. പണിയില്ലാത്ത ഒരു ദിവസമില്ല. ഒഴിവു സമയത്ത് സ്ത്രീകൾ കൽപണിക്ക് പോകണമെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ പഞ്ചായത്തിൽ ബ്ലോക്ക് തലത്തിൽ ഒരു 20 പേർക്കെങ്കിലും കൽപണി പരിശീലനം നൽകാൻ കഴിഞ്ഞാൽ സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് ഒരു പരിഹാരമാകും.

ഔഷധസസ്യങ്ങൾ വളർത്തൽ, വീട്ടിൽ പച്ചക്കറി വളർത്തൽ. ചില്ലറ ചിലവേ വരുകയുള്ളൂ. അത് നല്ല ഒരു മേഖലയാണ്. പ്രാദേശികമായ മേഖലയ്ക്കനുസരിച്ച് ആവശ്യമുള്ള പച്ചക്കറി വളർത്താം.

വൈസ്ചാൻസലർ: നിങ്ങളെല്ലാം അദ്ദേഹം പറഞ്ഞത് കേട്ടില്ലേ? പണിയില്ലാത്ത സമയത്ത് പണി ഉണ്ടാക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് അന്വേഷിക്കണം എന്നതാണ് പ്രധാന നിർദ്ദേശം. അദ്ദേഹത്തിന്റെ പഞ്ചായത്തിലെ വിജയകഥകളുമാണ് പറഞ്ഞത്.

കലാനാഥൻ: മറ്റൊന്നുകൂടി. വനിതാ കുരുമുളക് കൃഷി വളരെ ലാഭകരമാണ്. കുറ്റിക്കുരുമുളകിന്റെ 25 തൈകൾ നട്ട്, സ്ത്രീകളെക്കൊണ്ട് പരിശീലിപ്പിച്ച് സ്ത്രീകൾ തന്നെ നനച്ച് പരിചരിക്കുന്നു. പുരുഷൻ ചെയ്യില്ല. ഇതൊക്കെ തന്നെ സ്ത്രീ പുരുഷ വ്യത്യാസമാണ്. ഒറ്റ തൈയ്ക്ക് 100–150 തിരികളാണ് വരുന്നത്. സ്ത്രീ മേഖലയിൽ ജനകീയാസൂത്രണത്തിൽ പദ്ധതികൾ രൂപീകരിക്കാൻ സാധിക്കും. ഇത്തരം ആവശ്യങ്ങൾ ഉന്നയിക്കാനുള്ള കഴിവ് അവിടത്തെ വനിതാസംഘടനയ്ക്ക് കഴിയണം. വനിതാസംഘടനകൾ അത്തരം ചർച്ചകൾ നടത്തി രൂപകൽപന ചെയ്ത് കർമ്മ സമിതിയിൽ കൊണ്ടുവരണം. കാർഷിക മേഖലാ പ്രോജക്ടും മത്സ്യമേഖലാ പ്രോജക്ടും ഇങ്ങിനെ ഉണ്ടാക്കാം.

ദേവി: കൈകൊണ്ട് കയർ പിരിക്കുന്ന സ്ത്രീകളുണ്ടല്ലോ. അവർക്കുവേണ്ടി നിങ്ങളുടെ പഞ്ചായത്ത് എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

കലാനാഥൻ: കയർ റാട്ട്, മെഷീൻ റാട്ട് എന്നിവ വാങ്ങിക്കൊടുത്തു. കൊട്ടയിൽ ചകിരി വെച്ചുകൊടുത്താൽ മതി. അത് തിരിയായി മാറിക്കൊള്ളും. കൈകൊണ്ട് പിരിക്കുകയൊന്നും വേണ്ട. അവർക്ക് പരിശീലനം കൊടുത്തു രണ്ട് ദിവസം; ഇല്ലെങ്കിൽ കയർ വേണ്ടത്ര നന്നാകില്ല. കയർ നല്ലതല്ലെങ്കിൽ മാർക്കറ്റ് കിട്ടില്ല. പരിശീലനം കിട്ടിയാൽ നല്ല കയർ കിട്ടും. അതും വരുമാനത്തിന്റെ മാർഗ്ഗമാണ്.

ദേവി: കെട്ടിട നിർമ്മാണ മേഖലയാണെങ്കിലും കാർഷിക മേഖലയാണെങ്കിലും യന്ത്രങ്ങൾ എല്ലാം വരുന്നത് പുരുഷൻമാർക്ക് അനുയോജ്യമായാണല്ലോ? ചില മാറ്റങ്ങളിലൂടെ സ്ത്രീകൾക്ക് യോജ്യമാക്കിക്കൂടെ?

കലാനാഥൻ: സ്ത്രീകളുടെ ശാരീരിക ഘടനയുമായി യന്ത്രത്തിന് ഒരു പോരായ്മയുണ്ട്. യഥാർത്ഥത്തിൽ അത്രമാത്രം പ്രശ്നമുണ്ടോ? ഒരു ഡ്രൈവർ വണ്ടി ഓടിക്കുന്നത് അത്ര വലിയ പ്രശ്നമാണോ? വളരെ ലളിതമായി ചെയ്യാം എന്നാണ് എന്റെ അഭിപ്രായം.

സുധാദേവി: സ്ത്രീകൾക്ക് കൈകാര്യം ചെയ്യാൻ യന്ത്രങ്ങൾ പ്രശ്നമല്ല എന്ന് തൃശൂരിൽ തെളിയിച്ചിട്ടുണ്ട്.

കലാനാഥൻ: അങ്ങനെയാണെങ്കിൽ കൊയ്ത്തു യന്ത്രം എന്തുകൊണ്ട് സ്ത്രീകൾക്കുപയോഗിച്ചുകൂടാ? യന്ത്രവൽക്കരണത്തിന് പഞ്ചായത്തിൽ വകുപ്പും പണവും ഉണ്ട്. ഞാൻ യന്ത്രവൽക്കരണത്തിന്റെ ആളുകളുമായി ബന്ധപ്പെട്ട് അതിന്റെ വില, ഘടന, ചിലവ് ഇവയെക്കുറിച്ച് വിശദമായി ചോദിച്ചറിഞ്ഞിട്ടുണ്ട്. എന്റെ അഭിപ്രായത്തിൽ യന്ത്രവൽക്കരണ രംഗത്ത് സ്ത്രീകളെ കൊണ്ടുവരാൻ നല്ല എളുപ്പമാണ്. അവർക്ക് അന്തസുള്ള ജോലിയാണ്. അതിന് സ്ത്രീപുരുഷ ശാരീരിക വേർതിരിവ് പറഞ്ഞ് കാത്തു നിൽക്കണ്ട എന്നാണ് എന്റെ അഭിപ്രായം. അതിൽ അത്ര വലിയ പ്രശ്നമുള്ളതായി തോന്നുന്നില്ല. അങ്ങനെയാണെങ്കിൽ കാർഷിക രംഗത്തെ യന്ത്രങ്ങൾ സ്ത്രീകൾക്ക് ഉപയോഗിക്കാൻ പറ്റും. പക്ഷെ അതുപയോഗിക്കാൻ ഞങ്ങൾ സന്നദ്ധരാണെന്ന് പറഞ്ഞ് സ്ത്രീകൾ മുന്നോട്ടുവരണം. സ്വയം സഹായക സംഘം വളരെ നല്ല ഒരു പരിപാടിയാണ്. 32 യൂണിറ്റുകൾ എന്റെ പഞ്ചായത്തിലുണ്ട്. ഇപ്രാവശ്യം 5000 രൂപ അതിന്റെ സംഘാടനത്തിന് മാത്രം മാറ്റി വെച്ചിട്ടുണ്ട്.

വൈസ്ചാൻസലർ : നമുക്കിനി തൃശൂർ കോൾ നിലങ്ങളിലെ കൃഷികാര്യങ്ങളെക്കുറിച്ച് നോക്കാം. അവിടെ നിന്നും വന്നിട്ടുള്ള ആൾക്കാർ പറയട്ടെ.

**ദേവകി, അരിമ്പൂർ പഞ്ചായത്ത്, തൃശൂർ** : നാലുവശവും കായലാൽ ചുറ്റപ്പെട്ട ഒരു പ്രദേശമാണ് അരിമ്പൂർ പഞ്ചായത്ത്. നെൽകൃഷിയും അപൂർവ്വം തെങ്ങുമാണ് അവിടത്തെ കൃഷി പ്രധാനമായിട്ട്. രണ്ട് കൃഷിയുമുണ്ട്. ധനു-മകരമാസങ്ങളിലും മീനം-മേടം മാസങ്ങളിലും. മോട്ടോർ പമ്പിന്റെ സഹായത്തോടെ വെള്ളം വറ്റിക്കുന്ന ഒരു സംവിധാനമാണ് അവിടെ ഉള്ളത്. 50 ശതമാനത്തിലേറെ കർഷക തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഒരു സ്ഥലമാണ്. കൃഷിയിറക്കുന്ന സമയത്തും വിളവെടുക്കുന്ന സമയത്തും തൊഴിലാളികളുടെ കുറവവിടെ വരാറുണ്ട്. അടുത്ത പ്രദേശങ്ങളിൽ നിന്ന് കർഷകതൊഴിലാളികൾ അവിടെ വന്ന് പണിയെടുക്കാറുണ്ട്. പ്രതിഫലം പറ്റാറുണ്ട്. അവിടെയുള്ള തൊഴിലാളികൾ മാത്രം അവിടെ പണിയെടുക്കണമെന്നില്ല. സീസണിൽ വിളവിറക്കാൻ തൊഴിലാളികൾ കുറയുമ്പോഴാണ് മറ്റ് പ്രദേശങ്ങളിലെ തൊഴിലാളികളെ അറിയിച്ചുകൊണ്ടും അറിഞ്ഞുകൊണ്ടും എത്തുന്നത്. ഇപ്പോൾ അവിടെ ഒരു കൊയ്ത്ത് കഴിഞ്ഞ് രണ്ടാമത്തെ സീസൺ നടക്കുകയാണ്. തൊഴിലാളികൾ കൊയ്യാൻ മതിയാകാതെ വരുന്ന അവസരത്തിൽ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ ഒരു കൊയ്ത്ത്-മെതിയന്ത്രം ആസൂത്രണം ചെയ്തിട്ടുണ്ട്. അതിന്റെ ഫലമായി കുറച്ചു നിലമുള്ളവർ തൊഴിലാളികളെ ആശ്രയിക്കുന്നു. കൂടുതൽ നിലമുള്ളവർ യന്ത്രം ഇറക്കുന്നു. ഒരു ക്വിന്റലിന് 600ഓ അതിൽ കുറവോ വിലയാണ് വിളവിന് കിട്ടുന്നത്.

1979-80 വരെ കാർഷിക രംഗത്ത് വളരെ ബുദ്ധിമുട്ടനുഭവപ്പെടുന്ന സ്ഥലമാണിത്. കാരണം 80 കാലഘട്ടം വരെ സ്ത്രീ തൊഴിലാളികൾക്ക് 3 രൂപയും പുരുഷ തൊഴിലാളികൾക്ക് 7 രൂപ 75 പൈസയും ആയിരുന്നു കൂലി. കൂലിയിൽ ഭക്ഷണം ഉൾപ്പെടുത്താറില്ല. അടിമയെപോലെ പണി എടുപ്പിക്കുന്ന സമ്പ്രദായം '80-'82 വരെ ഉണ്ടായിരുന്നു. പിന്നെ ആ പ്രദേശത്തെ തൊഴിലാളികൾ കൂലി പോര എന്ന് ശബ്ദമുയർത്തി തുടങ്ങി. ഉഗ്രമായ സമരം തന്നെ അവിടെ പൊട്ടി പുറപ്പെടുകയുണ്ടായി. മറ്റ് പ്രദേശങ്ങളിൽ നിന്നും കരിങ്കാലികളെ കൊണ്ട് വന്ന് പണിയെടുപ്പിക്കുകയും കൂലി കൂടുതൽ ആവശ്യപ്പെട്ട തൊഴിലാളികളുടെ കൂലി തടയുകയും ചെയ്തതിനെ തുടർന്ന് ഉഗ്രൻ സമരം തന്നെ നടന്നു. തുടർന്ന് തൊഴിലാളികൾ സംഘടിക്കാൻ തുടങ്ങുകയും സംഘടനയുടെ ഭാഗമായി ഇപ്പോൾ അവിടെ സ്ത്രീകൾക്ക് 80 രൂപയും പുരുഷന്മാർക്ക് 150 രൂപയും ആയി. കൊയ്ത്ത് കഴിഞ്ഞ് 5 കഴിഞ്ഞ് 6-ാമത്തേത് കിട്ടും. കാലത്ത് കാപ്പികിട്ടും. കൊയ്ത്തിനും പണിക്കും ആളെ കിട്ടാത്ത അവസ്ഥയാണ് ഇപ്പോഴും ഉള്ളത്. ചെറുപ്പക്കാർക്ക് പാടത്ത് ഇറങ്ങാൻ മടിയാണ്. പാടത്ത് പണിയുന്നതിനെക്കാൾ നല്ലതാണ് ഫാക്ടറികളിലെ തൊഴിലെന്ന് കരുതി അങ്ങോട്ട് നീങ്ങും. അങ്ങനെയാണ് തൊഴിലാളികളുടെ പോരായ്മ വരുന്നത്. മണ്ഡരിയ്ക്ക് മരുന്നടിക്കുന്ന പ്രക്രിയ ഉണ്ടല്ലോ- ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണത്തിന്റെ ഭാഗമായി ആകെയുള്ള 13 വാർഡിലെ ഒരു വാർഡിൽ പച്ചക്കറികൃഷി തുടങ്ങി. മെച്ചപ്പെട്ടില്ല. വിപണനം ചെയ്യാനുള്ള സ്ഥലമില്ല. എന്നാണ് റിപ്പോർട്ട് കിട്ടിയത്. പിന്നെ മിക്കവാറും തൊഴിലാളികൾക്കും 2-3 പറയ്ക്ക് നിലമുണ്ട്. പിന്നെ ബ്ലോക്കു തലത്തിലും പഞ്ചായത്താസൂത്രണതലത്തിലും 3 പറക്ക് 30 സെന്റ് ഭൂമിവാങ്ങുക എന്ന രീതി വന്നതിനു ശേഷം ഉണ്ടായതാണ്. വിലകൊടുത്തു വാങ്ങിയവരുമുണ്ട്. ഗ്രാമപഞ്ചായത്താസൂത്രണപ്രകാരം ഞങ്ങളുടെ പഞ്ചായത്തിൽ ചെറിയ വളർച്ച വന്നു എന്നത് സത്യമാണ്. എങ്കിലും സാമ്പത്തികമായി വളരെ അധികം തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നതുകൊണ്ട് മൊത്തത്തിൽ പിന്നിലാണ്. ഒരു അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ യൂണിറ്റ്, 2-3 തീപ്പെട്ടി കമ്പനികൾ ഇങ്ങനെ ചില ഫാക്ടറികളെ ഉള്ളൂ അവിടെ. ഗവൺമെന്റ് ഉദ്യോഗസ്ഥരും അപൂർവ്വമാണ്. കൂടുതൽ ചെറുകിടക്കാരാണ്. കാർഷിക രംഗത്ത് മിഥുനം-കർക്കിടകം മാസക്കാലം തീരെ പണിയില്ലാത്ത കാലമാണ്. പഞ്ചായത്താസൂത്രണത്തിന്റെ കീഴിൽ ഒരു വനിതാ സംഘടന പറയാറുണ്ടെങ്കിലും അത്ര അധികം പ്രവർത്തികമായിട്ടില്ല. പശു വളർത്തൽ വ്യാവസായികമായി ഇല്ല. എങ്കിലും പാൽ സൊസൈറ്റികൾ ഉണ്ട്. കാർഷിക തൊഴിലാളികൾക്ക് 100-150 ദിവസത്തെ പണി എന്തായാലും കിട്ടും, ഒരു കൊല്ലത്തിൽ കളപറിക്കൽ, മരുന്നടി ഇവയായി. 5000-6000 പറയ്ക്ക് നിലമുള്ളതുകൊണ്ട് കളപറിക്കൽ എന്തായാലും കിട്ടും. നാലുപുറവും കായലായതുകൊണ്ട് പണി അധികം ബുദ്ധിമുട്ട്

വരാറില്ല. എങ്കിലും ആരോഗ്യമുള്ള ചെറുപ്പക്കാർ ടൗണിൽ പോയി പണി അന്വേഷിക്കാറുണ്ട്. തൊഴിൽ രംഗത്ത് ഇത്രയും കാര്യങ്ങളാണ് പറയാനുള്ളത്. ശരാശരി ചെറുകിടക്കാർക്ക് സ്ഥലം 3 പറയ്ക്ക് ഉണ്ട്. പഞ്ചായത്തിന്റെ സഹായത്തോടെ 30 സെന്റ് നിലംകിട്ടും.

വൈസ്ചാൻസലർ : നിങ്ങൾ പറയുന്നത് സ്ഥലമാണോ നിലമാണോ? ഗവൺമെന്റിൽ നിന്നും ലോണെടുത്ത് വാങ്ങിയതാണോ?

ദേവകി: ഗവൺമെന്റിൽ നിന്ന് ആദ്യകാലങ്ങളിൽ ലോൺ എടുത്ത് വാങ്ങാറുണ്ട്. ഇന്ന് ജനകീയാസൂത്രണം വന്നതിനുശേഷം കിട്ടിയതാണ്.

വൈസ്ചാൻസലർ : കരഭൂമിയാണോ- നിലമാണോ?

ദേവകി : നിലം. കോൾ നിലമാണ്.

വൈസ്ചാൻസലർ : കുടികിടപ്പിന്റെ ഭാഗമായി ഭൂമിയൊന്നും കിട്ടിയില്ലേ?

ദേവകി : അവിടെ വളരെ തുച്ഛം 10-12 കുടികിടപ്പുകാർ മാത്രമേ ഉള്ളൂ. ആകെ മൊത്തം പഞ്ചായത്തില്. അവർക്ക് 10 സെന്റ് വീതം കൊടുത്തിരുന്നു 10-12 കൊല്ലം മുമ്പ്.

ദേവി : കർഷക തൊഴിലാളികൾ ഏതു ജാതിയിൽ പെട്ടവരാണ്?

ദേവകി: കൂടുതൽ ഹരിജനങ്ങളാണ്. മറ്റ് ജാതികളും ഉണ്ട്.

വൈസ്ചാൻസലർ : പാലക്കാട്ടു നിന്ന് തൊഴിലാളികൾ അവിടെ വരുമെന്ന് നിങ്ങൾ പറഞ്ഞല്ലോ? അങ്ങിനെ വരുത്തുന്നതിനെക്കുറിച്ച് നിങ്ങളുടെ കാഴ്ചപ്പാട് എന്ത്?

ദേവകി : എതിരഭിപ്രായമില്ല. നമുക്ക് ചെയ്യാൻ പറ്റാത്ത പണിയല്ലേ. സീസണിൽ മാത്രമേഉള്ളുതാനും.

വൈസ്ചാൻസലർ : അതുകൊണ്ട് നിങ്ങളുടെ കൂലി കുറഞ്ഞിട്ടുണ്ടോ? ജോലി കുറഞ്ഞിട്ടുണ്ടോ?

ദേവകി : ജോലിയും കൂലിയും കുറഞ്ഞിട്ടില്ല.

വൈസ്ചാൻസലർ : കൊയ്ത്തിന്റെ സീസണിൽ മാത്രമേ അവർ വരുന്നുള്ളോ?

ദേവകി : അതേ. പിന്നെ പണിക്കൂടുതലുള്ളപ്പോൾ എഴുത്തയച്ച് വരുത്തും. 10-12 പേർ ഒരു ടീം ആയിവരും. ഞാൻ കർഷക തൊഴിലാളി രംഗത്തും കെട്ടിട നിർമ്മാണ രംഗത്തും സംഘടനാപരമായി പ്രവർത്തിക്കുന്ന ആളാണ്. അവരോട് അവരുടെ ജോലി, കൂലി ഇവയെക്കുറിച്ച് അന്വേഷിക്കും. അവരുടെ കൂലി കുറവാണെങ്കിൽ നിങ്ങൾ ഇവിടെ നിലവിലുള്ള കൂലി ചോദിച്ചു വാങ്ങണം എന്ന് ഞാൻ ഉപദേശിക്കാറുണ്ട്. അതനുസരിച്ച് അവർ കൂലി പറഞ്ഞ് വാങ്ങാറുണ്ട്. നെല്ല് പാലക്കാട് കൊണ്ടു പോകാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് ചിലർ പൈസയായി വാങ്ങുന്നു. 1000-1500 രൂപ മൊത്തത്തിൽ കൊയ്ത്തിന്റെ കൂലിയായി വാങ്ങാറുണ്ട്. അവർ ഇവിടെ വന്നിട്ട് ഇവിടത്തെ ചട്ടങ്ങൾക്ക് എതിരായി പ്രവർത്തിക്കുമ്പോൾ മാത്രമേ ഞങ്ങൾക്ക് രസിക്കാതെയുള്ളൂ.

ദേവി : പാലക്കാട് നിന്ന് വരുന്നവർ എന്നും വന്ന് പോകുമോ? അങ്ങനെ വരുന്നവർക്ക് ഭക്ഷണം കൊടുക്കാറുണ്ടോ? സ്ത്രീകളും പുരുഷന്മാരും വരുമോ?

ദേവകി : ഇല്ല. അവർക്ക് എവിടെയെങ്കിലും താമസിക്കാനുള്ള ഏർപ്പാടുണ്ടാക്കും. ചില വീടുകളിൽ ഭക്ഷണം കൊടുക്കും. അല്ലെങ്കിൽ അരിയും സാധനങ്ങളും, സുരക്ഷിതമായ മുറിയും കൊടുക്കും. മറ്റ് പ്രദേശങ്ങളിൽ നിന്ന് വരുന്നവരാണെങ്കിലും അവർ തൊഴിലാളികളാണ് . സഹോദരങ്ങളാണ് എന്ന നിലപാടിൽ പെരുമാറും. സ്ത്രീകളും പുരുഷന്മാരും വരാറുണ്ട്. അവരിവിടെ നിന്ന് കല്യാണം കഴിക്കുന്നതായി അറിവില്ല. നീചമായ പ്രവർത്തികൾ അവരുടെ ഭാഗത്തു നിന്ന് ഞങ്ങളുടെ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. മറ്റ് സ്ഥലങ്ങളിൽ ഉണ്ടാകുന്നുണ്ടോ എന്നറിവില്ല. ചിലർ കുടുംബത്തോടെ വരും. ചിലർ 5-10 പേരുള്ള ടീം ആയി വരും. അപ്പോൾ ഈ ടീമിനെ മാത്രം ആശ്രയിച്ചാൽ കൊയ്ത്ത് നടക്കും എന്നത് ഒരു സത്യമാണ്. എന്നിരുന്നാലും ഈ സീസണിൽ മാത്രം വരുന്നവരെ സഹോദരങ്ങളെപോലെ കാണാറുണ്ട്.

സുകുമാരൻ നായർ : നിങ്ങളുടെ സ്ഥലത്ത് മിഥുനം-കർക്കിടകം മാസത്തിൽ എന്തു പണി ചെയ്യും?

ദേവകി : ഒരു പണിയും ഇല്ല. കൊയത്ത് കഴിഞ്ഞതുകൊണ്ട് ഭക്ഷണത്തിന് പ്രയാസമില്ല. ആണുങ്ങൾ പറമ്പിൽ കിളക്കാനോ അങ്ങനെ എന്തിനെങ്കിലും പോകും. ഉല്പാദനപരമായ യാതൊന്നും ഇല്ല.

ശാരദാമണി : 20-30 സെന്റ് സ്ഥലമുണ്ടെന്ന് പറഞ്ഞില്ലേ. അവിടന്നു കിട്ടുന്ന നെല്ല് ഭക്ഷണത്തിനുപയോഗിക്കുമോ? അതോ വിൽക്കുമോ?

ദേവകി : മിക്കവാറും വിൽക്കും. ഒരു ക്വിന്റലിന് അറുനൂറോ, അറുനൂറിൽ കുറവോ വില കിട്ടും. സ്റ്റോറിൽ സൂക്ഷിക്കും.

സുകുമാരൻ നായർ : അരി വേറെ വാങ്ങുമോ?

ദേവകി : അരി വേറെ വാങ്ങും. റേഷനരി വാങ്ങാനുള്ള സംവിധാനമുണ്ടല്ലോ.

വൈസ്ചാൻസലർ : പക്ഷെ അത്രയും കാലത്തേക്ക് നെല്ല് വിറ്റ് കിട്ടിയ പണം, അത് സൂക്ഷിച്ചുവെയ്ക്കാൻ കഴിയുമോ? പതമായിട്ട് കിട്ടുകയാണെങ്കിൽ നെല്ല് എവിടെ വെയ്ക്കും, മിഥുനം-കർക്കിടക മാസത്തിൽ ഉപയോഗിക്കുവാൻ?

ദേവകി : അപ്പോഴാണ് ടൗണിലേക്ക് നീങ്ങുന്നത്. നിർമ്മാണരംഗത്ത് പണിക്ക് പോകാറുണ്ട്. ആ രംഗത്ത് പണി കിട്ടാറുണ്ട്.

കലാനാഥൻ : നിങ്ങളുടെ നാട്ടിലെ യുവാക്കൾ, പുതിയ കുട്ടികൾ കാർഷികരംഗത്ത് തൊഴിലിന് വരാറുണ്ടോ?

ദേവകി : വേറെ തൊഴിലൊന്നും കിട്ടിയില്ലെങ്കിൽ ഇങ്ങോട്ട് വരും. സംഘടനാപരമായി 10-15 സ്ത്രീകൾ സംഘടിച്ചാൽ എന്തെങ്കിലും മെച്ചമുണ്ടെങ്കിൽ ഞങ്ങൾ തയ്യാറാണ്. അതിന് എന്ത് വേണമെന്ന് സാറുമ്മാർ പറഞ്ഞു തരണം.

**അമ്മിണി അയ്യപ്പൻ, അരിമ്പൂർ, തൃശ്ശൂർ ജില്ല** : പത്തു പതിനാലു വർഷമായി കാർഷിക രംഗത്ത് പണിയെടുക്കുന്നു. ഞങ്ങൾക്ക് 80 രൂപ കൂലിയുണ്ട്. മുതലാളിമാർക്ക് പണിക്ക് പോകണം. അവർ 70-75 രൂപ തരും. ആണുങ്ങൾക്ക് 150 രൂപ കൂലികൊടുക്കും. തെങ്ങിന്റെ തടം, പാടത്ത് കിള, ഇവക്കൊക്കെ ആണുങ്ങൾക്ക് 150 രൂപ കൂലി കിട്ടും. ഇപ്പോൾ യന്ത്രം വന്നതിനുശേഷം ഒരു ദിവസം 10-12 ഏക്കർ കൊയ്ത് പോകും. അധികം ഭാരപ്പെട്ട പണിയൊന്നും കൃഷിക്കാർക്കില്ല. 2-3 ദിവസം വെറുതെ ഇരിക്കേണ്ടി വരുമ്പോൾ ചുമട് എടുക്കാൻ പോകും. പഞ്ചായത്തിൽ കുറെ പദ്ധതികൾ തുടങ്ങിയിട്ടുണ്ട്. ഒന്നും അത്ര വലിയ പ്രാബല്യത്തിലായില്ല.

ദേവി : എന്തൊക്കെയാണ് ആ പദ്ധതികൾ?

അമ്മിണി : കുറേ പേർ കൂടി രൂപയിട്ട് അത് പലിശക്ക് കൊടുക്കും.

ശാരദാമണി : അതിന്റെ പ്രവർത്തനം എന്തായി?

അമ്മിണി : എല്ലാം രൂപീകരിച്ച് വെച്ചിട്ടുണ്ട്. കാര്യമായ പ്രവർത്തനം ഒന്നും ആയില്ല.

വൈസ്ചാൻസലർ : കൊയ്ത്തു യന്ത്രം വന്നപ്പോൾ അത് നിങ്ങൾക്ക് ഒന്നു ഓടിക്കണമെന്ന് തോന്നിയില്ലേ?

അമ്മിണി: അങ്ങനെ തോന്നിയില്ല. അതിന് കഴിവുള്ളവർക്കല്ലേ അത് ചെയ്യാൻ പറ്റുകയൊള്ളു.

ശാരദാമണി : അതിന് ഒരു ബുദ്ധിമുട്ടുമില്ല. നിങ്ങൾ അതിനൊക്കെ മുന്നോട്ടു വരണം.

വൈസ്ചാൻസലർ : നിങ്ങൾ എന്തൊക്കെ പണിക്ക് പോകും?

അമ്മിണി: എല്ലാ കൃഷിപ്പണിക്കും. ഞാറ് പറിക്കാൻ, കള പറിക്കാൻ, നടാൻ പോകും. കൊയ്യാൻ പോകും. അതില്ലാത്തപ്പോൾ ചുമട്ടു പണിക്കുപോകും.

ശാരദാമണി : യന്ത്രം വന്നതുകൊണ്ട് എന്തുമാത്രം തൊഴിലാണ് നഷ്ടപ്പെടാൻ പോകുന്നത്? അതിനെപ്പറ്റി നിങ്ങൾ ആലോചിച്ചിട്ടുണ്ടോ?

അമ്മിണി: 40-45 വയസ്സുള്ളവർ മാത്രമേ പാടത്തിറങ്ങുന്നുള്ളു. ചെറുപ്പക്കാർ ഫാക്ടറികളിൽ കയറുകയാണ് അതുകൊണ്ട് പണി നഷ്ടമെന്ന് പറയാനില്ല. സീസൺ പണി അല്ലേ. ഇപ്പോൾ കൊയ്ത്ത് കഴിഞ്ഞു വെള്ളം കേറ്റി. ഇനി ചിങ്ങം-കന്നി ആകുമ്പോൾ വെള്ളം വറ്റിച്ച് കൃഷി ഇറക്കും.

ശാരദാമണി : അപ്പോൾ നിങ്ങൾക്ക് തൊഴിൽ നഷ്ടമില്ലെന്നാണോ പറയുന്നത് ?

അമ്മിണി: നഷ്ടം തന്നെയാണ്. പക്ഷെ പണിചെയ്യാൻ ഇപ്പോൾ തന്നെ ആളില്ലാത്തതുകൊണ്ട് അത് അധികം ബാധിക്കുകയില്ല. പഞ്ചായത്തിന്റെ യന്ത്രം വന്നത് ഒരു തരത്തിൽ നല്ലതാണ്. ഒന്നിച്ച് കൃഷി ഇറക്കുമ്പോൾ തൊഴിലാളികൾ കുറയും. അപ്പോൾ പണി രാവിലെ 8 മണിക്ക് തുടങ്ങിയാൽ രാത്രി 10 മണിവരെ നീളും. രാവിലെ തുടങ്ങിയാൽ രാത്രി 10 മണിവരെ നീളും. കൊയ്ത്ത് കഴിഞ്ഞാൽ അത് ചവിട്ടാൻ നിൽക്കുക. അത് കഴിയുമ്പോൾ 10 മണിയാകും. സീസൺ വർക്ക് അല്ലേ കിട്ടുന്നുള്ളൂ. സ്ഥിരം പണിയില്ലല്ലോ?

വൈസ്ചാൻസലർ : ഭർത്താവിന് എന്തു പണിയാണ്?

അമ്മിണി : കൂലിപ്പണി തന്നെയാണ്.

ദേവി: എന്ത് പണിയാണ് ചെയ്യുന്നത്?

അമ്മിണി : കൃഷിപ്പണിതന്നെയാണ് ചെയ്യുന്നത്.

വൈസ്ചാൻസലർ: ഏകദേശം നെൽപ്പണിക്ക് ഒരു സീസണിൽ എത്ര പണി കിട്ടും?

അമ്മിണി : വിത്തിറക്കിക്കഴിഞ്ഞാൽ 4 ദിവസം കഴിയുമ്പോൾ മരുന്നടിക്കും. പിന്നെ പുല്ല് വരുമ്പോഴാണ് കള പറിക്കുന്നത്. പിന്നെ പുല്ല് വലിക്കണം. ആദ്യം 10-25 പേർ ഇറങ്ങിയിടത്ത് ഇന്ന് 5-10 പേർ മതിയാകും. പണി എല്ലാം കൂടി 30 ദിവസത്തേക്ക് കിട്ടും. അത് കഴിയുമ്പോൾ നെല്ല് വലുതാകും. ഞാറ് നടാൻ സ്ഥലം ഒരുക്കണം. അത് കഴിഞ്ഞ് ഞാറ് നടാൻ എല്ലാവരും കൂടി ഇറങ്ങില്ല. കുറച്ച് ആളുകളെ ഇറങ്ങൂ.

സുധാകരൻ : ഞാറ് വലിക്കലും നടലുമായി 10-15 ദിവസത്തെ പണി കിട്ടുമോ?

അമ്മിണി : അത് അവസരം കിട്ടുന്നപോലെയിരിക്കും. ആള് കുറവാണെങ്കിൽ 10-15 ദിവസത്തേക്ക് കിട്ടും. കൊയ്ത്തും 10-15 ദിവസത്തേക്ക് ഉണ്ടാകും. ഇപ്രാവശ്യം 2-3 ദിവസമേ കിട്ടിയുള്ളൂ.

വൈസ്ചാൻസലർ : അത്രനാളൊക്കെ കൊയ്ത്ത് കിട്ടുമോ?

അമ്മിണി : ഞങ്ങളുടെ പാടവും അടുത്തുള്ള പാടവും തമ്മിൽ ഒരു ചാല് ദൂരമേയുള്ളൂ. ആ പാടത്ത് കൊയ്ത്തിനു പോകും. അത് കഴിയുമ്പോൾ ഞങ്ങളുടെ പാടത്ത് വരും.

ശാരദാമണി : നിങ്ങളുടെ പാടത്ത് ഞാറ് നടീൽ യന്ത്രം വന്നിട്ടുണ്ടോ? നിങ്ങൾ അതിന്റെ നടീൽ കണ്ടിട്ടുണ്ടോ?

അമ്മിണി : ഇല്ല. ഇതുവരെ കണ്ടതുമില്ല.

വൈസ്ചാൻസലർ : നടീലാണോ വിതയ്ക്കലാണോ നിങ്ങളുടെ പാടത്ത്.

അമ്മിണി : ആദ്യ പുവ്വ് കൃഷി നടീലാണ്. പിന്നെ രണ്ടാമത്തെ കൃഷി വിതയ്ക്കലാണ്.

ശാരദാമണി : പണ്ടത്തെക്കാൾ ഇപ്പോൾ തൊഴിലാളി സ്ത്രീകൾ കുറഞ്ഞിട്ടുണ്ടോ അവിടൊക്കെ?

അമ്മിണി : ഇന്ന് കുറഞ്ഞിട്ടുണ്ട്. ചെറുപ്പക്കാരെല്ലാം വ്യാവസായിക മേഖലയിലേക്ക് തിരിയുകയാണ്. സന്ധ്യയാവോളം വെയിലുകൊണ്ട് പണിയാൻ ഇപ്പോൾ താല്പര്യമില്ല. അവർക്കാർക്കും.

വൈസ്ചാൻസലർ : എന്താണതിന് കാരണം? നിങ്ങൾ ഇതുവരെ അതിനെക്കുറിച്ച് ഓർത്തിട്ടുണ്ടോ?

അമ്മിണി : എന്താന്നുവെച്ചാൽ പൊതുവേ കൃഷിയിൽ പങ്കെടുക്കാനുള്ള മടികൊണ്ടു തന്നെ. വെയിലും മഴയും കൊണ്ട് പണിചെയ്യാൻ മടി.

സുകുമാരൻ നായർ : നിങ്ങളുടെ കുട്ടികളെ ഇതിലേക്ക് അടുപ്പിച്ചു കൊണ്ടുവരാൻ സാധിക്കുമോ?

അമ്മിണി: ഞങ്ങൾ കുട്ടിക്കാലം മുതൽക്കേ പണിചെയ്യുന്നവരാണ്. ഞങ്ങളുടെ അച്ഛനമ്മമാർ പണി ചെയ്യുന്നവരായിരുന്നു. ഇപ്പോഴത്തെ കുട്ടികൾക്ക് താല്പര്യം ഇല്ല കാറ്റും മഴയും കൊണ്ട് പണി ചെയ്യാൻ. അവർ ആദ്യമേ ഉപേക്ഷിക്കുന്നത് പാടത്തുള്ള പണിയാണ്.

സുധാദേവി : ഒന്നു ചോദിക്കട്ടെ, കൃഷിപ്പണിക്ക് പോകുന്നത് മോശമാണെന്ന് അഭിപ്രായമുണ്ടോ?

അമ്മിണി : അങ്ങനെ അഭിപ്രായമില്ല. പക്ഷെ ഇപ്പോഴത്തെ കുട്ടികൾക്ക് ജോലിക്ക് പോകാനാണിഷ്ടം. പിന്നെ കുറച്ചുപേർ ഇതിൽ ഇറങ്ങുന്നവരുണ്ട്. അച്ഛനമ്മമാരുടെ താല്പര്യം ഒക്കെ കൊണ്ടാണത്.

സുധാദേവി : ചേച്ചി എന്തു പറയുന്നു? ചേച്ചിയുടെ കുട്ടികളെ ഇതിലേക്ക് വിടാൻ താല്പര്യമുണ്ടോ?

അമ്മിണി : സത്യം പറഞ്ഞാൽ താൽപര്യം തീരെയില്ല.

ശാരദാമണി : കാരണമെന്താണ്?

അമ്മിണി : കഷ്ടപ്പാടുകൊണ്ട്. ഒരു സർക്കാർ ജോലിയാണെങ്കിൽ സ്ഥിരമായ വരുമാനമുണ്ട്. ഇവിടെയില്ല. നമ്മൾ പണി എടുത്താൽ മാത്രമേ വരുമാനമുള്ളൂ.

ശാരദാമണി : കൃഷിയിൽ നിന്നുള്ള ഉല്പന്നങ്ങളുടെ വിലക്ക് വലിയ വ്യത്യാസം വരുന്നില്ല. സർക്കാർ ജോലിയിൽ അങ്ങിനെ ഇല്ല. അങ്ങിനെയിരിക്കെ കൃഷിപ്പണിക്ക് മാന്യത പോര എന്ന് തോന്നുന്നുണ്ടോ?

അമ്മിണി : ഞങ്ങൾക്ക് തെങ്ങും നെൽകൃഷിയും മാത്രമേ ഉള്ളൂ. ഒരു സർക്കാർ ജോലിയാണെങ്കിൽ സുരക്ഷരാണ്. ഞങ്ങൾക്ക് 10 ദിവസം പണിയുണ്ടെങ്കിൽ 10 ദിവസം പണിയില്ല. ഭർത്താക്കന്മാർക്കുകൂടി പണിയില്ലെങ്കിൽ പട്ടിണി കിടക്കേണ്ടിവരും. കുടിക്കുന്നവരാണെങ്കിൽ അത് കുടിക്കാനേ തികയൂ. ഒരു സ്ഥിര വരുമാനം എന്ന് വിചാരിച്ചാണ്. അല്ലാതെ കൃഷിയെ ഒരിക്കലും മോശമായി കണ്ടിട്ടല്ല സർക്കാർ ജോലി വേണമെന്ന് പറയുന്നത്.

വൈസ്ചാൻസലർ : ചേറിലിറങ്ങാനും മറ്റും മടിയുള്ള ചെറുപ്പക്കാരെ മെഷീനും മറ്റും കൊണ്ടുവന്നാൽ പാടത്തിറക്കാം എന്ന് തോന്നുന്നുണ്ടോ? അതിനെപ്പറ്റിയുള്ള അഭിപ്രായമെന്താണ്?

അമ്മിണി : ഒന്നോർത്താൽ തൊഴിലാളികളെ കിട്ടാതെ വരുമ്പോൾ കൃഷിപ്പണിക്ക് മുതലാളിമാർ ചില സമയത്ത് പണിക്കാരെ കയ്യുംകാലും പിടിച്ചാണ് പണിക്കിറക്കുന്നത്. അപ്പോൾ മെഷീൻ വരുന്നതാണ് നല്ലത്. മെഷീൻ വന്നാൽ രക്ഷപ്പെടുമല്ലോ കൃഷി.

**ആദ്യദിവസം ഉച്ചയ്ക്കു ശേഷമുള്ള സംഭാഷണം**

ഉച്ചയ്ക്കു ശേഷം കൂടിയപ്പോൾ പാലക്കാടുനിന്ന് വന്ന കർഷകത്തൊഴിലാളികളാണ് സംസാരിച്ചത്. ലക്കിടി, ചേർപ്പുളശേരി, കൊല്ലങ്കോട് എന്നീ പഞ്ചായത്തുകളിലെ തൊഴിലാളികളായിരുന്നു അവർ.

**മീനാക്ഷി, നെല്ലായ പഞ്ചായത്ത്, പട്ടാമ്പി** : 10-13 വർഷമായി കൃഷിപ്പണിയിൽ ഏർപ്പെട്ടിട്ട്. കൃഷിപ്പണി എന്നും ഉണ്ട്. വർഷക്കാലത്ത് ഞാറ് പറിക്കലും നടലും വേനൽക്കാലത്ത് മുള്ളിന്റെ പണിയും – ഈ രണ്ട് പണികളിൽ ഏതെങ്കിലും ഒന്ന് ഉണ്ടാകാറുണ്ട്. ഭർത്താവും കുട്ടികളും ഒന്നും എനിക്കില്ല. ഈ വേനൽക്കാലം മുഴുവനും മുള്ള് പണിയുണ്ടായിരുന്നു. മിഥുനമാസത്തിൽ ഞാറ് പറിക്കാനും നടാനും പോകും. ചിങ്ങത്തിലും കന്നിയിലും അത് കൊയ്യാൻ പോകും. തുലാമാസത്തിലും പണിയുണ്ടായിരുന്നു.

വൈസ്ചാൻസലർ : ഈ മുള്ള് പണി എന്താണെന്ന് വിശദീകരിക്കാമോ?

മീനാക്ഷി : മുള്ള് ആണുങ്ങൾ വെട്ടും. അത് കെട്ടാക്കിയിട്ട് ഏറ്റിക്കൊണ്ടുപോയി വേലിപ്പണി എടുക്കും.

വൈസ്ചാൻസലർ : ഈ പണിയിൽ നിങ്ങളെന്താണു ചെയ്യുക?

മീനാക്ഷി : വെട്ടിയിടുന്ന മുള്ള് കെട്ടാക്കുക. വേലി വെയ്ക്കുന്നതും ഞങ്ങളാണ്.

ശാരദാമണി : ഒരു ദിവസം എത്ര രൂപ കിട്ടും?

മീനാക്ഷി : ഏതു പണിക്കു പോയാലും ഒരു ദിവസം 60 രൂപ കിട്ടും.

ശാരദാമണി : മുള്ളുപണി ആണുങ്ങൾ മാത്രമേ ചെയ്യുകയുള്ളോ?

വൈസ്ചാൻസലർ : മുള്ളുപണിയിൽ, ഇല്ലിക്കൂട്ടത്തിൽ നിന്ന് മുള്ള് വലിച്ചിറക്കുന്നത് ആണുങ്ങളാണ്. അത് കെട്ടി കൊണ്ടുവന്നിട്ട് വേലിമേൽ വെച്ച് കെട്ടുന്നത് സ്ത്രീകളും, അങ്ങിനെയല്ലേ? മുള്ളിറക്കാൻ പോകുന്ന ആണിന് എന്ത് കിട്ടും?

മീനാക്ഷി : ആണിന് 100 രൂപ. ചുമടേറ്റി കൊണ്ടുപോയി വേലി കെട്ടുന്ന സ്ഥലത്തിട്ടിട്ട് ഓരോന്നായി വച്ച് കമ്പി വച്ച് കെട്ടും. പെണ്ണുങ്ങളും ആണുങ്ങളും കെട്ടും. ആണുങ്ങൾ കുത്തിനിർത്തിയിട്ട് പെണ്ണുങ്ങൾ കമ്പി വച്ച് കെട്ടും. സ്ത്രീകൾക്ക് 60 രൂപ കിട്ടിയാൽ പോരാ മുള്ളിന്റെ പണി ചെയ്യുന്നവർക്ക് എന്ന് അവരോടു പറഞ്ഞാൽ അവർ ഇത്രയേ പറ്റൂ എന്ന് പറയും. അവർ തരുന്നത് വാങ്ങുന്നുവെന്ന് മാത്രം..

വൈസ്ചാൻസലർ : രണ്ട് പ്രധാന കാര്യങ്ങളാണ് ഇതിലുള്ളത്. മുള്ളുപണിയുടെ കാര്യത്തിൽ, ഇല്ലിക്കൂട്ടത്തിൽ നിന്ന് ശിഖരങ്ങൾ വെട്ടിയെടുക്കുക ആണുങ്ങൾ ചെയ്യും. മുള്ളുവലിച്ചെടുക്കുന്നത് ആണുങ്ങൾ ചെയ്യും. വേലി കെട്ടുന്നത് പെണ്ണുങ്ങൾ ചെയ്യും. അല്ലേ?

808523

മീനാക്ഷി : മുള്ളുവെട്ടി ചാടിക്കുന്ന മുള്ള് ഓരോ ന്നോരോന്നായി വലിച്ചെടുത്ത് കൂട്ടിയിട്ട് നാരുവെച്ച് ഒരു കെട്ടാവുമ്പോൾ മുറുക്കുക. പിന്നെ അതു ചുമടാക്കി എവിടെയാണോ കെട്ടാക്കുന്നത് അവിടെ കൊണ്ടു പോയി വെയ്ക്കുക. വേനൽക്കാലം മുഴുവനും മുള്ളിന്റെ പണിയാണ്. വേറെ പണിയെടുക്കാൻ സ്ഥല മില്ല. ആണുങ്ങൾ വെച്ചുവെച്ചുപോകുമ്പോൾ ഇവർ കെട്ടുന്നു അത്രയേയുള്ളൂ. മുള്ളുകൊണ്ട് ശരീരം ആകെ മുറിയും. വലിയ ഭാരമുള്ള പണിയൊന്നും ആണുങ്ങൾ ചെയ്യുന്നില്ല. വേലിപ്പണി രണ്ടുകൂട്ടരും ചെയ്യുന്നുണ്ട്, ആണുങ്ങളും പെണ്ണുങ്ങളും. രാവിലെ 8 മണിക്കു തുടങ്ങിയാൽ ഒരു മണിക്ക് പണി മാറ്റും. പിന്നെ രണ്ടു മണിക്കിറങ്ങിയാൽ അഞ്ചരമണിക്ക് കേറും. ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും അതേ സമയം തന്നെ.

വൈസ്ചാൻസലർ : നിങ്ങൾക്ക് സ്വന്തമായി എത്ര സ്ഥല മുണ്ട്? വീടുണ്ടോ?

മീനാക്ഷി : ആറു സെന്റ് സ്ഥലമുണ്ട്. അതിൽ പണിയെ ടുക്കാനൊന്നുമില്ല. നാലഞ്ചു തെങ്ങുണ്ട്. അതുതന്നെ. വീടുണ്ട്. ഓടിട്ടത്. കറന്റില്ല. രണ്ടുമൂന്നു കൊല്ലമായി വയറിംഗ് ചെയ്തു. വെള്ളമില്ല. വിറക് പണിസ്ഥലത്തു നിന്ന് കിട്ടും. കക്കൂസ് ഇല്ല.

സുധാദേവി : നിങ്ങൾക്ക് പണിയിടങ്ങളിൽ ഭക്ഷണം തരുമോ?

മീനാക്ഷി : ഭക്ഷണം മിക്കവാറും നൽകാറില്ല. 10 മണിക്ക് ചായ തരും, 4 മണിക്കും ചായ തരും.

വൈസ്ചാൻസലർ : ഭക്ഷണം തന്നാൽ ഇഷ്ടപ്പെടുമോ?

മീനാക്ഷി: ഇഷ്ടപ്പെടില്ല. അതുകൊണ്ട് കഴിക്കില്ല.

വൈസ്ചാൻസലർ : അപ്പോൾ ഉച്ചയ്ക്കെന്തു ചെയ്യും?

മീനാക്ഷി : ഉച്ചയ്ക്ക് വീട്ടിൽ ചെന്ന് കഴിക്കും.

ശാരദാമണി : ജോലി ഇല്ലാത്തപ്പോൾ എന്തുചെയ്യും?

മീനാക്ഷി : ജോലി ഇല്ലാത്ത ദിവസങ്ങൾ ഇല്ല. പക്ഷെ എന്റെ അഭിപ്രായത്തിൽ 60 രൂപ കൂലി തികയില്ല. 2-3 കുറികളുണ്ട്. വയസ്സായ ആളെ നോക്കണം. 60 രൂപ തികയില്ല. കുറേ മുൻപ് തുടങ്ങിയതാണ് ഈ പണി. ഭർത്താവിന് പണി ഒന്നും ഇല്ല. ആദ്യം ഒന്ന് കല്യാണം കഴിച്ചതിൽ 2 മക്കളുണ്ട്. കൃഷിപ്പണി കൊണ്ടാണ് ജീവിതം കഴിയുന്നത്.

**ചക്കി നെല്ലായ** : വിദ്യാഭ്യാസമില്ല. പണ്ടുതന്നെ അമ്മ മരിച്ചു. ആരുമില്ല സ്വന്തമായി. കല്യാണം കഴിച്ച് വന്നത് നെല്ലായയിൽ. കൃഷിപ്പണി തുടങ്ങിയ കാലത്ത് 50 പൈസ കൂലിയാണ് ആദ്യമായി കിട്ടിയത്. മുള്ള് പണി തന്നെയാണ് വേനൽ കാലം മുഴുവനും.

വൈസ്ചാൻസലർ : കൊയ്ത്തിന് പോയാൽ പതം എത്രയാ?

ചക്കി : 15 അങ്ങോട്ട് ആയാൽ 16 ഇങ്ങോട്ട് തരും പണ്ട്. ഇപ്പോൾ ഒരു പറ നെല്ല്. നെൽക്കൃഷിപ്പണിക്ക് ഒരു ദിവസം 60 രൂപ. 10 മണിക്ക് ചായ തരും. മക്കളായി ഒരു പെൺകുട്ടി മാത്രം. അതിനെ കല്യാണം ചെയ്ത യച്ചു. 10-ാം ക്ലാസ്സുവരെ പഠിപ്പിച്ചു. ഇപ്പോൾ മൂന്നു മക്കളായി.

വൈസ്ചാൻസലർ: നിങ്ങൾക്ക് സ്വന്തമായി സ്ഥല മുണ്ടോ?

ചക്കി : ഉണ്ട്. മൂന്ന് സെന്റ് സ്ഥലം. പഞ്ചായത്തിൽ നിന്നും 6000 രൂപ കിട്ടി. പഞ്ചായത്ത് കെട്ടി തന്ന വീടാ. ഭർത്താവിന് 100 രൂപ കിട്ടും. അങ്ങോട്ട് രൂപ കൊടു ക്കില്ല. ചില്ലറ ചിലവൊക്കെ നടത്തും. വയലിൽ പണി യുമ്പോൾ സ്ഥിരമായി കുനിഞ്ഞു നിൽക്കുന്നത് ബുദ്ധിമുട്ടാണ്. കണ്ണിൽ നിന്ന് വെള്ളം വന്നുകൊ ണ്ടാണ് കേറുന്നത്. വിഷമമൊക്കെയുണ്ട്. നമുക്ക് വേറെ ആരും ജോലി തരാനില്ല.

മീനാക്ഷി : ഒരാൾ ഒരു ദിവസം ഒരു പറ നെല്ലിന്റെ പണി ചെയ്യും. ഒരു പറയ്ക്ക് 80 രൂപയുണ്ട്. ഇപ്പോൾ കാശ് കൂടി 90 രൂപ ആയി.

**നാരായണി നെല്ലായ** : 15 വയസ്സിൽ തുടങ്ങി ഇന്ന് വരെ പാടത്ത് പണി തന്നെയാണ്. ഇപ്പോൾ വിത്ത് വിത ച്ചു. ഇനി അടുത്ത മാസം തൊട്ട് പണി തുടങ്ങുകയാ യി. തോല് പാറപ്പുറത്ത് നിരത്തും. ഉച്ചയ്ക്ക് വാരി ക്കൂട്ടും. 60 രൂപയാണ് ഈ തോലുപറിക്ക് കിട്ടുന്നത്. കൊയ്ത്തിന് പത്തിടങ്ങഴി നെല്ല് കൂലിയായി കിട്ടും. അതിനുമുമ്പ് 7ന് ഒന്ന് പതം. അത് കഴിഞ്ഞിട്ട് കൂലി യായി. തുലാമാസത്തിലും പുല്ല് പറിക്കൽ, ചിങ്ങമാ സത്തിൽ ഉണക്കി കൂട്ടും. പുല്ല് പറികഴിഞ്ഞാൽ 2 മാസം ഞങ്ങൾക്ക് പണിയുണ്ടാകാറില്ല. പിന്നെ കൊയ്ത്ത് തുടങ്ങും. അപ്പോഴേയ്ക്ക് നെല്ല് കതിര് വരും. കൊയ്ത്ത് കഴിഞ്ഞാൽ അത് തല്ലി നെല്ലും പതിരും പത്തായത്തിലാക്കുന്നതുവരെ ഞങ്ങൾക്ക് പണിയുണ്ട്. ആ പണി കഴിഞ്ഞാൽ വേലിപ്പണിക്ക് പോകും. അതിന് ഉടമസ്ഥൻ പെണ്ണിന് 60 രൂപയും ആണിന് 100 രൂപയും കൊടുക്കും. മുള്ള് പണിക്ക് കരാർ പണി ഉണ്ട്. 5 മണിവരെ മുള്ള് വെട്ടും. അരി വാൾ തോട്ടിവെച്ച് മുള്ള് വെട്ടും. ഞങ്ങൾക്ക് പിഴയ്ക്ക ണം. ഒരു മകനുണ്ട്. കല്യാണം കഴിച്ച് 3 മക്കളായി. 5 സെന്റ് സ്ഥലം അമ്മ തന്നതുണ്ട്. ലോൺ എടുത്ത് കൂര കെട്ടിയത്, ആ പണം കെട്ടാഞ്ഞിട്ട് അവൻ എന്നെ അടിച്ച് ശരിയാക്കി. സത്യമാണ്. പിടിച്ചുനോക്കിയാല റിയാം. ശരീരം മുഴുവൻ എല്ലാണ്. എനിക്കൊരു ആശ്രയവുമില്ല. അവന് മൂന്ന് വയസ്സുള്ളപ്പോൾ ഭർത്താവ് ഉപേക്ഷിച്ചതാണ്. ഇത്രയും കാലം നോ ക്കി വളർത്തിയ എന്നെയാണിങ്ങനെ കഷ്ടപ്പെടു ത്തുന്നത്......

ഇതേ തുടർന്ന് പൊട്ടിക്കരഞ്ഞ നാരായണിയെ ആശ്വസി പ്പിക്കാനാകാതെ എല്ലാവരും ധർമ്മസങ്കടത്തിലായി. സദസ്സിനെ സാധാരണ സ്ഥിതിയിലേക്ക് മടക്കി കൊണ്ടുവരാനായിട്ട് ഗീതക്കുട്ടി സ്ത്രീകളുടെ പൊതു പ്രശ്നങ്ങളെക്കുറിച്ച് സംസാരിച്ചു.

ഗീതക്കുട്ടി : നമ്മുടെ കുടുംബത്തിലും സമൂഹത്തിലുമുള്ള ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കണം. നമുക്ക് ഒന്ന് തിരിഞ്ഞുനോക്കാം. ഈ പ്രശ്നങ്ങൾ എങ്ങിനെ തരണം ചെയ്യാം എന്ന് നമ്മൾ ആലോചിക്കണം. എപ്പോഴും ഇതുതന്നെ തുടർന്നു പോയാൽ മതിയോ എന്നും ചിന്തിക്കണം. അതിനൊക്കെയാണ് നമ്മളെല്ലാവരും ഇവിടെ കൂടിയിട്ടുള്ളത്. ഇനി ലക്കിടിയിൽ നിന്ന് ആരൊക്കെയാണ് വന്നിരിക്കുന്നത്? അവർക്ക് എന്താണ് പറയാനുള്ളത്? നമുക്ക് കേൾക്കേണ്ടേ?

മീനാക്ഷി : നാരായണി പറഞ്ഞപോലെ തന്നെ ഞങ്ങൾ ഒന്നിച്ച് കൃഷി തുടങ്ങിയതാണ്. എല്ലാപണിയും ചെയ്യും. ഞാറ് പറിക്കുക, നടുക, വളം ഇടുക, തോലേറ്റുക എല്ലാം ചെയ്യും. മക്കളുണ്ട്. 4 ആള്. ഒരു പെണ്ണും 3 ആണും. 18 വയസ്സായ ഒരു മകൻ മാത്രം ഇപ്പോൾ ജോലി ഒന്നും ആകാതെയുണ്ട്. ഒരു പെരയുണ്ട്. 5–6 സെന്റ് സ്ഥലമുണ്ട്. ജീവിക്കാൻ വഴിയില്ല. എന്തെങ്കിലും ഒരു വഴി കാണിച്ചു തരണം.

നാരായണിയുടേയും മീനാക്ഷിയുടേയും കഷ്ടപ്പാടുകൾ കേട്ട സദസ്സ് ആകെ ചൂടു പിടിച്ച ചർച്ചയിലായി. ദരിദ്രകൾക്കും വിധവകൾക്കും മറ്റുമുള്ള പെൻഷൻ, സഹായ നിധി മുതാലായവ ഇവർക്ക് കിട്ടാൻ വഴിയില്ലേ? ഇതൊന്നും നടപ്പിലാകുന്നില്ലേ, നമ്മുടെ നാട്ടിൻ പുറങ്ങളിൽ എന്ന സംശയങ്ങൾ പലരും ചോദിച്ചു. അതിനെ തുടർന്ന് പഞ്ചായത്തിലെ സ്ഥിതിഗതികളെക്കുറിച്ച് വള്ളിക്കുന്ന് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ കലാനാഥൻ വീണ്ടും സംസാരിച്ചു.

കലാനാഥൻ : പെൻഷൻ, സഹായനിധി തുടങ്ങിയവ വേണ്ടവർക്ക് യഥാസമയം കിട്ടില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. പഞ്ചായത്തുകാർക്ക് ഇതിലൊന്നും അല്ല താൽപര്യം. ജനകീയാസൂത്രണം പ്രമാണിച്ച് മൂന്നിരട്ടി പണികൂടി. ഒരു ക്ലാർക്കിന്റെ എണ്ണം പോലും കൂട്ടിയിട്ടില്ല, പഞ്ചായത്തിൽ. അതിനാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് അവർക്ക് സമയം കിട്ടാറില്ല. പെൻഷൻ കൊടുക്കുക എന്നത് ഒരു മഹത്തായ കർമ്മമാണെന്ന തിരിച്ചറിവ് ഈ നേതാക്കൻമാർക്കും പ്രവർത്തകർക്കും ഇല്ല. എല്ലാപണിയും കഴിഞ്ഞിട്ട് ഒരു പണിയും ഇല്ലെങ്കിൽ ചെയ്യാവുന്ന പണിപോലെയാണ് ചെയ്യുന്നത്. ഞങ്ങളുടെ പഞ്ചായത്തിൽ എല്ലാ ഒന്നാം തീയതിയും ചെയ്യുന്നതാണ്. മറ്റുള്ളവർക്ക് കൊടുക്കാനുള്ളത് കൊടുത്തിട്ടേ നമുക്ക് എടുക്കാവൂ. ഈ വയസ്സായവർക്ക് പെൻഷൻ കൊടുക്കാൻ കേന്ദ്രഗവൺമെന്റ് സ്കീം ഉണ്ട്. 110 രൂപയാണ് എന്റെ പഞ്ചായത്തിൽ. 475 പേർക്ക് ആ പെൻഷൻ കൊടുക്കുന്നുണ്ട്. എന്റെ പഞ്ചായത്തിൽ മൊത്തം 177 പേർക്ക് കിട്ടും. വാർദ്ധക്യപെൻഷനാണെങ്കിൽ 65 കഴിയണം. വിധവാ പെൻഷന് പ്രായത്തിന്റെ പ്രശ്നം വരുന്നില്ല. കർഷകതൊഴിലാളി സംഘടനകൾ ബന്ധപ്പെട്ട് അപേക്ഷകൾ സ്വീകരിക്കണം. ഞാൻ പഞ്ചായത്തിൽ അപേക്ഷാഫോറം പ്രിന്റ് ചെയ്തു, അയൽക്കൂട്ടത്തിൽ വിതരണം ചെയ്തു. പരമാവധി അപേക്ഷകൾ സമ്പാദിച്ച് മുന്നോട്ട് പോയി അതിന്റെ ചിലവ് ഓഡിറ്റ് തടസ്സം വരുകയാണെങ്കിൽ സ്വന്തം കയ്യിൽ നിന്നു എടുത്തു കൊടുക്കും. എന്റെ അഭിപ്രായത്തിൽ ഞാൻ ചെയ്ത ഏറ്റവും വലിയ പുണ്യം മുന്നൂറോളം പെൻഷൻ കൂട്ടി കൊടുക്കാൻപറ്റി എന്നതാണ്. കളക്ടറെകണ്ട് വളരെ തന്ത്രപൂർവ്വം പെൻഷൻ കൂട്ടിവാങ്ങി. കയർത്തൊഴിലാളിപെൻഷനുമുണ്ട്.

ഗീതക്കുട്ടി: ഇവിടെ വന്ന വളരെ തുച്ഛം പേർക്കേ പെൻഷനെക്കുറിച്ചറിയാവൂ. എത്രതരം പെൻഷൻ ഉണ്ട്, ഏതെല്ലാം നിയമങ്ങളാണ് അവയുമായി ബന്ധപ്പെട്ടിട്ടുള്ളതെന്ന് മാഷ് ഒന്ന് പറഞ്ഞാൽ നന്ന്.

കലാനാഥൻ : 6 പെൻഷൻ ഒരു പഞ്ചായത്തിന് മാത്രം കൊടുക്കുന്നുണ്ട്. വനിതാ പ്രതിനിധികൾ സെക്രട്ടറിയോട് സംസാരിച്ച് പെൻഷനുകളെക്കുറിച്ചും അവയുടെ വ്യവസ്ഥകളെക്കുറിച്ചും മനസ്സിലാക്കാം. അപേക്ഷാഫോറം പഞ്ചായത്ത് പ്രിന്റ് ചെയ്ത് തരണം. ഒപ്പിട്ട് തിരിച്ച് പഞ്ചായത്തിൽ കൊണ്ടുപോയി കൊടുക്കണം. കൊടുക്കുമ്പോൾ വരുമാന സർട്ടിഫിക്കറ്റും ജാതി സർട്ടിഫിക്കറ്റും വേണം. കർഷക സംഘടനകൾ ഒക്കെയാണ് കാർഷിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടത്. മഹിളാസംഘങ്ങൾ പഞ്ചായത്ത് പ്രസിഡണ്ടിനെ ചെന്നു കണ്ട് എത്ര പെൻഷൻ ഉണ്ട്. എത്ര ബാലൻസ് ഉണ്ട് എന്നൊക്കെ മനസ്സിലാക്കണം. ഈ രീതിയിൽ ഒരു പഞ്ചായത്തിലെ മെമ്പറിനെ ഇതിനു മാത്രമായി പിടിച്ചു വെയ്ക്കുക. ശ്രമിക്കുകയാണെങ്കിൽ ഒരു പഞ്ചായത്തിൽ ചുരുങ്ങിയത് 500 പേർക്ക് വിവിധ പെൻഷൻ സഹായങ്ങൾ വാങ്ങി കൊടുക്കാൻ സാധിക്കും. അങ്ങനെ ചെയ്താൽ ഈ കരയുന്നവരുടെ കണ്ണീർ ഒരു പരിധിവരെ തുടയ്ക്കാനും സാധിക്കും. വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ. ഇതിൽ വികലാംഗ പെൻഷനും വിധവാ പെൻഷനും വയസ്സിന്റെ കണക്കില്ല. പ്രായപൂർത്തിയായ മക്കൾ (ആൺകുട്ടി) ഉണ്ടായാൽ പെൻഷൻ കിട്ടില്ല. ആൺകുട്ടിക്ക് വയസ്സ് 18 ആയാൽ പെൻഷൻ ഇല്ല. മഹിളാ സംഘടനകൾ ഇതിനെതിരെ മുന്നോട്ടു വരണം.

ശാരദാമണി : അമ്മയെ ഉപദ്രവിക്കുന്ന തൊഴിലില്ലാത്ത 18 വയസ്സുള്ള മകനുണ്ടെങ്കിൽ പെൻഷൻ കൊടുക്കാത്തതു ക്രൂരതയല്ലേ? അത്തരം ഒരു വ്യവസ്ഥയ്ക്ക് എന്തെങ്കിലും അർത്ഥമുണ്ടോ? ഇത്തരം വ്യവസ്ഥകൾ പരിശോധിച്ച് മാറ്റേണ്ട ബോധം ഇനിയും ഉണ്ടായിട്ടില്ലേ? ഇതിനൊക്കെ മഹിളാ സംഘടനകൾ മുന്നോട്ടുവരണം.

കലാനാഥൻ : കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, അഗതി പെൻഷൻ (മറ്റാരുമില്ലാത്തവർക്ക്). അച്ഛൻ ജീവിച്ചിരിപ്പില്ലെങ്കിൽ പെൺകുട്ടികളുടെ വിവാഹത്തിന് 2000 രൂപ കിട്ടും. ഇതൊക്കെയാണ് മറ്റു സഹായങ്ങൾ.

ദേവി : മന്ദബുദ്ധികൾക്ക് കിട്ടുമോ ഇത്തരം സഹായങ്ങൾ?

കലാനാഥൻ : അത് വികലാംഗ പെൻഷനിൽ തന്നെ വരും. 40% മന്ദബുദ്ധിത്തരം ഉണ്ടെങ്കിൽ പെൻഷൻ കിട്ടും.

വൈസ്ചാൻസലർ : പെൻഷൻ നൽകാനുള്ള തെരഞ്ഞെടുക്കലും തീരുമാനവും ആരാണ് നടത്തുന്നത്?

കലാനാഥൻ : സെലക്റ്റ് ചെയ്യൽ പഞ്ചായത്താണ്. രൂപ കൊടുക്കേണ്ടതും പഞ്ചായത്ത് ആണ്, അതും ജോലി ഭാരം കൊണ്ട് പഞ്ചായത്തിന് നേരെ ചെയ്യാൻ പറ്റാത്ത അവസ്ഥയാണ്. ഒരു സ്റ്റാഫിനെയും കൂട്ടിത്തരില്ല. ഓണം-വിഷു കാലങ്ങളിൽ post office അടയ്ക്കുന്നതിന് മുമ്പ് ഞങ്ങൾ ഉറക്കമിളച്ചിരുന്ന് ചെയ്ത് കൃത്യ സമയത്ത് പെൻഷൻ കൊടുക്കാൻ ശ്രമിക്കാറുണ്ട്.

**ചന്ദ്രിക, അരിമ്പൂര്**: കർഷക തൊഴിലാളിയാണ്. 15 വയസ്സിൽ തുടങ്ങി. ഇന്ന് 45 വയസ്സായി. 16 വയസിൽ കല്യാണം കഴിച്ചു. സ്നേഹമില്ലായിരുന്നു. അവർക്ക് മൊതല് കിട്ടണം. ബന്ധം 3 വർഷം കഴിഞ്ഞ് അവസാനിപ്പിച്ചു. ഇപ്പോൾ കൂലിപ്പണികൊണ്ട് ജീവിക്കുന്നു. എനിക്ക് വല്ലതും കിട്ടുമോ? SNDP യിലൂടെ പോയി അന്വേഷിച്ചു. അവർ പറഞ്ഞു രേഖകളൊക്കെ ചിതലുപിടിച്ചുപോയി എന്ന്.

വൈസ്ചാൻസലർ : അമ്മയെയും സഹോദരങ്ങളെയും നിങ്ങളാണോ പോറ്റുന്നത്?

ചന്ദ്രിക : ചെറുപ്പത്തിൽ ഞാൻ തന്നെയായിരുന്നു. പിന്നെ സഹോദരൻ പണിക്ക് പോകും. കൃഷിപ്പണിയല്ലാതെ വേറെ പണിക്കൊന്നും ഞാൻ പോകാറില്ല ഇപ്പോൾ.

വൈസ്ചാൻസലർ : കൃഷിപ്പണി എന്നും കിട്ടിയെന്നിരിക്കില്ലല്ലോ?

ചന്ദ്രിക : ഇല്ല. നാലുമാസം ഒക്കെ കൂടുമ്പോൾ കിട്ടും. ഇപ്പോ അതും കിട്ടാനില്ലാതായി. ഇപ്പോൾ ഒരു മാസം 20 ദിവസം ഒക്കെയായി. ഇപ്രാവശ്യം മുതൽ ഒരു പണിയുമില്ല. കൊയ്ത്തുവരെയില്ല.

കലാനാഥൻ : സ്വന്തം വീട്ടിൽ വെച്ച് നമുക്ക് വരുമാനമുണ്ടാക്കാവുന്ന ചെറിയ പണികൾ ചെയ്തൂടെ? 10 കോഴിയെ വളർത്തുക. ഒന്നുമില്ലാത്തവർക്ക് ആശ്വാസമാകും. സ്വയം സഹായ സംഘങ്ങൾ വന്നാൽ നിങ്ങൾക്ക് നല്ല നേട്ടമാകും. നമ്മൾ തന്നെ തുടങ്ങണം. അത് കാണാൻ തന്നെ മറ്റുള്ളവർ ചേരും. മുയൽവളർത്തൽ, നാടൻകോഴിവളർത്തൽ ഇവ നല്ല മാർഗ്ഗങ്ങളാണ്. വീട്ടിലെ കുട്ടികൾക്കും പണി എടുത്തുകൂടേ? അത് കുട്ടികളിൽ ഉത്തരവാദിത്തബോധം വർദ്ധിപ്പിക്കും. ജോലി കൊടുത്ത് കൃത്യമായി ജോലി ചെയ്താൽ കുട്ടിയ്ക്കും ഉത്തരവാദിത്തബോധം ഉണ്ടാകും. നാളെ തൊഴിൽ തേടാനും കണ്ടെത്താനും സ്വഭാവരൂപീകരണത്തിനും കുട്ടിയെ സഹായിക്കും. അലസമായി അവരെ വിടരുത്. ചെറിയ തുക അവർക്ക് കൂലിയായി കൊടുക്കുക. അത് മൺപാത്രത്തിലിട്ട് സമ്പാദ്യമായി വെയ്ക്കുക. സമ്പാദ്യം പൂഴ്ത്തി വെയ്ക്കരുത്. സ്വയം സഹായ സംഘങ്ങൾ 10-12 സ്ത്രീകളെ കിട്ടിയാൽ സ്വയം സംഘടിപ്പിക്കുക. NABARD അല്ലെങ്കിൽ പഞ്ചായത്തുമായി ബന്ധപ്പെട്ട വനിതാസംഘടനയുമായി ബന്ധപ്പെട്ടാൽ അത് എങ്ങിനെയാണ് പ്രവർത്തിക്കുന്നതെന്ന് മനസ്സിലാകും. ഇപ്പോൾ ഗവൺമെന്റ് എല്ലാ ജില്ലയിലും കുടുംബശ്രീ എന്ന ഒരു സംഘം രൂപീകരിക്കാൻ നിയമം നടത്തിക്കഴിഞ്ഞു. അതാരാണെന്ന് അന്വേഷിച്ച് അവരുമായി ബന്ധപ്പെട്ടാൽ നിങ്ങളുടെ പഞ്ചായത്തിലെല്ലാം അവ ഉണ്ടാക്കാൻ കഴിയും. നിങ്ങളുടെ പണം ഇരട്ടിയാകും. ഈ സ്വയം സഹായ സംഘത്തിൽ 9% പലിശയ്ക്ക് ലോൺ കിട്ടും. തൊഴിലിനുവേണ്ട ഉപകരണങ്ങൾ അല്ലെങ്കിൽ പശുവിനെ വാങ്ങാം. ഈ പശുവിന്റെ പാല് വിറ്റ് നിങ്ങൾ ലോൺ അടച്ചാൽ മതി. അടച്ചു കഴിയുമ്പോൾ പശു നിങ്ങളുടെ സ്വന്തം. പിന്നെ അടുത്ത പശുവിനെ വാങ്ങുക. അങ്ങനെ നിങ്ങൾ പശു മുതലാളിയാകും. ജീവിതം മെച്ചപ്പെടും.

ഗീതക്കുട്ടി : മാടക്കത്തറ നിന്നും വന്ന സ്ത്രീകൾക്കും പ്രശ്നങ്ങൾ കാണുമല്ലോ? ഇപ്പോൾ പറഞ്ഞ കാര്യങ്ങളെപ്പറ്റി എന്തു പറയാനുണ്ട്, നിങ്ങൾക്ക്?

**സുമതി, മാടക്കത്തറ** : ഞാൻ മണൽ ശേഖരണത്തിന് പോകും. മണൽ ചുമക്കാൻ പോകും. 100 രൂപ കൂലി കിട്ടും. വഞ്ചിയിൽ മണ്ണ് കൊണ്ടിടുമ്പോൾ ചുമക്കാൻ പോകും.

വൈസ്ചാൻസലർ : ആണ്ടിൽ എത്ര പ്രാവശ്യം കിട്ടും?

സുമതി : ഒരു വർഷം പലപ്പോഴായിട്ട് ഉണ്ടാകും.

വൈസ്ചാൻസലർ : ഏതു മാസത്തിലാണ് ഈ പണിയുള്ളത്?

സുമതി : പുഴയിൽ വെള്ളമുള്ളപ്പോൾ. ജൂൺ മാസത്തിൽ. മഴക്കാലത്ത് വഞ്ചിയിൽ പോയിട്ട് മുങ്ങിതപ്പി മണൽ കോരും.

സുധാദേവി : ആണുങ്ങൾ എന്തു പണി ചെയ്യും?

സുമതി : അവർ വഞ്ചിയിൽ കരാറടിസ്ഥാനത്തിൽ പോകും. ഒരു വഞ്ചിക്ക് 125 രൂപവെച്ച് കിട്ടും. 3 ആളുകൾ ഒന്നിച്ച് പോകും.

ശാരദാമണി : ഇതിന് ഗവൺമെന്റിന്റെ അനുവാദം വേണ്ടേ?

സുമതി : മാടക്കത്തറ പഞ്ചായത്തിന്റെ പുഴയാണ്.

സുധാദേവി : പിന്നെ എന്തു പണിക്ക് പോകും?

സുമതി : കൊയ്യാൻ പോകും. സിമന്റ് കൂട്ടാൻ പോകും. 125 രൂപ കിട്ടും. പുല്ല് വലിക്കാനും കൊയ്യാനും 80 രൂപ.

സുധാദേവി : ഈ പണികളൊക്കെ ചെയ്താൽ വർഷം മുഴുവനും പണിയാകുമോ?

സുമതി : പണിയുണ്ടാകും. മണൽ വാരുകയും ചെയ്യുന്നതുകൊണ്ട് ജീവിക്കാൻ കഴിയുന്നു.

ശാരദാമണി : നിങ്ങളുടെ വീട്ടിൽ എത്ര പേരുണ്ട് ജോലി ചെയ്യുന്നവരായി?

സുമതി : ഞാനും എന്റെ ഭർത്താവും. കുട്ടികൾ രണ്ടു പേർ. ഒരാൾ 10–ൽ പഠിക്കുന്നു. ഒരാൾ 7–ൽ. ഭർത്താവിന് കൂലിപ്പണിയാണ്.

സുധാദേവി : ഭർത്താവ് വീട്ടിൽ സഹായിക്കുമോ?

സുമതി : സഹായിക്കും. ഞാൻ നേരം വൈകിവരുമ്പോൾ അവർ വന്ന് ഭക്ഷണം പാകം ചെയ്ത് സഹായിക്കും. എങ്കിലും സ്ത്രീകളുടെ ജോലിയാണല്ലോ വീട്ടിലെ പണി?

സുധാദേവി : എന്തിനാണ് നിങ്ങൾ അങ്ങനെ കരുതുന്നത്. നമ്മുടെ ചുമതല നമ്മുടെ തലയിൽ അടിച്ചേൽപ്പിച്ചിരിക്കുന്ന രീതിയാണ്, അങ്ങിനെ സ്ത്രീയുടെ ചുമതല പുരുഷനെയും കുട്ടികളെയും നോക്കുക എന്നതാണ് എന്ന് സ്വയം കരുതുന്നത്.

**രമ, പട്ടാമ്പി (വെളിയൂർ പഞ്ചായത്ത്) :** ഞങ്ങൾ കൃഷിപ്പണിക്ക് പോകുന്നവരാണ്. ഇപ്പോൾ ആരും കൃഷിപ്പണി നടത്താറില്ല. കാരണം കൂലി അധികമെന്ന് പറഞ്ഞ്. 70 രൂപയാണ് വൈകീട്ട് വരെ പണിതാൽ തരുന്നത്. അതുകൊണ്ട് ഇപ്പോൾ കൃഷി അവർ ചെയ്യുന്നില്ല. ഞങ്ങൾക്ക് അത് പോര എന്ന് പറഞ്ഞാൽ വേറെ ആളാകും പണി എടുക്കുക. കൊയ്ത്ത്, നടീൽ ഇതിനൊക്കെ പോകും.

വൈസ്ചാൻസലർ : നെൽകൃഷിക്ക് മാത്രമേ പോകുള്ളോ. അതോ മറ്റ് പണിക്കും പോകുമോ?

രമ : നെൽകൃഷിക്ക് മാത്രമാണെങ്കിൽ പണിയില്ലാത്തപ്പോൾ ഒന്നും ചെയ്യാനില്ല. ഏത് പണിക്ക് പോയാലും 70 രൂപ. ആണുങ്ങൾക്ക് 150.

വൈസ്ചാൻസലർ : നിങ്ങൾ കെട്ടിടം പണിക്ക് പോകുമോ?

രമ : പണിയില്ലാത്തപ്പോൾ ചിലര് പോകും. ഞാൻ പോകാറില്ല.

ശാരദാമണി : നിങ്ങൾ ഏതെങ്കിലും സംഘടനയിൽ ചേർന്നിട്ടുണ്ടോ?

രമ : ഇല്ല. ഗ്രാമസഭയിൽ പോകും.

ശാരദാമണി : നിങ്ങൾക്ക് ഒരു ജോലിയുമില്ലാതെ വന്നാൽ ശബ്ദമുയർത്താൻ ഒരു വേദിയുണ്ടോ?

രമ : അതില്ല.

ശാരദാമണി : നിങ്ങൾക്ക് ഭൂമിയില്ലാത്തതുകൊണ്ട് നിങ്ങൾ മറ്റുള്ളവരുടെ ഭൂമി എടുത്ത് കൃഷി ചെയ്യുന്നു. നിങ്ങൾ പണിതില്ലെങ്കിൽ ആ ഭൂമി തരിശാകും. ഇത് നിങ്ങൾക്കും ആ പ്രദേശത്തിനും ദോഷകരമല്ലേ. ആണുങ്ങൾക്ക് ശമ്പളം കൊടുക്കുന്നതിൽ അവർക്ക് സങ്കടമില്ലേ?

രമ : അതുതന്നെയാണ് പ്രശ്നം. ഞങ്ങൾക്ക് തരുന്നതിനാണ് അവർക്ക് സങ്കടം.

വൈസ്ചാൻസലർ : ആ പ്രദേശത്ത് കർഷകതൊഴിലാളിക്ക് ക്ഷാമം ഇല്ല എന്ന് പറയാമോ?

രമ : ഇപ്പോൾ അവിടെ ആരും കൃഷിപ്പണി ചെയ്യുന്നില്ല. അപ്പോൾ അവര് വീട്ടിൽ ഇരിക്കുകയാ. മണ്ണ് ചുമക്കാൻ പറ്റുന്നവർ അതിന് പോകും. അല്ലെങ്കിൽ അതുമില്ല.

ശാരദാമണി : നിങ്ങളുടെ വീടെങ്ങനെ കഴിയും?

രമ : ആണുങ്ങൾ ദൂരെ പോയി പണി എടുത്ത് കൊണ്ടു വരും.

ശാരദാമണി : നിങ്ങളുടെ വീട്ടിൽ പണിയെടുക്കുന്നവർ ആരൊക്കെ?

രമ : അമ്മയ്ക്ക് 60 വയസ്സിനുമുകളിലായി. പിന്നെ ഞാൻ ചിലപ്പോൾ കല്ലു ചുമക്കാനൊക്കെ പോകും.

മൃദുൽ ഈപ്പൻ : സ്ത്രീകൾ ധാരാളം ചെറുകിട വ്യവസായങ്ങൾക്ക് പോകുന്നുണ്ടല്ലോ. ആ സൈഡിൽ ഇല്ലേ അതൊന്നും?

രമ : അങ്ങോട്ട് അങ്ങനെയൊന്നും ഇല്ല.

ദേവി : കുഞ്ഞമ്മ എന്താ ഒന്നും പറയാത്തെ?

**കുഞ്ഞമ്മ, കണ്ടാണിശ്ശേരി :** ഞാൻ തൃശ്ശൂർ ജില്ലയിലെ കണ്ടാണിശേരി പഞ്ചായത്തിലെ പഞ്ചായത്ത് മെമ്പറാണ്. 4 വയസുമുതൽ കർഷകപണിയെടുത്ത് ജീവിക്കുന്ന കർഷക തൊഴിലാളിയുമാണ്. ഞാനും അമ്മയും ചേച്ചിയും മകനും മാത്രം. അമ്മ മരിച്ചു. ഞാൻ കൃഷിപ്പണിക്ക് പോകുന്ന കാലത്ത് അമ്മ 6 മണിക്ക് പാടത്ത് എത്തി പണി തുടങ്ങിക്കഴിഞ്ഞു കാണും. ഒരു അടിമ സമ്പ്രദായമായിരുന്നു. 4 അണക്ക് പോലും പണിതിട്ടുണ്ട്. ഇടങ്ങഴി അരിക്ക് 8 അണ കൂലി.

ഇന്ന് 100 രൂപ കിട്ടിയാലും അന്നത്തെ സ്ഥിതിയിൽ ജീവിക്കാൻ പറ്റില്ല. ഇന്ന് ചെറുപ്പക്കാർക്ക് കന്ന് പൂട്ട്, വൈക്കോൽ ചുരുട്ട്, ഒന്നും അറിയില്ല. ഞങ്ങൾ മണലോര പ്രദേശത്ത് പണ്ട് കൊയ്യാൻ പോയി വരുമ്പോൾ 30–40 പറ നെല്ലുണ്ടായിരുന്നു. 10 ൽ മൂന്ന് പതമായിരുന്നു. ഇന്ന് ഞങ്ങളുടെ ഭാഗത്ത് നേരെ പകുതിയാ. കർഷക തൊഴിലാളിയായി ഇരിക്കുന്ന സ്ത്രീകൾക്ക് ഒരു പാട് ബുദ്ധിമുട്ടുകളുണ്ട്. അവർ പണി എടുക്കുന്ന പാടശേഖരങ്ങളിൽ കുട്ടികളെ സംരക്ഷിക്കുവാൻ ഒരു ക്രെഷ് ഇല്ല. തൃശൂർ ജില്ലയിൽ എവിടെയെങ്കിലും ഉണ്ടോ എന്നെനിക്കറിയില്ല. മൂത്ത കുട്ടികൾ താഴെയുള്ള കുട്ടികളെ നോക്കാൻ നിൽക്കും. മൂത്തവർക്ക് പഠിക്കാൻ പറ്റില്ല. അത്രയും ലാഭമെന്ന് അന്നത്തെ ആളുകൾ ചിന്തിച്ചിരുന്നു. പാടശേഖരങ്ങളിൽ പണിക്ക് പോകുന്നവർക്ക് ഒരു പ്രാഥമിക ആവശ്യം നിറവേറ്റാൻപോലും സൗകര്യമില്ല. നാട്ടിൻ പുറത്ത് ചാലോ, കുളമോ ഒന്നും ഇല്ല. തൃശൂർ ജില്ലയിൽ വനിതകോർപ്പറേഷന്റെ ഭാഗമായി വനിതകൾ വണ്ടി ഓടിക്കുന്നുണ്ട്. നമുക്ക് കൊയ്ത്ത്, മെതിയന്ത്രങ്ങൾ ഉണ്ട്. അവ ഓടിക്കാൻ സ്ത്രീകളെ പരിശീലിപ്പിക്കണം. പെണ്ണുങ്ങൾ മെഷീനിൽ തൊടാൻ പാടില്ല എന്നാണ് പറയാറ്. തിരുവനന്തപുരത്ത് പെണ്ണുങ്ങൾ ഓട്ടോ റിക്ഷ ഓടിക്കുന്നുണ്ട്. ഇവിടെ വന്ന് ഞാനത് പറഞ്ഞു. ഇവിടെ

ജനകീയാസൂത്രണത്തിന്റെ ഭാഗമായി 10% സംവരണം സ്ത്രീകൾക്ക് വെച്ചതിൽ ഒന്നും നടന്നിട്ടില്ല. ആകെ 2 പരിപാടികൾ. 1. അച്ചാറ് യൂണിറ്റ്. 2. പുകയില്ലാത്ത അടുപ്പ്.

അതും പ്രയോജനത്തിൽ വന്നില്ല. എന്തുകൊണ്ട് സ്ത്രീകൾക്ക് കോഴിവളർത്തൽ നടത്തി, മുട്ട വിൽപന നടത്തിക്കൂടാ? നെഴ്സറി നടത്തണം. പശുവിനെ വളർത്തുക, ചാണകം വാരുക തുടങ്ങിയവ ചെയ്യാം. അവരുടെ ഇഷ്ടമനുസരിച്ച് ചിലവാക്കാം. 10 ആൾകൂടി 2 ദിവസം ചെയ്യണം. പിന്നെ ആളുകൾ കൂടും. കുറ്റിമുല്ലകൃഷി ജനകീയാസൂത്രണം വഴി നടത്താം. പണ്ട് പച്ചക്കറി സ്വന്തം വീട്ടിൽ നടത്തും. ഇന്ന് 5 രൂപയുടെ ഒരു കിറ്റ് വാങ്ങും. കണ്ടാണിശേരി പഞ്ചായത്തിൽ എല്ലാവരും 3 സെന്റ്, 5 സെന്റ് സ്ഥലമുള്ളവരാണ്. 10 സെന്റ് സ്ഥലത്തിന്റെ 260 കുടി കിടപ്പുകാർ ഉള്ളവരാണ് ആ പഞ്ചായത്തുകാർ. 1967–'68 കാലത്ത് ഞങ്ങൾ പിടിച്ചെടുത്തതാണ് ആ സ്ഥലം. എനിക്ക് വരുമാനം പഞ്ചായത്തിൽനിന്നും കിട്ടുന്നുണ്ട്. വീട്ടിൽ ഉള്ളവരുടേയും എന്റെയും ചിലവിനുപോലും തികയുന്നില്ല. കുടിവെള്ളസാധ്യതയുടെ ഉൽഘാടനം പഞ്ചായത്തിലുണ്ടായിരുന്നതുകൊണ്ടാണ് ഞാനിവിടെ എത്താൻ താമസിച്ചത്. സ്ത്രീകളെ നിർബന്ധമായും ഡ്രൈവിംഗ് പഠിപ്പിക്കണം. ഈ യന്ത്രങ്ങൾ വരുന്നതിൽ ഞാൻ എതിരല്ല. പക്ഷെ പുരുഷൻ മാത്രമേ അത് ചെയ്യാവൂ എന്ന് പറയരുത്. വനിതാക്കമ്മീഷനും, കെ.എ.യു.വും കോസ്റ്റ്ഫോർഡും വിചാരിച്ചാൽ ഒരു 10 പേർക്കെങ്കിലും എന്തെങ്കിലും ഒരു പ്രവൃത്തി പഠിപ്പിക്കാം. അങ്ങനെ, തീരുമാനമെടുക്കണം അതിനു വേണ്ടതായവ.

വൈസ്ചാൻസലർ : വേറെ ആരെങ്കിലും സംസാരിക്കാനാഗ്രഹിക്കുന്നുണ്ടോ?

കുഞ്ഞമ്മ : എനിക്കൊന്നുകൂടി പറയാനുണ്ട്.നാളികേരത്തിൽ നിന്നും ധാരാളം കൗതുക വസ്തുക്കൾ ഉണ്ടാക്കുന്നുണ്ട്. ഇന്ന് നാളികേരത്തിന് വിലയും കുറവ്. $3^1/_2$ രൂപ മാത്രമേ നാളികേരത്തിനുള്ളൂ. നമ്മുടെ സ്ത്രീകൾക്ക് ധാരാളം അത് ചെയ്യാൻ പറ്റും. നിർബന്ധമായും അത് കൂടെ ഇതിൽപ്പെടുത്തണം. ചിരട്ട, കക്ക, ചകിരി കൊണ്ട് കാഴ്ചവസ്തുക്കൾ ഉണ്ടാക്കണം.

ഗീതക്കുട്ടി : നിങ്ങളെല്ലാപേരും കേൾക്കുന്നില്ലേ? പലപല പുതിയ ആശയങ്ങളും ശ്രീമതി കുഞ്ഞമ്മ പറഞ്ഞു. ഇനി ഇത്തരത്തിൽ ആർക്കെങ്കിലും പറയാനുണ്ടോ?

**ഷമ്മി, മങ്കൊമ്പ്, കുട്ടനാട്.**

ദേവി : എത്രവരെ പഠിച്ചു?

ഷമ്മി : 10 ക്ലാസ്സ് വരെ പഠിച്ചു. തോറ്റു.

സുധാദേവി : ഷമ്മി എന്തുപണിക്ക് പോകും?

ഷമ്മി : കൃഷിപ്പണിക്ക് പോകും. നെൽക്കൃഷിയുടെ എല്ലാത്തിനും. കൊയ്യാനും നടാനും പോകും. വീട്ടിൽ അമ്മ, ചേട്ടൻമാർ, ചേച്ചിയുണ്ട്. അമ്മയ്ക്ക് അസുഖമായതിനാൽ ജോലിക്ക് പോകാറില്ല. ചേട്ടൻമാർ കൃഷിക്ക് പോകും.

വൈസ്ചാൻസലർ : നിങ്ങളുടെ വീട്ടിൽ എത്ര സ്ഥലമുണ്ട്?

ഷമ്മി : $2^1/_2$ സെന്റ്.

സുധാദേവി : എത്ര കൂലി കിട്ടും?

ഷമ്മി : 60 രൂപ. 6 മണിക്കൂർ പണിതാൽ കിട്ടും.

സുധാദേവി : വേറെ എന്തെങ്കിലും പണിക്ക് പോകുമോ?

ഷമ്മി : കറിപൗഡർ യൂണിറ്റിന് പോകും. ഇതുവരെയായി 100 രൂപയേ കിട്ടിയിട്ടുള്ളൂ.

സുധാദേവി : അവിടെ എന്ത് പണിയാണ് ചെയ്യാറുള്ളത്?

ഷമ്മി : അവിടെ ആള് കൂടുതലും വിറ്റഴിക്കുന്ന സാധനം കുറവുമാണ്. കൊണ്ട് നടന്നാലും ആരും വാങ്ങുകയില്ല.

വൈസ്ചാൻസലർ : പഠിത്തമൊക്കെ കഴിഞ്ഞിട്ട് കൃഷിപ്പണിക്ക് പോകുന്നതിൽ ബുദ്ധിമുട്ടുണ്ടോ?

ഷമ്മി : ബുദ്ധിമുട്ടുണ്ട്. പിന്നെ വീട്ടിലെ പ്രയാസംകൊണ്ട് പോകുന്നു.

ശാരദാമണി : ഷമ്മിയുടെ കൂട്ടുകാർ കൃഷിപ്പണിക്ക് വരുന്നവരുണ്ടോ?

ഷമ്മി : എല്ലാവരും ഓരോ പണികിട്ടിപോവുകയാ. എന്നെ വീട്ടിൽ ദൂരെയെങ്ങും വിടാത്തകാരണം ഇതിന് പോകുകയാണ്. അവർ ഗ്ലാസ്സ് കമ്പനിയിലൊക്കെ പോകും.

വൈസ്ചാൻസലർ : നിങ്ങൾ പണിക്ക് പോകുന്നത് ചേട്ടന്മാർക്കിഷ്ടമാണോ? അവർ എന്തു പണിക്കാണ് പോകുക

ഷമ്മി : അവർക്കിഷ്ടമില്ല എങ്കിലും കഷ്ടപ്പാടുകൊണ്ട് വിടുന്നുണ്ട്. അവരും കൃഷിപ്പണിക്ക് പോകും.

ശാരദാമണി : വേറെ പണി കിട്ടിയാൽ പോകുമോ? വീട്ടിലിരുന്ന് പഠിച്ച് തോറ്റവിഷയം എന്താ എഴുതാത്തത്.

ഷമ്മി : വേറെ എന്തുപണികിട്ടിയാലും പോകും. സാമ്പത്തികം കാരണമാണ് തുടർന്ന് പഠിക്കാത്തത്.

വൈസ്ചാൻസലർ : സ്ത്രീകൾക്ക് ചെയ്യാൻ പറ്റുന്ന പല തൊഴിലിനേയും കുറിച്ച് ഇപ്പോൾ കേട്ടില്ലേ? ഇത്രയൊക്കെ കേട്ടതിൽ നിന്നും എന്തെങ്കിലും ചെയ്യണമെന്ന് തോന്നുന്നുണ്ടോ?

ഷമ്മി : ചെയ്യണമെന്നുണ്ട്. പക്ഷെ സ്ഥലമില്ലാതെ എങ്ങനെയാ. സ്ഥലമുണ്ടെങ്കിൽ ചെയ്യുന്നതിഷ്ടമാ.

വൈസ്ചാൻസലർ : മങ്കൊമ്പിൽ പശുവിനെ വളർത്താൻ വലിയ പ്രയാസമാണോ?

ഷമ്മി : സ്ഥലസൗകര്യം കുറവാ. വെള്ളം കേറുന്ന സ്ഥലവുമാണ്.

വൈസ്ചാൻസലർ : കുട്ടനാട്ടിൽ പ്രത്യേക സാഹചര്യത്തിൽ 1–2 സെന്റിൽ കോഴിയേയോ മറ്റോ വളർത്തിയാൽ അടുത്തുള്ള പാടങ്ങളിലുള്ളവർ ബഹളമുണ്ടാക്കും.

ശാരദാമണി : ഷമ്മിക്ക് നടാനുള്ളതോ, കയറുപിരിക്കാനുള്ളതോ, തയ്ക്കാനുള്ളതോ ആയ മെഷീൻ കിട്ടിയാൽ ഉപയോഗിക്കാൻ ഇഷ്ടമാണോ?

ഷമ്മി : ഇഷ്ടമാണ് . പരിശീലനം കൂടി കിട്ടണം.

വൈസ്ചാൻസലർ : കുട്ടനാട് പോലുള്ള സ്ഥലത്ത് നെൽക്കൃഷി ചുരുങ്ങിയ സമയത്തേയുള്ളൂ. ബാക്കി സമയം പണിയില്ല. അവിടെ കരഭൂമി കുറവാണ്. മലപ്പുറത്തൊക്കെ ധാരാളം കരഭൂമിയുണ്ട്. വേറെ കൈതൊഴിലുകൾക്കാണ് സാധ്യത.

ഷമ്മി : അങ്ങനെ പോയാലും പണി കുറവാണ്. അതിനും ആളുകളുണ്ട്. ചിലപ്പോൾ 20–30 രൂപയുടെ പണിയായിരിക്കും കിട്ടുന്നത്. അതുകൊണ്ടൊന്നും തികയില്ല.

കലാനാഥൻ : സത്യത്തിൽ ഈ യോഗത്തിൽ എനിക്ക് വരാൻ ഇന്ന് പല ബുദ്ധിമുട്ടുകളുണ്ടായിരുന്നു. വന്നതു നന്നായി എന്ന് ഇപ്പോൾ തോന്നുന്നു. അത്ര മാനുഷികമായ പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. 10–ാം ക്ളാസ് തോറ്റ കുട്ടിക്ക് സ്വന്തമായി ഒരു മെഷീൻ വാങ്ങി കൊടുത്താൽ ജീവിക്കുവാനുള്ള വരുമാനമുണ്ടാകും. കർഷക പണി കഴിഞ്ഞുള്ള സമയത്ത് – 7 മണി മുതൽ ഒരു 12 മണിവരെ പണിതാൽ, ധാരാളം സമയം കിട്ടും. ഡബ്ബിൾ വർക്ക് ചെയ്ത് വരുമാനം വർദ്ധിപ്പിക്കാം. പക്ഷെ മെഷീൻ വാങ്ങാൻ പൈസയെവിടെ. ഞാൻ ഇതിന്റെ സംഘാടകർക്ക് മുമ്പാകെ ഒരു നിർദ്ദേശം വയ്ക്കുകയാണ്.

സുധാദേവി : തയ്യൽ മെഷീൻ വിതരണം ചെയ്യരുതെന്ന് പ്ലാനിംഗ് ബോർഡ് ഉത്തരവിട്ടുകഴിഞ്ഞു.

കലാനാഥൻ : ഞാൻ തയ്യൽ മെഷീന്റെ കാര്യമല്ല പറഞ്ഞത്. നമ്മുടെ നാട്ടിൽ ചെറുകിട, വൻകിടവ്യവസായികൾ ഉണ്ടല്ലോ. ഒരു 25 വ്യവസായ പ്രമുഖൻമാരെ ഈ ചർച്ചയിൽ പങ്കെടുപ്പിച്ചിരുന്നെങ്കിൽ അവർ ഇവർക്കെന്തുചെയ്യാൻ പറ്റുമെന്ന് കൂടുതൽ വിവരം കൊടുക്കുമായിരുന്നു. ഒരു 5,000–30,000 ഉറുപ്പിക സഹായം ഇവർക്ക് കൊടുക്കാൻ പറ്റും. അതിനെക്കുറിച്ച് ആലോചിക്കണമെന്ന് എനിക്ക് അഭിപ്രായമുണ്ട്. അവരുടെ വികാരങ്ങളെ മാനിച്ചുകൊണ്ട് അവരെ ഉൾക്കൊള്ളിക്കാവുന്ന ഒരു സംവിധാനമുണ്ടാക്കിയാൽ തീർച്ചയായും ഈ രംഗത്ത് മാറ്റമുണ്ടാകും. പണം തരാൻ പറ്റുന്ന ഏജൻസികളെ വിളിച്ചുവരുത്തിയാൽ നമുക്ക് ഒരു അനുകൂലമായ സമീപനം രൂപീകരിക്കാൻ പറ്റും. ഭാവി പ്രവർത്തനങ്ങളിൽ ആ ഒരു ആലോചന ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശാരദാമണി : എനിക്ക് കുറച്ച് എതിരഭിപ്രായങ്ങളുണ്ട്. അദ്ദേഹം ഇന്ന് രാവിലെ തൊട്ട് പറയുന്നത്, സ്ത്രീകളുടെ ശാക്തീകരണത്തിന്ന് സാമ്പത്തിക ഉന്നമനം വേണമെന്നാണ്. സ്ത്രീകൾക്ക് സ്വാതന്ത്ര്യം വേണമെങ്കിൽ അവർ സാമ്പത്തികമായി ഉയരണമെന്നതിൽ എനിക്ക് അഭിപ്രായവ്യത്യാസമില്ല. പക്ഷെ സ്ത്രീകൾ അവരുടെ സാഹചര്യങ്ങൾ കൊണ്ട് നിരാശരാണ് എന്ന് നമ്മൾ കണ്ടു. അരി ഇല്ലെങ്കിലും ഉണ്ടെങ്കിലും വീട്ടിലെ അംഗങ്ങൾക്ക് ഭക്ഷണം കൊടുത്തിരിക്കണം. അങ്ങനെയിരിക്കെ അവരെ അമിതാദ്ധ്വാനത്തിന് നിർബന്ധമാക്കണോ? പിന്നെ നമ്മുടെ നാട്ടിൽ നിന്നുള്ള പഠനങ്ങൾ കാണിക്കുന്നത് സാമ്പത്തിക ശേഷി വർദ്ധിച്ച സ്ത്രീകൾക്കൊന്നും സ്ത്രീ സ്വാതന്ത്ര്യം ഉണ്ടായിട്ടില്ല എന്നാണ്. സ്വന്തം ശമ്പളമുള്ള ധാരാളം സ്ത്രീകളുണ്ടെന്നാണ് പഠനങ്ങൾ കാണിക്കുന്നത്. അവരുടെ സ്വന്തം ശമ്പളം സ്വന്തം കൈകൊണ്ട് തൊടാത്തവരും ഉണ്ട്. ഇതെന്തുകൊണ്ട് ഇങ്ങനെ ആകുന്നു നമ്മൾ ചിന്തിക്കണം.

ഷീന, വയനാട്: പ്രീഡിഗ്രി രണ്ടാംവർഷം പഠിക്കുന്നു. വീട്ടിൽ എല്ലാജോലികളും ചെയ്യും. പശുവളർത്തലിൽ പങ്കെടുക്കാറുണ്ട്. പഠിക്കുകയും പണിചെയ്യുകയും ചെയ്യും. പശുവിനെ വളർത്താനും, പുല്ലരിയാനും, ഇഞ്ചിനടാനും കൂടും. പുറത്ത് പണിക്കൊന്നുംപോകാറില്ല. ഒരു ഏക്കർ സ്ഥലമുണ്ട്. അവിടെയാണ് കൃഷിപ്പണി ചെയ്യുന്നത്. അച്ഛൻ ഹോട്ടൽ നടത്തുന്നു. ഞാൻ അമ്മയുടെ കൂടെയാണ് കൂടുതൽ സഹായിക്കുക. രണ്ടു പശുക്കളും അതിന്റെ കുട്ടികളും. പശുവിന്റെ പാൽ കൊണ്ടുകൊടുക്കുന്നതൊക്കെ ഞാനാണ്.

ശാരദാമണി : ചാണകം വാരുകയൊക്കെ ചെയ്യുമോ?

ഷീന : എല്ലാം ചെയ്യും. പശുവിനെ കുളിപ്പിക്കും, ചാണകം വാരും, തീറ്റ കൊടുക്കും.

സുധാദേവി : പശുവിനെ കറക്കുമോ?

ഷീന : ചിലപ്പോൾ പരിശ്രമിക്കും. പക്ഷെ അത്ര പാൽ കിട്ടില്ല. സ്വന്തമായി ഇഞ്ചി നടും. ചാണകമൊക്കെ ഇടും. കൊടിക്കൊക്കെ വളം കൊണ്ട് ഇടും. ചേട്ടന്മാരും അനുജൻമാരും ഒന്നും ഇല്ലാത്തതുകൊണ്ട് ഞാൻ തന്നെയാണ് പണിചെയ്യുന്നത്.

ശാരദാമണി : ഷീനക്ക് പഠിക്കാൻ സമയം കിട്ടുമോ?

ഷീന : രാത്രി ഇരുന്ന് പഠിക്കും. പിന്നെ രാവിലെയും. രാവിലെ വീട്ടിലെ പണി എല്ലാം എടുക്കും. അമ്മ രാവിലെ പശുവിന്റെ പണിക്ക് പോയാൽ ബാക്കി വീട്ടുപണിയൊക്കെ സ്വന്തം ചെയ്യും.

മൃദുൽ ഈപ്പൻ : ഇപ്പോൾ മറ്റു തൊഴിലിനൊന്നും പോകുന്നില്ലല്ലോ?

ഷീന : തൊഴിലായിട്ട് ഒന്നും ഇല്ല. പഠിച്ചുകഴിഞ്ഞാലും സർക്കാർ ജോലി കിട്ടണമെന്നില്ലല്ലോ?

ശാരദാമണി : നിങ്ങളെപ്പോലെ പഠിക്കുന്നവർ ഇങ്ങനെ കൃഷിപണിക്ക് വരുന്നുണ്ടോ?

ഷീന : ചിലരൊക്കെയുണ്ട്. ചുറ്റുവട്ടത്താരുമില്ല. എന്നാലും ഉണ്ട്.

ശാരദാമണി : നമ്മുടെ നാട്ടിൽ തൊഴിലില്ലായ്മ കൂടി വരുകയാണല്ലോ. അങ്ങനെയുള്ളപ്പോൾ എന്തുകൊണ്ട് കൃഷിയെ ഒരു വരുമാനമുള്ള തൊഴിലായി കണ്ടുകൂടാ. ഈ മേഖലയിൽ കുറേക്കൂടി പുരോഗമനം വരുകയാണെങ്കിൽ ഇതൊരു തൊഴിലായി എടുക്കുമോ?

ഷീന : തീർച്ചയായും.

വൈസ്ചാൻസലർ : അമ്പലവയൽ യൂണിവേഴ്സിറ്റി ഫാമിന്റെ അടുത്താണോ നിങ്ങൾ താമസിക്കുന്നത്?

ഷീന : ആണ്. അച്ഛന്റെ അനിയനും ഒരു അമ്മാവനും അവിടെ തൊഴിലാളികളാണ്. ഫാമിൽ പോയിട്ടുണ്ട്.

വൈസ്ചാൻസലർ : അവിടെ നടക്കുന്ന കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തി എന്തെങ്കിലും കാര്യങ്ങൾ കുട്ടിക്ക് ചെയ്യാൻ പറ്റുമെന്ന് തോന്നുന്നുണ്ടോ?

ഷീന : ഇപ്പോൾ പഠിക്കുന്ന കാരണം സമയമില്ല. പൂച്ചെടി വളർത്തലും പശുവിനെ വളർത്തലും ചെയ്യാമെന്ന് തോന്നിയിട്ടുണ്ട്. എല്ലാ കാര്യങ്ങളും ഒന്നിച്ച് കൊണ്ടുപോകണം. അമ്മയൊക്കെ എല്ലാ പണിയും എടുത്ത് വളർന്നവരാണ്. തെങ്ങും കവുങ്ങും വെച്ചിട്ടുണ്ട്. നെൽക്യഷിയും ഉണ്ടായിരുന്നു. കവുങ്ങിന്റെ താഴെ കൊടി ഇടും. അതിന് ചാണകമിടാനൊക്കെ സഹായിക്കും.

ദേവി : അമ്പലവയലിൽ നഴ്സറിയുടെയൊക്കെ ഭാഗമായി ചെടി വളർത്തുന്നതുപോലെ എന്തെങ്കിലും ചെയ്യണമെന്ന് തോന്നിയിട്ടുണ്ടോ?

ഷീന : അങ്ങനെയൊക്കെ തോന്നാറുണ്ട്.

വൈസ്ചാൻസലർ : അതിനെ അടിസ്ഥാനപ്പെടുത്തി എന്തെങ്കിലും ചെയ്യാൻ പറ്റുമോ എന്ന് ആലോചിച്ചു നോക്കണം.

ഷീന : ഫാമിൽ പ്രവർത്തനങ്ങൾ കാണുമ്പോൾ എല്ലാം ചെയ്യണമെന്ന് തോന്നും. ഫാമിൽ ആകുമ്പോൾ ഉപദേശിച്ചു തരാൻ ധാരാളം ഉദ്യോഗസ്ഥരുണ്ടാകും. നമുക്കാകുമ്പോൾ അതൊക്കെ ഉപദേശിക്കാൻ ആരുമില്ല. അങ്ങനെ പറയുകയാണെങ്കിൽ തീർച്ചയായും മുന്നോട്ട് വരും.

വൈസ്ചാൻസലർ : ഇനി ആരെങ്കിലും സംസാരിക്കാനുണ്ടോ?

**അന്നമ്മ, ആലപ്പുഴ :** ഞാൻ ആലപ്പുഴ ജില്ലയിലെ താലക്കര പഞ്ചായത്തിൽ നിന്നും വന്നിരിക്കയാണ്. എന്റെ പേര് അന്നമ്മ. ഞാൻ കാർഷിക തൊഴിലാളിയാണ്. കാർഷികമേഖലയിൽ സ്ത്രീകളുടെ പ്രശ്നങ്ങളെന്താണ്. അവ എങ്ങിനെ പരിഹരിക്കാമെന്നുള്ള വിഷയമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. സ്ത്രീ തൊഴിലാളികൾ ഏറ്റവും അധികം പണിചെയ്യുന്നത് നെൽകൃഷിമേഖലയിലാണ്. ഇന്ന് നെൽകൃഷി കുറഞ്ഞിരിക്കുകയാണ്. കുട്ടനാട് പ്രദേശങ്ങളിൽ നെല്ല് കുറഞ്ഞിരിക്കുന്നു. ചങ്ങനാശേരി ഭാഗത്ത് നെൽവയൽ നികത്തി കെട്ടിടം പണിയുന്നു. അവിടെയൊക്കെ പണിയെടുത്ത സ്ത്രീകൾ ഇപ്പോൾ എന്ത് ചെയ്യുന്നു എന്നറിയില്ല. ഈ പ്രശ്നങ്ങൾ കേരളത്തിലൊട്ടാകെയുണ്ട്. ഇത് ഒരു സാമൂഹികപ്രശ്നമായാണ് സാധാരണ ചർച്ചചെയ്യപെടുന്നത്. എന്നാൽ ഇത് കേരളത്തിലെ ആളുകളുടെ ഭക്ഷണത്തിന്റെ പ്രശ്നമാണ്. ഏതൊരു കൃഷിയെക്കാൾ ഉപരിയായി ഭക്ഷ്യധാന്യ കൃഷിയായ നെൽക്യഷിയെയോ അല്ലെങ്കിൽ അതുപോലുള്ള മറ്റു കൃഷികളെയും കാണണം.

എന്റെ മകനെ ഞാൻ കർഷകത്തൊഴിലാളിയാക്കില്ല. തൊഴിലാളികൾ പണികഴിഞ്ഞ് ബസിൽ കയറുമ്പോൾ 'ഛീ അങ്ങോട്ട് മാറിനിൽക്ക്, ചേറുനാറുന്നു' എന്ന് പറയുന്നതിനെതിരെ ഒരു സംഘടനയോ ഒരു വ്യക്തിയോ പരിഗണന നൽകിയിട്ടുണ്ടോ? മാനുഷിക പരിഗണനപോലും തരാറില്ല. അതുകൊണ്ട് പരമ്പരാഗത കാർഷിക തൊഴിലാളി കുടുംബത്തിലെ അംഗങ്ങളും തുടർന്ന് ഈ രംഗത്ത് വരുവാൻ മടിക്കുന്നു. ഇതിനൊരു മാറ്റം വരുവാൻ ഞങ്ങൾ ആശിക്കുന്നു. ഈശ്വരനുതൊട്ട് ഉറുമ്പിനുവരെ ഭക്ഷണമുണ്ടാക്കുന്ന ഒരു ജനവിഭാഗമാണിത്. ഇവർക്ക് എന്തുവേണമെന്ന് ആരും ചോദിക്കുന്നില്ല. ഒരു രൂപ കൂലി കൂടുതൽ ചോദിച്ചാൽ ആ നിലം കൃഷിചെയ്യുന്നില്ല. അവർക്ക് തെങ്ങ് വെട്ടി വിറ്റ് ജീവിക്കാൻ മാർഗ്ഗമുണ്ട്. എന്റെ സ്ഥലത്ത് കൃഷിചെയ്തിട്ട് (നെൽക്യഷി) 5 വർഷമായി. ഈ വർഷം ജനകീയാസൂത്രണവും പഞ്ചായത്തും ഞങ്ങളും ഓടിനടന്ന് കുറച്ചു മാറ്റം വന്നിട്ടുണ്ട്. ആരോടെന്തുപറയണം എന്നതാണ് പ്രശ്നം. കുട്ടനാട്ടിൽ സീസണനുസരിച്ചുള്ള ജോലിയാണ്. അതും പുറത്തുള്ളവർ വന്ന് ചെയ്ത് പോകുന്നുണ്ട്. ഇഷ്ടം പോലെ ആളുകൾ പണ്ടുകാലത്തൊക്കെ കുട്ടനാട്ടിൽ വന്ന് തമ്പടിച്ച് ജീവിച്ച് കൊയ്ത്തും ഒക്കെ നടത്തിയിട്ടുണ്ട്. ഇന്ന് ഒരു പാട് മാറ്റം വന്നിട്ടുണ്ട്. അതിനു കാരണം കായലിൽ മണ്ണടിച്ച് കെട്ടിടം പണിയാനാണ് താൽപര്യം. കാരണം കെട്ടിടപണിയിൽ ഒരു ദിവസം 100 രൂപ വെച്ച് കിട്ടും. 6 മണിക്കൂർ ചേറിനകത്ത് നിന്നാൽ കർഷകതൊഴിലാളിക്ക് കിട്ടുന്നത് 60 രൂപയാണ്. ഈ നിലവാരത്തിൽ സ്ത്രീതൊഴിലാളികളെ മാനിക്കയോ അവർക്ക് ഉചിതമായ കൂലി കൊടുക്കുകയോ ചെയ്യില്ല. മുതലാളി പത്തു കടലാസിൽ പൊതിഞ്ഞു കൊണ്ടുവരുന്ന വിഷം കർഷകതൊഴിലാളി കാറ്റിന് നേരെ നിന്ന് അടിക്കുകയാ. അവന് 1 രൂപ കൂടുതൽ കൊടുക്കാൻ പറ്റില്ല. അവരെ മാന്യമായി അംഗീകരിക്കുന്ന ഒരു സന്ദർഭമുണ്ടാകണം. ഒരു ജനസമൂഹത്തിന് തിന്നാനുള്ളത് അവർ അദ്ധ്വാനിച്ചുണ്ടാക്കിയിരുന്നു. ഇപ്പോഴത് നഷ്ടപ്പെടാൻ പോകുകയാ. ശാസ്ത്രം പുരോഗമിക്കുമ്പോൾ ഇവിടത്തെ അടിസ്ഥാന വർഗ്ഗവും ജീവിച്ചുപോകണമെന്നുള്ള ഒരു മാനുഷിക നിയമം വരണം. നീതി നടപ്പാക്കണം. അതിന് കഴിവുള്ള സാറുമ്മാരാ ഇവിടെ വന്നിരിക്കുന്നത്. ഇതൊരു സാമൂഹിക പ്രശ്നമാണെന്ന് നിങ്ങൾതന്നെ സമ്മതിക്കുന്നുണ്ട്. അതുകൊണ്ട് ഇത് കണക്കിലെടുത്തുകൊണ്ട് കൃഷിയുടെ ഒരു പുനരുദ്ധാരണത്തിനുവേണ്ടി ശ്രമിക്കണം. കൃഷി ഒരു സാമൂ

ഹികാവശ്യമാണെന്ന ബോധം വിദ്യാഭ്യാസത്തിലൂടെ നൽകണം. ഇത്തരം സെമിനാറുകളിലൂടെ കർഷക തൊഴിലാളികളായ ഞങ്ങളെ മനുഷ്യരായി അംഗീകരിക്കണം. ഇങ്ങനെ പണിചെയ്യുന്നവർക്ക് കൂലി 60 രൂപ വളരെ കുറവാണെന്ന് നിങ്ങൾ സാറുമ്മാർ തീരുമാനിക്കണം. ഞങ്ങൾക്ക് ചോദിക്കാൻ മാത്രമേ കഴിയൂ. തരേണ്ടവർ നിങ്ങളാണ്. ആലപ്പുഴ ജില്ലക്കാർ കുറച്ചു സമരത്തിലൊക്കെയാ. വയൽ നികത്തുന്നതിനെതിരെ.

നമ്മുടെ നിയമം തന്നെ, ആൺമക്കളുണ്ടെങ്കിൽ നമുക്ക്, പെൻഷൻ തരില്ല. ഇതൊക്കെ ഞങ്ങളുടെ പരിദേവനം നിങ്ങളോട് പറയുകയാണ്. ഞങ്ങളെ അംഗീകരിക്കണം. ഞങ്ങളെ മാനിക്കണം. ഞങ്ങൾക്ക് ജനുവരി–ഫെബ്രുവരിയിൽ ജോലിയില്ല. കാടുകയറാനും കല്ല് ചുമക്കാനും പോകുകയാണ്. ഞങ്ങൾക്ക് ആണ്ടോടാണ്ട് പണികിട്ടാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ? ഞങ്ങൾക്ക് വേറെ പണിക്ക് പോകേണ്ട കാര്യമില്ല. ഞങ്ങൾക്ക് മുഴുവൻ ആണ്ടും പണി കിട്ടിയിരിക്കണം. അതിന് മാർഗ്ഗമെന്താണ്? ആലോചിക്കണം.

കലാനാഥൻ : സത്യത്തിൽ അഭിമാനം തോന്നുന്നു. ഒരു കർഷക തൊഴിലാളി സ്ത്രീയിൽ നിന്ന് ഇത്ര വിശദമായി വിവരങ്ങൾ കേൾക്കുന്നത് ആദ്യമായാണ്. അവർ പറഞ്ഞ ഒറ്റ വാചകം തള്ളിക്കളയാനില്ല. പ്രത്യയ ശാസ്ത്രപരമായ കാഴ്ചപ്പാടിൽ കേരളത്തിൽ ഭൂവിനിയോഗനിയമം നടപ്പാക്കിയത് അവിടത്തെ തൊഴിലാളികളാണ്. വയൽ പറമ്പാക്കുന്നതിനെതിരെയാണ് അവർ പ്രതികരിച്ചത്. പക്ഷെ, അതൊരു അതിക്രമമായി ചിത്രീകരിച്ചു. കാർഷിക സമൂഹത്തിന്റെ ഈ പ്രശ്നത്തെ പരിഗണിക്കാൻ നാം തയ്യാറാകാത്തത് ദുഃഖകരമാണ്. അവർ അവതരിപ്പിച്ച പ്രശ്നങ്ങൾക്ക് മാനുഷിക പരിഹാരം കൊടുക്കണം. അത് മനുഷ്യസമൂഹത്തിന്റെ ആവശ്യമാണ്. അതിന് സംഘാടകർ അടിവരയിട്ട് കാണണം.

ശാരദാമണി : അന്നമ്മ സംസാരിച്ചവസാനിപ്പിച്ചത് ഒരു പരിദേവനമെന്ന് അവർ പറഞ്ഞെങ്കിലും അതൊരു പരിദേവനമായി എനിക്ക് തോന്നുന്നില്ല. നമ്മൾ പറഞ്ഞ ഒന്ന് രണ്ട് കാര്യങ്ങളുണ്ട്. അതാണ് അവർ പറയാൻ ശ്രമിച്ചത്. അതായത് കൃഷിപ്പണി നമ്മുടെ ഇന്ത്യ മുഴുവനും മിക്കവാറും എല്ലാ ഏഷ്യൻ രാജ്യങ്ങളിലും ഏറ്റവും അധികം ആളുകൾ ഭക്ഷണം കഴിക്കുന്നത് നെല്ലാണ്. ഏറ്റവുമധികം ഉൽപാദിപ്പിക്കുന്നതും അതാണ്. നമ്മുടെ സംസ്ഥാനത്തിൽ അത് പണ്ടുണ്ടായിരുന്നതിലും വളരെ കുറഞ്ഞു. അതിന്റെ കാരണത്തിലേക്ക് പോകുന്നില്ല. ഈ അവസ്ഥ മാറണമെങ്കിൽ വയനാട്, മങ്കൊമ്പ്, തൃശൂർ മേഖലകളിൽ സ്ഥിതി ഒരുപോലെയാകുന്നില്ല. എന്റെ വ്യക്തിപരമായ അഭിപ്രായത്തിൽ ജോലി ചെയ്യാനും ആഹാരം നേടാനുമുള്ള മനുഷ്യാവകാശം അംഗീകരിക്കുക. (Right to food and right to work) പണം വേണമെങ്കിൽ ജോലി ചെയ്യണം. അത് വാക്കുകൊണ്ട് പറഞ്ഞിട്ട് മാത്രം കാര്യമില്ല. എങ്ങനെ പ്രായോഗികമാക്കും എന്നതാണ്.

അന്നമ്മ : പാടങ്ങളിൽ മീൻകൃഷി നടത്തിയാൽ അതിലിറങ്ങുന്ന ആളുകളുടെ ദേഹമാകെ ചൊറിഞ്ഞുതടിക്കുകയാണ്. ഈ അവസ്ഥക്ക് മാറ്റം വരണം.

ശോശാമ്മ ഐപ്പ് : സ്ത്രീകൾക്ക് പണം സമ്പാദിക്കാനും ചിലവാക്കാനും ഉള്ള അവകാശം ഇല്ല എന്നതാണ് പാലുല്പാദനരംഗത്തെ വലിയ പ്രശ്നം. പാലുൽപാദനം സംബന്ധിച്ച് ധാരാളം സ്ത്രീകളുമായി ബന്ധപ്പെടാൻ സാധ്യത ഉണ്ടായിട്ടുണ്ട്. നമ്മൾ പ്രശ്നങ്ങൾ മാത്രമല്ല നമ്മുടെ രംഗം നിലനിൽക്കാനുള്ള പോംവഴികൾ കൂടെ ഇവിടെ ആലോചിക്കേണ്ടത് ആവശ്യമാണ്. ഇന്ന് പാലുൽപാദനരംഗത്ത് പാല് വരുന്ന വഴികൾ നോക്കിയാൽ എത്ര ടാങ്കർ പാലാണ് മറ്റിടങ്ങളിൽ നിന്നുവരുന്നത്. ഈ സ്ഥിതിവിശേഷം കാരണം പശുപരിപാലനം ഏറെക്കുറെ നിന്നുപോകുന്നു. അതുകൊണ്ട് ഈ രംഗം പിടിച്ചുനിർത്താനും നാം ശ്രദ്ധിക്കണം. ഇന്ന് നമുക്ക് തൊഴിലവസരം കിട്ടുന്ന ഒരു രംഗമാണിത്. അത് തുടർന്നുപോകണം. ഈ പാൽ സൊസൈറ്റികളിലുള്ള മെമ്പർഷിപ്പ് പണി എടുക്കുന്നവർക്കാണോ അതോ ഗൃഹനാഥനാണോ? സ്ത്രീകൾക്ക് അവിടെയൊക്കെ കുറേ സ്വാതന്ത്ര്യം വേണം. ഇനി തുടർന്നുള്ള ചർച്ചകളിലും നെൽക്കൃഷിയിൽ മാത്രം ഒതുക്കാതെ ഈ രംഗത്തെക്കുറിച്ചു കൂടെ ചിന്തിക്കണം. ഇത് ഒരു തൊഴിലാളി പ്രശ്നമായി മാത്രം കണ്ടുകൊണ്ട് എല്ലാവരും അതേക്കുറിച്ച് ചിന്തിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ദേവി : കൂടുതൽ വ്യക്തമായ തീരുമാനങ്ങൾ അതതുമേഖലകളിൽ എത്തിക്കാനുള്ള ഒരു തുടക്കമാണ് ഇന്നിവിടെ നടത്തിയത്. 14 ജില്ലകളിലും ഉള്ള പ്രശ്നങ്ങൾ അറിയുന്ന ഒരാളാണ് ഞാൻ. വിവിധ ജില്ലകളിലുള്ള സ്ഥിതികൾ തമ്മിൽ വളരെ വ്യത്യസ്തമാണ്. ജന്മിത്വത്തിന്റെ അധികാരം നേരിട്ടവസാനിപ്പിച്ചെങ്കിലും മുളകുപൊടി തൊഴിലാളികളുടെ കണ്ണിൽ വിതറുന്ന രീതി ഇന്നും വയനാട്ടിലെ നൂൽപുഴ പഞ്ചായത്തിലുണ്ട്. 10 ഏക്കർ ഭൂമിക്ക് ഒരു വർഷം 500 രൂപ കൊടുത്ത് കൃഷിചെയ്യുന്ന മാന്യൻമാർ അവിടെ ഉണ്ടായിരുന്നു. ആദിവാസികൾ പട്ടിണികൊണ്ട് അവിടെ മരിക്കുമ്പോഴും ഇത്തരം അനീതികൾ ഇവിടെ നടക്കുന്നുണ്ട്. പാലക്കാട് ജില്ലയിൽ അട്ടപ്പാടി ബ്ലോക്കിൽ ഇക്കഴിഞ്ഞ കുറേ നാളുകളായി ധാരാളം പ്രവർത്തനങ്ങൾ അവിടെ ഞാൻ നടത്തി. ഏകദേശം 171 ഊരുകൾ. അട്ടപ്പാടി ബ്ളോക്കിൽ ആലപ്പുഴ ജില്ലയുടെ അത്ര വലുപ്പമുള്ളതാണ്. അവിടെ കാടുകൾ വെട്ടിതെളിച്ചതിന്റെ ഫലമായി മൃഗങ്ങൾ ആദിവാസികളുടെ സ്ഥലത്തിലേയ്ക്ക് ഇറങ്ങി വന്നിരുന്നു. അവിടെ കുടിവെള്ളത്തിന്റെ പ്രശ്നമുണ്ട്. മുത്താറിയാണ് അവിടത്തെകൃഷി. കൃഷിക്ക് വെള്ളം വേണം. അത് സംരക്ഷിക്കാൻ വൈദ്യുതി വേലിവേണം, രണ്ട് മൂരികാളയും, വൈദ്യുതിവേലിയും, വെള്ളവും കിട്ടിയാൽ തങ്ങൾ അവിടെകൃഷി ചെയ്തോളുമെന്ന് ആദിവാസികൾ പറയുന്നു. ഇന്ന് അവർക്ക് 8–9 ഏക്കർ ഭൂമിയുണ്ടെങ്കിലും ഒന്നും ചെയ്യാൻ പറ്റുന്നില്ല. അവർ



പട്ടിണിയിലാണ്. സർക്കാർ കോടിക്കണക്കിന് രൂപ ചിലവഴിക്കാൻ പോന്ന പദ്ധതികൾ തയ്യാറാക്കുന്നുണ്ടെങ്കിലും അതൊന്നും അവർക്കെത്തുന്നില്ല. അവരുടെ യോഗം വിളിച്ചുകൂടിയപ്പോൾ ആദിവാസി പ്രതിനിധികൾ പറയുന്നത് ഞങ്ങൾക്ക് അതിനെ പറ്റി ഒന്നും അറിയില്ല എന്നാണ്.


അട്ടപ്പാടിയിൽ ധാരാളം പാൽ ഉത്പാദിപ്പിക്കുന്നുണ്ടെങ്കിലും അവർ പാൽകുടിക്കില്ല. അത് പാപമെന്ന് അവർ വിശ്വസിക്കുന്നു. ഇടനിലക്കാർ അവിടെ നിന്ന് ചാണകം ഏറ്റവും കുറഞ്ഞ വിലയ്ക്ക് കടത്തി ഏറ്റവും കൂടിയ വിലയ്ക്കാണ് വിൽക്കുന്നത്. പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെയും വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയരാക്കുന്നു. തൊണ്ണൂറു കഴിഞ്ഞവരെയും, എണ്ണം തികയ്ക്കാൻ അങ്ങനെ ചെയ്യുന്നു. പെൺകുട്ടികളെ തട്ടിക്കൊണ്ടുപോകുന്നു. കേരളത്തിൽ സ്ത്രീകൾക്ക് ഏറ്റവും കൂടുതൽ ജോലി നൽകുന്ന മേഖലയാണ് കാർഷിക മേഖല. ആ മേഖലയെ സംരക്ഷിക്കുവാനും നമുക്കാവശ്യമായത് നമ്മുടെ മണ്ണിൽ നിന്ന് ഉൽപാദിപ്പിക്കുവാനുള്ള മനസ് നമുക്ക് നഷ്ടപ്പെട്ടിട്ടില്ലേ എന്ന് ഞാൻ സംശയിക്കുന്നു. ഞാനും എല്ലാത്തരത്തിലുള്ള കൃഷിപ്പണിയും ചെയ്തിട്ടുള്ള വ്യക്തിയാണ്. വടകര, തലശ്ശേരി, കണ്ണൂർ ഭാഗത്ത് ചുമട്ടുതൊഴിലാളികൾ സ്ത്രീകളാണ്. ഇവിടെ അങ്ങനെയല്ല. എങ്കിലും കൃഷിരംഗത്തെ സ്ത്രീകളുടെ അധ്വാനം കുറഞ്ഞുവരുകയല്ലേ എന്നൊരു സംശയം ഉണ്ട്. പണ്ടൊക്കെ നമുക്കാവശ്യമുള്ള പച്ചക്കറി വളരെ കുറച്ചു സ്ഥലമേ ഉള്ളൂവെങ്കിലും സ്വയം കൃഷി ചെയ്യുകയായിരുന്നു പതിവ്. ഇന്ന് ഇതൊന്നുമില്ല. നമ്മൾ തമിഴ്നാടിനെ ആശ്രയിക്കുന്നു. ഇതെങ്ങനെയാണ് നഷ്ടപ്പെടുന്നത്? പണ്ട് നമ്മൾ പച്ചക്കറി സൂക്ഷിച്ചുവച്ചിരുന്നു. ഇന്ന് നമ്മൾ എങ്ങോട്ടാണ് പോകുന്നത് എന്ന് നമുക്കറിയില്ല. നമ്മുടെ മനസ്സിനും മാറ്റങ്ങൾ വന്നിട്ടുണ്ട്. അവകാശങ്ങളെക്കുറിച്ച് നാം ബോധവാന്മാരാണ്, പക്ഷെ നമ്മുടെ കടമകളെക്കുറിച്ച് നമുക്കറിയില്ല.

കൊയിലാണ്ടി താലൂക്കിലെ കുറേ സ്ത്രീകൾ എന്നോട് ചോദിച്ചു ഞങ്ങൾക്കെന്തെങ്കിലും പണി വേണമെന്ന്. ഞാനവരോട് പറഞ്ഞു. അവിടെ ചക്ക, പപ്പായ, മാങ്ങ, നെൽക്കൃഷി ഒക്കെ ഉണ്ട്. ഒരു സഹകരണ സംഘം 20 പേരെ വെച്ച് ഉണ്ടാക്കൂ. അസംസ്കൃത സാധനങ്ങൾ നമുക്ക് ചുറ്റും കിട്ടുന്നത് ഉപയോഗിക്കാം. അവില്, മലര് ഇതൊക്കെ ഉണ്ടാക്കാം. IRDP മേളയിൽ ഏറ്റവും കൂടുതൽ സാധനങ്ങൾ വിൽക്കുന്ന ഒരു സഹകരണ സ്ഥാപനമാണത്. ഉണക്കമത്സ്യവിൽപനയും നല്ലൊരു ആദായമാർഗ്ഗമാണ്. നമ്മൾ അടിത്തറ കൂടി മാറ്റണം. മേൽത്തട്ട് മാത്രം മാറ്റിയാൽ പോര. ഒരു മാസത്തിൽ സീരിയൽ മാത്രം കാണാൻ 16 മണിക്കൂർ നമ്മൾ മാറ്റിവെയ്ക്കും. അതിനെയൊക്കെപ്പറ്റി സ്ത്രീകളിൽ ബോധമുണ്ടാക്കണം.

ഒരു ഞാറ്റുവേല പാടാൻ നമുക്കറിയില്ല. യന്ത്രങ്ങളാണ് എല്ലാം ചെയ്യുന്നത്. നമ്മളെ തരിപ്പണമാക്കുന്ന പ്രശ്നങ്ങൾ നമുക്ക് ചുറ്റുമുണ്ട്. നമ്മൾ ഒന്നിച്ചുനിന്നാൽ, ഒത്തുപിടിച്ചാൽ നമുക്കതിനെ നേരിടാനും അതിജീവിക്കാനും പറ്റും. തിരുനെല്ലി പഞ്ചായത്തിൽ Textile വ്യവസായം നന്നായി നടക്കുന്നു. പഴയ ആദിവാസി സ്ത്രീകൾ അവരുടെ ജീവിതം പുതുക്കി പണിതുകൊണ്ടിരിക്കുകയാണ്. അതിനവർക്ക് സ്ഥാപനങ്ങളും വ്യവസായങ്ങളും സഹായകമായിട്ടുണ്ട്. സ്ത്രീക്ക് 60 രൂപയും പുരുഷന് 100 രൂപ കിട്ടുന്നതുമാറി തുല്യമായി കൂലി കിട്ടണം. എന്തുകൊണ്ട് നമുക്ക് പറ്റുന്നില്ല ഒപ്പം കൂലി വേണമെന്ന് ചോദിക്കാൻ? പണി എടുക്കുന്ന സ്ത്രീകൾക്ക് ശിശുസംരക്ഷണകേന്ദ്രം, കർഷകതൊഴിലാളി ക്ഷേമനിധി എന്നിവ വേണം. ശിശുസംരക്ഷണകേന്ദ്രം വരണമെന്ന് ഒരു പുരുഷനും പറയില്ല. അവർക്കതിന്റെ ആവശ്യമില്ല. അത് നമ്മുടെ അവകാശമാണ്. നീതിയുടെ സംരക്ഷണം നമുക്കുണ്ട്. അത് നമ്മൾ ഉപയോഗിക്കണം. ഏത് തൊഴിൽ ചെയ്യുന്നതും അഭിമാനമാണ്. അധ്വാനത്തിന്റെ കരുത്ത് കടത്തനാടൻ പെണ്ണുങ്ങളിൽ കാണാൻ പറ്റും. യന്ത്രങ്ങൾ നമുക്കുപയോഗിക്കാം. അതിന് ശ്രമിക്കണം. അതിനേക്കാൾ ബുദ്ധിമുട്ടുള്ള പണി സ്ത്രീകൾ സാധാരണ ചെയ്യാറുണ്ട്. പെണ്ണുങ്ങൾ എന്നും പെണ്ണുങ്ങൾ തന്നെ എന്ന ചിന്ത നാം മാറ്റണം. ഈ സ്ഥിതി മാറ്റാൻ നമുക്ക് കഴിയണം. നമ്മളെല്ലാവരും ഒന്നിച്ചുനിന്നുതന്നെ മാറ്റണം.

ഈ കർഷക തൊഴിലാളികളുടെ കൂലി നിർണ്ണയിക്കുന്ന minimum wage committee യിൽ സ്ത്രീ ഇല്ല. പിന്നെങ്ങിനെയാണ് സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കുന്നത്. നാം വളരെ പിന്നിലാണ്. കേരളത്തിലും ഇന്ത്യയിൽ തന്നെയും നാം വളരെ പിന്നിലാണ്. നമ്മുടെ പ്രവർത്തനങ്ങൾ ഇതിനൊരു മാറ്റം വരുത്തട്ടെ എന്നാഗ്രഹിച്ചുകൊണ്ട് ഞാൻ നിർത്തുകയാണ്.

വൈസ്ചാൻസലർ : കാർഷിക സർവ്വകലാശാലയിൽ നിന്നും സ്ത്രീ കർഷകതൊഴിലാളികളുടെ പ്രശ്നങ്ങൾ ഞങ്ങൾ കാണുന്നത് ശാസ്ത്ര സാങ്കേതിക രംഗത്ത് പ്രധാനമായും എന്ത് ചെയ്യാൻ കഴിയും എന്ന അടിസ്ഥാനത്തിലാണ്. അതില് നിങ്ങളുടെ അനുഭവങ്ങൾ വളരെ പ്രധാനമാണ്. ഞങ്ങളുടെ പ്രവർത്തന മേഖല തിരഞ്ഞെടുക്കുന്നതിന് ഇത് സഹായിക്കും. എങ്ങനെയാണ് സ്ത്രീ പരിഗണന ശാസ്ത്ര സാങ്കേതിക മേഖലയിൽ കൊണ്ടുവരേണ്ടത് എന്ന പാഠവും ഞങ്ങൾക്ക് ലഭിക്കും. ഞങ്ങൾക്ക് പരിമിതികളുണ്ട്. സാങ്കേതികമായി ഈ പ്രശ്നത്തെ ഞങ്ങൾക്ക് എങ്ങനെ നേരിടാൻ കഴിയും എന്നാണ് ഞങ്ങൾ ചിന്തിക്കുന്നത്. സാമ്പത്തിക സാമൂഹിക മേഖലയിൽ ഞങ്ങൾ കടക്കില്ല എന്ന് അതിനർത്ഥമില്ല. പക്ഷെ അതിന് വേറെ ശാസ്ത്രജ്ഞന്മാർ ഉണ്ട്. ഒഴിഞ്ഞുമാറുകയല്ല. അന്നമ്മ പറഞ്ഞതിൽനിന്നും പ്രധാന പ്രശ്നം എന്താണെന്ന് പറഞ്ഞാൽ ഭൂവുടമകളുടെ ഇടയിൽ ഉള്ള അസന്തുലിതാവസ്ഥ, ഭൂവിഭവ ഉപയോഗ നിയമങ്ങൾ മുതലായവ. കുട്ടനാട്ടിൽ മാത്രമല്ല, പത്തനംതിട്ട ഭാഗങ്ങളിൽ സഖാവ് ഇ.പി.ഗോപാലന്റെ



നേതൃത്വത്തിൽ സമരങ്ങൾ നടന്നിട്ടുണ്ട്. ഇന്ന് കേരളത്തിൽ 54 ലക്ഷം കർഷക തൊഴിലാളികളുള്ളവരിൽ 52 ലക്ഷം പേർക്ക് ഒരു ഏക്കറിൽ താഴെമാത്രം ഭൂമി ഉള്ളവരാണ്.

രണ്ടുലക്ഷം ആളുകളുടെ കയ്യിലാണ് ഇന്ന് 60 ശതമാനം ഭൂമിയും ഇരിക്കുന്നത്. അടിസ്ഥാനപരമായ ഭൂപരിഷ്കരണം കേരളത്തിൽ നടന്നിട്ടില്ല. കേരളത്തിൽ നടന്നത് കുടിയായ്മ പരിഷ്കരണമാണ്. 40–50 കളിൽ കെട്ടിപ്പടുത്ത കർഷക പ്രസ്ഥാനം ആ വീറോടുകൂടി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമോ? കുടിയായ്മ പരിഷ്കരിച്ചു, പക്ഷെ കർഷകതൊഴിലാളിക്ക് ഭൂമി കിട്ടിയില്ല. അവന് കിട്ടിയത് കുടികിടപ്പവകാശമായ 4 സെന്റ്, 5 സെന്റ്, 10 സെന്റ് ഒക്കെയാണ്. അടിസ്ഥാനപരമായ ഈ മാറ്റം നടന്നാൽ മാത്രമേ നിങ്ങൾ പറഞ്ഞ പ്രശ്നങ്ങൾ മാറ്റാൻ നമുക്ക് കഴിയൂ. ഞങ്ങളുടെ കയ്യിലാണ് ഭൂമി. നിങ്ങളാണ് പണി എടുക്കുന്നവർ. നിങ്ങളുടെ കയ്യിൽ ഭൂമിയില്ല. ഈ വ്യത്യാസം മാറണം. അതുകൊണ്ടാണ് കേരളത്തിൽ ഒരു കൃഷിക്കാരന് 2 കർഷകത്തൊഴിലാളി എന്ന തോതിലുള്ളപ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ ഒരു കൃഷിക്കാരന് അര കർഷകത്തൊഴിലാളി എന്ന സ്ഥിതിയുള്ളത്. കുടുംബത്തൊഴിൽ കാർഷിക മേഖലയിൽ കേരളത്തിൽ കുറവാണ്. നിങ്ങൾക്ക് കിട്ടുന്ന 60 രൂപ അത്ര വലിയ കൂലിയല്ല. സ്വന്തം ഭൂമിയിൽ സ്വന്തമായി അധ്വാനിച്ച് ചെയ്യുന്ന കർഷകത്തൊഴിലാളിക്ക് അതൊരു വലിയ കൂലിയല്ല. മൗലികമായ പ്രശ്നം അവിടെയാണ്. അത് മാറ്റാൻ ഞങ്ങൾ കെ.എ.യു.വിലെ ആളുകൾ വിചാരിച്ചാൽ പറ്റില്ല. ഗൗരിയമ്മ അസംബ്ലിയിൽ പാസാക്കിയ നിയമത്തിലെ പ്രശ്നം എവിടെയാണ് sealing വെയ്ക്കേണ്ടത് എന്നതായിരുന്നു. sealing വെയ്ക്കേണ്ടത് വച്ച് തർക്കം ഉണ്ടായിരുന്നു. അങ്ങനെയാണ് ഇവിടെ $7^{1}/_{2}$ ഏക്കറിന് ഇരുപ്പുനിലത്തിൽ തത്തുല്യമായ sealing വന്നത്. ചൈനയിൽ ഭൂപരിഷ്കരണങ്ങൾ വളരെ വേഗം നടന്നു. അധ്വാനിക്കാൻ കഴിവുള്ളവരെ മാത്രമാണ് അവിടെ ഭൂമി ഏൽപ്പിച്ചത്. ഇവിടേയും അതായിരുന്നു ഉണ്ടകേണ്ടിയിരുന്നത്.

ഇന്ത്യയിലെ ഒരു കൃഷിക്കാരനുള്ളതിനേക്കാൾ രണ്ടിരട്ടി ഉല്പാദനം അവിടെ നടക്കുന്നുണ്ട്. ഈ സ്ഥിതി മാറ്റുക അത്ര എളുപ്പമല്ല. തൊഴിൽ കിട്ടാനുള്ള സാധ്യത പരിമിതമായിരിക്കുമ്പോൾ എങ്ങനെയും മറ്റ് വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തണം എന്ന് ഞങ്ങൾ പറയുന്നത് അതുകൊണ്ടാണ്. ഇപ്പോൾ തന്നെ ഞാൻ കേൾക്കുകയുണ്ടായി കുട്ടനാട്ടിൽ മൽസ്യം വളർത്തുന്നതിനെപ്പറ്റി. ആ നിർദ്ദേശം ഞാൻ അദ്ധ്യക്ഷനായ കമ്മിറ്റി വെച്ചതാണ്. ഇന്ന് കുട്ടനാട്ടിൽ നെൽക്കൃഷി നഷ്ടമായതിനെ തുടർന്ന് നിലംതരിശായി ഇടുമ്പോൾ അതിന് ഒരു ആദായമാർഗ്ഗമെന്ന നിലയിലാണ് ഇത് മുന്നോട്ട് വെച്ചത്. പക്ഷെ ഞാൻ ഒരു കാര്യം കൂടി പറഞ്ഞു. അത് പൂർണ്ണമായും ആ റിപ്പോർട്ട് വരുമ്പോൾ അറിയാം. ഇങ്ങനെ ചെയ്യുമ്പോൾ അതിൽ നിന്ന് കിട്ടുന്ന ആദായത്തിന്റെ ഒരു വിഹിതം കർഷകത്തൊഴിലാളിക്ക് പോകണം. ഡോ. പുരുഷന് അറിയാം. പൊക്കാളി നിലത്തിലുള്ളത് കർഷക തൊഴിലാളികളും ചെമ്മീൻകെട്ടുകാരും തമ്മിലുള്ള പ്രശ്നമാണ്. കൃഷിക്കാരന് ഒരു മാസം കൂടി ചെമ്മീൻകെട്ട് നീട്ടികിട്ടിയാൽ അവരുടെ ലാഭം ഇരട്ടിക്കുന്നു. കർഷക തൊഴിലാളിക്ക് അങ്ങനെ നീട്ടികിട്ടിയാൽ തൊഴിൽ നഷ്ടപ്പെടുന്നു. ഈ സംഘർഷമാണ്. ചെയ്യേണ്ടതെന്താ? കൃഷിക്കാരന് കിട്ടുന്ന അധിക വിഹിതത്തിൽ ഒരു ഭാഗം കർഷകത്തൊഴിലാളിക്ക് കൊടുക്കണം. ഇത് സമൂഹത്തിനും, അവർക്ക് രണ്ട് പേർക്കും ഗുണം ചെയ്യും. അതും ഞങ്ങൾ പറഞ്ഞിട്ടുണ്ട്. സാമൂഹിക സാമ്പത്തിക മേഖലകളിൽ കർശനമായ മാറ്റങ്ങൾ വരുത്താൻ നാം തയ്യാറാകാത്തിടത്തോളം കാലം ഈ ഒരു മാർഗത്തിൽ കൂടിയേ മുന്നേറാൻ പറ്റൂ. നമുക്കിന്ന് ഇവിടെ അവസാനിപ്പിക്കാം. നാളെ രാവിലെ ചർച്ച തുടരാം.

### ശില്പശാലയുടെ രണ്ടാം ദിവസം

രണ്ടാം ദിവസം രാവിലെ ഒമ്പതുമണിക്ക് ഒത്തുചേർന്ന ശിൽപശാലയിലേയ്ക്ക് ഡോ. പി.എസ്. ഗീതക്കുട്ടി എല്ലാ പേരേയും സ്വാഗതം ചെയ്തു. "നമ്മൾ ഇന്നലെ പറഞ്ഞ കാര്യങ്ങൾ ഓർക്കുകയും ഇനി എന്ത് ചെയ്യാൻ പറ്റും എന്നാലോചിക്കുകയും വേണം. അവരവരുടെ പ്രവർത്തനമേഖലകളിൽ ഈ പ്രശ്നപരിഹാരങ്ങൾക്കായി എന്ത് ചെയ്യുവാൻ കഴിയും എന്ന് ചിന്തിക്കണം. ഇന്ന് നമ്മുടെ കൂടെ ശ്രീമതി ആർ. പാർവ്വതി ദേവിയും വന്നിട്ടുണ്ട്. അവരും നിങ്ങളോട് സംസാരിക്കും. എന്തെങ്കിലും കൂടുതലായി പറയാനുണ്ടെങ്കിൽ ഇനിയും നിങ്ങൾക്ക് എല്ലാപേർക്കും സംസാരിക്കാം. എന്നിട്ട് മാത്രമേ പരിഹാരങ്ങളെക്കുറിച്ചും, സാധ്യതകളെക്കുറിച്ചും ചിന്തിക്കുന്നുള്ളു".

ഇന്ദിര : ഇന്നലെ, ഞങ്ങൾ വയനാട്ടിലെ പ്രശ്നങ്ങൾ പറഞ്ഞതിൽ കുറെ വിട്ടുപോയിട്ടുണ്ട്. വയനാട്ടിൽ ഏറ്റവും കൂടുതൽ തൊഴിൽ പ്രശ്നം അനുഭവിക്കുന്നത് ആദിവാസിമേഖലയിലെ സ്ത്രീകളാണ്. അവർക്ക് സ്വന്തം കൃഷി ചെയ്യാനോ, വീടുവെയ്ക്കാനോ സ്ഥലമില്ല. കൂലിപ്പണി മാത്രമേ അവർക്കുള്ളു, സീസണിൽ മാത്രമേ അവർക്കു പണിയുള്ളൂ. ബാക്കി മഴക്കാലത്ത് അവർക്ക് പട്ടിണി മാത്രമാണ്. മക്കളെ പോറ്റാനൊന്നും നിവൃത്തിയില്ലാത്ത അവസ്ഥയാണ്. അവർക്കനുയോജ്യമായി തൊഴിൽ മേഖലയിൽ എന്തെങ്കിലും മാർഗ്ഗം കണ്ടുപിടിക്കണമെന്നാണ് എന്റെ അഭിപ്രായം.

ദേവി : അവർക്ക് പറ്റിയ എന്തെങ്കിലും മാർഗ്ഗങ്ങൾ നിങ്ങൾക്കു പറയാനുണ്ടോ?

ഇന്ദിര : അവർക്ക് അവിടെ പശുവളർത്തൽ നടത്താൻ പറ്റും. ഒരുമിച്ച് പശു വളർത്താം. വനമേഖല ആയതുകൊണ്ട് പുല്ലു വെട്ടാനും തീറ്റാനും സൗകര്യമുണ്ട്.

ശാരദാമണി : നേരത്തെ ആദിവാസികൾ ചെയ്തുകൊണ്ടിരുന്ന തൊഴിലുകൾ ഇല്ലാതായതെങ്ങനെ?

ഇന്ദിര : നേരത്തേ അവർ കൊട്ട, വട്ടി ഒക്കെ ഉണ്ടാക്കുമായിരുന്നു. ഇപ്പോൾ അതിന് ആവശ്യക്കാർ കുറവാണ്. പിന്നെ കാട്ടിൽ നിന്ന് ഈറ്റ വെട്ടണമെങ്കിൽ പാസ്സ് എടുക്കണം. കൂലിപ്പണിയാണെങ്കിൽ ആറു മണിക്കൂറ് പണിതാൽ 60 രൂപ കിട്ടും. കൊട്ട വിറ്റാൽ വളരെ കുറവുമാത്രമേ പൈസ കിട്ടു. അങ്ങിനെ പല മാറ്റങ്ങളും അവിടെ വന്നിട്ടുണ്ട്.

വൈസ്ചാൻസലർ : ആദിവാസികളുടെ മേഖലയിൽ പ്രവർത്തിക്കുന്ന ആളുകളിൽ നിന്നും കിട്ടിയ വിവരങ്ങളിൽ ചിലത് ഞാൻ പറയാം. നമ്മുടെ ജീവിതരീതികളുടെ അടിസ്ഥാനത്തിലാണ് നമ്മൾ ആദിവാസികളെ കാണുന്നത്. അവർ പരമ്പരാഗതമായി അടിമപ്പണി ചെയ്തവരാണ്. അട്ടപ്പാടിയിൽ അവർക്ക് നെൽക്കൃഷി മാത്രമല്ല, കാട്ടിൽ പോയി തേൻ ശേഖരിക്കുക, പശുനെ കറക്കുക, ആടുവളർത്തൽ എന്നിങ്ങനെയുള്ള ജോലികൾ ഉണ്ടായിരുന്നു. ഇങ്ങനെ വലിയ ഒരു പ്രദേശത്തെ ഭൂസമ്പത്ത് ഉപയോഗിക്കുന്ന ഒരു കാലമായിരുന്നു. ഇന്ന് അവരേക്കാൾ 2–3 ഇരട്ടി മറ്റുള്ളവർ അവിടെ ചെല്ലുകയും കൃഷി ചെയ്യുകയും വനം വെട്ടുകയും ചെയ്യുന്നു. ഇവിടെ നിന്ന് ചെന്നവരുടെ കാഴ്ചപ്പാട് കൃഷിചെയ്യുന്നവർക്ക് ഒന്നോ, രണ്ടോ ഏക്കർ സ്ഥലം കൊടുത്ത് അവരെ ഒഴിവാക്കുക എന്നതായിരുന്നു. ആദിവാസി പത്തോ ഇരുപതോ ഏക്കർ സ്ഥലത്തെ പ്രകൃതിവിഭവങ്ങൾ ഉപയോഗിച്ചാണ് ജീവിച്ചിരുന്നത്. നമ്മൾ അവരെ നമ്മുടെ രീതിയിൽ കാണുമ്പോൾ ഒന്നര അല്ലെങ്കിൽ അര ഏക്കർ ഭൂമികൊണ്ട് അവർ ജീവിക്കണം എന്നാണ് നാം പറയുന്നത്. അവരുടെ രീതിയും മറ്റും മാറി. 10–20 ഏക്കറിലെ ഭൂസ്വത്ത് ഉപയോഗിച്ചാണ് അവർ ജീവിച്ചിരുന്നത്. ഇന്നവർ ഒരു ഏക്കർ ഭൂമിയിൽ തെങ്ങ്, കവുങ്ങ്, പുല്ലും ഒക്കെ വളർത്തി ജീവിക്കുക എന്നാൽ നടക്കില്ല. സാധാരണ ആദിവാസി ജീവിതത്തിൽ അവർ എത്ര ഭൂമി ഉപയോഗിച്ചാണോ ജീവിക്കുന്നത് അത് ചുരുങ്ങിവന്നിരിക്കുന്നു. ഈ ചുരുങ്ങിയ ഭൂമിയിൽ കടും കൃഷി ചെയ്താണ് അവർ ജീവിക്കുന്നത്. എങ്ങനെയാണ് ഒരു സാധാരണ കർഷക തൊഴിലാളിയുടെ വീട്ടിൽ പശുവിനെ വളർത്തിയിരുന്നത്? പണ്ട് എന്റെ വീട്ടിൽ എന്റെ അമ്മ ആദ്യം തന്നെ രാവിലെ പശുവിന് വൈക്കോൽ ഇട്ടുകൊടുക്കും, പാൽ കറക്കും. പിന്നെ 9 മണിയാകുമ്പോൾ പശുവിനെ ഇറക്കികെട്ടി പുല്ലുകൊടുക്കും. ഒരു ദിവസത്തെ മൊത്തം പണിയും കഴിഞ്ഞ് രാത്രി അമ്മ അവസാനം ചെയ്യുന്നത് ബാക്കിവന്ന പാൽ ഉറയൊഴിക്കുക എന്നതാണ്. കർഷക തൊഴിലാളി രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണിവരെ ജന്മിയുടെ ഭൂമിയിൽ പണിചെയ്യുന്നു. അവിടെ കൊച്ചുകുട്ടികൾ പശുവിനെ വളർത്തി അവസാനം ജൻമിയുടെ വീട്ടിൽ പശുവിനെയും കിടാവിനെ കൊടുത്ത് അവസാനം കറവ തീർന്നുകഴിഞ്ഞാൽ കിടാവിനെ തിരിച്ചെടുക്കുന്ന രീതിയാണ്. ആദിവാസി മേഖലയിൽ നമ്മൾ തൊഴിലെടുക്കുമ്പോൾ അവർ ഇത്രകാലം ജീവിച്ചിരുന്ന രീതിയിൽ നിന്നും പെട്ടെന്നൊരു മാറ്റം വരുത്താൻ അവർക്ക് സാവകാശവും സമയവും കൊടുക്കണം. അതിനവരെ പ്രാപ്തരാക്കണം. അത് ചെയ്യാതെ സാങ്കേതിക വിദ്യകളെക്കുറിച്ച് പറയുമ്പോഴും കൊണ്ടുവന്നപ്പോഴും ഉണ്ടായ പാളിച്ചയാണ് ഇവിടെയുണ്ടായത്.

പൊതുവെ വയനാട്ടിൽ വനം വെട്ടിയപ്പോൾ ഈറ്റ കിട്ടുന്നത് കുറഞ്ഞു. അതുകൊണ്ടുണ്ടാക്കുന്ന കൊട്ടയുടേയും വട്ടിയുടേയും ഉപയോഗം കുറഞ്ഞു. അപ്പോൾ ഇങ്ങനെയുള്ള മാറ്റങ്ങൾ വന്നിരിക്കുന്ന സാഹചര്യത്തിൽ അവർക്ക് തൊഴിൽ കിട്ടാൻ എന്തു ചെയ്യണമെന്ന് നമ്മൾ ആലോചിക്കേണ്ടിയിരിക്കുന്നു. ഒരുത്തരം ആർക്കും പെട്ടെന്ന് കിട്ടില്ല. ഒരിക്കലും അവരുടെ ജീവിതരീതിക്ക് മാറ്റം വരുത്താതെ നമ്മൾ ചെയ്യുന്ന കാര്യങ്ങൾ അവർ ചെയ്യണമെന്ന് പറഞ്ഞാൽ നടക്കില്ല.

സുകുമാരൻ നായർ : ആദിവാസികളെ പ്രതിനിധാനം ചെയ്ത് ഇവിടെ തൊഴിലാളികൾ ആരും എത്തിയിട്ടില്ല. നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ കാർഷിക രംഗത്ത് പ്രവർത്തിക്കുന്നത് സ്ത്രീകളിൽ പട്ടിക ജാതിക്കാരും പട്ടികവർഗ്ഗവുമാണ്. കേരളത്തിൽ 68 പട്ടികജാതിയും 35 പട്ടികവർഗ്ഗവും ഉണ്ട്. ഈ 35 പട്ടികവർഗ്ഗത്തെ ഒറ്റ നുകത്തിൽ കെട്ടാൻ പറ്റില്ല. വയനാട്ടിൽ 6 പട്ടികവർഗ്ഗക്കാരുണ്ട്. ഈ പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റിനു കഴിയുമെങ്കിൽ അവരുടെ പ്രശ്നങ്ങൾ തീർന്നു എന്നു പറയാം. ഇവിടെ പട്ടിക വർഗ്ഗക്കാർക്ക് വേണ്ടി നടത്തുന്ന എല്ലാ പ്രോഗ്രാമുകളുടെയും നല്ല കനികൾ ഭക്ഷിക്കുന്നത് പട്ടികവർഗ്ഗത്തിലെ ഉയർന്ന വർഗ്ഗക്കാരായ ഉദ്യോഗസ്ഥരാണ്. കാണിക്കാർ, മലയരയർ മുതലായവർ. അടിമ പണിക്കാർ ഏറ്റവും കൂടുതലായി തിരുനെല്ലി പ്രദേശത്താണ് കാണുന്നത്- അടിയർ. പണിയൻമാരും അടിയൻമാരും അന്നന്നുവേണ്ടുന്നകൂലി കിട്ടുന്നവരാണ്. ഇങ്ങനെയുള്ളവരെ കണക്ക് പറഞ്ഞ് പറ്റിക്കാനും എളുപ്പമായിരുന്നു. ഭൂമിയിൽ പണി എടുക്കുവാനുള്ള ആഗ്രഹവുമായി ഇവിടെ എത്തി പണക്കാരാകുന്നുമറ്റുള്ള പ്രദേശങ്ങളിലുള്ളവർ.

പങ്ക് ചേർന്നതിനുശേഷം അവനെ പറ്റിച്ച് കടന്ന് കളയുന്ന പ്രക്രിയ എല്ലാ ആദിവാസി മേഖലകളിലും നടന്നിട്ടുണ്ട്. കൃഷി ഒരു സീസണൽ പണിയാണ്. കൃഷി ഇറക്കി കഴിഞ്ഞിട്ടുള്ള സമയത്ത് നമ്മുടെ തൊഴിലാളികൾ ഇടപ്പെട്ടിരിക്കുന്നത് ഉപതൊഴിലുകളിലാണ്. വയനാട്ടിൽ ആദിവാസികൾ കൊരമ്പക്കുട (ചെളികൊണ്ട്) ഉണ്ടാക്കും. ആദിവാസികളിൽ നിന്നും ഈ കൊരമ്പക്കുട ഉണ്ടാക്കുന്ന വിദ്യ മറ്റുപ്രദേശവാസികൾ പഠിക്കുകയും കൂടുതൽ ഉണ്ടാക്കി വിലകുറച്ചു വിൽക്കുകയും ചെയ്തപ്പോൾ അവർക്കവിടെ ഇതുണ്ടാക്കാൻ വയ്യാതായി. ടി. മാധവമേനോൻ സാർ Tribal welfare Director ആയ സമയത്ത് ഗിരിജൻ കോ-ഓപ്പറേറ്റീവ്

സൊസൈറ്റി ഉണ്ടാക്കി, കുറെയൊക്കെ മോശമായി പോയി. കഴിഞ്ഞ 7–8 വർഷമായ ആദിവാസികളുടെ കരകൗശല വൈദഗ്ധ്യം മറ്റുള്ളവർക്ക് മനസ്സിലാക്കാൻ പ്രദർശനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിൽ പങ്കെടുക്കാനായി മാത്രം ആളുകൾ ഇതിൽ നിന്നും വിട്ടു നിൽക്കാതെയിരുന്നിട്ടുണ്ട്. ഏത് മേഖലയിലാണെങ്കിലും പഠിത്തത്തോടൊപ്പം ഉപതൊഴിലുകളും നമ്മുടെ കുട്ടികളെ പഠിപ്പിക്കണം. അടുത്ത തലമുറയിൽ പഠിക്കാൻ വൈദഗ്ധ്യമുള്ള കുട്ടികളെ പഠിത്തത്തിലേയ്ക്കും വൈദഗ്ധ്യം കുറഞ്ഞ കുട്ടികളെ പരമ്പരാഗതമായ ഉപതൊഴിലുകളിലേയ്ക്കും തിരിച്ചുവിടണം. നമ്മുടെ കാർഷികരംഗത്ത് തൊഴിൽ ചെയ്യുന്നതിനുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള സംവിധാനങ്ങൾക്ക് ശ്രമിക്കുകയാണെങ്കിൽ ഈ മേഖലയിൽ നിന്നും ആളുകൾ കുത്തിയൊലിച്ചുപോകുന്നത് തടയാൻ പറ്റും.

പാർവ്വതിദേവി : വർഷങ്ങളായി കാർഷികരംഗത്ത് രാഷ്ട്രീയരംഗത്തു നിൽക്കുന്നവരെ പോലും ഞെട്ടിക്കുന്ന വിവരങ്ങളാണ് നിങ്ങൾ പറഞ്ഞത്. സ്വാതന്ത്ര്യം കിട്ടിയിട്ട് ഇത്ര വർഷങ്ങൾക്കുശേഷവും കേരളത്തിൽ കർഷകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെക്കുറിച്ച് ഇത് പോലെ പ്രായോഗികമായ ചർച്ചകൾ നടന്നിട്ടില്ല എന്നത് ദുഃഖകരമാണ്. എനിക്ക് പറയാനുള്ളത് നിങ്ങൾ ഇവിടെ വന്ന് ചർച്ചചെയ്യുമ്പോഴാണ് ഇവയൊക്കെ പ്രശ്നങ്ങളാണെന്നുതന്നെ ഒരു പക്ഷെ തിരിച്ചറിയുന്നത്. ഉദാ: സ്ത്രീപുരുഷവേതനം. കുറേക്കാലം വരെ സ്ത്രീകൾ അതിൽ അസ്വാഭാവികത ഒന്നും കണ്ടില്ല. അങ്ങനെ ഒരു തിരിച്ചറിവ് ഉണ്ടായിരുന്നില്ല. ജോലിയില്ലാതാവുക, യന്ത്രവൽക്കരണം മൂലം ജോലി നഷ്ടപ്പെടുക ഈ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാം എന്നതിനെക്കുറിച്ച് പ്രവർത്തനങ്ങൾ ഇവിടെ വെച്ച് നിർത്താതെ കൂടുതൽ കൂട്ടായ്മകളിലൂടെയും പ്രതിനിധി ചർച്ചകളിലൂടെയും ആഴത്തിൽ പഠിക്കണം. നിങ്ങളുടെ പങ്കാളിത്തം പൂർണ്ണമായും ഉണ്ടാകണം. നിങ്ങളുടേതായ സ്ഥലങ്ങളിലും ഈ പ്രവർത്തനങ്ങൾ തുടരണം. ഇത് നമ്മുടെ പ്രസ്ഥാനമാണെന്നുകണ്ടുകൊണ്ട് പരിഹാരം നിർദ്ദേശിച്ചുകൊണ്ട് ഇതൊരു നീണ്ട പരിപാടിയായി മാറ്റണം.

ഗീതക്കുട്ടി : നിങ്ങൾ ഓരോരുത്തരും–തൊഴിലാളികളും വിവിധ മേഖലകളിലെ പ്രവർത്തകരായ നമ്മളും–തിരിച്ചുപോകുമ്പോൾ എടുക്കേണ്ട തീരുമാനങ്ങളും പരിഹാരങ്ങളും മറ്റും മറക്കരുത്. ഉടനടി എടുക്കേണ്ട പ്രവർത്തനങ്ങളും, ചിന്താഗതിയിൽ വരുത്തേണ്ട മാറ്റങ്ങളെ പറ്റിയും അതാതുവകുപ്പുകളിൽ വരുത്തേണ്ട മാറ്റത്തെപ്പറ്റിയൊക്കെ നാം ചിന്തിക്കണം. ഇന്നലെ മുഴുവനും, ഇന്നും കൂടിയ ചർച്ചകളിലൂടെ ഇവിടെ പറഞ്ഞ കാര്യങ്ങൾ നിങ്ങൾക്കായി ചുരുക്കി പറയാം. അതിനുവേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കണം നിങ്ങളോരോരുത്തരും.

1. രാവിലെ മുതൽ വൈകുന്നേരംവരെ ഒരേ ജോലി ചെയ്യുന്ന പുരുഷനും സ്ത്രീക്കും ഒരേ കൂലിയല്ല കിട്ടുന്നത്. പുരുഷനെക്കാൾ കുറച്ച് ജോലി ചെയ്യാനേ സ്ത്രീക്കുകഴിവുള്ളു എന്ന തോന്നലുകൊണ്ടാകാം ഇങ്ങനെ വേതന വ്യത്യാസം ഉണ്ടാകുന്നത്. പുരുഷന് 100 മുതൽ 150 വരെ കൂലികിട്ടുമ്പോൾ സ്ത്രീക്ക് 60 മുതൽ 80 വരെമാത്രമാണ് രൂപ കിട്ടുന്നത്. കേരളത്തിലോരോ സ്ഥലത്തും മാറ്റമുണ്ട്.

2. അടുത്ത വിഷയം കാർഷികരംഗത്തെ യന്ത്രവൽക്കരണമാണ്. യന്ത്രങ്ങൾ വരുമ്പോൾ നേരത്തെ ഈ രംഗങ്ങളിൽ പണിചെയ്ത സ്ത്രീകളുടെ പണി നഷ്ടപ്പെടുന്നു. തുടർന്നും ഈ പണികൾ സ്ത്രീകൾക്കായി മാറ്റി വെച്ചില്ലെങ്കിൽ സ്ത്രീകൾ ഈ രംഗത്തുനിന്നും തീർത്തും മാറ്റപ്പെട്ടേയ്ക്കാം. ഉദാ: ഞാറുനടീൽ യന്ത്രം. യന്ത്രവൽക്കരണത്തേയും അതുമൂലം ഉണ്ടാകുന്ന കൃഷിച്ചിലവിന്റെ ലാഭത്തേയോ എതിർക്കുകയല്ല. പക്ഷെ സ്ത്രീകൾക്ക് യോജിച്ച രീതിയിലുള്ള മാറ്റങ്ങളാകണം ഉണ്ടാകേണ്ടത്. സ്ത്രീക്ക് പരിശീലനം നൽകുകയോ സ്ത്രീക്ക് അനുയോജ്യമായി യന്ത്രങ്ങൾ മാറ്റി എടുക്കുകയോ വേണം. പരിശീലനം മാത്രമല്ല, സ്ത്രീകൾക്കും യന്ത്രം സ്വന്തമാക്കാനുള്ള സാമ്പത്തിക സഹായം സ്ത്രീകൾക്ക് ലഭിക്കണം.

വൈസ്ചാൻസലർ : ഇന്നുവരെ കേരളത്തിലെ യന്ത്രവൽക്കരണം വന്നിരിക്കുന്നത് നിലം ഒരുക്കൽ, ഉഴുത് മറിക്കൽ ഇവയ്ക്കാണ്. പുരുഷന്മാർതന്നെ ഇറങ്ങുന്ന ഈ മേഖലകളിൽ യന്ത്രവൽക്കരണം വന്നത് സ്ത്രീകളെ കാര്യമായി ബാധിച്ചിട്ടില്ല. എന്നാൽ ഇനി ഞാറ് നടീൽ, കൊയ്ത്ത്, മെതിക്കൽ എന്നീ മേഖലകളിലെ യന്ത്രവൽക്കരണം സ്ത്രീകളെ ബാധിക്കും. അതുകൊണ്ടാണ് നാം ഒരു തയ്യാറെടുപ്പ് എന്ന നിലയിൽ ഈ പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നത്.

ഗീതക്കുട്ടി : മറ്റൊരു വസ്തുത കൃഷികുറഞ്ഞതുകാരണമാണ് തൊഴിലവസരങ്ങളും കുറഞ്ഞത് എന്നാണ്. തൊഴിലാളികളെ കിട്ടാത്തതുകാരണം കൃഷികുറഞ്ഞതോ കൃഷി കുറഞ്ഞതുകാരണം തൊഴിലാളികൾ കുറഞ്ഞതോ ആകാം.

3. പണ്ട് മുതൽക്കേ സ്ത്രീകൾ ചെയ്തുവന്ന തൊഴിൽ രംഗങ്ങൾ നഷ്ടമാകുമ്പോൾ മറ്റ് തൊഴിലുകളിൽ ഏർപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്ത്, ആവശ്യമുള്ള പരിശീലനം നൽകി സ്ത്രീകളെ കെൽപ്പുള്ളവരായി തീർക്കണം. ശ്രേയസ്, കോസ്റ്റ്ഫോർഡ്, തുടങ്ങിയ ഗവൺമെന്റ് ഇതര ഏജൻസികൾക്ക് (NGO) ഇവരെ മുന്നോട്ട് കൊണ്ടുവരാൻ കഴിയും. പഞ്ചായത്തിലെ പദ്ധതികൾ വഴിയും നടത്താൻ പറ്റും. പഞ്ചായത്തിലെ അധികൃതർ സ്വയം ആലോചിക്കണം.

4. മറ്റൊരു ചിന്തിക്കേണ്ട വിഷയം സ്ത്രീകൾക്ക് വേണ്ടിയുള്ള സഹായപദ്ധതികളാണ്. ഉദാഹരണത്തിന് വിധവാ പെൻഷൻ ആൺകുട്ടികളുണ്ടെങ്കിൽ അമ്മക്ക് കൊടുക്കില്ല. അങ്ങിനെ ഒരു നിയമം വേണോ?

ഒരു വിവേചനം വേണോ? അത് മാറ്റി എടുക്കണം. ഇത്തരത്തിലുള്ള നിയമ ഭേദഗതികൾ സംസ്ഥാനമൊട്ടാക്കെ കൊണ്ടുവരേണ്ട കാര്യമാണ്. ഇത്തരത്തിലുള്ള സഹായ പദ്ധതികളിലെ നിയമങ്ങളെല്ലാം ഈ രീതിയിൽ പരിശോധിക്കപ്പെടണം.

5. അയൽക്കൂട്ടത്തിന്റെ നല്ല പ്രവർത്തനം പ്രയോജനകരമാണെന്ന് പലരും പറഞ്ഞു. സാക്ഷരതയിലും ആരോഗ്യത്തിലും അവരുടെ സംഭാവന പറഞ്ഞിരുന്നു. സ്ത്രീ മുന്നേറ്റത്തിനായി ഇനിയും പലതും അയൽക്കൂട്ടങ്ങൾക്ക് സാധിക്കും.

6. സ്ത്രീകളും കൂടി ഉണ്ടാക്കുന്ന കാർഷിക രംഗത്തെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതും അതിന്റെ ആദായം അനുഭവിക്കുന്നതും പുരുഷനാണ്. സ്ത്രീകൾക്കും സാമ്പത്തിക സ്വാതന്ത്ര്യം കിട്ടേണ്ടതാണ്.

7. കുട്ടനാട്ടിലെ പ്രത്യേക ചുറ്റുപാടിൽ കൃഷിപ്പണിക്ക് പുറമേ സ്ത്രീകൾക്കുപറ്റിയ മറ്റു തൊഴിലുകൾ എന്തെന്ന് ആലോചിക്കണം. അവിടെ വെള്ളക്കെട്ടുകാരണം കുടിൽ വ്യവസായം ചെയ്യാൻ പറ്റില്ല. ജനകീയാസൂത്രണം വേണ്ട വിധത്തിൽ നടക്കുന്നില്ല എന്നാണ് ചൂണ്ടിക്കാണിക്കപ്പെട്ടത്.

8. ഇവിടെ തൊഴിലാളികൾ ചൂണ്ടിക്കാണിച്ച മറ്റൊരു പ്രശ്നം വയലിൽ പണിയെടുക്കുമ്പോൾ മഴ പെയ്യുന്നതും ഇടിവെട്ടുന്നതും ഒക്കെ സഹിക്കേണ്ടി വരുന്നു. അതിനെ തുടർന്നുള്ള അസുഖങ്ങളും അപകടങ്ങൾക്കുമെതിരെ insurance ആവശ്യമാണ് എന്നതാണ്. തുടർച്ചയായി ജോലിചെയ്യുമ്പോഴുള്ള ആരോഗ്യപ്രശ്നങ്ങളും പലരും ചൂണ്ടി കാണിച്ചിട്ടുണ്ട്.

9. SSLC, Pre degree എന്നീ നിലകളിൽ പാസായവർക്ക് കൃഷിപ്പണിയോടൊപ്പം ചെയ്യാവുന്ന തൊഴിലുകളുണ്ട്. അതിനും പദ്ധതികളുണ്ടാകണം. പഞ്ചായത്ത് തലത്തിൽ ഇതിനുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണം. Casual labourer ആയി പണിചെയ്യുന്നവരുടെ പ്രശ്നം അവർക്ക് ഇതുകൊണ്ട് സമൂഹം വേറെ പണിയൊന്നും കൊടുക്കുന്നില്ല. അതിനുള്ള തിരിച്ചറിവ് ഉണ്ടാകണം-സമൂഹത്തിൽ.

10. ഇവിടെ തൊഴിലാളികൾ പറഞ്ഞതനുസരിച്ച് ശരാശരി 10-20 സെൻറ് സ്ഥലം മാത്രമേ കർഷക തൊഴിലാളിക്ക് സ്വന്തമായിട്ടുള്ളൂ.

11. മറ്റൊരു പ്രശ്നം നമ്മുടെ നാട്ടിൽ യുവാക്കൾക്കിടയിൽ കൃഷിപ്പണിയിലേക്ക് തിരിയുന്നതിനുള്ള വിമുഖത. കൃഷിയിലേക്കോ അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള തൊഴിലിലേക്കോ യുവാക്കൾ തിരിയാത്തത് അതിനോടുള്ള അവജ്ഞകാരണമാണ്. ഇത് മാറണം.

12. സ്ത്രീകൾ പണിക്ക് പോകുന്നിടത്ത് അവർ നേരിടുന്ന പീഢനങ്ങൾ മറച്ച് വെക്കപ്പെടുകയാണ്. പ്രാഥമികാവശ്യങ്ങൾക്ക് അവർക്ക് സൗകര്യമില്ല. ഇതൊക്കെ സഹിച്ചാണ് അവർ പണിചെയ്യുന്നത്. അനുയോജ്യമായ യന്ത്രവൽക്കരണം കൊണ്ടുവന്നാൽ കൂടുതൽ ചെറുപ്പക്കാരെ സ്ത്രീകളേയും പുരുഷന്മാരേയും കൃഷിയിലേക്ക് ആകർഷിക്കാൻ സാധിക്കും.

13. ജനകീയാസൂത്രണ പദ്ധതികളിൽ നടക്കുന്ന അന്യായങ്ങൾ പരിഹരിക്കപ്പെടണം.

14. തൊഴിലാളികൾക്ക് ജോലിയുണ്ടാകണം, അവരെക്കുറിച്ച് തീരുമാനങ്ങൾ എടുക്കുന്നിടത്ത് അവർക്ക് പ്രാതിനിധ്യം ഉണ്ടാകണം. വിവേചനങ്ങൾ എടുത്ത് കാട്ടപ്പെടുകയും അതിനനുസരിച്ച് നിയമഭേദഗതികളും ഉണ്ടാകുകയും വേണം.

15. നമ്മുടെ സമൂഹം തന്നെ തൊഴിലാളികളോട് കാണിക്കുന്ന വിവേചനം മാറണം.

16. നമ്മുടെ സമൂഹത്തിൽ അന്നദാതാക്കളാണ് സ്ത്രീകൾ. അവൾക്ക് അതിനർഹമായ സാമ്പത്തിക സഹായം കിട്ടണം. കൃഷി ചിലവിനുള്ള സഹായം നെൽകൃഷിക്ക് സമൂഹം കൊടുത്തെങ്കിൽ മാത്രമേ നെൽകൃഷി നിലനിൽക്കുകയുള്ളൂ. അത്തരത്തിൽ ഒരു പദ്ധതി ഉണ്ടാകണം.


17. മൃഗസംരക്ഷണത്തിൽ ഒട്ടുമുക്കാൽ പണികളും സ്ത്രീകളാണ് ചെയ്യുന്നത്. എന്നാൽ ഈ മേഖലകളിൽ തീരുമാനമെടുക്കുന്ന കമ്മറ്റികളിൽ പുരുഷൻമാർക്കാണ് സ്ഥാനം. അതിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം വേണം. എങ്കിലേ സ്ത്രീകൾക്ക് അനുയോജ്യമായ തീരുമാനങ്ങൾ ഉണ്ടാകൂ.

18. ആദിവാസികൾ അനുഭവിക്കുന്ന ക്രൂരതകളെക്കുറിച്ച് ടി. ദേവി ഇവിടെ പറഞ്ഞു. വൈസ്ചാൻസലർ പറഞ്ഞതുപോലെ കൃഷി ചെയ്യുന്നവന്റെ കയ്യിൽ കൃഷിഭൂമികിട്ടണം. കൃഷിഭൂമി തരിശുഭൂമിയായി ഇടാതെ കൃഷിചെയ്യുന്നവരുടെ കയ്യിൽ കിട്ടുന്നവിധം പദ്ധതികൾ ഉണ്ടാകണം.

19. കർഷകർ എടുക്കുന്ന തീരുമാനങ്ങളിലൂടെ തൊഴിലാളിക്ക് നഷ്ടപ്പെടുന്ന വരുമാനവും തൊഴിലും കിട്ടുന്ന രീതിയിൽ പരിഹാരം കാണണം. തൊഴിലാളി എങ്ങനെ സംരക്ഷിക്കപ്പെടണം എന്നുകൂടി ആലോചിക്കണം സമൂഹം.

ഡോ. പുരുഷൻ: ഞാൻ പ്രതിനിധാനം ചെയ്യുന്ന മേഖല മത്സ്യമേഖലയാണ്. അരിമണി വിളയുന്നയിടം ഏറ്റവും പരിപാവനമായി സൂക്ഷിക്കണം. പരിവർത്തനത്തിന്റെ ഘട്ടത്തിലാണ് നെൽക്കൃഷിമേഖല. ഉൽപാദനമേഖലക്ക് ഉന്നമനം നൽകുന്ന പരിവർത്തനമാണ് ഉദ്ദേശിക്കുന്നത്. പരിസ്ഥിതിക്ക് കോട്ടംവരരുത്. ഇപ്പോൾ നാട്ടിൽ മുഴുവൻ സങ്കേതിക വിദ്യയുടെ കാലമാണ്. ഈ സാങ്കേതിക വിദ്യ വിവിധ മേഖലകളിൽ വ്യത്യസ്തമാണ്. അത് സായുക്തമാക്കാൻ പരിശീലന പരിപാടി ഉണ്ടാകണം.

വർത്തമാന കാലത്തിലെ information technology യിലുണ്ടായ പുരോഗതിയെക്കുറിച്ച് നാം ബോധവാൻമാരാകണം. അതിന് software technology ഉണ്ടാകണം. പുരോഗതിയുടെ പാതയിൽ നടന്ന് technology മനസ്സിലാക്കണം. നെൽകൃഷിയിൽ പണ്ടുകാലത്തേക്കാൾ ധാരാളം മാറ്റങ്ങൾ ഇന്നുണ്ടായിട്ടുണ്ട്. വളരെ ലളിതമായ രീതിയിൽ പുതിയ technologies മറ്റുള്ളവർക്കെ



ത്തുന്ന രീതിയിലുള്ള software ശാസ്ത്ര സാങ്കേതിക, സാമൂഹിക, രാഷ്ട്രീയ മേഖലകളിൽ ഒക്കെ ആവശ്യമുണ്ട്. Consumerism ത്തിന്റെ കാര്യമാണ് മറ്റൊന്ന്. ഉണ്ടാക്കുന്ന products ന് ചിലവില്ല എന്നു പറഞ്ഞു. ഉപഭോക്താവിന്റെ താൽപര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് അവരുടെ താൽപര്യങ്ങൾക്ക് മുൻതൂക്കം നൽകുന്ന തലത്തിൽ ഉൽപന്നങ്ങൾ നിർമ്മിക്കേണ്ട ബാധ്യത നമുക്കുണ്ട്. Consumerism വരുമ്പോൾ നമ്മുടെ ഉൽപ്പന്നം വളരെ വേഗം മാർക്കറ്റിൽ വിറ്റഴിയും. നമ്മുടെ കാർഷിക ഉൽപ്പന്നങ്ങളും Consumerism ത്തിന്റെ മുന്നിൽ എത്തിച്ചാൽ വേഗം വിറ്റഴിക്കാവുന്ന ഒരു Marketing technology develop ചെയ്യണം.

നമ്മുടെ മത്സ്യസമ്പത്ത് ദേശീയ അന്തർദേശീയ മാർക്കറ്റുകളിൽ ഇന്ന് വിറ്റുവരുന്നു. അതിന്റെ ലാഭത്തിന്റെ ഒരു പരിധി നമ്മുടെ തൊഴിലാളികളിൽ എത്തേണ്ട സംവിധാനം വരണം. പരിശീലനങ്ങളുടെ ഒരു പൊളിച്ചെഴുത്ത് നടത്തിയെങ്കിൽ മാത്രമേ വർത്തമാനകാല വ്യതിയാനങ്ങളെ നേരിടാൻ നമ്മുടെ ജനതയെ നമുക്ക് പ്രാപ്തരാക്കാൻ പറ്റുള്ളൂ. തൊഴിലിന്റെ സംസ്കാരത്തിന് മാറ്റം വരുത്തേണ്ട ഒട്ടേറെ കാര്യങ്ങൾ നാം മനസ്സിലാക്കണം.

ഡോ. ഗിരിധരൻ : ഇവിടെ ചർച്ച ചെയ്തതിൽ ഏറ്റവും പ്രധാനമായി എനിക്ക് തോന്നുന്നത് കൂലിയിൽ ഉള്ള വ്യത്യാസം. ഒരേ ജോലിക്ക് പുരുഷന് കൂടുതലും സ്ത്രീക്ക് കുറവും കിട്ടുന്നു. ഏത് മേഖലയിൽ പ്രാദേശികമായിട്ടുള്ള നിരക്ക് അംഗീകരിക്കാനുള്ള അധികാരം District Planning Committee (DPC)യ്ക്ക് നൽകിയിട്ടുണ്ട് ഗവൺമെന്റ് . ഒരേ ജോലി ചെയ്യുന്നവർക്ക് ഒരേ കൂലി വേണം എന്നത് DPC യുടെ ശ്രദ്ധയിൽ പെടുത്തുകയും DPC ഇത് അംഗീകരിക്കുകയും ചെയ്താൽ ഈ നില മാറ്റാൻ പറ്റും. DPC യ്ക്ക് അതിനുള്ള അധികാരം ഉണ്ട്. അത് എത്രയും പെട്ടെന്ന് ചെയ്യണം. ജില്ലാ പഞ്ചായത്തംഗങ്ങൾ ഇവിടെയുണ്ട്. അങ്ങനെയുള്ളവർ ഇതിന് ശ്രമിക്കണം. ഗ്രാമസഭകളിൽ വനിതാ പങ്കാളിത്തം കുറവാണ്. വനിതാഗ്രാമസഭകൾക്കുള്ള സംവിധാനങ്ങൾ നടപ്പാക്കണം. അവിടെ വനിതകളുടെ പ്രശ്നങ്ങൾ പറയാൻ പറ്റും. ഗ്രാമതലങ്ങളിൽ അതിനുള്ള വേദിയുണ്ടാകണം.

നെൽക്കൃഷിയിൽ കർഷകരുടെ പ്രശ്നങ്ങൾ കൂലങ്കഷമായി ചർച്ച ചെയ്തു. അതുപോലെ പ്രശ്നങ്ങളുള്ള ഒരു മേഖല ആണ് തെങ്ങ്കൃഷി. കേന്ദ്ര വനിതാ ക്ഷേമ മന്ത്രാലയവും ശിശുക്ഷേമ കേന്ദ്രവും കൂടി സംയുക്തമായി സംഘടിപ്പിച്ച ഒരു പദ്ധതിയാണ് തേങ്ങാപ്പാൽ സംഭരിച്ച് കയറ്റി അയക്കുക എന്നത്. സ്ത്രീകളെ കൂടി ഉൾക്കൊള്ളിച്ച് അത് വിപുലമായി ചെയ്യാൻ പറ്റും. തിരുവനന്തപുരം ജില്ലയിൽ Regional Research Laboratory യും നാളികേര വികസന ബോർഡും കേന്ദ്ര വനിതാ ക്ഷേമ വകുപ്പും സംയുക്തമായി നടപ്പാക്കിയ ഒരു പരിപാടിയാണിത്. ഒരു ദിവസം ഒരു സ്ത്രീക്ക് ഇരുന്നൂറോളം രൂപ ലഭിക്കുന്നുണ്ട്. ഇതുപോലുള്ള വ്യവസായങ്ങൾക്ക് നമ്മൾ സാധ്യത കണ്ടെത്താൻ ശ്രമിക്കണം. കണ്ണൂർ ജില്ലയിൽ കൈത്തറിക്ക് സാധ്യതകളുള്ള മേഖലയാണ്. അവിടെ പട്ടുനൂൽ കൃഷിയെക്കുറിച്ച് ധാരാളം സെമിനാറുകൾ നടന്നിട്ടുണ്ട്. അതുപോലെ ഇനിയും കണ്ടെത്താത്ത ധാരാളം മേഖലകളുണ്ട്. അവ കണ്ടുപിടിച്ച് വികസിപ്പിക്കണം.

മത്സ്യമേഖലയിലും വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല. ആദിവാസികളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ, അവരുടെ കുലത്തൊഴിൽ ഉപേക്ഷിക്കാതെ തന്നെ മറ്റ് ആളുകൾ ചെയ്യുന്ന തൊഴിലുകൾ ചെയ്യാൻ അവരെ പ്രാപ്തരാക്കണം. അമ്പലവയൽ Regional Research Station ൽ ഇപ്പോൾ പട്ടികവർഗ്ഗക്കാരെ എടുക്കുന്നുണ്ട്. Plantation നുകളിൽ അവർക്ക് പണികൊടുക്കുന്നുണ്ട്.

ഡോ. എം. മോഹൻദാസ് : ആദിവാസികൾ ജീവിക്കുന്ന ചുറ്റുപാടുമായി അവരുടെ ജീവിതം ബന്ധപ്പെട്ട് കിടക്കുന്നു. ഭൂസമ്പത്തിന്റെ നാശം കൊണ്ടാണ് അവർക്ക് പ്രശ്നങ്ങൾ ഉണ്ടാകുന്നത്. അവർക്ക് കുടിവെള്ളമില്ല, കന്നുകാലികൾക്ക് മേച്ചിൽസ്ഥലം ഇല്ല. ഈറ്റ, മുള ഇവ ലഭിക്കുന്നില്ല. അവരുടെ പരമ്പരാഗത തൊഴിലുകൾ ചെയ്തുകൊണ്ടിരുന്നപ്പോൾ ഉണ്ടായിരുന്ന വനസമ്പത്തുകൾ ഇന്ന് ലഭിക്കുന്നില്ല. നശിച്ചത് നശിച്ചു. ഇനിയെങ്കിലും അത് തടയണം. ഇല്ലെങ്കിൽ ഭാവിയിൽ അവരുടെ ബുദ്ധിമുട്ട് ധാരാളം വർദ്ധിക്കാൻ ഇടയുണ്ട്. സ്ത്രീകൾക്ക് ലാഭകരമായി സ്വയം തൊഴിലുകൾ നടത്തികൊണ്ടുപോകാൻ സഹായവും, അതിനു വേണ്ട പരിശീലനവും നൽകണം.

മറ്റത്തൂർ പഞ്ചായത്തിൽ പ്ലാനിങ്ങിൽ ഞാൻ ബന്ധപ്പെട്ടിരുന്നു. അവിടെ നടന്നിട്ടുള്ള ഒരു പ്രധാന സംഭവം '90 ന്റെ ആദ്യത്തിൽ നടന്ന മദ്യവിമുക്തഗ്രാമമാക്കാനുള്ള ശ്രമമാണ്. അതിൽ മുൻ നിരയിൽ നിന്ന് പ്രവർത്തിച്ചിരുന്നത് സ്ത്രീകളാണ്. ഈ മാറ്റങ്ങളുടെ ഭാഗമായിട്ടാണ് വികസന പരിപാടികളുമായി ഞങ്ങൾ അവിടെ പോയത്. മദ്യത്തിന്റെ ദൂഷ്യഫലങ്ങൾ ഏറ്റവും ഭീകരമായി നടന്ന ഒരു ഗ്രാമമാണ് അത് അവസാനിപ്പിക്കാൻ ഏറ്റവും കൂടുതലായി ശ്രമിച്ചതും അവിടത്തെ സ്ത്രീകളാണ്. സ്ത്രീകൾക്ക് സമൂഹത്തിലെ ഇത്തരം ദുരവസ്ഥയ്ക്കെതിരെ പ്രവർത്തിക്കാനാകും.

ശോശാമ്മ ഐപ്പ്: ക്ഷീര രംഗത്ത് തമിഴ്നാട്ടിൽ നിന്നും മറ്റും പാല് ധാരാളം നമ്മുടെ നാട്ടിൽ വരുന്നതുമൂലം ഈ രംഗത്തിന് ക്ഷീണം നേരിട്ടിട്ടുണ്ട്. സങ്കരഇനം പശുക്കളെ അതിന്റെ സാങ്കേതിക വൈദഗ്ധ്യം കൂടുതലായതുകൊണ്ട് വളർത്താൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് എല്ലാവരും സങ്കരയിനം വളർത്തണമെന്ന് ശഠിക്കുന്നത് ശരിയല്ല. നാടൻ പശുവിനെ കൂടി വളർത്താനുള്ള സ്വാതന്ത്ര്യം ആളുകൾക്ക് വേണം. ഇപ്പോൾ വയനാട്ടിൽ ഒറ്റ നാടൻ പശുവിനെ പോലും

പാടില്ല. എല്ലാം സങ്കരയിനം ആയിരിക്കണം എന്ന് നിബന്ധന വന്നിട്ടുണ്ട്. അതുകൊണ്ട് സങ്കരയിനം പശുവിനെ വളർത്താൻ പറ്റുന്നവർ അത് വളർത്താനും നാടൻ പശുവിനെ വളർത്താൻ മാത്രം സൗകര്യമുള്ളവർക്ക് അതിനുള്ള സൗകര്യം ലഭിക്കുവാനുള്ള മൗലികാവകാശം ഉണ്ടാക്കണം. ആടുവളർത്തലിനെക്കുറിച്ച് പറയുകയാണെങ്കിൽ സ്ത്രീകളാണ് അവിടേയും പ്രവർത്തിക്കുന്നത്. പണ്ട് ആദിവാസികളുടെ ഇടയിൽ കരി ആടുകൾ ധാരാളം ഉണ്ടായിരുന്നു. ഈയിടെ അവിടെ പോയപ്പോൾ അവരുടെ ഇടയിൽ കറുത്ത ആടുകൾ കാണുന്നില്ല. അവിടെയെല്ലാം സങ്കരയിനം ആടുകളെയാണ് കാണുന്നത്. അത് Govt. Policy യുടെ ഭാഗമായി ഉണ്ടായതാണെന്നും സമതലങ്ങളിൽ നിന്നും കുടിയേറിപാർത്തവർ കൊണ്ടുവന്നതാണെന്നും പറയുന്നുണ്ടെങ്കിലും ഏതാണെങ്കിലും ആ മേഖലയിൽ കണ്ടുവരുന്ന ഒരു വർഗ്ഗം ആടുകൾക്ക് വംശനാശം സംഭവിച്ച് കൊണ്ടിരിക്കുകയാണ്. സ്ത്രീകൾ ധാരാളമായി ഈ മേഖലയിൽ പണിചെയ്യുന്നുണ്ട്. സങ്കര ഇനം പശുക്കളെയും എരുമകളെയും കറക്കുവാൻ സ്ത്രീകൾ പറ്റിയ ചെറിയ യന്ത്രങ്ങൾ ഉണ്ടാക്കണം. അവയെ കറക്കാൻ ബുദ്ധിമുട്ടാണ്. ഇതിന് സ്ത്രീകൾക്കനുയോജ്യമായ രീതിയിൽ രൂപകല്പന ചെയ്യണം. KAU യിലെ എഞ്ചിനീയറിംഗ് വിഭാഗം ശ്രമങ്ങൾ നടത്തണം. സംസ്കാരം എന്നത് സ്ത്രീകളുടെ സമൂഹത്തിലെ സ്ഥാനം അനുസരിച്ചാണെങ്കിൽ ആദിവാസികളുടെ സംസ്കാരം വളരെ ഉയർന്നതാണ്. അവിടെ സ്ത്രീകൾക്ക് വളരെ മാന്യമായ സ്ഥാനമാണ് ഉള്ളത്.

ഗീതക്കുട്ടി : നേരത്തെ യന്ത്രവൽക്കരണത്തിന്റെ കാര്യം പറഞ്ഞപ്പോൾ milking machine ന്റെ കാര്യം വിട്ടുപോയി. അത്തരത്തിലുള്ള യന്ത്രങ്ങൾ സ്ത്രീകൾ ഉപയോഗിക്കുകയാണെങ്കിൽ അത്രയും വരുമാനം കൂടി വീട്ടുകാർക്ക് കിട്ടാൻ സാധ്യതയുണ്ട്. അത്തരം വികസനത്തിന് കാർഷിക സർവ്വകലാശാലയിൽ നടപടിയുണ്ടാകണം. പ്രാഥമിക സൗകര്യങ്ങൾ എല്ലാ തൊഴിൽ മേഖലകളിലും ഉണ്ടാകണം. ഓരോ മേഖലയിൽ പണിയുന്ന സ്ത്രീകൾക്ക് എന്ത് രോഗങ്ങളാണ് വരാൻ സാദ്ധ്യതയുള്ളതെന്ന് മനസ്സിലാക്കി അവയ്ക്ക് പരിഹാരം കാണണം. കേരളത്തിൽ 3-3$^{1}/_{2}$ കിലോ മീറ്റർ ദൂരത്തിൽ പ്രാഥമികാരോഗ്യ സംവിധാനങ്ങളുണ്ട്. ചികിൽസ നടക്കുന്നില്ല. അവരുടെ ആരോഗ്യപ്രശ്നങ്ങൾ മനസ്സിലാക്കുകയും പരിഹരിക്കുകയും വേണം.

ഡോ. ഇന്ദിര : വിളർച്ചയും അനാരോഗ്യവും കർഷകതൊഴിലാളികളുടെ ഇടയിൽ നന്നായി കണ്ടുവരുന്നു. വിളർച്ചമൂലം അവർക്ക് പണി ചെയ്യാൻ പറ്റുകയില്ല. അതുംകൂടി ആരോഗ്യപ്രശ്നങ്ങളിൽ കണക്കിലെടുക്കേണ്ടതുണ്ട്.

ഡോ. ശ്യാമ : വീട്ടിൽ എന്തെങ്കിലും ആഹാരം കുറവുവന്നാൽ ആദ്യം സ്ത്രീകൾ വേണ്ട എന്നു വയ്ക്കുന്നു. രാവിലെ 4 മണി മുതൽ രാത്രി 11 വരെ പണിയുന്നവരാണ് അവർ. പുരുഷന്മാർ വൈകുന്നേരം പണികഴിഞ്ഞ് വന്നാൽ ഭക്ഷണം കഴിച്ച് പുറത്ത് പോകും. പുറത്തുനിന്നും ഭക്ഷണം കഴിക്കും. സ്ത്രീകൾ ഇതൊന്നും ചെയ്യുന്നില്ല എന്നിട്ടും അവർക്കാണ് ഭക്ഷണം കുറവുകിട്ടുന്നത്. ഒരു അതിഥി വന്നാൽ അവർക്ക് കൊടുത്തതിനുശേഷമേ സ്ത്രീകൾ ഭക്ഷണം കഴിക്കൂ. നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണിത്. അതിനാൽ നമ്മുടെ ജോലി ചെയ്യാനുള്ള കഴിവ് കുറഞ്ഞു വരുന്നു. സ്വന്തം ആഹാരം കുറഞ്ഞ് വരുന്നതുകൊണ്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ അവരെ മനസ്സിലാക്കിപ്പിക്കണം. അതിന് അവരെ ബോധവാന്മാരാക്കുന്ന പവർത്തനം പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

ടി. ദേവി : കർഷകത്തൊഴിലാളികളെക്കുറിച്ച് അവരുടെ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടുന്ന സീരിയലൊന്നും ടി. വി. യിൽ ഇതുവരെ ഉണ്ടായിട്ടില്ല. അത് അവരുടെ ശ്രദ്ധയിൽ പെടുത്തണം. നമ്മുടെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല. അത്തരം താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതോടൊപ്പം തന്നെ നമ്മൾ മാധ്യമങ്ങളോട് പ്രതികരിക്കണം. വിവിധ ചാനലുകളിൽ നമ്മുടെ പ്രശ്നങ്ങൾ കൊണ്ടുവരാൻ കഴിയണം.

പ്രസാദ് : സ്ത്രീകൾക്ക് വേണ്ടത് ഹോർലിക്സ് മാത്രമാണെന്നും അവരുടെ പ്രശ്നങ്ങളെല്ലാം അതുകൊണ്ട് പരിഹരിക്കപ്പെടും എന്ന് ചില സീരിയലുകളും പരസ്യങ്ങളും ഉയർത്തിക്കാണിക്കുന്നുണ്ടല്ലോ?

വൈസ്ചാൻസലർ : രണ്ടു ദിവസങ്ങളിലായി ചർച്ചചെയ്ത പല പ്രശ്നങ്ങളും ഒരു മാധ്യമത്തിലൂടെയും കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. തമിഴ്നാട്ടിൽ ടിവിയിൽ ദിവസവും 1-2 മിനിറ്റ് ഉള്ള സ്ത്രീകളെ സംബന്ധിച്ച അവരുടെ പ്രശ്നങ്ങൾ കൊണ്ടു വന്നിട്ടുണ്ട്. ഇവയെപ്പറ്റി വലിയ ബോധം സമൂഹത്തിൽ ഉണ്ടാക്കിയിട്ടുണ്ട്. കർഷകതൊഴിലാളികളെ സംബന്ധിക്കുന്ന ചിത്രീകരണങ്ങൾ ഉണ്ടാക്കുകയും അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുകയും ചെയ്യണം. അവിടെയാണ് Womens commission തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടത്. ഇതുമാറ്റാനുള്ള രീതികൾ നമുക്കുണ്ട്. പക്ഷെ അത് പ്രാവർത്തികമാക്കണം. അമേരിക്കയിലെ Public broadcasting system അവിടത്തെ സമൂഹത്തിൽ ഇത്തരം ബോധവൽക്കരണം നടത്താറുണ്ട്. ഇവിടേയും അത്തരം മാറ്റങ്ങൾ ഉണ്ടാകണം.

ശാരദാമണി : നമ്മൾ കാർഷികരംഗത്തെ സ്ത്രീതൊഴിലാളികളെപ്പറ്റി കുറെ സംസാരിച്ചു. കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ ഇവിടെ വരികയും ഈ തൊഴിൽ അത്രമോശമല്ല എന്ന രീതിയിൽ പ്രതികരിക്കുകയും ചെയ്തതിൽ സന്തോഷമുണ്ട്. ഇത്രയും ചർച്ചകൾ കൊണ്ട് മാത്രം നമുക്ക് ശാശ്വതമായ പരിഹാരം കാണാൻ പറ്റില്ല. ഇതിൽ മൗലികമായ

പ്രശ്നങ്ങളും ഉണ്ട്. വികസനം എന്നാൽ എന്ത് എന്നതിനെക്കുറിച്ച് ഒരു കൃത്യമായ നിർവചനം ഇല്ല. തുല്യ ജോലിക്ക് തുല്യവേതനം എന്നരീതിക്ക് ഇതിനെക്കുറിച്ച് ചർച്ച ചെയ്യുന്ന കമ്മറ്റികളിൽ സ്ത്രീകളുണ്ടായിട്ട് മാത്രം കാര്യമില്ല എന്നാണ് എന്റെ അഭിപ്രായം. സ്ത്രീ പല മേഖലകളിലും പല വിവേചനം അനുഭവിക്കുന്നുണ്ട്. സ്ത്രീകൾ സ്ഥിരം പറയുന്നതാണ് അവർക്ക് ഒരു അംഗീകാരം കിട്ടണമെങ്കിൽ ഇവർ ചെയ്യുന്ന ജോലി രണ്ടിരട്ടി ചെയ്ത് കാണിക്കണം. ഇത് സ്ത്രീക്ക് പ്രതികൂലമാണ്. കൂലി വ്യത്യാസം ജില്ലാ പഞ്ചായത്തു തലത്തിൽ മാറ്റാൻ പറ്റില്ല. ലോകത്താകമാനം തൊഴിലിനെക്കുറിച്ച് ഒരു പുതിയ നിർവചനം ഉണ്ടാകേണ്ടകാലമാണിത്. ഇന്ന് പല കമ്പനികളിലും നൂറായിരം ശമ്പള വ്യത്യാസമുള്ള ഒരു കാലമാണ്. നിങ്ങളുടെ ശമ്പളം, കൂലി എന്നു പറഞ്ഞാലും എന്തെന്ന് പറഞ്ഞാലും നിങ്ങളും അതിൽ ഉൾപ്പെടുന്നു.

ഇത്രയും വ്യത്യാസം വരുന്ന കാലത്ത് പല മേഖലകളിലും ഇത് ചർച്ചക്ക് വിധേയമായി കൊണ്ടിരിക്കുകയാണ്. സാധാരണയായി സാമ്പത്തിക ശാസ്ത്രജ്ഞൻമാരെയായിരിക്കും minimum wages committeeയിൽ അംഗമാകുന്നത്. അവർ പഠിച്ച ശാസ്ത്രങ്ങൾക്കനുസൃതമായി അവർ ഒരു wage നിർണ്ണയിക്കുകയാണ്. അതുകൊണ്ട് സ്ത്രീകളെ അത്തരം കമ്മറ്റിയിൽ അംഗമാക്കുന്നതു കാരണം മാത്രം wage problems മാറില്ല. ആശയപരമായ മാറ്റം ഉണ്ടാക്കണം. നമ്മുടെ സമൂഹത്തിലുള്ള ഒരു concept ആണ് Man is the bread winner എന്നത്. എന്നാൽ സ്ത്രീ തനിക്കു കിട്ടുന്ന 60 രൂപ മുഴുവനും കുടുംബത്തിനുവേണ്ടി ചിലവഴിക്കുമ്പോൾ പുരുഷൻ കൂലിയിൽ മുക്കാൽ പങ്കും മറ്റ് കാര്യങ്ങൾക്ക് ചിലവഴിക്കുന്നു. കുടുംബം പുലർത്തേണ്ട ചുമതലയുള്ളതുകൊണ്ട് സ്ത്രീ 60 രൂപയ്ക്കും പണിയാൻ തയ്യാറാകുമ്പോൾ പുരുഷൻ 100 നും 175 നും വേണ്ടി നിർബന്ധം പിടിക്കുന്നു. ഈ ചർച്ചയിൽ ആരും പറയാത്ത ഒരു കാര്യമാണ് കുടുംബത്തിന്റെ സ്വസ്ഥത. അത് എത്രമാത്രം അസ്വസ്ഥമാണ്? എല്ലാവരും കൂടി ശബ്ദമുയർത്തിയാൽ മാത്രമേ അതിന് ഒരു പരിഹാരം കാണാൻ പറ്റൂ. സ്ത്രീകളുടെ കൂലി 60 രൂപയിൽ നിന്നും 100 രൂപയാക്കാൻ വലിയ പ്രശ്നമില്ല. Women's commission നും പത്രപ്രവർത്തനരംഗത്ത് പ്രവർത്തിക്കുന്നവരും ഒക്കെ കൂടി ശബ്ദമുയർത്തിയാൽ ഒരു പക്ഷെ സാധ്യമായേക്കും എന്ന് മാത്രം. കൃഷിചെയ്യുന്നതിന് land, labour, capital ഒക്കെ വേണം. ഒരാൾക്ക് ശരാശരിയുള്ള ഭൂമി ആരുടെ കയ്യിലാണ് ഇരിക്കുന്നത്?

പലപ്പോഴും കണ്ടിട്ടുള്ളത് വളരെ ഉയർന്ന നിലയിലുള്ള ധാരാളം സ്ഥലമുള്ളവർക്ക് വേണമെങ്കിൽ ആദായം കൂട്ടാൻ കൃഷിചെയ്യാം. അല്ലാതുള്ളവർക്ക് കൃഷി പറ്റുന്നില്ല. കൂലികൂടുതലെന്നാണ് പറയാറുള്ളത്. കർഷക സ്ത്രീകളിൽ ഭൂരിഭാഗം പേർക്കും 1-1$^1/_2$ ഏക്കർ ഭൂമിയുള്ളവരാണ്. അവർക്ക് വേറെ വരുമാനമൊന്നുമില്ല. ജനകീയാസൂത്രണത്തിന്റെ പേരിൽ പുതിയ ബന്ധങ്ങളും ownership patternഉം ഉണ്ടാക്കാൻ പറ്റുമോ എന്ന് നമ്മൾ ചിന്തിക്കണം. അങ്ങനെ വരുകയാണെങ്കിൽ ഈ കൊച്ചു കൊച്ചു ഭൂമിയുള്ളവർക്ക് അതിനെക്കുറിച്ചുള്ള കാഴ്ചപ്പാടെന്താണ് എന്നറിഞ്ഞ് ജനകീയാസൂത്രണത്തിലൂടെ വേണ്ടത് ചെയ്യണം. പരിസ്ഥിതിയെക്കുറിച്ചുള്ള ചിന്തവേണം. നെൽക്കൃഷിയിലുള്ള മാറ്റങ്ങൾ പരിസ്ഥിതിയെ എങ്ങനെ ബാധിച്ചു എന്ന് കുറച്ചുകൂടി കാലം കഴിഞ്ഞാൽ നമുക്ക് മനസ്സിലാകും. ഇനി ജനിക്കാനിരിക്കുന്ന കുഞ്ഞുങ്ങൾക്ക് ഈ പ്രകൃതി സൗന്ദര്യവും അതിന്റെ ഗുണങ്ങളും നിഷേധിക്കാൻ നമുക്ക് ഒരു അവകാശവും ഇല്ല എന്ന ബോധത്തോടെ വേണം നമ്മൾ എടുക്കുന്ന ഒരോ തീരുമാനങ്ങളും.

രാധ (യൂണിവേഴ്സിറ്റി തൊഴിലാളി) : 1989 ൽ കെ.എ.യുവിൽ ജോലിക്ക് കേറി. എല്ലാ കാർഷിക തുറകളിലും ഞാൻ ജോലി ചെയ്തിട്ടുണ്ട്. യൂണിവേഴ്സിറ്റിയിൽ കേറുന്നതിന് മുൻപ് construction work നും കർഷക തൊഴിലാളിയായും ജോലിചെയ്തിട്ടുണ്ട്. വേറെ ആളുടെ ഭൂമി ഒരു 15 പറയ്ക്കെടുത്ത് കൃഷി ചെയ്യുകയും ചെയ്തിട്ടുണ്ട്.

യൂണിവേഴ്സിറ്റിയിൽ ജോലിക്ക് കേറിയ ശേഷം കുറച്ചു കാലം construction workന് പോയപ്പോൾ നിങ്ങൾ യൂണിവേഴ്സിറ്റി ജോലിക്കാരാണ്. നിങ്ങൾക്ക് ജോലി തരില്ല എന്നൊക്കെ പറഞ്ഞിട്ടുണ്ട്. ഇന്ന് യൂണിവേഴ്സിറ്റിയിൽ തുല്യ ജോലിക്ക് തുല്യവേതനം ഒക്കെയുള്ളതുകൊണ്ട് ജീവിതം കുറച്ച് നന്നായി. കുറച്ച് പഠിച്ചിട്ടുള്ളതുകൊണ്ട് grafting, budding, layering, കുരുമുളക് കൊടി നടുക എന്നീ പണികൾ ചെയ്തിട്ടുണ്ട്. 10–ാം ക്ലാസ് വരെ പഠിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റിയിൽ grafting, layering ഇവയ്ക്ക് പരിശീലനം നൽകി ചെയ്യുകയും റബ്ബർ വെട്ടുകയും ഒക്കെ ചെയ്താൽ വരുമാനം ഇന്നത്തേതിലും കൂട്ടാം. പ്രശ്നങ്ങളായി പറഞ്ഞാൽ ഇടയ്ക്ക് വെള്ളത്തിന് ക്ഷാമം വരും. പിന്നെ തൊഴിലാളികൾ കുറവാണ്. കുറച്ചു തൊഴിലാളികളെ കൂടെ എടുത്തിട്ട് തരിശുഭൂമിയിൽ കൃഷിചെയ്താൽ ആദായം വർദ്ധിക്കും.

മാടക്കത്തറ പഞ്ചായത്തിലെ വികസന സമിതിയിൽ ഒരാളാണ്. അവിടെ ഇറച്ചി/മുട്ടക്കോഴിവളർത്തലിനുള്ള പരിശീലനം കൊടുക്കുന്നുണ്ട്. കോഴിക്കുഞ്ഞുങ്ങളെ കൊടുക്കുന്നുണ്ട്. മുയലിനെ വളർത്താൻ പരിശീലനം നടത്തി വളർത്താൻ കൊടുക്കുന്നുണ്ട്. മുട്ട വിരിയിക്കാനുള്ള സൗകര്യം ഉണ്ട്. പുറത്ത് നിന്ന് വരുന്ന ആളുകളിൽ നിന്നും ഇറച്ചിക്കോഴികളെ വളർത്തി കുഞ്ഞുങ്ങളെ അവർക്ക് കൊടുക്കാനുള്ള സൗകര്യം കൂടി പഞ്ചായത്ത് ചെയ്തുവരുന്നുണ്ട്. പശുവളർത്തൽ, ആടുവളർത്തൽ ഇവയ്ക്കും സഹകരണം ഉണ്ട്. ഈ രംഗത്തൊക്കെ ഇത് പോലെ മറ്റ് പഞ്ചായത്തുകളിലും സ്ത്രീകൾ മുന്നോട്ടുവരണം.

ഞായറാഴ്ചകളിൽ സ്വാശ്രയസംഘങ്ങളിൽ പോയി പ്രശ്നങ്ങൾ ചർച്ച ചെയ്യും. ഗ്രാമപഞ്ചായത്തിൽ

നിന്ന് 5 പേർക്ക് 5000 രൂപ തരും. 5 പേർ കൂടി ബേക്കറി സാധനങ്ങൾ ഉണ്ടാക്കി വിറ്റ് ലാഭം ഈ സംഘത്തിന് കൊടുക്കും. പാവനിർമ്മാണവും ഉണ്ട്. അത് കൊണ്ട് വീടുകളിൽ പോയി കൊടുക്കും. നിർദ്ധനരായ ജനങ്ങളെ തിരഞ്ഞെടുത്ത് 28,000 രൂപ വീടുവെയ്ക്കാൻ കൊടുക്കും.

ഗീതക്കുട്ടി : നമുക്കിനി ഇവിടെ ആലോചിക്കേണ്ടത് ഈ പ്രശ്നങ്ങൾക്ക് പരിഹാരമായി ആരൊക്കെ, എന്തൊക്കെ, ഏതെല്ലാം രംഗത്ത് മാറ്റം വരുത്താൻ മുൻകയ്യെടുക്കും എന്നതാണ്.

### I. ആദ്യമായി സംസ്ഥാന വനിതാകമ്മീഷൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

* അസംഘടിത മേഖലകളിലെ വേതന വിവേചനം ഇല്ലാതാക്കണം. സ്ത്രീക്കും പുരുഷനും തുല്യ ജോലിക്ക് തുല്യവേതനം എന്ന നിയമഭേദഗതി ഉണ്ടാകണം.
* സ്ത്രീകൾക്ക് സാമ്പത്തിക സഹായവും മറ്റും തേടാൻ ഭൂമി ഈട് കൊടുക്കണം അല്ലെങ്കിൽ ആൾ ജാമ്യം കൊടുക്കണം. സ്ത്രീക്ക് സ്വത്തവകാശം ഉള്ളവർ വളരെ കുറവാണ്. മിക്ക സമുദായങ്ങളും സ്ത്രീക്ക് ഭൂമി കൊടുക്കില്ല. ഇത് മാറ്റി എടുക്കേണ്ട ഒരു പ്രശ്നമാണ്. കൂട്ടുപട്ടയം ഉണ്ടാകണം. Women's commission ഇതിനുള്ള നിയമ ഭേദഗതി ഉണ്ടാക്കണം.
* സ്ത്രീകൾക്കായി ധാരാളം ക്ഷേമനിധികളുണ്ടെങ്കിലും ഇവയിൽ ഏതൊക്കെ നന്നായി നടക്കുന്നുണ്ട് എന്നന്വേഷിക്കേണ്ടിയിരിക്കുന്നു. കിട്ടേണ്ടവർക്ക് കിട്ടാത്ത രീതിയിൽ നിയമങ്ങൾ നൂലാമാലകൾ ഉണ്ടാക്കുന്നു. ഇതിന് മാറ്റം ഉണ്ടാകത്തക്ക രീതിയിൽ, പദ്ധതികളുടെ വ്യവസ്ഥകൾ പരിശോധിക്കപ്പെടണം.
* സ്ത്രീ തൊഴിലാളികൾക്ക് യന്ത്രങ്ങൾ സ്വന്തമായി കിട്ടത്തക്കവിധമുള്ള സ്ത്രീസഹായപദ്ധതികൾ ഉണ്ടാകണം.
* വിധവാപെൻഷൻ പോലുള്ള പരിപാടികളിലെ അർഥരാഹിത്യം മാറ്റിയെടുക്കണം. എല്ലാക്ഷേമ പരിപാടികളും ഈ വീക്ഷണ കോണിൽ പുനഃപരിശോധിക്കപ്പെടണം.
* ബ്ളോക്ക് അടിസ്ഥാനത്തിൽ വനിതാവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുകയും അവയിലൂടെയുള്ള ഉൽപ്പന്നങ്ങൾ വിൽക്കപ്പെടാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും സ്ത്രീകളെ പങ്കെടുപ്പിക്കുകയും വേണം.

### II. കാർഷിക സർവ്വകലാശാലയുടെ ചുമതലകൾ

* സാങ്കേതികപരമായ വിദ്യകളും, യന്ത്രങ്ങളും ഏതു മേഖലയിലാണെങ്കിലും അത് എങ്ങനെയാണ് ഉപയോഗിക്കുന്നവരെ ബാധിക്കുന്നത് എന്ന് ശാസ്ത്രജ്ഞൻ മുൻകൂട്ടി ചിന്തിക്കണം. അതിനായുള്ള പഠനങ്ങളും സമീപനങ്ങളും ഉണ്ടാകണം.
* പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുമ്പോഴുള്ള ആരോഗ്യപരമായ കാര്യങ്ങൾ - പ്രത്യേകിച്ച് സ്ത്രീകൾക്ക് - ചിന്തിക്കുകയും നടപടി എടുക്കുകയും വേണം.
* പുത്തൻ സാങ്കേതിക വിദ്യകൾ രൂപപ്പെടുത്തുമ്പോഴും, അവ പ്രയോഗത്തിൽ വരുത്തുമ്പോഴും സമൂഹത്തിന്റെ മൊത്തം നന്മയേയും കണക്കിലെടുക്കണം.
* കാർഷിക യന്ത്രവൽക്കരണം വ്യാപകമാകുമ്പോൾ സ്ത്രീകൾക്കും പരിശീലനം ലഭ്യമാക്കാനും യന്ത്രങ്ങൾ വാങ്ങാൻ ലളിത നിയമങ്ങളോടുകൂടിയ സാമ്പത്തികസഹായം കൊണ്ടുവരാൻ യൂണിവേഴ്സിറ്റി കൂടി ശ്രമിക്കണം. ഓരോ മേഖലയിലേയും ഭരണകർത്താക്കളിൽ ഈ ബോധം ഉണ്ടാക്കാനും, ശ്രദ്ധ കൊടുക്കാനും വേണ്ട തുടർ നടപടികളും, വേദികളും സർവ്വകലാശാല ഉണ്ടാക്കണം.

### III. മറ്റ് ഗവൺമെന്റ് വികസനവകുപ്പുകൾ, സ്ഥാപനങ്ങൾ-(സാമൂഹ്യക്ഷേമവകുപ്പ്, വനിതാവികസന കോർപ്പറേഷൻ, സംസ്ഥാന കാർഷിക വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസനവകുപ്പ്, ഫിഷറീസ് വകുപ്പ്, വ്യവസായ വകുപ്പ്) തുടങ്ങിയവയിലെ

വികസന പരിപാടികളും, സമീപനങ്ങളും, ഈ പ്രശ്നങ്ങളും സാധ്യതകളും, കണക്കിലെടുത്ത് രൂപകൽപനയും, പരിവർത്തനവും ചെയ്യപ്പെടണം. ഇതിൽ നിന്നും ശ്രേയസ്സിനും costford നും മാറി നിൽക്കാൻ പറ്റില്ല. പരിശീലനങ്ങളും സംഘടിത പരിപാടികളുമായി മുന്നോട്ട് വന്ന് നമ്മൾ എടുക്കുന്ന തീരുമാനങ്ങൾ ഒട്ടും തളരാതെ മുന്നോട്ട് കൊണ്ടുപോകുകയും വേണം.

### IV. കോസ്റ്റ്ഫോർഡ്, ശ്രേയസ്സ് തുടങ്ങിയ സന്നദ്ധ സംഘടനകൾക്ക് (NGO) ഈ രംഗത്ത് വളരെയധികം പ്രവർത്തിക്കാൻ കഴിയും. ജനങ്ങളോടടുത്ത് പ്രവർത്തിച്ച് അവരുടെ നീറുന്ന പ്രശ്നങ്ങൾ തൊട്ടറിയുന്ന ഇവർക്കുതന്നെ അവരിൽ അർത്ഥവത്തായ വ്യക്തമായ മാറ്റങ്ങൾ കൊണ്ടുവരാനും കഴിയും. അതിനുതകുന്ന ബോധവൽക്കരണ ക്യാമ്പുകളും, പഠന പരിപാടികളും, വികസന പരിപാടികളും, ഇത്തരം സന്നദ്ധ സംഘടനകളിലൂടെ നടപ്പിലാകണം.

പാർവ്വതിദേവി : ഇപ്പോൾ ഗീതക്കുട്ടി പറഞ്ഞ രീതിയിൽ, ഈ ഓരോ വകുപ്പും, സ്ഥാപനങ്ങളും നമ്മുടെ ആവശ്യങ്ങൾ നമുക്ക് കൊണ്ടുവന്ന് തരും എന്ന് വിചാരിച്ച് ഇരിക്കരുത്, നമ്മൾ കൂട്ടായി ആവശ്യപ്പെടണം. അത് വളരെ പ്രാഥമികമായ ആവശ്യമാണ്. ആവശ്യക്കാരുടെ ഭാഗത്തുനിന്നും ശക്തമായ സമ്മർദ്ദം വേണം. യൂണിയനുകളിൽ നിന്നും ഇടപെടൽവേണം. വി.സി. പറയുകയുണ്ടായി നിലം ഉഴുക, ഒരുക്കുക തുടങ്ങിയവ പുരുഷൻമാരാണ് . അവിടെ യന്ത്രവൽക്കരണം വന്നാൽ സ്ത്രീകളെ ബാധിക്കില്ല. എന്നാൽ നിലം ഒരുക്കുന്നതുമുതൽ അരി ആക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾക്ക് സ്ത്രീകൾക്ക് പരിശീലനം കൊടുക്കണം. സ്ത്രീകൾക്ക് ചെയ്യാൻ പറ്റാത്തതാ

യിട്ട് ഒന്നുമില്ല. പുരുഷൻമാർക്ക് ചെയ്യാൻ പറ്റാത്തതായി പലതുമുണ്ടുതാനും. നമ്മൾക്കുള്ള ഒരു കഴിവ് അമ്മയാകാനുള്ള കഴിവാണ്. ഈ ചെറുപ്പക്കാരായ കുട്ടികളെ പരിശീലിപ്പിച്ച് എല്ലാ ജോലികളും സ്വയം ചെയ്യാൻ ഇടവരുത്തുക. ഏതെങ്കിലും ജോലി പുരുഷൻമാർക്കായി മാറ്റി വെയ്ക്കേണ്ട ആവശ്യമില്ല. ഒരു കാരണവശാലും 60 രൂപയ്ക്ക് ഞങ്ങൾ ചെയ്യില്ല. എന്ന വസ്തുത ഉറപ്പിച്ച് പറയണം. മാധ്യമങ്ങൾ വളരെയേറെ വിമർശിക്കപ്പെടുന്ന കാലമാണ് . അവർക്ക് ലാഭമുണ്ടാക്കണം എന്നല്ലാതെ യാതൊരു ലക്ഷ്യവുമില്ല. അതിനവർ സ്ത്രീകളെയും കുട്ടികളെയും ഒക്കെ ഉപയോഗിക്കും. നമ്മുടെ ലോകം ഇതല്ല എന്ന് മനസ്സിലാക്കുക. മാധ്യമ പ്രവർത്തക എന്ന നിലയിൽ ഇത്തരം പ്രശ്നങ്ങൾ കൂടുതൽ കൂടുതൽ മാധ്യമങ്ങളിലൂടെ കൊണ്ടുവരും എന്ന് ഞാൻ ഉറപ്പുപറയുന്നു. പലപ്പോഴും കഴിയുന്ന തരത്തിൽ പറയാറുണ്ട്. സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ പരമാവധി ശ്രമിക്കും.

ഗീതക്കുട്ടി : ശ്രീമതി പാർവ്വതി ചൂണ്ടിക്കാണിച്ചത് നേരത്തെ പറഞ്ഞ സാദ്ധ്യതകളുടെ കൂട്ടത്തിൽ പറയാൻ വിട്ടുപോയ ഒരു കാര്യമാണ്. സ്ത്രീ പ്രയത്നങ്ങൾ പുറത്തുകൊണ്ടുവരുന്ന മാധ്യമ പ്രവർത്തനം ഇവിടെ ഉണ്ടാകണം. സർക്കാർ ഈ വിഷയങ്ങൾ കണക്കിലെടുക്കുകയും പ്രവർത്തനങ്ങൾ പബ്ളിക്ക് റിലേഷൻസ് വഴി ഉണ്ടാകുകയും വേണം.

കുഞ്ഞമ്മ : ഈ പറഞ്ഞ എല്ലാ സൗകര്യങ്ങളും ഞങ്ങൾക്ക് വേണം. 2രൂപ വരെ കൂലി വാങ്ങിയിട്ടുണ്ട്. ഞങ്ങൾ ചോദിക്കാഞ്ഞിട്ടല്ല. ഇവിടെയിരിക്കുന്ന പല ചെറുപ്പക്കാർക്കും കർഷക പ്രക്ഷോഭത്തെക്കുറിച്ച് അറിയില്ല. ഇതേ വാശി ഇനിയും തുടരണം. അല്ലാതെ മറ്റുള്ളവർ കൊണ്ട് തരും എന്ന് വിചാരിക്കരുത്.

സുധാദേവി : കർഷകതൊഴിലാളികളെക്കുറിച്ച് പുറത്തു നിന്നും നോക്കിക്കാണുകയും വായിച്ചറിയുകയും മാത്രമേ ഞാൻ ചെയ്തിട്ടുള്ളൂ. എന്നാൽ ഇവിടെ വിവിധ മേഖലകളെ തരം തിരിച്ച് അവിടത്തെ പ്രശ്നങ്ങളും, സാധ്യതകളും മറ്റുമാണ് ഉരുത്തിരിഞ്ഞ് വന്നത്. ഒരു പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന വ്യക്തി എന്ന നിലയിലും പറയാനുള്ളത് പാർവ്വതി പറഞ്ഞിടത്തു നിന്നുമാണ്. നമുക്ക് കുറേ അവസരങ്ങളും സൗകര്യങ്ങളും ഉണ്ട്. പക്ഷെ നാം അവ വേണ്ട വിധം ഉപയോഗപ്പെടുത്തുന്നില്ല. സ്ത്രീകൾക്കുള്ള ആനുകൂല്യങ്ങൾ ഏതൊക്കെയാണെന്നുള്ള അറിവ് കുറവ് സ്ത്രീകൾക്കുണ്ട്. അറിവു നൽകുന്ന കേന്ദ്രങ്ങൾ ഫലപ്രദമായി പ്രവർത്തിക്കണം. എല്ലാം ഇങ്ങോട്ട് കൊണ്ടുവന്നു തരട്ടെ എന്ന ചിന്തയിൽ നിന്ന് മാറണം. കർഷകതൊഴിലാളിക്ക് കൃഷിയെ മാത്രം ആശ്രയിക്കാൻ പറ്റില്ല. സീസൺ അല്ലാത്തപ്പോൾ എന്തൊക്കെ ചെയ്യാൻ പറ്റും എന്ന് ആലോചിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പലതും നമുക്ക് ചെയ്യാൻ പറ്റും. ഞങ്ങൾ ചെയ്തത് സ്ത്രീകളുടെ സംഘം രൂപീകരിച്ചു ഒരു ധനസമാഹാരണം നടത്തി. എന്നിട്ട് എന്റെ കൂടെ നിൽക്കുന്ന സ്ത്രീകൾക്ക് ഇന്നത് ചെയ്യാൻ പറ്റും എന്ന ഒരു ആത്മവിശ്വാസത്തിലേക്ക് നമ്മൾ വന്നിട്ട് അതിനാവശ്യമായ ഒരു തുക നമ്മൾ മുടക്കാൻ തയ്യാറായി. ബാക്കി തുക നിങ്ങൾ തന്ന് ഞങ്ങളെ സഹായിക്കണം എന്ന ചിന്തയോടെ നമ്മൾ പഞ്ചായത്തിനെയോ അയൽക്കൂട്ടത്തെയോ സമീപിക്കണം. ഒരു അൻപതു ശതമാനത്തോളമെങ്കിലും ഇന്നത്തെ സാഹചര്യത്തിൽ നിന്ന് മാറാൻ നമുക്ക് കഴിയും. ആത്മവിശ്യാസത്തോടെ മുന്നോട്ട് പോകണം. തുല്യ ജോലിക്ക് തുല്യവേതനം എന്നത് ഫലവത്താക്കാൻ DPC വിചാരിച്ചാൽ പറ്റില്ല. ജില്ലയിൽ ഏറ്റെടുക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് കൂലിയും മറ്റും നിർണ്ണയിക്കുകമാത്രമേ DPC യ്ക്ക് കഴിയുള്ളൂ. വനിതാഗ്രാമസഭ എത്രത്തോളം പ്രശ്നങ്ങൾ പരിഹരിക്കുമെന്നതിനെ സംബന്ധിച്ച് ആശങ്കയുണ്ട്. വനിതകളുടെ പ്രശ്നങ്ങൾ അവരുടെ മാത്രമല്ല എന്നും അത് സമൂഹത്തിന്റെ പ്രശ്നമാണെന്ന് മനസ്സിലാക്കുകയും ചെയ്താൽ മാത്രമേ അവ പരിഹരിക്കാൻ കഴിയൂ. പൊതുവേദിയിൽ അവ അവതരിക്കപ്പെടണം. പരമാവധി സ്ത്രീകളെ പൊതുഗ്രാമസഭയിലേക്ക് കൊണ്ടുവന്ന് അവിടെ പ്രശ്നങ്ങൾ അവതരിപ്പിച്ച് പരിഹാരം കാണണം. അതിനുള്ള ഒരു പ്രചോദനമായി ഈ സെമിനാറിനെ കാണണം.

ഗീതക്കുട്ടി : സുധാദേവി പറഞ്ഞത് ശരിയാണ്. പക്ഷെ ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട് നമ്മളോരോരുത്തരും. സമൂഹം മൊത്തം ഇവ മനസ്സിലാക്കണം, സമൂഹത്തിന്റെ മൊത്തം പ്രശ്നമാണ് സ്ത്രീകളുടെ പ്രശ്നങ്ങൾ എന്നതൊക്കെ ശരി, എല്ലാപേരും സമ്മതിക്കുകയും ചെയ്യും. പക്ഷെ, ആര്, എപ്പോൾ, എവിടെ, ഏത് രീതിയിൽ മുൻകൈ എടുക്കണം എന്ന വ്യക്തത ഉണ്ടെങ്കിലേ ആ മാറ്റങ്ങൾക്കായുള്ള ചലനം ഉണ്ടാകുകയുള്ളു. മൊത്തത്തിൽ എല്ലാപേരുടേയും ചുമതലയാണെന്നുള്ള ബോധത്തിൽ നിന്നും, ഓരോരുത്തരുടേയും-വനിതാ കമ്മീഷന്റേയും, സർവ്വകലാശാലയുടേയും, സന്നദ്ധ സംഘടനകളുടേയും, സർക്കാർ വകുപ്പുകളുടേയും, പഞ്ചായത്തുതല സ്ഥാപനങ്ങളുടേയും, മാദ്ധ്യമങ്ങളുടേയും, സ്ത്രീ തൊഴിലാളികളുടേയും-നിലയിൽ ചെയ്യേണ്ട കർത്തവ്യങ്ങൾ തിരിച്ചറിയണം. ഈ കാഴ്ചപ്പാട് എല്ലാ മേഖലകളിലും വരണം.

ശാന്തമ്മ : ചമ്പക്കുളം പഞ്ചായത്തിലെ തൊഴിലാളികളാണ് ഞങ്ങൾ. എന്തെങ്കിലും സഹായം പഞ്ചായത്തിൽ നിന്നും കിട്ടിയാൽ നന്നായിരുന്നു. ബണ്ടുസംരക്ഷണം എന്നൊരു പരിപാടിയുണ്ട്. അതിൽ കുറച്ച് പഞ്ചായത്ത് കൈകാര്യം ചെയ്യുകയാണെങ്കിൽ ബാക്കി ഞങ്ങൾ എടുത്ത് കൃഷിനടത്തുമായിരുന്നു.

ഗീതക്കുട്ടി : ശാന്തമ്മ പറഞ്ഞത് നല്ലൊരു ആശയമാണ്. അതാത് പ്രദേശങ്ങളിൽ നിന്ന് വന്നവർ അവരുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധികാരികളെ ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ അറിയിക്കണം.

സുധാകരൻ : ഇതുവരെ നമ്മൾ പ്രകൃതിയുമായി ഇണങ്ങി എങ്ങിനെ ജീവിക്കണം എന്നാണ് കണ്ടത്. പ്രകൃതി സന്തുലനാവസ്ഥയ്ക്ക് കോട്ടം തട്ടാത്തവിധത്തിൽ മുന്നേറണം. മനുഷ്യന്റെ ഇടപെടൽമൂലം പ്രകൃതിക്ക് ഉണ്ടായ മാറ്റങ്ങൾ എല്ലാവർക്കും അറിയാം. നമുക്ക് നല്ല പ്രകൃതിസമ്പത്തുണ്ടായിരുന്നു. ഇത് പുനഃസ്ഥാപിക്കണം. അതിന് പറ്റിയ ഒരു സമീപനം കാർഷിക, മൃഗസംരക്ഷണ രംഗത്തുണ്ടാകണം. മനുഷ്യന്റെ ആഹാരം നിലനിൽക്കണമെങ്കിൽ പ്രകൃതിയെ സംരക്ഷിക്കണം. അതിനനുസൃതമായ ഒരു സാങ്കേതിക വിദ്യ ഉണ്ടാകണം. രണ്ടു ദിവസം കേരളത്തിലെ വിവിധ സ്ഥലങ്ങളിലെ കർഷക സ്ത്രീകൾ ഇവിടെ എത്തുകയും പ്രശ്നങ്ങൾ ഉന്നയിക്കുകയും വിശ്രമിക്കുകയും ചെയ്തതിനാൽ അവർക്കു കുറച്ച് മനോസുഖവും ശരീരസ്വസ്ഥതയും ഉണ്ടായിരിക്കും. ശാസ്ത്രജ്ഞന്മാർക്ക് അവരുടെ കുറേ കാഴ്ചപ്പാട് നിങ്ങൾക്ക് പറഞ്ഞുതന്നു. ഈ രീതിയിൽ ഒരവസാനമല്ല ഇത്തരം ഒരു ചർച്ചയ്ക്ക് വേണ്ടത്. ഇത് ഇവിടെ അവസാനിപ്പിക്കരുത്. Costford നും, KAU വിനും ഒന്നും നിങ്ങളുടെയീപ്രശ്നങ്ങൾക്ക് നേരിട്ടൊന്നും ഉടനടി ചെയ്യാനാവില്ല. നിങ്ങൾ തന്നെ ശ്രമിക്കണം. അതിനു വേണ്ട സഹായസഹകരണങ്ങൾ Costford നോ ശാസ്ത്രീയമായ അറിവ് KAU വിനോ നിയമവശമായ സഹായം Womens Commission നോ ചെയ്യാൻ പറ്റിയേക്കും. അത് അവർ ചെയ്യും. പ്രശ്നങ്ങൾ രണ്ടായി തരം തിരിക്കാം.

1. പഞ്ചായത്തിനോ ഗവൺമെന്റിനോ പരിഹരിക്കാവുന്നവ.
2. ആരോഗ്യപരമായ പ്രശ്നങ്ങൾ അവ നിങ്ങൾക്ക് തന്നെ പരിഹരിക്കാവുന്നവ ഉദാ : വിളർച്ച. ഇതിനാവശ്യമായ ഒരു കാഴ്ചപ്പാടാണ് നമുക്കില്ലാത്തത്. പാചകത്തിൽ തന്നെ ഒരു മാറ്റം വരുത്തണം. ആഴ്ചയിൽ 2-3 ദിവസം പുരുഷനെ ഏൽപ്പിക്കണം. സ്ത്രീ അടുപ്പിന്റെ അടുത്ത് നിൽക്കുന്ന സമയം കുറയ്ക്കണം. വിറ്റാമിൻ സി, ഇരുമ്പ് ഇവയുടെ കുറവുകൊണ്ടുണ്ടായ അസുഖങ്ങൾ തുടങ്ങി കുറേ കാര്യങ്ങൾ ആരുടെയും സഹായമില്ലാതെ മാറ്റാൻ പറ്റും. സംഘടിത ശക്തിയോടെ മാത്രമേ ഇവ പരിഹരിക്കാനാവൂ. ഇത്തരം പ്രശ്നങ്ങൾ സമരം ചെയ്യാതെ തന്നെ മാറ്റാം. സ്ത്രീക്ക് പുരുഷനുമായി പദവിയിൽ വ്യത്യാസമില്ല. നമ്മുടെ സമൂഹത്തിൽ മാറ്റം വരുത്തണം. നിങ്ങളെ അനാവശ്യമായി പീഡിപ്പിക്കുന്ന പുരുഷനെതിരെ പ്രതികരിക്കണം. നിങ്ങൾക്ക് തന്നെ പറ്റിയില്ലെങ്കിൽ അയൽക്കൂട്ടങ്ങൾ വഴി പ്രതികരിക്കണം. അതിന് Womens Commission ന്റെ അടുത്ത് പോകേണ്ട. നിങ്ങൾ തന്നെ support കൊടുക്കണം. നിങ്ങൾ തന്നെ സ്വയം സംഘടിച്ച് നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കണം. അതിന് സഹായം ഇതുപോലുള്ള സ്ഥാപനങ്ങൾ തരും.

ഗീതക്കുട്ടി : അങ്ങിനെ രണ്ടുദിവസത്തെ കൂടിച്ചേരൽ ഇവിടെ തൽക്കാലം അവസാനിപ്പിക്കുന്നു. ഈ രണ്ടു ദിവസത്തെ ചർച്ചകളിലൂടേയും, അനുഭവങ്ങൾ പങ്കുവെയ്ക്കലിലൂടെയും പല പ്രധാന പ്രശ്നങ്ങൾ തെളിഞ്ഞുവന്നിട്ടുണ്ട്. പൊതുവായ നിർദ്ദേശങ്ങളും തീരുമാനങ്ങളും നമുക്ക് ഒന്നുകൂടി പറഞ്ഞുതരാൻ നമ്മുടെ ഈ ചർച്ചകളുടെ നേതൃത്വം വഹിച്ച ഞങ്ങളുടെ വൈസ്ചാൻസലർ ഡോ. ശ്യാമസുന്ദരൻ നായർ സാറിനെ ഞാൻ ക്ഷണിക്കുന്നു.

വൈസ്ചാൻസലർ : രണ്ടു ദിവസമായിട്ട് ഇങ്ങനെ ഒരു സെമിനാർ സംഘടിപ്പിക്കാൻ അവസരം കിട്ടിയതിൽ കാർഷിക സർവ്വകലാശാലയ്ക്ക് വളരെ സന്തോഷമുണ്ട്. കുറെ കാലമായി യൂണിവേഴ്സിറ്റിയിൽ കാർഷിക മേഖലയിൽ കർഷക തൊഴിലാളികളുടെ പ്രാധാന്യത്തെപ്പറ്റി ഊന്നൽ നൽകി വരികയായിരുന്നു. ഇത്തരത്തിൽ ഒരു യോഗം വിളിച്ചുകൂട്ടാനുള്ള പ്രചോദനം Womens Commission നിലെ ടി. ദേവിയും, കോസ്റ്റ് ഫോർഡിന്റെ ശ്രീ. ചന്ദ്രദത്തും ഒക്കെ നൽകുകയും ചെയ്തു. ഇന്ന് ഞങ്ങൾ കാർഷിക മേഖലയുടെ വികസനത്തിന് കർഷക തൊഴിലാളിയും കൃഷിക്കാരനും ഒരേ നാണയത്തിന്റെ രണ്ടു ഭാഗങ്ങളാണെന്ന് അന്യോന്യം മനസ്സിലാക്കിയ ഒരു കാര്യമാണ്. സ്ത്രീ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കാൻ സാധിച്ചു, എന്നതിൽ യൂണിവേഴ്സിറ്റിക്ക് ചാരിതാർത്ഥ്യമുണ്ട്. യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം സമൂഹത്തിലെ വിവിധ മേഖലകളിൽ പ്രത്യേകിച്ച് സ്ത്രീകളുമായി ബന്ധപ്പെട്ട സാങ്കേതികമേഖലയിൽ എന്താണ്, ഏതുതരത്തിലുള്ള വീക്ഷണവും സമീപനവും, പരിപാടികളുമാണ് വേണ്ടത് എന്ന് തിരിച്ചറിയാനുള്ള ശ്രമം ഞങ്ങൾ തുടരും. ഇതേ ലക്ഷ്യം മുൻ നിർത്തിയാണ് കാർഷിക സ്ത്രീ പഠന കേന്ദ്രം സർവ്വകലാശാലയിൽ സ്ഥാപിതമായിട്ടുള്ളത്.

വിവിധ മേഖലകളിലുള്ള പഠനങ്ങൾ തുടർന്നുകൊണ്ടിരിക്കും. ഞങ്ങളുടെ ഗവേഷണങ്ങൾ ഇത് പ്രതിഫലിക്കുവാനുള്ള സ്ഥാപനപരമായ കാര്യങ്ങളും ചെയ്യും. ഇത്തരം പ്രശ്നങ്ങൾ തീരുമാനമെടുക്കേണ്ടവരുടെ മുന്നിൽ കൊണ്ടുവരേണ്ടതായ കാര്യങ്ങൾ ഗവേഷണം ചെയ്തെടുക്കുകയും, അതുവഴി അതാതിന്റെ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള ശ്രമങ്ങളും ഞങ്ങൾ തുടരും. ഈ ശിൽപശാലയ്ക്ക് വന്ന എല്ലാവർക്കും ഞാൻ യൂണിവേഴ്സിറ്റിയുടെ പേരിൽ കൃതജ്ഞത പറയുന്നു. യൂണിവേഴ്സിറ്റിയിലുള്ള മറ്റ് പ്രവർത്തകരും ഈ സെമിനാറിന്റെ സാരാംശം മനസ്സിലാക്കുകയും അവരുടെ പ്രവർത്തനങ്ങളിൽ അത് പ്രതിഫലിക്കുകയും വേണം. ഇത്രയും സൗകര്യം ചെയ്തുതന്ന ദർശനയ്ക്കും കൃതജ്ഞത പറയുന്നു. മാധ്യമങ്ങൾക്കും നല്ലൊരു പങ്കുണ്ട് ഇത്തരം പ്രശ്നങ്ങൾ പുറത്തുകൊണ്ടുവരാൻ സമൂഹം ഈ പ്രശ്നങ്ങൾ ഒരു പക്ഷേ ഏറ്റെടുക്കാൻ തയ്യാറായേക്കും. ഇത്തരം പ്രശ്നങ്ങൾ സമൂഹത്തിലുണ്ട് എന്ന് അവതരിപ്പിക്കുവാൻ മാധ്യമങ്ങൾക്ക് കഴിയും.

കുഞ്ഞമ്മ : ഞങ്ങൾക്കിങ്ങനെ ഞങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുവാൻ ഒരവസരം തന്ന് ഒരു ശ്രമവും നടത്തിയതിന് ഈ യൂണിവേഴ്സിറ്റിയിലെ എല്ലാ പ്രവർത്തകർക്കും പ്രത്യേകിച്ച് സാറിനും വളരെ നന്ദി പറയുന്നു.

വൈസ്ചാൻസലർ : കാർഷിക സർവ്വകലാശാലയെ കുറിച്ച് നിങ്ങൾക്കേവർക്കുമുണ്ടായ നല്ല അഭിപ്രായത്തിനും എല്ലാവർക്കും നന്ദി. ഈ ശിൽപശാല അവസാനിച്ചതായി പ്രഖ്യാപിക്കുന്നു.

# ശിൽപശാലയിൽ പങ്കെടുത്തവർ

I. **സ്ത്രീ തൊഴിലാളികൾ**

***നെല്ലായ പഞ്ചായത്ത്, പാലക്കാട് ജില്ല***

1. രമ, വെള്ളടത്ത്
2. വള്ളി, കരിമ്പത്തോട്ടത്ത്
3. മീനാക്ഷി, ആയിക്കരുവരമ്പ്
4. ചക്കി, വടക്കേടത്ത്
5. ഉഷ, വടക്കേപ്പറമ്പിൽ
6. പാറുകുട്ടിഅമ്മ, എരുന്നപ്പുറത്ത്
7. നാരായണി, കൊല്ലക്കാത്തൂടി
8. മീനാക്ഷി, എടക്കത്തുകുന്ന്

***ആലപ്പുഴ ജില്ല, കുട്ടനാട്***

1. പി. വി. ലളിതമ്മ, കണ്ണമ്പള്ളിൽ, പുളിങ്കുന്ന് പി. ഒ.
2. എൽ. ജഗദ, കുട്ടിച്ചിറ
3. സരസമ്മ രാജപ്പൻ, വാഴയിൽ, തെക്കേക്കര
4. എം മിനി, ശാരി ഭവനം, തെക്കെക്കര
5. കെ. ശാന്തമ്മ, എൺപത്തിനാലിൽ ചിറ, തെക്കേക്കര
6. സുഷമ വിജയൻ, അമ്പതിൽ ചിറ, പുല്ലങ്ങാടി, ചമ്പക്കുളം
7. ഷമ്മി, അമ്പതിൽ ചിറ, പുല്ലങ്ങാടി, ചമ്പക്കുളം
8. എം. മിനി, അമ്പപതിൽ ചിറ, പുല്ലങ്ങാടി പി. ഒ.
9. മഹേശ്വരി, മാളേക്കൽ പുല്ലങ്ങാടി, ചമ്പക്കുളം

***വയനാട് ജില്ല***

1. ഭവാനി ശ്രീധരൻ, ശൗര്യമാക്കൽ, തൊവരിമല പി.ഒ., മലവയൽ
2. ഗീതാമണി, വട്ടക്കുരവിൽ, അമ്പലവയൽ പി. ഒ., നീർച്ചാൽ
3. സതി മധു, കുന്നുംപുറത്ത്, തൊവരിമല പി. ഒ., മലവയൽ
4. മേരി തോമസ്, കുന്നേൽ, മാളിക പി. ഒ., അമ്പലവയൽ
5. അമ്മിണി, നെടിയവിള, പുത്തൻവീട്
6. ഷീന കൂരിക്കാട്ടുകുന്നേൽ, ആരിക്കാട്ടുകുന്നേൽ
7. പത്മിനി വിശ്വനാഥൻ, നീർച്ചാൽ മഞ്ഞപ്പാറ, നെരിക്കുണ്ട്
8. വിഥുല, നീർച്ചാൽ, അമ്പലവയൽ
9. ഇന്ദിര രാജു, ശാസ്താംപറമ്പ്, ചെതലയം, ബത്തേരി
10. ഗ്രേസി ജോൺ, കോറുവാട്ടിൽ, നെന്മേനി, അമ്മയിപ്പാറ, പി. ഒ.

***തൃശൂർ ജില്ല***

1. സുമതി എം. യു., മനക്കാലത്ത്, കുറിച്ചിക്കര പി. ഒ. മാടക്കത്തറ
2. ലത, ഒറയിൽ പുറത്ത്, കുറിച്ചിക്കര പി. ഒ. മാടക്കത്തറ
3. ജാനകി, കോഴിപ്പറമ്പിൽ, മണ്ണുത്തി പി. ഒ.
4. എ. ടി. അന്ന, ചിറ്റിലപ്പിള്ളി, മണ്ണുത്തി പി. ഒ.
5. രാധ പി. വി., ശങ്കരൻ തടത്തിൽ, വെള്ളാനിക്കര
6. ഉമാവതി കെ. ആർ., കളരിക്കൽ, മണ്ണുത്തി
7. ചന്ദ്രിക എ. ആർ., അറക്കൽ, അയ്യന്തോൾ
8. അമ്മിണി അയ്യപ്പൻ, പൂവത്തിങ്കൽ, അരിമ്പൂർ
9. ശോഭാ സുരേഷ്, മണ്ടാട്ട്, അരിമ്പൂർ
10. മേലായി, പോട്ടയിൽ, അരിമ്പൂർ
11. ദേവകി, കാരത്തോട്ടത്തിൽ, അരിമ്പൂർ

II. **സ്ത്രീ തൊഴിലാളി സംഘടന ഭാരവാഹികൾ**

1. സി. ജെ. അന്നമ്മ, ആലപ്പുഴ
2. വി.കെ. കുഞ്ഞമ്മ, തൃശൂർ

III. **പങ്കെടുത്ത നിരീക്ഷകരും വിദഗ്ധരും**

1. ഡോ. പി.കെ. സുകുമാരൻ നായർ, പ്രോജക്ട് ഓഫീസർ, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം
2. വി.പി.സുധാകരൻ, ചീഫ് കോർഡിനേറ്റർ, കോസ്റ്റ്ഫോഡ്, അയ്യന്തോൾ, തൃശൂർ
3. റ്റി. ദേവി, മെമ്പർ, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം
4. മൃദുൽ ഈപ്പൻ, ശാസ്ത്രജ്ഞ, സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം
5. കെ. ശാരദാമണി, സാമൂഹ്യ ശാസ്ത്രജ്ഞ, തിരുവനന്തപുരം
6. ജി. ആഷാ, ഗവേഷണ വിദ്യാർത്ഥിനി, ലിസെസ്റ്റർ യൂണിവേഴ്സിറ്റി, ലണ്ടൻ
7. ലീലാ മേനോൻ, സീനിയർ കറസ്പോണ്ടന്റ്, ഇൻഡ്യൻ എക്സ്പ്രസ്, കൊച്ചി
8. ആർ. പാർവതി ദേവി, ചീഫ് സബ് എഡിറ്റർ, ഏഷ്യാനെറ്റ് ന്യൂസ്, തിരുവനന്തപുരം
9. എം.വാസുദേവൻ, കോസ്റ്റ്ഫോർഡ്, തൃശ്ശൂർ
10. കമല രാജ് പി., കോസ്റ്റ്ഫോർഡ്, തൃശ്ശൂർ
11. മിസിസ്സ് മേരി പത്മിനി റപ്പായി, കോസ്റ്റ്ഫോർഡ്, തൃശ്ശൂർ
12. പി.പി. സുധാദേവി, (ജനറൽ കൗൺസിൽ മെമ്പർ, KAU) അക്കപ്പറയിൽ, പരിയാപുരം

12. പി.കെ. അബ്ദുൾ ജബ്ബാർ, അഗ്രിക്കൾച്ചർ ഓഫീസർ, കൃഷിഭവൻ, വള്ളംകുളം, മലപ്പുറം

13. വി. കലാനാഥൻ, പഞ്ചായത്ത് പ്രസിഡന്റ്, വള്ളിക്കുന്ന് പഞ്ചായത്ത്, മലപ്പുറം

14. രേണുകാ ശിവൻ, കോസ്റ്റ്ഫോർഡ്, അയ്യന്തോൾ, തൃശ്ശൂർ

15. സരിതാ സ്കന്ദൻ, കോസ്റ്റ്ഫോർഡ്, അയ്യന്തോൾ, തൃശ്ശൂർ

## IV. കേരള കാർഷിക സർവ്വകലാശാലാ അംഗങ്ങൾ

1. ഡോ.കെ.എൻ. ശ്യാമസുന്ദരൻ നായർ
വൈസ് ചാൻസലർ,
കേരള കാർഷിക സർവ്വകലാശാല

2. ഡോ. പി.വി. പ്രഭാകരൻ
അസ്സോ. ഡീൻ, കോളേജ് ഓഫ് ഹോർട്ടിക്കൾച്ചർ, വെള്ളാനിക്കര

3. ഡോ. പി.എസ്. ഗീതക്കുട്ടി
പ്രോജക്ട് കോ-ഓർഡിനേറ്റർ, കാർഷികസ്ത്രീ പഠനകേന്ദ്രം, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര, തൃശ്ശൂർ.

4. റെനി മേരി സക്കറിയ, അസിസ്റ്റന്റ് പ്രൊഫസർ, ആർ. എ. ആർ. എസ്., മങ്കൊമ്പ്

5. ഡോ. പി. ഇന്ദിരാദേവി, അസിസ്റ്റന്റ് പ്രൊഫസർ, കോളേജ് ഓഫ് ഹോർട്ടിക്കൾച്ചർ

6. ഡോ. കെ. ജെസ്സി തോമസ്സ്, അസിസ്റ്റന്റ് പ്രൊഫസർ, കോളേജ് ഓഫ് ഹോർട്ടിക്കൾച്ചർ

7. ഡോ. സാറാ റ്റി. ജോർജ്ജ്, അസിസ്റ്റന്റ് പ്രൊഫസർ, കോളേജ് ഓഫ് ഹോർട്ടിക്കൾച്ചർ

8. ഡോ. എം.പി.ഗിരിധരൻ, അസിസ്റ്റന്റ് പ്രൊഫസർ, ആർ.എ.ആർ.എസ്സ്. പീലിക്കോട്

9. ഡോ. പി. എ. നസ്സീം, അസ്സോസിയേറ്റ് പ്രൊഫസർ, കോളേജ് ഓഫ് ഹോർട്ടിക്കൾച്ചർ, വെള്ളാനിക്കര

10. ഡോ. എസ്. ഷൈലജ, അസ്സോസിയേറ്റ് പ്രൊഫസർ, കോളേജ് ഓഫ് അഗ്രിക്കൾച്ചർ, വെള്ളായണി

11. വി. പി. ജെയിംസ്, ടെക്നിക്കൽ അസിസ്റ്റന്റ്, കെ.വി.കെ. പട്ടാമ്പി

12. ഡോ. കെ. എസ്. പുരുഷൻ, അസ്സോസിയേറ്റ് പ്രൊഫസർ & ഹെഡ്, ഫിഷറീസ് റിസർച്ച് സ്റ്റേഷൻ, പുതുവയ്പ്, കൊച്ചി.

13. ഡോ. എസ്. ശ്യാമകുമാരി, അസ്സോസിയേറ്റ് പ്രൊഫസർ, കോളേജ് ഓഫ് അഗ്രിക്കൾച്ചർ, വെള്ളായണി

14. ജി. എസ്. അരുളരശൻ, അസിസ്റ്റന്റ് പ്രൊഫസർ, കെ. വി. കെ. അമ്പലവയൽ

15. ഡോ. സി. ജോർജ്ജ് തോമാസ്, അസിസ്റ്റന്റ് പ്രൊഫസർ, കോളേജ് ഓഫ് ഹോർട്ടിക്കൾച്ചർ, വെള്ളാനിക്കര

16. ഡോ.എ. അനിൽകുമാർ, അസിസ്റ്റന്റ് പ്രൊഫസർ, കോളേജ് ഓഫ് അഗ്രിക്കൾച്ചർ, പടന്നക്കാട്

17. ഡോ. എം. ആർ. സുഭദ്ര, അസ്സോസിയേറ്റ് പ്രൊഫസർ, കോളേജ് ഓഫ് വെറ്ററിനറി & ആനിമൽ സയൻസസ്, മണ്ണുത്തി

18. ഡോ. ശോശാമ്മ ഐപ്പ്, പ്രൊഫസർ, കോളേജ് ഓഫ് വെറ്ററിനറി & ആനിമൽ സയൻസസ്, മണ്ണുത്തി

19. ഡോ.ആർ.എം. പ്രസാദ്, പ്രൊഫസർ & ഹെഡ്, കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി

20. ഡോ. സി. ബി. മനോമോഹൻ, അസ്സോസിയേറ്റ് പ്രൊഫസർ, കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി

21. ഡോ. എം. മോഹൻദാസ്, അസ്സോസിയേറ്റ് ഡീൻ, കോളേജ് ഓഫ് കോ-ഓപ്പറേഷൻ & ബാങ്കിംഗ്, വെള്ളാനിക്കര.

22. ഡോ. ജയശ്രീ കൃഷ്ണൻകുട്ടി, അസ്സി. പ്രൊഫസ്സർ, കാർഷിക സ്ത്രീ പഠന കേന്ദ്രം

23. അൻജ്ജു ആനി സിറിയക്ക്, റിസർച്ച് അസോസിയേറ്റ്, കാർഷിക സ്ത്രീ പഠന കേന്ദ്രം

24. സുലജ ഒ. ആർ., റിസർച്ച് അസോസിയേറ്റ്, കാർഷിക സ്ത്രീ പഠന കേന്ദ്രം

## V. ഗവേഷണ വിദ്യാർത്ഥികൾ

1. കെ. ജെ. ഷെറീൻ
2. ബോബൻ പോൾ
3. ജിനേഷ് ജിൽസ്
4. ബിന്ദു വി. എസ്.
5. അഞ്ജന എസ്.
6. സിന്ധു നാരായണൻ
7. സ്മിതാ ബേബി
8. എം. പി. ജയശ്രീ
9. ആഷിത് രാജ്

# കേരള കാർഷികരംഗത്തെ സ്ത്രീതൊഴിലാളികൾ ഒരവലോകനം

**(കേരള കാർഷിക സർവ്വകലാശാലയും കോസ്റ്റ്ഫോർഡും കൂട്ടായി നടത്തിയ പഠനം. പഠന റിപ്പോർട്ട് തയ്യാറാക്കിയത് പി. എസ്. ഗീതക്കുട്ടി, അൻജു ആനി സിറിയക്, സുലജ ഒ.ആർ, ഷീജ ബി. കാറളം, ജയശ്രീ കൃഷ്ണൻകുട്ടി)**

**ആമുഖം**

കാർഷിക രംഗത്തെ സ്ത്രീ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളും സാദ്ധ്യതകളും എന്ന വിഷയത്തിൽ കാർഷിക സർവ്വകലാശാല 2000–ാമാണ്ട് മേയ് 20, 21 തീയതികളിലായി ഒരു വിദഗ്ധാഭിപ്രായ ശില്പശാല നടത്തുകയുണ്ടായി. പ്രസ്തുത ശില്പശാലയ്ക്ക് മുന്നോടിയായി കാർഷിക സ്ത്രീ പഠനകേന്ദ്രവും കോസ്റ്റ് ഫോർഡും സംയുക്തമായിട്ട്, കുട്ടനാട്, തൃശൂർ, പാലക്കാട്, വയനാട് എന്നീ നാലു പ്രദേശങ്ങളിലെ 96 കർഷക സ്ത്രീ തൊഴിലാളികളിൽ നിന്നും ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടിണിത്.

**നിരീക്ഷണങ്ങളും പ്രധാന സൂചനകളും**

I. **കർഷക സ്ത്രീ തൊഴിലാളികളെക്കുറിച്ചുള്ള ചില പൊതുവിവരങ്ങൾ.**

**സർവ്വേയിൽ പങ്കെടുത്ത സ്ത്രീകൾ = 96**

| വിവരങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| **1. വിദ്യാഭ്യാസം** | | |
| a. സാക്ഷരർ | 23 | 25 |
| b. പ്രൈമറി വിദ്യാഭ്യാസം മാത്രമുള്ളവർ | 38 | 39 |
| c. ഹൈസ്ക്കൂൾ വിദ്യാഭ്യാസമുള്ളവർ | 31 | 32 |
| d. 10–ാം ക്ലാസ്സിന് മുകളിൽ വിദ്യാഭ്യാസമുള്ളവർ | 4 | 4 |
| **2. മതം/ജാതി** | | |
| ഹിന്ദുമതം | 88 | 92 (ഹിന്ദുക്കളിൽ 38% തീയ്യരും, 16% പുലയരും, 7% ചെറുമരുമാണ്). |
| ക്രിസ്തുമതം | 1 | 1 |
| മുസ്ലീംമതം | 7 | 7 |

**3. കുടുംബവിവരങ്ങൾ**

| വിവരങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| **A. കുടുംബം** | | |
| a. ചെറുകുടുംബം | 88 | 92 |
| b. കൂട്ടുകുടുംബം | 8 | 8 |
| **B. വീടിന്റെ നിലവാരം** | | |
| a. ഓടിട്ട വീട് | 63 | 66 |
| b. കുടിൽ | 14 | 15 |
| c. ഭിത്തിയുള്ള മേഞ്ഞ വീട് | 13 | 14 |
| d. ടെറസ്സുള്ള വീട് | 6 | 6 |
| **C. വീടിന്റെ അവകാശം** | | |
| a. സ്വന്തം | 91 | 95 |
| b. വാടകയ്ക്ക്/മറ്റുള്ളവരുടെ കൂടെയും താമസിക്കുന്നത് | 5 | 5 |
| **D. വൈദ്യുതി** | | |
| a. വൈദ്യുതീകരിച്ചത് | 40 | 42 |
| b. വൈദ്യുതി ലഭിക്കാത്തത് | 56 | 58 |
| **E. കുടുംബത്തിലെ അംഗസംഖ്യ** | | |
| a. ശരാശരി അംഗസംഖ്യ | 4 | |
| b. സ്ത്രീകൾ (ശരാശരി) | 2 | |
| c. പുരുഷന്മാർ (ശരാശരി) | 2 | |
| **F. കുടുംബാംഗങ്ങളുടെ തൊഴിൽ** | | |
| a. വീട്ടിലെ ഒരു അംഗത്തിനെങ്കിലും മറ്റ് രംഗങ്ങളിൽ സ്ഥിരം ജോലിയുള്ളവർ | 5 | 5 |
| b. പൂർണ്ണമായും തൊഴിലാളികൾ മാത്രമുള്ള കുടുംബങ്ങൾ | 91 | 95 |
| **G. ഭൂസ്വത്ത്** | | |
| a. കുടുംബത്തിന് സ്വന്തമായിട്ട് ഭൂമിയുള്ളവർ | 81 | 84 |
| b. സ്ത്രീകൾക്ക് സ്വന്തം പേരിൽ ഭൂമിയുള്ളവർ | 12 | 12 |



| വിവരങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| c. പാട്ടത്തിന് ഭൂമിയെടുത്തിട്ടുള്ളവർ | 11 | 12 |
| 1. പുരുഷന്റെ പേരിൽ പാട്ടം ഉള്ളവർ | 7 | 7 |
| 2. രണ്ടുപേരുടേയും പേരിൽ | 1 | 1 |
| 3. സ്ത്രീയുടെ പേരിൽ പാട്ടം ഉള്ളവർ | 3 | 3 |
| d. ശരാശരി ഭൂസ്വത്ത് 16 സെന്റ് ഭൂമി (33 ശതമാനം പേർക്കും 9 സെന്റിൽ താഴെയാണ് ഭൂമിയുള്ളത്) | | |

കേരളത്തിൽ സമൂഹത്തിലാകെ വിദ്യാഭ്യാസം, സാമൂഹികം, കുടുംബാസൂത്രണം, തൊഴിൽ മേഖല, ഭൂമിയുടെ വിതരണം തുടങ്ങിയ മേഖലകളിൽ വന്നിട്ടുള്ള വികസനം കാർഷിക തൊഴിലാളികളുടെ ജീവിതത്തിലും വരുത്തിയ മാറ്റങ്ങൾ എടുത്തു കാണിക്കുന്നതാണ് മുകളിലെ വിവരങ്ങൾ. പന്ത്രണ്ട് ശതമാനം സ്ത്രീകൾക്ക് മാത്രമേ വീട്ടിലെ ഭൂസ്വത്തിൽ അവകാശമുള്ളു എന്നത് പ്രത്യേകിച്ച് ശ്രദ്ധിക്കേണ്ടതാണ്. സ്ത്രീ തൊഴിലാളികളും സാമ്പത്തിക സുരക്ഷിതത്വത്തിന് സ്ത്രീയ്ക്കും പുരുഷനും ഭൂസ്വത്തിന് അവകാശം നൽകുന്ന കൂട്ടുപട്ടയ സമ്പ്രദായം ഉണ്ടാകേണ്ടതുണ്ട് എന്ന് ചൂണ്ടിക്കാണിക്കുന്ന സാമ്പത്തിക പ്രശ്നങ്ങളാണ് തുടർന്നുള്ള വിശകലനത്തിൽ നിന്നും കാണുന്നത്.

### II. സ്ത്രീ തൊഴിലാളികൾ ഏർപ്പെടുന്ന പ്രധാന കാർഷിക വൃത്തികൾ

| വിവരങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| a. കൊയ്ത്ത് | 75 | 78 |
| b. നടീൽ | 72 | 75 |
| c. കള പറിക്കൽ | 76 | 79 |
| d. മെതിക്കൽ | 40 | 42 |
| e. വിത്തിടീൽ | 18 | 43 |
| f. വളം ചേർക്കൽ | 13 | 14 |
| g. ജലസേചനം | 2 | 2 |
| h. നിലം ഉഴൽ | 7 | 7 |
| i. വിത്തുണക്കൽ | 5 | 5 |
| j. വൈക്കോലുണക്കൽ | 5 | 5 |
| k. തോല് വെട്ടൽ | 2 | 2 |
| l. തോല് മുറിക്കൽ | 4 | 4 |
| m. നിലമൊരുക്കൽ | 7 | 7 |
| n. കിളയ്ക്കൽ | 9 | 9 |
| o. റബ്ബർ ടാപ്പിംഗ് | 1 | 1 |
| p. പശുവിനെ മേയ്ക്കൽ | 10 | 10 |
| q. പാൽക്കറവ | 1 | 1 |
| r. തൊഴുത്ത് വൃത്തിയാക്കൽ | 1 | 1 |
| *മറ്റു കൂലിപ്പണികൾ* | | |
| 1. മുറ്റമടിക്കൽ | | |
| 2. വീട്ടുവേല | | |

(വരമ്പ് വെട്ടലിനും, തെങ്ങിന് തടം തുറക്കാനും, കയറുപിരിക്കുന്നതിനും, കൊപ്ര ഉണക്കുന്നതിനും പഠനത്തിലേർപ്പെട്ട സ്ത്രീകളാരും തന്നെ പങ്കെടുക്കുന്നില്ല.)

III. കാർഷിക രംഗത്തെ തൊഴിലുകൾ പ്രധാന വരുമാന മാർഗ്ഗമാക്കുന്ന ഇവരിൽ പലരും ആ രംഗങ്ങളിൽ തൊഴിൽ കിട്ടാതെ വരുമ്പോൾ കെട്ടിടം പണി, മണ്ണുചുമക്കൽ, കന്നുകാലിവളർത്തൽ, കോഴിവളർത്തൽ, പുല്ലുവെട്ടൽ, ഇരുമ്പുപണി, തുന്നൽ തുടങ്ങിയ പണികളിലേർപ്പെടാറുണ്ട്.

**III a. കാർഷിക രംഗത്ത് ഉപയോഗിക്കുന്ന തൊഴിലുപകരണങ്ങൾ** – സ്ത്രീയോ പുരുഷനോ ആരാണ് ഉപകരണങ്ങൾ ഉപയോഗിക്കുന്നത് എന്ന വിശകലനത്തിൽ താഴെ പറയുന്ന വിവരങ്ങളാണ് കണ്ടത്.

| ഉപകരണം ഉപയോഗിക്കുന്നത് | പുരുഷൻ മാത്രം | % | സ്ത്രീ മാത്രം | % | പുരുഷനും സ്ത്രീയും ഉപയോഗിക്കുന്നത് | % |
|---|---|---|---|---|---|---|
| തൂമ്പ | 38 | 40 | 11 | 12 | 14 | 15 |
| അരിവാൾ | 7 | 7 | 62 | 65 | 18 | 19 |
| കലപ്പ | 7 | 7 | 1 | 1 | 1 | 1 |
| നുകം | 10 | 10 | – | – | – | – |
| മഴു | 10 | 10 | 1 | 1 | 4 | 4 |
| ഏണി | 7 | 7 | 2 | 2 | 5 | 5 |
| കട്ട | 1 | 1 | 4 | 4 | 2 | 2 |
| പിക്കാസ് | 10 | 10 | – | – | – | |
| കാളവണ്ടി | 2 | 2 | – | – | – | |
| ഉന്തുവണ്ടി | 3 | 3 | – | – | – | |
| **ഉപയോഗിക്കുന്ന ആധുനിക കാർഷിക യന്ത്രങ്ങൾ** | | | | | | |
| 1. ട്രാക്ടർ | 8 | 8 | 0 | 0 | 0 | 0 |
| 2. ട്രില്ലർ | 4 | 4 | – | – | – | – |
| 3. മെതി യന്ത്രം | 3 | 3 | 5 | 5 | 4 | 4 |
| 4. കൊയ്ത്തു യന്ത്രം | 4 | 4 | – | – | 1 | – |
| 5. മോട്ടോർ | 3 | 3 | 2 | 2 | 1 | 1 |
| 6. സ്പ്രേയർ | 11 | 12 | 2 | 2 | 1 | 1 |
| 7. നടീൽയന്ത്രം | 1 | 1 | – | – | – | – |

മുകളിലെ പട്ടിക പ്രകാരം പ്രധാനമായും പുരുഷന്മാരാണ് ഉപകരണങ്ങൾ (ആധുനികമായാലും നാടൻ ആയാലും) ഉപയോഗിച്ചുള്ള കൃഷിപ്പണികൾ ചെയ്യുന്നത്. അരിവാൾ ഉപയോഗിച്ച പണികൾക്ക് മാത്രമാണ് സ്ത്രീകൾ മുന്നിൽ. ആയാസമേറിയതും നടുവൊടിക്കുന്നതുമായ പണികൾ സ്ത്രീകളാണ് ചെയ്തുപോരുന്നതെക്കാലവും കാർഷികരംഗത്ത്. അതേ സമയം കാർഷികോപകരണങ്ങൾ ഉപയോഗിക്കുന്ന പണികളെല്ലാം പുരുഷന്മാരാണ് ചെയ്യുന്നത് എന്നത് ഒരു സമൂഹാചാരമായി നിലനിൽക്കുന്നു എന്നാണ് കാണേണ്ടത്. സ്ത്രീകൾക്കും ഇവ ഉപയോഗിക്കുവാൻ കഴിയും പരിശീലനം നൽകിയാൽ എന്ന വസ്തുത തിരിച്ചറിയാൻ സമയമായിട്ടില്ലേ?

ആധുനിക യന്ത്രങ്ങളുടെ പ്രയോഗത്തിൽ മെതിയന്ത്രത്തിനൊഴികെ ബാക്കിയെല്ലാം തന്നെ പ്രവർത്തിപ്പിക്കുന്നത് പുരുഷ തൊഴിലാളികളാണ്. ഈ രംഗങ്ങളിലെല്ലാം സ്ത്രീകൾക്കും ഹിതകരമായ ഉപകരണങ്ങളും, അത്തരം യന്ത്രങ്ങൾ ഉപയോഗിക്കാൻ വേണ്ട പരിശീലനവും, യന്ത്രങ്ങൾ വാങ്ങാനുള്ള വായ്പയും സ്ത്രീ തൊഴിലാളികൾക്ക് ലഭ്യമാകണം. അതിനുള്ള പദ്ധതികളും, പരിശീലനങ്ങളും നടപ്പിലാക്കണം.

### IV. പ്രതിദിവസകുടുംബവരുമാനം

| വിവരങ്ങൾ | പുരുഷന്മാർ | | | | സ്ത്രീകൾ | | | |
|---|---|---|---|---|---|---|---|---|
| | കൂലിയിനത്തിൽ കിട്ടുന്നത് | സ്വന്താവശ്യങ്ങൾക്ക് ചിലവഴിക്കുന്നത് | ശതമാനം | വീട്ടിൽകൊടുക്കുന്നത് | കൂലിയിനത്തിൽ കിട്ടുന്നത് | സ്വന്താവശ്യങ്ങൾക്ക് ചിലവഴിക്കുന്നത് | ശതമാനം | വീട്ടിൽകൊടുക്കുന്നത് |
| തൊഴിലാളികളുടെ ശരാശരി ദിവസക്കൂലി | 110.00 | 40.00 | 36 | 70.00 | 70.00 | 13 | 18 | 57.00 |

പുരുഷന് കിട്ടുന്ന ശരാശരി കൂലിത്തുകയെ അപേക്ഷിച്ച് 64 ശതമാനം മാത്രമാണ് സ്ത്രീതൊഴിലാളികൾക്ക് കൂലികിട്ടുന്നത്. തുല്യജോലിക്ക് തുല്യ വേതന നിയമം കൊണ്ടുവരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സ്ത്രീകളെ അപേക്ഷിച്ച് പുരുഷന്മാർ കിട്ടുന്ന കൂലിയിൽ നിന്നും മൂന്നിലൊന്ന് ഭാഗം സ്വന്തം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട്. (മദ്യപാനം, വെറ്റില, ചായ, ബീഡി, ചീട്ടുകളി, മറ്റു ചിലവുകൾ). അതേ സമയം സ്ത്രീകൾ കേവലം 18 ശതമാനം മാത്രമാണ് സ്വന്തം ആവശ്യങ്ങൾക്കായി (ചായ, കാപ്പി, വെറ്റില തുടങ്ങിയ ചിലവുകൾക്ക്) ഉപയോഗിക്കുന്നത്.

### V. തൊഴിലാളി കുടുംബത്തിന്റെ ശരാശരി പ്രതിമാസ വരുമാനം

ശരാശരി മാസവരുമാനം 2210 രൂപയാണ്. ഇവരിൽ കൂടുതൽ പേരും അല്പസ്വല്പം മിച്ചം വയ്ക്കാറുണ്ട്.

**കുടുംബവരുമാനം മിച്ചം വയ്ക്കുന്ന മാർഗ്ഗങ്ങൾ**

| വിവരങ്ങൾ | സ്ത്രീകളുടെ എണ്ണം | ശതമാനം |
|---|---|---|
| 1. പോസ്റ്റാഫീസ് | 22 | 23 |
| 2. സേവിംഗ്സ് ബാങ്ക് എക്കൗണ്ട് | 5 | 5 |
| 3. അയൽക്കൂട്ടം | 6 | 6 |
| 4. ചിട്ടി | 28 | 29 |
| 5. കൂട്ടുകാർ | 2 | 2 |
| 6. മിച്ചം വയ്ക്കുന്ന സ്വഭാവമുള്ളവർ | 63 | 65 |

65 ശതമാനം സ്ത്രീകളിലും മിച്ചം വയ്ക്കുന്ന സ്വഭാവം കാണുന്നുണ്ട്. സമൂഹത്തിൽ ദാരിദ്ര്യം അനുഭവിക്കുന്നവർക്കിടയിൽ മിച്ചം വയ്ക്കുന്ന സ്വഭാവവും, ചിലവുചുരുക്കലിന്റെ ആവശ്യകതയും ബോധ്യമാക്കുന്ന പ്രവർത്തനങ്ങൾ കൂടുതലുണ്ടാകേണ്ടതുണ്ട്. തൊഴിലാളി കുടുംബങ്ങളുടെ ഒരു മാസത്തെ ശരാശരി ചിലവ് 2854 രൂപയാണ്.

### VI. തൊഴിലാളി സ്ത്രീകൾ സാധാരണ സാമ്പത്തിക വായ്പയ്ക്കായി ആശ്രയിക്കുന്നമാർഗ്ഗങ്ങൾ

| മാർഗ്ഗങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| ബാങ്ക് | 17 | 18 |
| സഹകരണ സൊസൈറ്റി | 12 | 12 |
| തൊഴിലുടമ | 3 | 3 |
| അയൽക്കാർ | 2 | 2 |
| പലിശമുതലാളി (ബ്ലേഡ്) | 5 | 5 |
| കുറി (ചിട്ടി) | 1 | 1 |

തൊഴിലാളികളുടെ ഇടയിലെ ശരാശരി കടബാധ്യത 4116 രൂപ. 12 ശതമാനം മുതൽ 19 ശതമാനം പലിശയ്ക്കു വരെ അവർ കടം എടുക്കുന്നുണ്ട്. സ്വാശ്രയ സഹായ സംഘങ്ങളിലൂടെയും മറ്റും പലിശയില്ലാത്ത ചെറുകടങ്ങൾ സ്ത്രീ തൊഴിലാളികൾക്കിടയിൽ വ്യാപകമാക്കേണ്ടതിനെ ചൂണ്ടിക്കാണിക്കുന്ന വസ്തുതയാണിത്.

### VII. കടം എടുക്കുമ്പോൾ ഈടായിട്ട്/ആസ്തിയായിട്ട് കാണിക്കുന്ന വസ്തുക്കൾ

| ഈട് | എണ്ണം | ശതമാനം |
|---|---|---|
| 1. സ്ഥലം/തെങ്ങ് | 9 | 9 |
| 2. സ്വർണ്ണം | 8 | 8 |
| 3. വീട് | 1 | 1 |
| 4. ആൾജാമ്യം | 2 | 2 |
| 5. വിശ്വാസത്തിന്റെ പുറത്ത് | 1 | 1 |

സ്ത്രീകളുടെ പേരിൽ ഭൂസ്വത്തുണ്ടാകുന്നത്, കൃഷി, വ്യവസായം മുതലായ ഉൽപാദന പ്രവർത്തനങ്ങൾക്കോ മറ്റാവശ്യങ്ങൾക്കോ വായ്പയെടുക്കാനുള്ള സ്വാതന്ത്ര്യവും, അവകാശവും അവർക്ക് നൽകുന്നതാണ്. നിർധന കുടുംബങ്ങൾക്ക് മാത്രമല്ല, സമൂഹത്തിലെ എല്ലാ രംഗത്തുമുള്ള സ്ത്രീകളുടെ ശാക്തീകരണത്തിന് ഈ വ്യവസ്ഥാമാറ്റം ഉണ്ടാകണം. കുടുംബത്തിലെ ഭൂസ്വത്തിന് അവകാശം സ്ത്രീകൾക്കും ഉണ്ടാകുന്ന നയം ഉണ്ടാകണം.

### VIII. പണം കടം കിട്ടാനുള്ള പ്രശ്നങ്ങൾ

| വിവരങ്ങൾ | എണ്ണം | % |
|---|---|---|
| 1. ഈട് കാണിക്കാൻ ഭൂമിയൊന്നും സ്വന്തമായിട്ടില്ലാത്തത് | 16 | 17 |
| 2. ബാങ്ക് നിയമങ്ങൾ അറിഞ്ഞ് കൂടാത്ത അവസ്ഥ | 11 | 11 |
| 3. കൊള്ളപ്പലിശ | 18 | 19 |
| 4. ചതിക്കപ്പെടുമെന്ന പേടി | 3 | 3 |
| 5. നിയമതടസ്സങ്ങൾ | 3 | 3 |

മേൽപ്പറഞ്ഞ പ്രശ്നങ്ങളും, സ്ത്രീകൾക്ക്, പ്രത്യേകിച്ച് നിരധനരായവർക്ക്, അനുയോജ്യമായ ബാങ്കിംഗ്

വ്യവസ്ഥകളുടെ ആവശ്യങ്ങളാണ് എടുത്ത് കാട്ടുന്നത്. അതുപോലെ ജനകീയാസൂത്രണ വികസന പദ്ധതി പ്രകാരവും മറ്റും സ്ത്രീകൾക്കിടയിൽ വരുത്താവുന്ന ചെറുകിട സ്വാശ്രയ സന്നദ്ധ പ്രവർത്തനങ്ങളുടെ അത്യാവശ്യവും ഇവയിൽനിന്നും മനസ്സിലാക്കാം.

### IX. കർഷക സ്ത്രീത്തൊഴിലാളികളുടെ ആരോഗ്യ സ്ഥിതി

| a. സ്വയം വിലയിരുത്തൽ | ആളുകളുടെ എണ്ണം | % |
|---|---|---|
| 1. വളരെ തൃപ്തികരം | 6 | 6 |
| 2. ഒരുവിധം തൃപ്തികരം | 75 | 78 |
| 3. വളരെ കഷ്ടപ്പാട് | 15 | 15 |

തലവേദന, പനി, നടുവേദന, നെഞ്ചുവേദന, ചുമ, വാതം, ചൊറിഞ്ഞുപൊട്ടൽ തുടങ്ങിയവയാണ് തൊഴിലാളികൾ എടുത്തുപറഞ്ഞ പ്രധാന രോഗങ്ങൾ. മഴ നനഞ്ഞും, വെള്ളത്തിൽ നിന്നും നടുവ് നിവർക്കാതെയും വിശ്രമമില്ലാതെയും പൊടി നിറഞ്ഞ ചുറ്റുപാടിലുള്ള കഠിനാദ്ധ്വാനം അവരിൽ ഇത്തരം രോഗങ്ങളുണ്ടാക്കുന്നു.

സ്ത്രീകളുടെ ഇടയിലുള്ള ആരോഗ്യ സംരക്ഷണവും രോഗാവസരങ്ങളിലെ പരിചരണ ലഭ്യതയും സംബന്ധിച്ചുള്ള അന്വേഷണം ചൂണ്ടിക്കാണിച്ചത്.

| b. വിവരങ്ങൾ | എണ്ണം | % |
|---|---|---|
| 1. രോഗാവസ്ഥയിലും കൂലിപ്പണിക്ക് പോകുന്നവർ | 24 | 25 |
| 2. അസുഖങ്ങളുള്ള അവസരങ്ങളിൽ ചികിൽസ തേടാത്തവർ | 24 | 25 |

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെക്കുറിച്ച് വളരെ കുറച്ച് പേർക്ക് മാത്രമേ അറിവുള്ളു (40%). ഈ പഠനം നടന്ന ഭാഗങ്ങളിലെല്ലാം തന്നെ 3 കിലോമീറ്റർ ചുറ്റുവട്ടത്തിനകത്ത് പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അലോപ്പതി, ഹോമിയോപ്പതി, ആയുർവ്വേദ സമ്പ്രദായങ്ങളിലെ ചികിത്സകർ, തങ്ങളുടെ പ്രദേശത്തുണ്ടെന്നും സ്ത്രീകൾ പറഞ്ഞിട്ടുണ്ട്. അങ്ങിനെയിരിക്കെ ജോലിക്ക് പോകാതിരുന്നാലും, ചികിത്സ തേടിയാലുള്ള സാമ്പത്തിക പ്രയാസവും തന്നെയല്ലേ ഇത്രയും സ്ത്രീകളെ അസുഖാവസ്ഥയിലും കൂടുതൽ കഷ്ടപ്പെടാൻ നിർബന്ധിതരാക്കുന്നത്?

### X. കാർഷിക തൊഴിലാളി സ്ത്രീകളും പ്രാഥമിക സൗകര്യങ്ങളും

a. കുടിവെള്ള സൗകര്യം

| കുടിവെള്ള സ്രോതസ്സ് | ഉപയോഗിക്കുന്നവരുടെ എണ്ണം | % |
|---|---|---|
| 1. സ്വന്തമായിട്ട് കിണറുള്ളവർ | 29 | 30 |
| 2. ടാപ്പ് | 24 | 25 |
| 3. കുളം | - | - |
| 4. കോളനിവക കിണർ/ടാപ്പ് മുതലായവയെ ആശ്രയിക്കുന്നവർ | 43 | 45 |

| b. മറ്റാവശ്യങ്ങൾക്ക് വെള്ളത്തിന്റെ ലഭ്യത | എണ്ണം | % |
|---|---|---|
| 1. സ്വന്തം കിണർ | 29 | 30 |
| 2. ടാപ്പ് | 13 | 13 |
| 3. കുളം | 15 | 15 |
| 4. കോളനിവക പൊതുകിണർ/കിണർ/ടാപ്പ്/കുളം | 43 | 45 |

ഭൂരിഭാഗം പേരും പൊതുജല സ്രോതസ്സുകളെ (45%)ആശ്രയിക്കുന്നു എന്നാണ് കാണുന്നത്. ഇത് വീട്ടാവശ്യങ്ങൾക്കുള്ള വെള്ളം ചുമന്നു കൊണ്ടുവരിക എന്ന ഒരു അധികഭാരം സ്ത്രീകൾക്കുണ്ടാകുന്നു

### XI. അടിസ്ഥാന സൗകര്യങ്ങൾ

| വിവരങ്ങൾ | എണ്ണം | % |
|---|---|---|
| 1. ശുദ്ധജലം കിട്ടാത്ത പ്രശ്നമുള്ളവർ | 15 | 16 |
| 2. സ്വന്തം വീട്ടിൽ കക്കൂസ് സൗകര്യം ഇല്ലാത്തവർ | 22 | 23 |
| അയൽ പക്കത്തെ ആശ്രയിക്കുന്നവർ | 1 | 1 |
| പൊതുസ്ഥലമുപയോഗിക്കുന്നവർ | 10 | 10 |
| കോളനിവക സൗകര്യം ഉപയോഗിക്കുന്നവർ | 11 | 11 |
| 3. വീട്ടിൽ കുളിമുറികൾ ഇല്ലാത്തവർ | 36 | 38 |
| പൊതുസ്ഥലത്ത് കുളിക്കുന്നവർ | 15 | 16 |
| കോളനിവക കുളിമുറി ഉപയോഗിക്കുന്നവർ | 21 | 22 |

ഇനിയും നമ്മുടെ സമൂഹത്തിൽ ശുദ്ധജലത്തിനും സ്വകാര്യാവശ്യങ്ങൾക്ക് കക്കൂസ്, കുളിമുറി തുടങ്ങിയ സൗകര്യമില്ലാതെ കഷ്ടപ്പെടുന്ന വിഭാഗങ്ങളുണ്ടെന്ന വസ്തുതയാണിത് കാണിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇത് വളരെ ശോചനീയമല്ലയെങ്കിലും, ഈ ചുറ്റുപാടുകളിലും മാറ്റങ്ങൾ കൊണ്ടുവരാനുള്ള പദ്ധതികൾ ഉണ്ടാകണം.

### XII. വീടിന്റെ പരിസരവും/ശുചിത്വവും

പരിസര ശുചീകരണം

| വീട്ടിലെ മാലിന്യങ്ങൾ ഒഴിവാക്കുന്ന മാർഗ്ഗങ്ങൾ | എണ്ണം | % |
|---|---|---|
| a) ഖരമാലിന്യങ്ങൾ കത്തിക്കുന്നു | 86 | 90 |
| b) പുറത്തേക്കെറിയുന്നു | 12 | 13 |
| c) കമ്പോസ്റ്റാക്കുന്നു | 3 | 3 |
| d) റോഡിൽ കളയുന്നു | 1 | 1 |
| *മലിന ജലം ഒഴിവാക്കുന്ന മാർഗ്ഗങ്ങൾ* | | |
| a) വീടിനും കിണറിനും ചുറ്റും വെള്ളം കെട്ടിക്കിടക്കുന്ന വീടുകൾ | 63 | 66 |
| b) പൊതുനിരത്തിലേക്ക് ഒഴിക്കുകയോ ഒഴുക്കുകയോ ചെയ്യുന്നവർ | 12 | 13 |
| c) തെങ്ങിന്റെ ചുവട്ടിലേക്ക് തിരിക്കുന്നവർ | 42 | 43 |
| *വീടിന്റെ പരിസരത്തെ മാലിന്യങ്ങൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ* | | |
| a) കൊതുകു ശല്യമുള്ളവർ | 27 | 28 |
| b) കുട്ടികൾക്ക് അസുഖം | 3 | 3 |
| c) ദുർഗന്ധം | 2 | 2 |

വീടിന് ചുറ്റും മാലിന്യങ്ങൾ വലിച്ചെറിയാതെയും മലിനജലം കെട്ടിക്കിടക്കാതെയും ശുചിയായി സൂക്ഷിക്കേണ്ട ബോധം ഇവരിലുണ്ടാക്കണം. കൂടാതെ ഓരോ ഭൂപ്രദേശത്തിന്റെയും പ്രത്യേകതകളാൽ ഒഴിവാക്കാൻ പറ്റാത്ത പ്രശ്നങ്ങൾ കാരണമാണിങ്ങനെയുണ്ടാകുന്നതെങ്കിൽ അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും ഓരോ പ്രദേശത്തെയും വികസന പദ്ധതികളിൽ ഏറ്റെടുക്കേണ്ടതാണ്.

**XIII. സ്ത്രീത്തൊഴിലാളികൾക്കിടയിലെ പൊതുവായി ട്ടുള്ളതും വ്യക്തിപരവുമായ കാര്യങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങളിൽ താഴെ പറയുന്ന വിവരങ്ങളാണ് ലഭിച്ചത്.**

| a) വിശ്രമവും ഉറക്കവും | സമയം | |
|---|---|---|
| 1. ഒരു ദിവസം ലഭിക്കുന്ന ശരാശരി വിശ്രമസമയം(ഉറക്കസമയമൊഴിച്ച്) | 2 മണിക്കൂർ | |
| 2. രാവിലെ എഴുന്നേൽക്കുന്ന സമയം | 5.30 | |
| 3. രാത്രിയുറങ്ങുന്ന സമയം | 11 മണി | |
| b) ഏർപ്പെടുന്ന വിനോദങ്ങൾ | എണ്ണം | % |
| 1. വായന | 19 | 20 |
| 2. ടെലിവിഷൻ കാണുന്നവർ | 62 | 65 |
| c) വീട്ടിലെ പണികളിൽ കിട്ടുന്ന സഹായം | | |
| 1. തനിയെ ചെയ്യുന്നവർ | 60 | 63 |
| 2. വീട്ടിലെ മറ്റ് സ്ത്രീകുടുംബാംഗങ്ങൾ ചെയ്യുന്നു | 18 | 19 |
| 3. വീട്ടിലെ സ്ത്രീകൾ എല്ലാവരും ഒരുമിച്ച് ചെയ്യുന്നവർ | 15 | 16 |
| 4. പുരുഷന്മാരും വീട്ടിലെ പണികളിൽ സഹായിക്കുന്നവർ | 3 | 3 |
| d) വീട്ടിലെ പ്രധാന തീരുമാനങ്ങൾ കൈകൊള്ളുന്നത് | | |
| 1. ഭർത്താവ് തനിയെ തീരുമാനിക്കുന്നു | 26 | 27 |
| 2. വീട്ടിലെ പുരുഷന്മാർ ഒരുമിച്ച് | 5 | 5 |
| 3. സ്ത്രീകൾ തനിയെ | 8 | 8 |
| 4. വീട്ടിലെ സ്ത്രീകളും പുരുഷന്മാരും ഒരുമിച്ച് | 57 | 59 |
| സാമ്പത്തിക സ്വാതന്ത്ര്യം | | |
| a) തൊഴിലാളി സ്ത്രീകൾക്ക് കൂലിയിനത്തിൽ കിട്ടുന്ന രൂപ സ്വന്തയിഷ്ട പ്രകാരം ചിലവാക്കാൻ സ്വാന്ത്ര്യമില്ലാത്തവർ | 61 | 64 |
| b) വ്യാപാരപ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനുള്ള സ്വാതന്ത്ര്യം (സാധനങ്ങൾ വാങ്ങാനും വിൽക്കാനും) | | |
| 1. വീട്ടിലെ പുരുഷന്മാർക്ക് മാത്രം | 15 | 16 |
| 2. സ്ത്രീകൾക്ക് മാത്രം | 30 | 31 |
| 3. രണ്ടുപേരും ഏർപ്പെടാറുണ്ട് | 51 | 53 |
| c) തെരഞ്ഞെടുപ്പുകളിൽ വോട്ടവകാശം വിനിയോഗിക്കുന്ന വിധം | | |
| 1. സ്വന്തം ഇഷ്ടപ്രകാരം | 90 | 94 |
| 2. ഓരോ പാർട്ടിയും തരുന്ന ആനുകൂല്യങ്ങൾക്കനുസരിച്ച് | 6 | 6 |
| d) തൊഴിൽ രംഗത്ത് അനുഭവിക്കുന്ന ചൂഷണങ്ങൾ | | |
| 1. ലൈംഗികമായിട്ടുള്ള ചൂഷണങ്ങൾ | 3 | 3 |
| 2. സാമ്പത്തിക ചൂഷണം | 36 | 38 |

കാർഷിക രംഗത്തെ സ്ത്രീത്തൊഴിലാളികൾക്കുള്ള സ്ത്രീപദവിയെ കാണിക്കുന്ന ഏതാനും ചില നിരീക്ഷണങ്ങളാണ് മുകളിലെ പട്ടികയിലുള്ളത്. കഷ്ടപ്പാട് നിറഞ്ഞ ജീവിതത്തിരക്കിൽ ഇവർക്ക് ദിവസത്തിൽ ഏകദേശം 2 മണിക്കൂർ വിശ്രമസമയം കിട്ടുന്നുണ്ട് എന്നത് ആശ്വാസകരമാണ്. ഇവരിൽ കൂടുതൽ പേരും (65 ശതമാനം) ടെലിവിഷൻ വിനോദമാർഗ്ഗമാക്കുന്നു. 19 ശതമാനം പേരും വായിക്കുന്നുമുണ്ട്. ഇന്ന് ടെലിവിഷൻ പരിപാടികളിലൂടെയും അക്ഷരമാദ്ധ്യമങ്ങളിലൂടെയും ഇവരിൽ ബോധവൽക്കരണത്തിന്റെ സാദ്ധ്യത കാണിക്കുന്നു. മൂന്നു ശതമാനം പുരുഷന്മാർ മാത്രമാണ് സ്ത്രീകളെ വീട്ടുപണികളിൽ സഹായിക്കുന്നതെന്ന നിരീക്ഷണം സ്ത്രീകളുടെ കഷ്ടപ്പാടുകളെക്കുറിച്ച് പുരുഷന്മാരിലുണ്ടാകേണ്ട മാനസിക പരിവർത്തനത്തെയാണ് കാണിക്കുന്നത്. 59 ശതമാനം വീടുകളിലെങ്കിലും സ്ത്രീയും പുരുഷനുമൊരുമിച്ച് തീരുമാനങ്ങളെടുക്കുന്നുണ്ട് എന്നത് സ്വാഗതാർഹമാണ്. അതേപോലെ ഏകദേശം അത്രയും കുടുംബങ്ങളിൽ 64 ശതമാനം തമ്മിൽ ചർച്ചചെയ്ത് വ്യാപാരകാര്യങ്ങളിൽ ഏർപ്പെടുന്നുണ്ടെന്നതാണ് മറ്റൊരു പ്രധാന വസ്തുത. 53 ശതമാനം സ്ത്രീകൾക്കും അവർക്കു കിട്ടുന്ന കൂലി തുക സ്വയം ചിലവഴിക്കാൻ സ്വാതന്ത്ര്യമില്ലാത്തവരാണ്. ഏറ്റവും അഭിനന്ദനീയമായ ഒരു നിരീക്ഷണം ഇവരിലുള്ള ജനാധിപത്യബോധമാണ്. 94 ശതമാനം ആൾക്കാരും സ്വന്തമിഷ്ടപ്രകാരമാണ് തെരഞ്ഞെടുപ്പുകളിൽ വോട്ട് ചെയ്യുന്നത്.

## സംഗ്രഹം

കുട്ടനാട്, പാലക്കാട്, തൃശൂർ, വയനാട് എന്നീ മേഖലകളിലെ 96 കാർഷിക സ്ത്രീതൊഴിലാളികളിൽ നിന്നും ശേഖരിച്ച പ്രാഥമിക വിവരങ്ങൾ കാണിക്കുന്നത് ഇപ്പോഴും സമൂഹത്തിന്റെ ഈ വിഭാഗത്തിൽ നിലനിൽക്കുന്ന വിവേചനങ്ങളും, കഷ്ടപ്പാടുകളും നേരിടുന്ന ഭീഷണികളുമാണ്. നിരീക്ഷണങ്ങൾ തൊഴിലാളികൾക്ക് നിത്യജീവിതത്തിനുള്ള പ്രാഥമിക സൗകര്യങ്ങൾ, സാമ്പത്തിക സുരക്ഷിതത്വം, സ്ത്രീകൾക്കും ഭൂസ്വത്തവകാശം എന്നിവ നിലവിൽ വരുത്തേണ്ടതിന്റെ ആവശ്യകത കാണിക്കുന്നുണ്ട്. കാർഷിക മേഖലയിൽ സ്ത്രീകൾ ഏർപ്പെടുന്ന പ്രധാന തൊഴിലുകൾ നടുവൊടിക്കുന്ന പണികളായ കൊയ്ത്ത്, ഞാറ് നടീൽ, കളപറിക്കൽ, മെതിക്കൽ ഇവയാണെന്നും, പണ്ടും ഇപ്പോഴും കൃഷിയായുധങ്ങൾ ഉപയോഗിച്ചുള്ള പണികൾ പുരുഷന്മാരാണ് ചെയ്യുന്നതെന്നും കണ്ടു.

കേരളത്തിന്റെ സാമൂഹ്യവികസന രംഗത്ത് വന്നിട്ടുള്ള മാറ്റം കാർഷിക സ്ത്രീതൊഴിലാളികളുടെ ജീവിതത്തിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. സാമാന്യ ബുദ്ധിയുടേയും അറിവിന്റേയും കാര്യത്തിൽ ഒട്ടും പുറകിലല്ല ഈ സ്ത്രീകൾ എന്നാണ് ഇവരുടെ വിദ്യാഭ്യാസനിലവാരം ചൂണ്ടിക്കാണിക്കുന്നത്. പരമ്പരാഗതമായി കർഷകതൊഴിലാളിയായതുകൊണ്ടും തുച്ഛമായ വരുമാനത്താലും സാമ്പത്തികമായ പിന്നോക്കാവസ്ഥ നിലനിൽക്കുന്നു. സ്ത്രീതൊഴിലാളികളുടെ സാമ്പത്തിക സുരക്ഷിതത്വത്തിന് സ്ത്രീയ്ക്കും പുരുഷനും ഭൂസ്വത്തിന് അവകാശം നൽകുന്ന കൂട്ടുപട്ടയ സമ്പ്രദായം ഉണ്ടാകേണ്ടതുണ്ട്. സാമ്പത്തിക പ്രശ്നങ്ങൾ കാരണം കാർഷിക രംഗത്തെ തൊഴിലുകൾ കിട്ടാതെ വരുന്ന സമയത്ത് മറ്റു തൊഴിലുകൾ ഉദാ: കെട്ടിടം പണി, മണ്ണ് ചുമക്കൽ, കന്നുകാലി വളർത്തൽ തുടങ്ങിയവയിൽ ഇവർ ഏർപ്പെടാറുണ്ട്. സ്വന്തം കുടുംബം-അതു നിലനിർത്തിപ്പോകാൻ എന്തു കഷ്ടപ്പാടും സഹിക്കുവാൻ സ്ത്രീകൾ തയ്യാറാണ് എന്നാണിത് കാണിക്കുന്നത്. ഇതിലൂടെ തെളിയുന്ന സ്ത്രീയുടെ മഹത്വം ആരും തന്നെ കണക്കിലെടുക്കു

808523

CENTRAL LIBRARY

ന്നില്ല എന്നതാണ് വാസ്തവം. ഈ സമൂഹം പോലും! സ്ത്രീയ്ക്ക് അവൾ അർഹിക്കുന്ന അംഗീകാരം കൊടുക്കുന്നുണ്ടോ എന്നത് ഈ മേഖലയിൽ പ്രത്യേകിച്ച് തുല്യ വേതനം നടപ്പാക്കുന്നതിലൂടെയെങ്കിലും കർഷക സ്ത്രീകളുടെ പ്രശ്നങ്ങൾ കുറയ്ക്കാമല്ലോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

യന്ത്രവൽക്കരണം വികസനത്തിന്റെ ഒരു ഭാഗമായി നടപ്പാക്കിയത് സമൂഹത്തിന്റെ എല്ലാ വിഭാഗത്തിന്റേയും നന്മയെ ലക്ഷ്യമാക്കിയാണെങ്കിലും, ഇപ്പോഴും കാർഷിക രംഗത്ത് ശ്രമകരമായ ജോലികൾ സ്ത്രീകൾ തന്നെയാണ് ചെയ്യുന്നത്. വിദ്യാഭ്യാസ നിലവാരത്തിൽ പുറകിലല്ലാത്ത സ്ത്രീകൾക്ക് വേണ്ടവിധത്തിൽ പരിശീലനം നൽകിയാൽ കാർഷികോപകരണങ്ങൾ ഉപയോഗിക്കുന്നതിൽ പുരുഷന്മാരോടൊപ്പം ഇവർക്കും പങ്കാളികളാകാം. ഇപ്പോൾ ആധുനിക യന്ത്രങ്ങളുടെ പ്രയോഗത്തിൽ മെതിയന്ത്രത്തിനൊഴികെ ബാക്കിയെല്ലാം തന്നെ പ്രവർത്തിപ്പിക്കുന്നത് പുരുഷതൊഴിലാളികളാണ്. യന്ത്രങ്ങൾ നൽകാനുള്ള പദ്ധതികളും വായ്പയും പരിശീലനങ്ങളും കർഷക സ്ത്രീതൊഴിലാളികൾക്ക് നടപ്പിലാക്കണം.

പുരുഷന് കിട്ടുന്ന ശരാശരി കൂലിതുകയെ അപേക്ഷിച്ച് 64 ശതമാനം മാത്രമാണ് സ്ത്രീതൊഴിലാളികൾക്ക് കൂലി കിട്ടുന്നത്. പുരുഷന്മാർ കിട്ടുന്ന കൂലിയിൽ നിന്നും മൂന്നിലൊന്നും ഭാഗം സ്വന്തം ആവശ്യങ്ങൾക്ക് ഉപയോഗിക്കുമ്പോൾ സ്ത്രീകൾ കേവലം 18 ശതമാനം മാത്രമാണ് സ്വന്തമാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്. തുല്യ ജോലിക്ക് തുല്യ വേതന നിയമം കൊണ്ടുവരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

കർഷക സ്ത്രീതൊഴിലാളികളിൽ ഭൂരിഭാഗം പേരും സമ്പാദ്യം മിച്ചം വെയ്ക്കുന്ന സ്വഭാവം കാണിക്കുന്നുണ്ട്. ജീവിത ചിലവേറുന്ന ഈ കാലഘട്ടത്തിൽ സമൂഹത്തിൽ ദാരിദ്ര്യം അനുഭവിക്കുന്നവർക്കിടയിൽ മിച്ചം വെയ്ക്കുന്ന സ്വഭാവവും, ചിലവുചുരുക്കലിന്റെ ആവശ്യകതയും ബോധ്യമാക്കുന്ന പ്രവർത്തനങ്ങൾ കൂടുതലായി ഉണ്ടാകേണ്ടതുണ്ട്. ജനകീയാസൂത്രണപരിപാടിയുടെ ഭാഗമായി തുടങ്ങിയ കുടുംബശ്രീ, സ്വയംസഹായസംഘങ്ങൾ തുടങ്ങിയവ സ്ത്രീകൾക്കിടയിൽ സമ്പാദ്യം മിച്ചം വെയ്ക്കുന്ന സ്വഭാവം പ്രചരിപ്പിച്ചത് ഇവിടെ എറെ അഭിനന്ദനം അർഹിക്കുന്നു. സ്വയം സഹായസംഘങ്ങൾ വഴി പലിശയില്ലാത്ത ചെറുകടങ്ങൾ കൊടുത്ത് അമിതപലിശക്കാരിൽ നിന്ന് ഈ വിഭാഗത്തെ രക്ഷിക്കാൻ സാധിക്കും. ഇപ്പോൾ തൊഴിലാളികളുടെ ഇടയിലെ ശരാശരി കടബാധ്യത 4116 രൂപയോളം ആണ്. സ്ത്രീകൾക്ക് പ്രത്യേകിച്ച് നിർധനരായവർക്ക് അനുയോജ്യമായ ബാങ്കിംഗ് വ്യവസ്ഥകൾ ഉണ്ടാകണം. സ്ത്രീകളുടെ പേരിൽ ഭൂസ്വത്തുണ്ടാകുന്നത് കൃഷി, വ്യവസായം മുതലായവ ഉല്പാദനപ്രവർത്തനങ്ങൾക്കോ മറ്റാവശ്യങ്ങൾക്കോ വായ്പയെടുക്കാനുള്ള സ്വാതന്ത്ര്യവും അവകാശവും അവർക്ക് നൽകുന്നതാണ്. കുടുംബത്തിലെ ഭൂസ്വത്തിന് അവകാശം എല്ലാ സ്ത്രീകൾക്കും ഉണ്ടാകുന്ന നയം ഉണ്ടാകണം എന്നാണ് ഇത് കാണിക്കുന്നത്.

സ്ത്രീകൾക്കിടയിലുള്ള ആരോഗ്യസംരക്ഷണവും രോഗാവസരങ്ങളിലെ പരിചരണലഭ്യതയും സംബന്ധിച്ചുള്ള അന്വേഷണം കാണിക്കുന്നത്, തലവേദന, നടുവേദന, പനി, നെഞ്ചുവേദന, ചുമ, വാതം, ചൊറിഞ്ഞുപൊട്ടൽ തുടങ്ങിയവയാണ് പ്രധാന രോഗങ്ങൾ എന്നതാണ്. മഴ നനഞ്ഞ് വെള്ളത്തിൽനിന്നും നടുവ് നിവർക്കാതെയും വിശ്രമമില്ലാതെയും പൊടിനിറഞ്ഞ ചുറ്റുപാടിലുമുള്ള കഠിനാധ്വാനം അവരിൽ ഇത്തരം രോഗങ്ങളുണ്ടാക്കുന്നു. പ്രാഥമികാരോഗ്യകേന്ദ്രങ്ങളും മറ്റു ചികിൽസാസൗകര്യങ്ങളും ഇവരുടെ അടുത്തുണ്ടെങ്കിലും ജോലിക്ക് പോകാതിരുന്നാലും, ചികിൽസ തേടി പോയാലുമുള്ള സാമ്പത്തികപ്രശ്നങ്ങൾ തന്നെയാണ് ഇവരെ അസുഖാവസ്ഥയിലും കൂടുതൽ കഷ്ടപ്പെടുത്തുന്നത്.

പ്രാഥമികസൗകര്യങ്ങളുടെ അപര്യാപ്തത എവിടെയും സ്ത്രീകളെയാണ് ഏറെ ബുദ്ധിമുട്ടിക്കുന്നത്. ഇവിടെയും സ്ഥിതി വ്യത്യസ്തമല്ല. വെള്ളത്തിനായി പൊതു ജലസ്രോതസ്സുകളെ ആശ്രയിച്ചിരുന്ന ഇവർ, വീട്ടാവശ്യങ്ങൾക്കും മറ്റുമായി വെള്ളം ചുമന്നു കൊണ്ടുവരേണ്ട അധികഭാരവും ഏറ്റെടുക്കുന്നു. സ്വകാര്യാവശ്യങ്ങൾക്ക് കക്കൂസ്, കുളിമുറി തുടങ്ങിയ സൗകര്യമില്ലാതെ കഷ്ടപ്പെടുന്ന വിഭാഗങ്ങളുണ്ടെന്ന വസ്തുതയാണിത് കാണിക്കുന്നത്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ ശോചനീയമല്ലയെങ്കിലും ഈ ചുറ്റുപാടുകളിലും മാറ്റങ്ങൾ കൊണ്ടുവരാനുള്ള പദ്ധതികളുണ്ടാകണം.

പരിസരശുചീകരണത്തെപ്പറ്റിയുള്ള അറിവ് കർഷക സ്ത്രീതൊഴിലാളികൾക്കിടയിൽ പരിമിതമായിട്ടാണ് കാണപ്പെട്ടത്. വീടിനു ചുറ്റും മാലിന്യങ്ങൾ വലിച്ചെറിയാതെയും മലിനജലം കെട്ടിക്കിടക്കാതെയും ശുചിയായി സൂക്ഷിക്കേണ്ട ബോധം ഇവരിലുണ്ടാകണം. കൂടാതെ ഓരോ ഭൂപ്രദേശത്തിന്റെയും പ്രത്യേകതകളാൽ ഒഴിവാക്കാൻ പറ്റാത്ത കാരണമാണിങ്ങനെയുണ്ടാകുന്നതെങ്കിൽ അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും ഓരോ പ്രദേശത്തേയും വികസനപദ്ധതികളിൽ ഏറ്റെടുക്കേണ്ടതാണ്.

കർഷക സ്ത്രീതൊഴിലാളിക്ക് കഷ്ടപ്പാട് നിറഞ്ഞ ജീവിതതിരക്കിൽ ഇവർക്ക് ദിവസം ഏകദേശം 2 മണിക്കൂർ വിശ്രമസമയം കിട്ടുന്നുണ്ട് എന്നത് ആശ്വാസകരമാണ്. ടെലിവിഷൻ ഒരു വിനോദമാർഗ്ഗമാകുന്ന ഇവരിൽ ടെലിവിഷൻ പരിപാടികളിലൂടെയും അക്ഷരമാദ്ധ്യമങ്ങളുടേയും ബോധവൽക്കരണത്തിന്റെ സാദ്ധ്യത കാണിക്കുന്നു. വീട്ടുപണികളിൽ സ്ത്രീകളെ സഹായിക്കുന്ന പുരുഷന്മാരുടെ എണ്ണം വളരെ കുറവാണ്. സ്ത്രീകളുടെ കഷ്ടപ്പാടുകളെ കുറിച്ചും അവരുടെ അവകാശങ്ങളെക്കുറിച്ചും പുരുഷന്മാരിലുണ്ടാകേണ്ട മാനസിക പരിവർത്തനത്തെയാണ് ഇത് കാണിക്കുന്നത്. ഏറെ കുടുംബങ്ങളിലും സ്ത്രീയും പുരുഷനുമൊത്ത് തീരുമാനങ്ങൾ എടുക്കുന്നുണ്ട് എന്നത് സ്വാഗതാർഹമാണ്. അതേപോലെ അത്രയും കുടുംബങ്ങളിൽ തമ്മിൽ ചർച്ച ചെയ്ത് വ്യാപാരകാര്യങ്ങളിൽ ഏർപ്പെടുന്നുണ്ടെന്നാണ് മറ്റൊരു പ്രധാന വസ്തുത. 53 ശതമാനം സ്ത്രീകൾക്കും അവർക്കുകിട്ടുന്ന കൂലി തുക സ്വയം ചിലവഴിക്കാൻ സ്വാതന്ത്ര്യം ഇല്ലാത്തവരാണ്. തൊഴിൽ രംഗത്ത് സാമ്പത്തിക ചൂഷണം അനുഭവിക്കുന്നവരായിരുന്നു ഏറെപേരും. ഏറ്റവും അഭിനന്ദനീയമായ ഒരു നിരീക്ഷണം ഇവരിലുള്ള ജനാധിപത്യബോധമാണ്. 94 ശതമാനം ആൾക്കാരും സ്വന്തം ഇഷ്ടപ്രകാരമാണ് തെരഞ്ഞെടുപ്പുകളിൽ വോട്ടു ചെയ്യുന്നത്. കേരളത്തിലെ കാർഷിക സ്ത്രീതൊഴിലാളികളുടെ ഇന്നത്തെ ജീവിത ചുറ്റുപാടുകളും, നേരിടുന്ന ഭീഷണികളും, ഇപ്പോഴും നിലനിൽക്കുന്ന പ്രശ്നങ്ങളും ഈ പ്രാഥമിക പഠനം ചൂണ്ടിക്കാണിക്കുന്നുണ്ട്. ഈ പ്രശ്നങ്ങളെ ആസ്പദമാക്കി കൂടുതൽ ആഴത്തിൽ പഠനങ്ങളും, ചർച്ചകളും അവയെ തുടർന്ന് സ്ത്രീതൊഴിലാളികളുടെ പുരോഗതിയെ ലാക്കാക്കി പുത്തൻ സമീപനങ്ങളും പദ്ധതികളും രൂപീകരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

